Newspaper for Malayalees Worldwide ◆Estd.2020

# വാചകം
VACHAKAM

CHICAGO
Vol.5 / Issue 10/ Pages32
24
സെപ്റ്റംബർ 2025
ബുധനാഴ്ച
1201 കന്നി 8

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World

## പുതിയ കുടിയേറ്റ നയം




# ഇന്ത്യയും ഉത്തരവാദിയല്ലേ?

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അടുത്തിടെ പ്രഖ്യാപിച്ച പുതിയ H-1B വിസ നിയന്ത്രണങ്ങൾ ഇന്ത്യയിലും, പ്രത്യേകിച്ച് ഇന്ത്യൻ പ്രവാസികൾക്കിടയിലും വലിയ ചർച്ചാവിഷയമായിരിക്കുകയാണ്. പുതിയ അപേക്ഷകർക്ക് 100,000 ഡോളർ (ഏകദേശം $83 ലക്ഷം) ഒറ്റത്തവണ ഫീസ് ഏർപ്പെടുത്തിയുള്ള പ്രഖ്യാപനം ടെക് ലോകത്തെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചു. നിലവിലുള്ള വിസ ഉടമകളെയും വിസ പുതുക്കുന്നവരെയും ഈ ഫീസ് ബാധിക്കില്ലെന്ന് വൈറ്റ് ഹൗസ് വ്യക്തമാക്കിയതോടെ, അമേരിക്കയിൽ സ്ഥിരതാമസമാക്കുകയും വീടും കുട്ടികളുമെല്ലാമായി കഴിയുകയും ചെയ്യുന്ന ലക്ഷക്കണക്കിന് നിലവിലുള്ള H1B വിസക്കാർക്ക് അത് വലിയ ആശ്വാസമാണ്. പുതിയ നിർദ്ദേശമനുസരിച്ച്, വിസ തിരഞ്ഞെടുപ്പിനുള്ള ലോട്ടറി സമ്പ്രദായം പൂർണ്ണമായും നറുക്കെടുപ്പ് അല്ലാതാകും. ഉയർന്ന ശമ്പളമുള്ള (Level 4, Level 3 വേജ് ടയറുകൾ) ജോലിക്കായി അപേക്ഷിക്കുന്നവർക്ക് കൂടുതൽ മുൻഗണന നൽകുന്ന 'വെയ്റ്റഡ്' രീതിയിലേക്ക് മാറും. പ്രസിഡന്റ് ട്രംപ ഇങ്ങനെയൊരു നീക്കം നടത്താൻ കാരണമെന്താണ്? ചരിത്രത്തിലേക്ക് ഒന്ന് തിരിഞ്ഞുനോക്കിയാൽ, ഇതിന് ഭാഗികമായി ഇന്ത്യക്കാരും ഉത്തരവാദികളാണ് എന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. ഇൻഫോസിസ് സ്ഥാപകൻ

ശേഷം പേജ് 8ൽ

'റിവേഴ്സ് മൈഗ്രേഷനും' മലയാളിയും
(സെർജി ആന്റണി എഴുതുന്നു) ........................................ പേജ് 05

മനുഷ്യത്വത്തെ നോക്കുകുത്തിയാക്കി
'ജനമൈത്രി'പ്പെരുമ ........................................ പേജ് 15

വല്യേട്ടന് പിന്നാലെ ഓടിക്കിതച്ച് സി.പി.ഐ ..... പേജ് 16

നികു'തീ'യിൽ 'കാലാപാനി' ഒഴിക്കുന്നവരും
വെറുതെ 'കരി ഓയിൽ' ഒഴിക്കുന്നവരും............പേജ് 24

ബീഹാറിൽ കൊള്ളകൾ പലവിധം ........................പേജ് 25

## ട്രംപ്-മോദി കൂടിക്കാഴ്ച വൈകാതെ സൂചന നൽകി യുഎസ് വൃത്തങ്ങൾ

ഡൽഹി: ഇന്ത്യ-യുഎസ് ചർച്ചകൾ ഏതാനും ആഴ്ചകൾക്കുള്ളിൽ ഫലം കാണുമെന്ന് യുഎസ്. റഷ്യൻ എണ്ണ ഇറക്കുമതി ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് യുഎസ് സൂചന നൽകുന്നു. ഉഭയകക്ഷി ബന്ധത്തിൽ പ്രക്ഷുബ്ധത ഉണ്ടെങ്കിലും ഇന്ത്യ-യുഎസ് ബന്ധം ശക്തമായി തുടരുന്നുവെന്ന് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥൻ പറഞ്ഞു.'നിങ്ങൾ ഇരുവരും (മോദിയും ട്രംപും) കണ്ടുമുട്ടുന്നത് കാണുമെന്ന് എനിക്ക് ഉറപ്പുണ്ട്. അവർക്ക് വളരെ വളരെ പോസിറ്റീവായ ഒരു ബന്ധമുണ്ട്. ഞങ്ങൾക്ക് ക്വാഡ് ഉച്ചകോടി ഉണ്ട്, ഈ വർഷമല്ലെങ്കിൽ, അടുത്ത വർഷമായിരിക്കും. അതിനുള്ള തീയതികളിൽ ഞങ്ങൾ പ്രവർത്തിക്കുന്നു. അതിനാൽ യുഎസ്-ഇന്ത്യ ബന്ധത്തെക്കുറിച്ച് ധാരാളം കാര്യങ്ങൾ വരുന്നുണ്ട്, തുടർച്ചയായ പോസിറ്റീവ് ആക്കം നമുക്ക് കാണാനാകുമെന്ന് ഞാൻ കരുതുന്നു,' ഉദ്യോഗസ്ഥൻ പറഞ്ഞു.

ഇന്ത്യയും അമേരിക്കയും തമ്മിലുള്ള റഷ്യൻ ഊർജ്ജ വാങ്ങൽ സംബന്ധിച്ച ചർച്ചകൾ പോസിറ്റീവായി പുരോഗമിക്കുന്നുണ്ടെന്നും വരും ആഴ്ചകളിൽ ഒരു പരിഹാരം പ്രതീക്ഷിക്കുന്നുണ്ടെന്നും ഉദ്യോഗസ്ഥൻ സ്ഥിരീകരിച്ചു.

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# എച്ച്–1 ബി വിസ പദ്ധതി പരിഷ്കരിക്കാൻ ട്രംപ്; ഉയർന്ന വൈദഗ്ധ്യവും വേതനവും മാനദണ്ഡമാകും




വാഷിംഗ്ടൺ: എച്ച്-1 ബി വിസ പദ്ധതി പരിഷ്കരിക്കാൻ ട്രംപ് ഭരണകൂടം. നിലവിലെ ലോട്ടറി സമ്പ്രദായം നിർത്തലാക്കാൻ നിർദേശം. പകരം ഉയർന്ന വൈദഗ്ധ്യവും വേതന നിലവാരവും അടിസ്ഥാനമാക്കി വിസ നൽകുന്നതിനുള്ള ഒരു സെലക്ഷൻ സംവിധാനം നടപ്പിലാക്കുകയും ചെയ്യുക എന്നതാണ് യുഎസ് ഹോം ലാൻഡ് സെക്യൂരിറ്റി വകുപ്പിന്റെ പുതിയ നിർദ്ദേശത്തിന്റെ ലക്ഷ്യം.

പ്രതിവർഷം 1,62,528 ഡോളർ വരെ വരുമാനമുള്ളവരെ നാല് തവണ സെലക്ഷൻ പൂളിൽ ഉൾപ്പെടുത്തുമ്പോൾ, ഏറ്റവും കുറഞ്ഞ വേതന ബ്രാക്കറ്റിലുള്ളവരെ ഒരിക്കൽ മാത്രമേ പരിഗണിക്കൂ. പരിഷ്കരണം തൊഴിലുടമകൾക്ക് എല്ലാ വേതന തലങ്ങളിലും തൊഴിലാളികളെ നിലനിർത്താൻ അനുവദിക്കും.

നേരത്തെ എച്ച്-2 ബി അപേക്ഷാ ഫീസ് ഒരു ലക്ഷം ഡോളറായി ഉയർത്തിയിരുന്നു. നിലവിൽ 85,000 എച്ച്-1 ബി വിസകളാണ് വർഷം തോറും യുഎസ് സർക്കാർ വിദേശ ജീവനക്കാർക്ക് നൽകിയിരുന്നത്. ഇത് റാൻഡം ലോട്ടറി സമ്പ്രദായം വഴിയാണ് അനുവദിച്ചിരുന്നത്. എല്ലാ അപേക്ഷകരെയും തുല്യമായി പരിഗണിച്ചായിരുന്നു വിസ അനുവദിച്ചിരുന്നത്.

എച്ച്-1ബി വിസ ഫീസ് 100,000 ഡോളറായി (88 ലക്ഷം രൂപ) ഉയർത്തിയത് ഇന്ത്യ ഉൾപ്പെടെ പല രാജ്യങ്ങളിലും ആശങ്കകൾ ഉയർത്തിയിട്ടുണ്ട്. ഈ വർദ്ധനവ് യുഎസിൽ ജോലി ചെയ്യുന്ന ഐടി പ്രൊഫഷണലുകളെ, പ്രത്യേകിച്ച് ഇന്ത്യക്കാരെ, സാരമായി ബാധിക്കുമെന്ന ആശങ്കയുണ്ടായിരുന്നു.

ചില കമ്പനികൾ യുഎസ് വിട്ടുപോയ തങ്ങളുടെ ജീവനക്കാരോട് എത്രയും വേഗം മടങ്ങിവരാൻ ആവശ്യപ്പെട്ടിരുന്നു. എന്നിരുന്നാലും, ഈ ഫീസ് വർദ്ധനവ് പുതിയ അപേക്ഷകർക്ക് മാത്രമേ ബാധകമാകൂ എന്നും നിലവിലുള്ള എച്ച്-1ബി വിസ ഉടമകൾക്കോ വിസ പുതുക്കുന്നവർക്കോ ഇത് ബാധകമല്ലെന്നും വൈറ്റ് ഹൗസ് വ്യക്തമാക്കി.

നേരത്തെ എച്ച്-1ബി വിസയ്ക്ക് 1,7005,000 ഡോളർ (1.49 ലക്ഷം4.4 ലക്ഷം രൂപ) മാത്രമായിരുന്നു ഫീസ്. 2024ൽ എച്ച്-1ബി വിസകളിൽ 71 ശതമാനവും ഇന്ത്യക്കാർക്കാണ് ലഭിച്ചത്. ചൈനക്കാർ (11.7%) രണ്ടാമതാണ്.

പുതിയ പരിഷ്കരണം വിദേശ ഐ.ടി. പ്രൊഫഷണലുകൾക്ക് യു.എസിൽ ജോലി ലഭിക്കുന്നതിനുള്ള അവസരങ്ങൾ കൂടുതൽ കർശനമാക്കുമെന്നാണ് വിലയിരുത്തൽ.


## American Diary — 40 years Ago

### *US government approved national guidelines for human gene therapy*



On September 24, 1985, the US government approved national guidelines for human gene therapy, a significant step for the revolutionary medical treatment.

These guidelines established ethical and scientific requirements for gene therapy trials, prioritizing patient safety and laying the groundwork for future scientific developments in the field. September 24, 1985






# 'റഷ്യ കടുവയല്ല, കരടി'; ട്രംപിന് മറുപടിയുമായി പുടിൻ

മോസ്കോ: യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ സമീപകാല പ്രസ്താവനകൾ റഷ്യ-ഉക്രെയ്ൻ യുദ്ധത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് പുതിയൊരു മാനം നൽകിയിരിക്കുകയാണ്. ഉക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം, ട്രംപ് റഷ്യയെ ഒരു 'കടലാസ് കടുവ' എന്ന് വിളിക്കുകയും റഷ്യയുടെ നിയന്ത്രണത്തിലുള്ള എല്ലാ ഭൂമിയും ഉക്രെയ്നിന് തിരിച്ചുപിടിക്കാൻ കഴിയുമെന്ന് പറയുകയും ചെയ്തു.

ട്രംപിന്റെ ഈ അപ്രതീക്ഷിതവും ശ്രദ്ധേയവുമായ നിലപാട് മാറ്റം റഷ്യൻ സർക്കാരിൽ നിന്ന് ശക്തമായ പ്രതികരണത്തിന് കാരണമായി. അന്താരാഷ്ട്ര രാഷ്ട്രീയത്തിൽ ട്രംപിന്റെ സ്വാധീനത്തെക്കുറിച്ചും റഷ്യയുടെ നിലപാടിനെക്കുറിച്ചും ഈ സംഭവവികാസങ്ങൾ കൂടുതൽ ചർച്ചകൾക്ക് കാരണമായി.

ട്രംപിന്റെ 'കടലാസ് കടുവ' പരാമർശത്തിന് ക്രെംലിൻ വക്താവ് ദിമിത്രി പെസ്കോവ് രൂക്ഷമായ ഭാഷയിലാണ് മറുപടി നൽകിയത്. 'റഷ്യ ഒരു കടുവയല്ല, മറിച്ച് ഒരു കരടിയാണ്,' എന്ന് അദ്ദേഹം പരിഹസിച്ചു. ഒപ്പം 'കടലാസ് കരടികൾ നിലവിലില്ല' എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

സെലെൻസ്കിക്കെതിരെയുള്ള ട്രംപിന്റെ മുൻ നിലപാടുകളിൽ വന്ന മാറ്റം പെസ്കോവ് അംഗീകരിച്ചെങ്കിലും, റഷ്യയുടെ നിലപാടുകളിൽ മാറ്റമില്ലെന്ന് അദ്ദേഹം വ്യക്തമാക്കി. റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവ് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായി ചർച്ച നടത്തുമെന്നും റഷ്യയുടെ നിലപാട് വ്യക്തമാക്കുമെന്നും അദ്ദേഹം അറിയിച്ചു.

ഡൊണാൾഡ് ട്രംപിന്റെ പുതിയ നിലപാട് രാഷ്ട്രീയ ലോകത്ത് ഏറെ ചർച്ചകൾക്ക് വഴിവെച്ചിട്ടുണ്ട്. മുമ്പ് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനോട് വളരെ സൗഹൃദപരമായ സമീപനം പുലർത്തിയിരുന്ന ട്രംപ്, ഉക്രെയ്നിന് അനുകൂലമായി നിലപാട് മാറ്റിക്കൊണ്ട് പലരെയും അത്ഭുതപ്പെടുത്തി.

# അമേരിക്കയിൽ പുതിയ വീടുകളുടെ വിൽപ്പന മൂന്ന് വർഷത്തിനിടെ ഏറ്റവും ഉയർന്ന നിലയിൽ




അമേരിക്കയിൽ പുതിയ വീടുകളുടെ വിൽപ്പന കഴിഞ്ഞ മാസം പ്രതീക്ഷിച്ചതിനേക്കാളും വേഗത്തിൽ ഉയർന്നതായി റിപ്പോർട്ട്.

ബിൽഡർമാർ കൂടുതൽ ഡിസ്കൗണ്ടുകളും ആകർഷക ഓഫറുകളും നൽകുകയും, ഇത് വീട് വാങ്ങാൻ ഇടത്തരം ഉപഭോക്താക്കളെ പ്രേരിപ്പിക്കുകയും ചെയ്തതാണ് ഇതിന് കാരണം.

യുഎസ് സെൻസസ് ബ്യൂറോ രേഖപ്പെടുത്തിയതനുസരിച്ചു, പുതിയ വീടുകളുടെ വിൽപ്പന ഓഗസ്റ്റ് മാസത്തിൽ 20.5% വർധിച്ച് വാർഷിക അടിസ്ഥാനത്തിൽ 8,00,000 യൂണിറ്റായി ത്തീർന്നു.

ഇത് 2022ൽ ആരംഭിച്ച മാസങ്ങളിലെ ഏറ്റവും വേഗതയുള്ള വളർച്ചയും, സാമ്പത്തിക വിദഗ്ധരുടെ പ്രവചനങ്ങളെക്കാൾ കൂടുതലുമാണ്.

**വീടുകളുടെ വിൽപ്പന ഉയരാനുള്ള പ്രധാന കാരണങ്ങൾ**

1. **വിലക്കുറവ്, പ്രോത്സാഹന ഓഫറുകൾ** – പുതിയ വീടുകൾക്ക് ബിൽഡർമാർ വില കുറച്ചു, ചിലർ ക്ലോസിംഗ് ചെലവിൽ സഹായം നൽകുകയും, ചിലർ കുറഞ്ഞ മോർട്ടേജ് നിരക്ക് ഉറപ്പാക്കുകയും ചെയ്തു.
2. **കടമെടുക്കൽ ആകർഷകമാക്കുന്നു** – ഫെഡറൽ റിസർവ് പലിശനിരക്ക് കുറയ്ക്കുന്നതിന് മുമ്പ്, വായ്പ ചെലവ് കുറവായത് ഉപഭോക്താക്കളെ പ്രേരിപ്പിച്ചു.
3. **അമിതമായ പുതിയ വീടുകളുടെ ലഭ്യത** – മാർക്കറ്റിൽ വിൽപ്പനയ്ക്കായി വളരെ അധികം പുതിയ വീടുകൾ ഉണ്ടായതിനാൽ, ബിൽഡർമാർ വിൽപ്പനക്ക് പ്രോത്സാഹനം നൽകേണ്ടി വന്നു.

എന്നിരുന്നാലും, പുതിയ വീടുകൾ അമേരിക്കയിലെ മൊത്തം വീടുകൾ വിൽപ്പനയുടെ ഏകദേശം 14% മാത്രമാണ്. മൊത്തത്തിലുള്ള ഹൗസിംഗ് മാർക്കറ്റ് ഇപ്പോഴും കനത്ത തണുപ്പിൽ തുടരുകയാണ്.

കുറവുള്ള വായ്പ ചെലവ് പുതിയ വീടുകളുടെ വിൽപ്പന ഉയരാൻ സഹായിച്ചു. നിലവിൽ 30വർഷ മോർട്ടേജ് ശരാശരി നിരക്ക് 6.26% ആയി താഴ്ന്നിട്ടുണ്ട്.

ഇത് അടുത്ത മാസങ്ങളിൽ കൂടുതൽ വിൽപ്പനയെ പ്രേരിപ്പിക്കുമെന്നാണ് സാമ്പത്തിക വിദഗ്ധ തോമസ് റയാൻ പറയുന്നത്.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors:
C. Radhakrishnan
Dr. Sebastian Paul
N.P. Chekutty
Sergey Antony
Antony Chadayammury
Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com

(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy

**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.

## റീ...പോളിംഗ്




*സാമൂഹിക ആരോഗ്യ കേന്ദ്രം കാടുകയറി കിടക്കുന്നു*

# 16–ാമത് കെ.സി.സി.എൻ.എ. കൺവെൻഷൻ ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡെയിലിൽ 2026 ഓഗസ്റ്റ് 6 മുതൽ 10 വരെ



ഷിക്കാഗോ: ഷിക്കാഗോയിൽ വച്ചു സെപ്തംബർ 20ന് നടന്ന ക്നാനായ കത്തോലിക്ക കോൺഗ്രസ് ഓഫ് നോർത്ത് അമേരിക്ക (കെ.സി.സി.എൻ.എ) നാഷണൽ കൗൺസിൽ ഫ്ളോറിഡയിലെ ഫോർട്ട് ലോഡർഡെയിലെ ബ്രോവാർഡ് കൗണ്ടി കൺവെൻഷൻ സെന്റർ, 2026 ആഗസ്റ്റ് 6 മുതൽ 10 വരെ നടക്കുന്ന 16–ാം നാഷണൽ കൺവെൻഷന്റെ വേദിയായി ഔദ്യോഗികമായി പ്രഖ്യാപിച്ചു.

അക്കമഡേഷൻ ഒരുക്കിയിരിക്കുന്നത് ഫോർട്ട് ലോഡർഡെയിലെ പുതിയ ഹോട്ടൽ സമുച്ചയമായ ഓമ്നി ഹോട്ടലിൽ ആയിരിക്കുമെന്ന് കെ.സി.സി.എൻ.എ പ്രസിഡന്റ് ജെയിംസ് ഇല്ലിക്കൽ, ജനറൽ സെക്രട്ടറി വിപിൻ ചാലുങ്കൽ എന്നിവർ അറിയിച്ചു.

അമേരിക്കയിലും കാനഡയിൽനിന്നുമുള്ള ആയിരക്കണക്കിന് ക്നാനായ കുടുംബങ്ങളെ ഒന്നിപ്പിക്കുന്ന മഹത്തായ സംഗമമായി ഈ കൺവെൻഷൻ മാറും. സ്വന്തം ജനത്തോടുള്ള ആത്മബന്ധത്തിന്റെഅടങ്ങാത്തകടലിരമ്പങ്ങൾ ഹൃദയത്തിൽ സൂക്ഷിയ്ക്കുന്നവർ ഒരു വട്ടം കൂടി ഒരുമിയ്ക്കുന്ന വടക്കേ അമേരിക്കയിലെ ക്നാനായ സ്നേഹസംഗമത്തിന് വേദിയും തിയതിയും കുറിച്ചു.

ടാമ്പാ, മയാമി ക്നാനായ കത്തോലിക്ക അസോസിയേഷനുകൾ കൺവെൻഷന് സംയുക്തമായി ആതിഥേയത്വം വഹിക്കും. ഫ്ളോറിഡയിലെ ക്നാനായ സമൂഹത്തിന് അഭിമാനകരമായ ചരിത്ര നിമിഷമാണിത്. 2012 ടാമ്പ കൺവെൻഷന് ശേഷം ഫ്ളോറിഡ വീണ്ടും കൺവെൻഷൻ വേദിയാകുന്നു.

ദക്ഷിണ ഫ്ളോറിഡയിലെ സജീവമായ ക്നാനായ സമൂഹം ആദ്യമായിട്ടാണ് കെ.സി.സി.എൻ.എയുടെ ഏറ്റവും വലിയ സംഗമത്തിന് വേദിയാകുന്നത്. കെ.സി.സി.സി.എഫ് പ്രസിഡന്റ് ജയ്മോൾ മൂശാരിപ്പറമ്പിൽ, ടാമ്പാ ആർവിപി ജോബി ഊരാളിൽ, അറ്റലാന്റ മയാമി ആർവിപി അരുൺ പൗവത്തിൽ എന്നിവർ കൺവെൻഷൻ ലൊക്കേഷൻ പ്രെസന്റേഷൻ നാഷണൽ കൗൺസിൽ യോഗത്തിൽ നടത്തി മെമ്പേഴ്സിന്റെ ചോദ്യങ്ങൾക്ക് മറുപടി കൊടുത്തു.

കൺവെൻഷനിൽ സാംസ്കാരിക, സാമൂഹിക പരിപാടികളുടെ സമൃദ്ധമായ നിര പ്രതീക്ഷിക്കപ്പെടുന്നു. വിശുദ്ധകുർബാന, യുവജനശിശു പരിപാടികൾ, നേതൃസമ്മേളനങ്ങൾ, സെമിനാറുകൾ, സാംസ്കാരിക മേളകൾ, ക്നാനായ പാരമ്പര്യം പ്രതിഫലിപ്പിക്കുന്ന കലാപരിപാടികൾ കലാ സ്പോർട്സ് മത്സരങ്ങൾ എന്നിവ ഉൾപ്പെടും.

16–ാം കെ.സി.സി.എൻ.എ കൺവെൻഷൻ ഒരു സംഗമം മാത്രമല്ല, സമുദായ പാരമ്പര്യത്തിന്റെയും ബന്ധങ്ങളുടെയും മഹോത്സവമാണ്, 'കെ.സി.സി.എൻ.എ എക്സിക്യൂട്ടീവ് കമ്മറ്റി അറിയിച്ചു.' നമ്മുടെ സമൂഹത്തെ സൂര്യപ്രകാശമുള്ള ഫോർട്ട് ലോഡർഡെയിലിൽ സ്വാഗതം ചെയ്യാനും മറക്കാനാകാത്തഓർമ്മകൾസൃഷ്ടിക്കാനും ഞങ്ങൾ ആകാംക്ഷയോടെ കാത്തിരിക്കുന്നു.'

ലോകത്തിലെ ഏറ്റവും വലിയ ക്നാനായ സംഗമങ്ങളിൽ ഒന്നിന് അനുയോജ്യമായ അന്തരീക്ഷം ഒരുക്കുന്നതിനായി, അതിന്റെ മികച്ച സൗകര്യങ്ങളുംതന്ത്രപ്രധാനമായസ്ഥലവുമുള്ള ബ്രോവാർഡ് കൗണ്ടി കൺവെൻഷൻ സെന്റർ മികച്ച വേദിയായിരിക്കും.

രജിസ്ട്രേഷൻ, താമസം, പരിപാടികളുടെ ഹൈലൈറ്റുകൾ തുടങ്ങിയ വിശദാംശങ്ങൾ ഉടൻ അറിയിക്കുമെന്നും എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.

ജെയിംസ് ഇല്ലിക്കൽ (ഫ്ളോറിഡ) പ്രസിഡന്റ്, സിജു ചെരുവൻ കാലായിൽ (ന്യൂയോർക്ക്), എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ്, വിപിൻ ചാലുങ്കൽ (ഷിക്കാഗോ) ജനറൽ സെക്രട്ടറി, സൂസൻ തെങ്ങും തറയിൽ (സാൻ ഹൊസെ) ജോയിന്റ് സെക്രട്ടറി, ജോജോ തറയിൽ (ഹൂസ്റ്റൺ) ട്രഷറർ, ജേക്കബ് കുസുമാലയം(ന്യൂ യോർക്ക്) വൈസ് പ്രസിഡന്റ് ജെസ്നി കൊട്ടിയാനിക്കൽ (അറ്റലാന്റ), ജോയിന്റ് ട്രെഷറർ എന്നിവരാണ് കെ.സി.സി.എൻ.എയ്ക്ക്

## നേതൃത്വം നൽകുന്നത്

ഇവരെ കൂടാതെ റീജിയണൽ വൈസ്പ്രസിഡന്റുമാരായഫിലിപ്സ്മാത്യു മാപ്പളശേരിൽ (ഹൂസ്റ്റൺ), അരുൺ ജോർജ് പൗവ്വത്തിൽ (മയാമി), സിൽവസ്റ്റർ സിറിയക്ക് കൊടുന്നിനാംകുന്നേൽ (ഡാളസ്), ബാബു തൈപ്പറമ്പിൽ (ഷിക്കാഗോ), സജി ജോസഫ് ഒരപ്പാങ്കൽ (ന്യൂയോർക്ക്), ഗോഡ്വിൻ കൊച്ചുപുരക്കൽ (മിനസോട്ട), ടോമി ജോസഫ് തെക്കനാട്ട് (വാഷിംഗ്ടൺ), ജോ മാനുവൽ മരങ്ങാട്ടിൽ (സാക്രമെന്റോ), ജോബി ഫിലിപ്പ് ഊരാളിൽ (ഫ്ളോറിഡ), മിന്നു എബ്രഹാം കൊടുന്നിനംകുന്നേൽ (കാനഡ), വിമൻസ് ഫോറം നാഷണൽ പ്രസിഡന്റ് ഡാനി പല്ലാട്ടുമഠം (ഡാളസ്), കെ.സി.വൈ.എൽ പ്രസിഡന്റ് ആൽവിൻ പിണർക്കയിൽ (ഷിക്കാഗോ), യുവജനവേദി നാഷണൽ പ്രസിഡന്റ് പുന്നൂസ് വഞ്ചിപുരക്കൽ (ടാമ്പ), സ്പിരിച്യുൽ ഡയറക്ടർ റെവ. ഫാ.ബോബൻ വട്ടംപുറത്ത് (സാൻ അന്റോണിയ വികാരി) എന്നിവരടങ്ങിയതാണ് കെ.സി.സി.എൻ.എ എക്സിക്യൂട്ടീവ് കമ്മറ്റി.

◗ *ബൈജു ആലപ്പാട്ട്*



# ഫൊക്കാന മിഡ് വെസ്റ്റ് റീജയന്റെ നേതൃത്വത്തിൽ ഷിക്കാഗോയിൽ വോളിബോൾ ടൂർണ്ണമെന്റ്

ഷിക്കാഗോ: ഫൊക്കാന നാഷണൽ കമ്മറ്റിയുടെ ആഹ്വാന പ്രകാരം റീജിയനുകളിൽ നടത്തി വരുന്ന കലാകായിക മത്സരങ്ങളുടെ ഭാഗമായി ഫൊക്കാന മിഡ് വെസ്റ്റ് റീജിയന്റെ നേതൃത്വത്തിൽ കൈരളി ലയൺസ് ക്ലബ്ബിന്റെ സഹകരണത്തോടെ ഷിക്കാഗോയിൽ വോളിബോൾ ടൂർണ്ണമെന്റ് നടത്തുന്നു.

നവംബർ 29ന് 12 മണി മുതൽ Feldman Recreation Center (8800 Kathy Ln Niles) വച്ചാണ് മൽസരം നടക്കുന്നത്. ഷിക്കാഗോയിലെയും അടുത്ത പ്രദേശങ്ങളിലെയും പ്രമുഖ ടീമുകൾ മത്സരത്തിൽ പങ്കെടുക്കുന്നതാണ്. കൂടാതെ പഞ്ചാബും കേരളാടീമും തമ്മിലുള്ള വാശിയേറിയ പ്രദർശന മത്സരവും ഉണ്ടായിരിക്കുന്നതാണ്. മൽസരവിജയികൾക്ക് ട്രോഫിയും ക്യാഷ് അവാർഡും നൽകുന്നതാണ്.

റീജയണൽ വൈസ് പ്രസിഡന്റ് സന്തോഷ് നായരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫൊക്കാന എക്സിക്യൂട്ടീവ് വൈസ്പ്രസിഡന്റ് പ്രവീൺ തോമസ്, ട്രസ്റ്റി ബോർഡ് മെമ്പർ സതീശൻ നായർ, മുൻ റീജിയണൽ വൈസ് പ്രസിഡന്റ് സിറിയക് കൂവക്കാട്ടിൽ, ടോമി അമ്പനാട്ട് കൂടാതെ സൈമൺ പള്ളിക്കുന്നേൽ, ജിതേഷ് ചുങ്കത്ത്, മാത്യു തട്ടാമറ്റത്തിൽ, ബൈജു കണ്ടത്തിൽ, ജോൺസൺ കാരിക്കൽ, ജോഷി പുത്തുരാൻ, വിജി നായർ, എബി എബ്രഹാം, സേവ്യർ ഒറവനാക്കളത്തിൽ, അനിൽ കൃഷ്ണൻ, നിരൻ മുണ്ടിയിൽ, ബോബി വർഗീസ്, ഷിബു മുളയാനിക്കുന്നേൽ, ലിനു എം. ജോസഫ്, ജോസ് ജോർജ്, രവികുട്ടപ്പൻ, മാത്യു ചാണ്ടി തുടങ്ങിയവരും കൈരളി ലയൺസിനെപ്രതിനിധീകരിച്ച് സിബി കദളിമറ്റവും യോഗത്തിൽ പങ്കെടുത്തു.






# കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ ഓണം മഹോത്സവം 2025 പ്രൗഢഗംഭീരം

നാഷ്‌വിൽ: ടെന്നീസിയിലെ ഏറ്റവും വലിയ മലയാളി സംഘടനയായ കേരള അസോസിയേഷൻ ഓഫ് നാഷ്‌വിൽ (കാൻ) സെപ്തംബർ 13 ന് സംഘടിപ്പിച്ച ഓണം മഹോൽസവം 2025 സംഘാടന മികവ് കൊണ്ടും, ജനപങ്കാളിത്തം കൊണ്ടും, അവതരണ മികവ് കൊണ്ടും പ്രൗഢഗംഭീരമായി.

കാൻ വളണ്ടിയർമാർ സ്വന്തമായി തയ്യാറാക്കിയ ഇരുപത്തിനാലോളം വിഭവങ്ങൾ വാഴ ഇലയിൽ വിളമ്പിയ സ്വാദിഷ്ഠമായ ഓണസദ്യയോടെയാണ് ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചത്. തുടർന്ന് ചെണ്ടമേളത്തിന്റേയും താലപ്പൊലിയുടേയും പുലികളിയുടേയും അകമ്പടിയോടെ മഹാബലിയെ ഘോഷയാത്രയായി വരവേറ്റു.

അതോടൊപ്പം കാനിന്റെ സ്വന്തം കലാകാരൻമാർ അതിമനോഹരമായി ചെണ്ടമേളവും വേദിയിൽ അവതരിപ്പിച്ചു. തുടർന്ന് ഈ വർഷത്തെ ഓണാഘോഷ പരിപാടികളുടെ ഉദ്ഘാടനം സിനിമ നടനും മുൻ കേന്ദ്ര മന്ത്രിയുമായ മുഖ്യാതിഥി ഡി. നെപ്പോളിയൻ നിർവ്വഹിച്ചു. കാൻ കഴിഞ്ഞ കാലയളവിൽ ടെന്നിസി സംസ്ഥാനത്തിന്റെ സാമൂഹ്യ സാംസ്കാരിക മേഖലകളിൽ നൽകിയ അമൂല്യമായ സംഭാവനകൾ മുൻനിർത്തി ടെന്നിസി സ്റ്റേറ്റ് സെനറ്റ് സെപ്തംബർ 13 'കേരള ദിനം' ആയി പ്രഖ്യാപിച്ചതിന്റെ വിളംബരം ടെന്നിസി സ്റ്റേറ്റ് അസംബ്ലി റെപ്രസെന്ററ്റീവ് മൈക്ക് സ്പാർക്സ് നിർവ്വഹിച്ചു.

സിനിമ പിന്നണി ഗായികയായ ലത കൃഷ്ണയും സംസാരിച്ചു. മഹാബലിയും, വിശിഷ്ടാതിഥികളും കാൻ ഭരണ സമിതി അംഗങ്ങളും ചേർന്ന് നിലവിളക്ക് കൊളുത്തിയാണ് ഔപചാരികമായി പരിപാടികൾ ആരംഭിച്ചത്. കാൻ പ്രസിഡന്റ് ഷിബു പിള്ള അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനത്തിൽ, വൈസ് പ്രസിഡന്റ് ശങ്കർ മന സ്വാഗതവും സെക്രട്ടറി ഡോ.സുശീല സോമരാജൻ നന്ദിയും രേഖപ്പെടുത്തി.

കാനിലെ അംഗങ്ങളുടെ സർഗ്ഗവാസനയെ പ്രോത്സാഹിപ്പിക്കാനായി പ്രസിദ്ധീകരിക്കുന്ന കാഞ്ചനത്തിന്റെ യൂത്ത് എഡിഷൻ 'യുവം' മാസികയുടെ ഔദ്യോഗിക പ്രകാശനവും തദവസരത്തിൽ ഡി. നെപ്പോളിയൻ നിർവഹിച്ചു. കുട്ടികളുടെയും യുവാക്കളുടെയും കൃതികൾക്കു മുൻതൂക്കം കൊടുത്തു കൊണ്ടും, കാനിന്റെ 2024-25 വർഷത്തെ പ്രവർത്തനങ്ങൾ വിശദമായി പ്രതിപാദിച്ചു കൊണ്ടുമാണ് 'യുവം' തയ്യാറാക്കിയിരിക്കുന്നത്. അതോടൊപ്പം കാൻ അംഗങ്ങളുടെ മക്കൾക്കായി നൽകുന്ന അക്കാഡമിക് സ്കോളർഷിപ്പുകളും വേദിയിൽ വച്ച് വിതരണം ചെയ്തു.

തുടർന്ന് കാനിന്റെ സ്വന്തം കലാകാരൻമാർ പാട്ടുകൾ, നൃത്തനൃത്യങ്ങൾ, ഉപകരണ സംഗീതം തുടങ്ങിയ വിവിധ കലാപരിപാടികൾ വളരെ ആകർഷകമായി അവതരിപ്പിച്ചു. വനിത ഫോറത്തിന്റെ നേതൃത്വത്തിൽ അവതരിപ്പിച്ച 'കേരളീയം' പരിപാടിയും കാണികളുടെ പ്രശംസ പിടിച്ചു പറ്റി. അതോടൊപ്പം സിനിമ പിന്നണി ഗായികയായ ലത കൃഷ്ണയും സംഘവും നയിച്ച അതിമനോഹരമായ സംഗീത വിരുന്നും അരങ്ങേറി.

അംഗങ്ങളുടെ കൂട്ടായ്മയിൽ തയ്യാറാക്കിയ ഓണ പൂക്കളവും, ആനയുടെ ഒത്ത രൂപത്തിലുള്ള ഫോട്ടോബൂത്ത്, ഊഞ്ഞാൽ എന്നിവയും ഇത്തവണത്തെ ഓണാഘോഷത്തിന്റെ പ്രത്യേക ആകർഷണീയതകളായിരുന്നു.

ഓണസദ്യ ഒരുക്കുന്നതിന് നിജിൽ പറ്റമ്മൽ, മനീഷ് രവികുമാർ എന്നിവരും, കലാപരിപാടികൾക്ക് സന്ദീപ് ബാലൻ, ഡോ.ദീപാഞ്ജലി നായർ എന്നിവരും, രജിസ്ട്രേഷൻ പ്രവർത്തനങ്ങൾക്കായി ട്രഷറർ അനന്തലക്ഷ്മണനും, സുജിത് പിള്ളയും നേതൃത്വം നൽകി. അനിൽ പാത്തിയേരി, അശോകൻ വട്ടക്കാട്ടിൽ, ഷാഹിന കോഴിശ്ശേരി, സുമ ശിവപ്രസാദ്, രാകേഷ് കൃഷ്ണൻ, അനിൽ ഗോപാലകൃഷ്ണൻ, ബിജു ജോസഫ്, ബബ്ലു ചാക്കോ, സാം ആന്റോ, മനോജ് രാജൻ, അമൽ സാം, തോമസ് വർഗീസ് തുടങ്ങിയ കാൻ ഭരണസമിതി അംഗങ്ങളും പരിപാടികൾക്ക് നേതൃത്വം നൽകി.

ഓണാഘോഷത്തിന്റെ വിജയത്തിനായി അഹോരാത്രം പരിശ്രമിച്ച എല്ലാ വളണ്ടിയർമാർമാർക്കും, സ്പോൺസർമാർക്കും സ്നേഹത്തിന്റെ ഭാഷയിൽ നന്ദി അറിയിച്ചു കൊണ്ടാണ് ഓണം മഹോൽസവം 2025 ന് തിരശ്ശീല വീണത്.



# സെന്റ് ജോൺസ് തിയോളജിക്കൽ സെമിനാരിയുടെ ഉദ്ഘാടനം പരിശുദ്ധ പാത്രിയർക്കീസ് ബാവ നിർവ്വഹിച്ചു

ന്യൂജേഴ്സി: 2025 സെപ്തംബർ 16-ാം തീയതി ന്യൂജേഴ്സിലുള്ള പരാമസിൽ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ മോറാൻ മോർ ഇഗ്നാത്തിയോസ് അഫ്രേം രണ്ടാമൻ പാത്രിയർക്കീസ് ബാവ സെന്റ് ജോൺസ് തിയോളജിക്കൽ സെമിനാരിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

ഇത് അമേരിക്കൻ അതിഭദ്രാസന സുറിയാനി സഭ ചരിത്രത്തിൽ മറ്റൊരു നാഴികക്കല്ലായി മാറി. പാത്രിയർക്കൽ കേന്ദ്രവും, ഭദ്രാസന തലസ്ഥാനവുമായ മോർ അഫ്രേം സെന്ററിൽ വച്ചാണ് ഈ സെമിനാരിയുടെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചത്.

പതിറ്റാണ്ടുകളായിട്ടുള്ള വൈദീകരുടേയും വിശ്വാസികളുടേയും പ്രാർത്ഥനയുടെ ഫലമായിട്ടാണ് ഇങ്ങനെയൊരു സെമിനാരിയുടെ സ്വപ്ന സാക്ഷാത്കാരത്തിന് കാരണമായത്. ഈ സംരംഭം ദൈവ വിശ്വാസത്തിന്റേയും ആത്മീയ വിദ്യാഭ്യാസത്തിന്റേയും പ്രകാശസ്തംഭമായി നിലകൊള്ളും.

ഈ സെമിനാരിയുടെ പ്രസിഡന്റും ചെയർമാനും നോർത്ത് അമേരിക്കൻ അതിഭദ്രാസന മെത്രാപ്പോലീത്ത യെൽദൊ മോർ തീത്തോസ് തിരുമേനിയാണ്. വൈസ് പ്രസിഡന്റ് അഭിവന്ദ്യ ആർച്ച് ബിഷപ്പ് മോർ ദീവന്നാഡിയോസ് കാവാക്കും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ റവ. ഫാദർ ഡോക്ടർ ജെറി ജേക്കബ് MD, PhDയും ചീഫ് അക്കാഡമിക് ഓഫീസർ റവ. ഫാദർ ഡോക്ടർ ജേക്കബ് ജോസഫ് പി.എച്ച്.ഡിയും സെമിനാരി ഡയറക്ടർ മാത്യു ഇഡിച്ചാണ്ടി ആലപ്പുറത്തു എന്നിവരെ പരിശുദ്ധ പാത്രിയർക്കീസ് ബാവ നിയോഗിച്ചു.

കൂടുതൽ വിവരങ്ങൾക്ക് www.sjtsemoinary.org, ഫോൺ: 908-777-7587 എന്നിവരുമായി ബന്ധപ്പെടാവുന്നതാണ്.

◗ വർഗീസ് പാലമലയിൽ
അമേരിക്കൻ അതിഭദ്രാസന പി. ആർ. ഒ.

# നവരാത്രി ആഘോഷങ്ങൾക്ക് ഗീതാമണ്ഡലം ഒരുങ്ങി കഴിഞ്ഞു

സെപ്തംബർ 22 തിങ്കളാഴ്ച ആരംഭിക്കുന്ന നവരാത്രി ആഘോഷങ്ങൾ ഒക്ടോബർ 1 നു വിദ്യാരംഭത്തോടെ സമാപിക്കും. സ്ത്രീയെ പെറ്റമ്മയായും ജഗദംബയായും ആരാധിക്കുന്ന മഹത്തായ സംസ്കാരത്തിന്റെ ഭാഗഭാക്കായ ഓരോ സനാതനധർമ്മ വിശ്വാസിയും. ഈ നാളുകളിൽ പരമാത്മാവിനെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾ നിർവഹിക്കുന്ന ദേവതയായി ആരാധിക്കുന്ന മഹത്തായ ദിനങ്ങൾ. അതാണ് നമ്മുക്ക് നവരാത്രി. നവരാത്രിയുടെ ആദ്യ മൂന്ന് ദിനങ്ങൾ ശക്തിയുടെയും ധൈര്യത്തിന്റെയും ഭാവമായ മഹാ ദുർഗ്ഗയെയും അടുത്ത മൂന്ന് ദിനങ്ങൾ സമ്പത്തിന്റെയും ഐശ്വര്യത്തിന്റെയും ദേവതയായ മഹാലക്ഷ്മിയെയും അവസാന മൂന്ന് ദിനങ്ങൾ അറിവിന്റെയും വിദ്യയുടെയും ദേവതയായ മഹാസരസ്വതിയെയും ആരാധിക്കുന്നു.

മുൻകാലങ്ങളെ പോലെ ഈ വർഷവും അജ്ഞാനാന്ധകാരത്തെ അകറ്റി ജ്ഞാനദീപം മനസ്സിൽ തെളിയുന്ന വിജയ ദിവസമായ വിജയദശമി നാളിൽ മഹാദുർഗ്ഗയുടെയും മഹാലക്ഷ്മിയുടെയും മഹാസരസ്വതിയുടെയും മുന്നിൽ വിദ്യക്കും തൊഴിലിനും ഐശ്വര്യത്തിനും വേണ്ടിയുള്ള വിശേഷാൽ പൂജക്ക് ശേഷം അക്ഷരങ്ങളുടെയും അറിവിന്റെയും പുതിയ ലോകം കുരുന്നുകൾക്ക് തുറന്നു കൊടുത്തുകൊണ്ട് വിദ്യാരംഭ പൂജകൾ ആരംഭിക്കും. ആദ്യക്ഷരം കുറിക്കുന്ന കുഞ്ഞിന്റെ നാവിൽ പരമാത്മാവിനെ സൂചിപ്പിക്കുന്ന ഹരിയും അഭിവൃദ്ധിയേയും ഐശ്വര്യത്തെയും സൂചിപ്പിക്കുന്ന ശ്രീയും ഗുരു സ്വർണമോതിരം കൊണ്ടു നാവിൽ എഴുതിക്കുന്നു.

വിദ്യാ കടാക്ഷം തേടുന്ന മറ്റു കുട്ടികൾക്കായി അവരുടെ വലതു കയ്യിലെ ചൂണ്ടുവിരൽ കൊണ്ട് ധാന്യങ്ങൾ നിറച്ച പാത്രത്തിൽ 'ഓം ഹരി ശ്രീ ഗണപതയെ നമഃ' എന്ന് എഴുതിക്കുന്നു. ഈ വിശേഷ ദിവസത്തിൽ പങ്കെടുക്കുവാൻ നിങ്ങൾ ഏവരെയും സന്തോഷ പൂർവ്വം സ്വാഗതം ചെയ്യന്നു. ഈ നവരാത്രി വ്രതത്തിലും ശ്രേഷ്ഠമായി മറ്റൊരു വ്രതവും ഇല്ല. സാധകനെ പവിത്രനാക്കുകയും എല്ലാ ഐശ്വര്യങ്ങൾക്കും പ്രാപ്തനാക്കുകയും ചെയ്യുന്നു. വൃത ശുദ്ധിയുടെ ഈ നാളുകൾ നമ്മുക്ക് ഒന്നിച്ച് ആഘോഷിക്കാം.

വിദ്യാരംഭത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ Geethamandalam1978@gmail ബന്ധപ്പെടുക.



മാറുന്ന കാലം 18

# ‘റിവേഴ്സ് മൈഗ്രേഷനും’ മലയാളിയും



സെർജി ആന്റണി

കേരളത്തിനു പുറത്തേക്കും വിദേശരാജ്യങ്ങളിലേക്കുമുള്ള മലയാളിയുടെ പലായനത്തിനു പഴക്കമേറെ ഉണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മലയാളികളുടെ സാന്നിധ്യം പണ്ടേ സജീവമാണ്. അവരിൽ പലരും ഇപ്പോൾ അവിടെ സ്ഥിരതാമസക്കാരായി. ഗൾഫ് ഇന്നത്തെ ഗൾഫായി മാറുന്നതിനു മുമ്പും മലയാളി പത്തേമാരിയിലും മറ്റും കടൽ കടന്നിരുന്നു. ഇന്നത്തെ തലമുറയ്ക്ക് അത് ചില സിനിമാ സന്ദർഭങ്ങളുടെ രസകരമായ ദൃശ്യങ്ങൾ മാത്രം. ‘ഗൾഫ് ബൂം’ വന്നതോടെ അവിടേക്കുള്ള ഒഴുക്ക് തുടങ്ങി. ഗൾഫ് ഒഴുക്ക് നിലച്ചിട്ടില്ലെങ്കിലും ഇപ്പോഴത്തെ ആകർഷണം യു.കെയും കാനഡയും അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളുമൊക്കയാണ്. പഠനത്തിനും മറ്റുമായി ചൈന, റഷ്യ, സോവ്യറ്റ് രാജ്യങ്ങൾ എന്നിവിടങ്ങളിലേക്കുപോകുന്നവരും കുറവല്ല.

മെച്ചപ്പെട്ട ജോലിക്കും വരുമാനത്തിനും വേണ്ടിയാണ് പണ്ടൊക്കെ പലരും പ്രവാസ ജീവിതം തെരഞ്ഞെടുത്തിരുന്നതെങ്കിൽ ഇന്നിപ്പോൾ കൂടുതൽ സുഖകരമായ ജീവിതം കൂടി ലക്ഷ്യമിടുന്നു. പല രാജ്യങ്ങളിലും പഴയ സ്ഥിതി മാറി വരുന്നുണ്ട്. ഇന്ത്യയിലെ സാഹചര്യങ്ങളും മാറി. അതുകൊണ്ടുതന്നെ നാട്ടിൽ തന്നെ തുടരാൻ പലരും ആഗ്രഹിക്കുന്നു. മെച്ചപ്പെട്ട വരുമാനവും ജീവിതസൗകര്യങ്ങളും നമ്മുടെ നാട്ടിലും ഇപ്പോൾ ലഭ്യമാണ്.

‘ഘർ വാപ്പസി’ എന്ന പ്രയോഗം കുറെക്കാലമായി പ്രചാരത്തിലുണ്ട്. അതിൽനിന്നു തികച്ചും വ്യത്യസ്തമാണെങ്കിലും ഏതാണ്ട് അതേ അർത്ഥവ്യാപ്തിയുള്ള മറ്റൊരു പ്രയോഗം ഇപ്പോൾ ശ്രദ്ധനേടുന്നു- ‘റിവേഴ്സ് മൈഗ്രേഷൻ’ ആദ്യത്തേത് മതവിശ്വാസവുമായി ബന്ധപ്പെട്ടതും വിവാദവുമാണെങ്കിൽ രണ്ടാമത്തേത് സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങളോടു ബന്ധപ്പെട്ടതും കൂടുതൽ ശ്രദ്ധിക്കപ്പെടേണ്ടതുമാണ്. സെപ്റ്റംബർ 17 ബുധനാഴ്ച നിയമസഭയിലെ ചോദ്യോത്തരവേളയിലാണ് റിവേഴ്സ് മൈഗ്രേഷൻ വിഷയം ചർച്ചയായത്. വിദേശരാജ്യങ്ങളിൽനിന്നു ധാരാളം പ്രഫഷണലുകൾ നാട്ടിലേക്കു തിരിച്ചുവരുന്ന കാര്യം വ്യവസായ മന്ത്രി പി. രാജീവ് ആണ് നിയമസഭയിൽ ചൂണ്ടിക്കാട്ടിയത്.

പണിപോയിട്ട് തിരിച്ചുവരുന്നവരല്ല ഇവർ. നാട്ടിൽവന്നു നല്ല പണി ചെയ്യാനായിട്ടു വിദേശത്തു നിന്നു പണി കളഞ്ഞു വരുന്നവരാണ്. കഴിഞ്ഞ സാമ്പത്തികവർഷം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നാല്പതിനായിരം പ്രഫഷണലുകൾ കേരളത്തിലേക്കു തിരിച്ചുവന്നു എന്നാണ് വ്യവസായ മന്ത്രി രാജീവ് നിയമസഭയിൽ പറഞ്ഞത്. ഇവരെല്ലാം ഇപ്പോൾ കേരളത്തിൽ ജോലി ചെയ്യുകയാണെന്നും മന്ത്രി അവകാശപ്പെട്ടു. ഇതിൽ കൂടുതൽ ഐടി പ്രൊഫഷണലുകളാണ്. ഇതിന് ഉപോദ്ബലകമായി പ്രഫഷണലുകളുടെ നെറ്റ്വർക്ക് സംവിധാനമായ ‘ലിങ്ക്ഡിൻ’ പുറത്തുവിട്ട കണക്കുകൾ മന്ത്രി നിരത്തുന്നു.

ഏറ്റവും കൂടുതൽപേർ തിരിച്ചുവന്നത് യു.എ.ഇ യിൽ നിന്നാണ്. മലയാളികളുടെ പറുദീസയായി മാറിയ ദുബായും അബുദാബിയും ഷാർജയുമൊക്കെ ഉൾപ്പെടുന്ന യു.എ.ഇയിൽ നിന്ന് 9800 പേർ കേരളത്തിലേക്കു തിരിച്ചുവന്നു എന്നാണ് ലിങ്ക്ഡിന്റെ കണക്ക്. അമേരിക്കയിൽ നിന്നു മടങ്ങിയെത്തിയവർ 1200. കർണാടകത്തിൽ നിന്നു 7700 പേരാണ് കേരളത്തിലേക്കു മടങ്ങിവന്നിട്ടുള്ളത്. ഇങ്ങനെ തിരിച്ചു വന്നവരിൽ ചിലർ ഇവിടെ വന്നു പുതിയ സംരംഭങ്ങൾ തുടങ്ങുന്നതായും മന്ത്രി അവകാശപ്പെടുന്നു. ഐ.ബി.എമ്മിൽ ഇപ്പോഴുള്ള ജീവനക്കാരിൽ 30 ശതമാനം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് മടങ്ങി വന്നവരാണെന്നും മന്ത്രി പറഞ്ഞു.

വിദേശരാജ്യങ്ങളിലെ രാഷ്ട്രീയവും അല്ലാത്തതുമായ ചില സാഹചര്യങ്ങൾ മൂലം ആളുകൾ ജന്മനാട്ടിലേക്കു തിരിച്ചു വരുന്നതു നേട്ടമായി ചിത്രീകരിക്കുന്നതു ശരിയല്ലെന്നു മുൻ വ്യവസായ മന്ത്രി കൂടിയായ പി.കെ കുഞ്ഞാലിക്കുട്ടി നിയമസഭയിൽ പറയുകയുണ്ടായി. ചില രാജ്യങ്ങളിലെ സംഘർഷാന്തരീക്ഷവും സാമൂഹ്യ സാമ്പത്തിക സുരക്ഷിതമില്ലായ്മയും തിരിച്ചുവരവിനു കാരണമാകുന്നുണ്ടെന്നു കുഞ്ഞാലിക്കുട്ടി ചോദ്യോത്തരവേളയിൽ ചൂണ്ടിക്കാട്ടി.




പ്രഫഷണലുകൾതിരിച്ചെത്തുമ്പോൾ കേരളത്തിന്റെ ‘ടാലന്റ് പൂൾ’ വർധിക്കുമെന്നാണ് വ്യവസായ മന്ത്രിയുടെ വിലയിരുത്തൽ. പ്രഫഷണലുകളുടെ വളർച്ചാ നിരക്കിൽ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്താണെന്നു വ്യവസായ മന്ത്രി അവകാശപ്പെടുന്നു. പ്രഫഷണൽ ടാലന്റ് പൂളിൽ കേരളം ഒമ്പതാമതാണ്. അതേസമയം ടാലന്റ് പൂളിന്റെ വളർച്ചാനിരക്കിൽ കേരളം ഒന്നാമതാണു താനും. ഇതുവഴി പുതിയ കമ്പനികളും മൂലധനവും കേരളത്തിലെത്തുമെന്നു മന്ത്രി രാജീവ് സ്വപ്നം കാണുന്നു. ഇത്തരം പല സ്വപ്നങ്ങളും സർക്കാരും ഭരണാധികാരികളും ജനങ്ങൾക്കു നന്നായി വിളമ്പുന്നുണ്ട്.

വിദേശത്ത് നല്ല ജോലി ചെയ്തിരുന്നവരും പ്രഫഷണൽ യോഗ്യതയുള്ളവരും തങ്ങളുടെ അറിവും കഴിവും ജന്മനാട്ടിൽ പ്രയോജനപ്പെടുത്താൻ തയാറാകുന്നു എന്നതു നല്ലകാര്യംതന്നെ. പക്ഷേ അവർക്കു സർക്കാരും സമൂഹവും എന്തു പ്രോത്സാഹനമാണു നൽകുന്നത്. സംരംഭങ്ങൾ തുടങ്ങിയ എത്രയോപേരുടെ ദു:ഖ കഥകൾ നാം കേട്ടുകൊണ്ടിരിക്കുന്നു. ചെറിയ സംരംഭകരെപ്പോലും ബൂർഷ്വാകളായി കണക്കാക്കി അവരുടെ ഉദ്യമങ്ങൾക്ക് ഇടംകോലിടാൻ നടക്കുന്നവർ ഏറെയാണ്.

കിറ്റെക്സ് ഗ്രൂപ്പ് അവരുടെ ഉത്പാദക യൂണിറ്റുകൾ തെലുങ്കാനയിലേക്കും മറ്റും കൊണ്ടുപോയത് അടുത്ത കാലത്തു വലിയ വിവാദമായിരുന്നു. വിദേശ മലയാളികൾ ഉൾപ്പെട്ട എത്രയോ സംരംഭങ്ങളാണ് നടത്തിക്കൊണ്ടു പോകാൻ നിവൃത്തിയില്ലാതെ അടച്ചു പൂട്ടപ്പെട്ടത്. എന്നിട്ടും പലരും വീണ്ടും തലവച്ചുകൊടുക്കുന്നു. അവർക്കു പ്രോത്സാഹനം പോയിട്ടു സംരക്ഷണം നൽകാൻ പോലും ആളില്ലാത്ത അവസ്ഥയാണ്.

വ്യവസായ മന്ത്രി നിയമസഭയിൽ പറഞ്ഞ റിവേഴ്സ് മൈഗ്രേഷൻ യാഥാർത്ഥ്യമാണെങ്കിൽ നാം കൂടുതൽ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. നാട്ടിൽവന്നു പുതിയ സംരംഭങ്ങൾ തുടങ്ങാൻ വിദേശത്തെ ജോലിയും കനത്ത ശമ്പളവും വേണ്ടെന്നു വയ്ക്കാൻ ആരെങ്കിലും തയ്യാറായാൽ അവരെ ഇവിടേക്കു സ്വീകരിക്കാനും അവർക്കു വേണ്ട സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാനും സർക്കാരിനു കഴിയണം. ഒറ്റപ്പെട്ട ചില പദ്ധതികളും പ്രോത്സാഹനങ്ങളും ഉണ്ട്. എന്നിരുന്നാലും കൂടുതൽ ശ്രദ്ധ ഇക്കാര്യത്തിൽവേണ്ടിയിരിക്കുന്നു.

വിദേശത്തു ജോലി ചെയ്യുന്നവർ പലരും അവിടെത്തന്നെ സ്ഥിരതാമസമാക്കുന്ന സാഹചര്യമുണ്ട്. ഗൾഫ്മേഖലയിൽ അതിനുള്ള സൗകര്യം തുലോം കുറവാണെങ്കിലും യൂറോപ്പിലും അമേരിക്കയിലും കാനഡയിലും ഓസ്ട്രേലിയയിലുമൊക്കെ അതല്ല സ്ഥിതി. നാട്ടിൽ ഒഴിഞ്ഞു കിടക്കുന്ന വീടുകളും വൃദ്ധ മാതാപിതാക്കൾ മാത്രം താമസിക്കുന്ന കൂറ്റൻ വീടുകളും വർധിച്ചു വരികയാണ്. കുടിയേറ്റത്തിന്റെ റിവേഴ്സ് ഗിയർ യാഥാർത്ഥ്യമാണെങ്കിൽ സങ്കീർണമായൊരു സാമൂഹ്യ സാഹചര്യമാണ് അതു സൃഷ്ടിക്കുക. സാമ്പത്തിക രംഗത്തായിരിക്കും അതിന്റെ പ്രതിഫലനം കൂടുതൽ. അവകാശവാദങ്ങളല്ല അവസരത്തിനൊത്തുയരുകയാണു പ്രധാനം.

ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ കേരളം കൈവരിച്ച നേട്ടം നമ്മുടെ സമഗ്ര വികസനത്തിനു വഴിയൊരുക്കേണ്ടതാണ്. ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ സാക്ഷര സംസ്ഥാനം എന്ന പദവി കേരളത്തിനു ലഭിച്ചിരിക്കുന്നു. ഡിജിറ്റൽ യുഗത്തിൽ ഇത്തരമൊരു നേട്ടം അഭിമാനകരം തന്നെ. പക്ഷേ അതിന്റെ സദ്ഫലങ്ങൾ എല്ലാവർക്കും അനുഭവവേദ്യമാകണം.

എല്ലാ ഒന്നാം സ്ഥാനക്കാരും ജീവിതത്തിൽ ഒന്നാമതെത്തണമെന്നില്ല. പഠനത്തിൽ ഉടനീളം ഒന്നാം റാങ്ക് നേടിയിട്ടും ജീവിതാനുഭവങ്ങളിലും പ്രഫഷണൽ രംഗത്തുമെല്ലാം പാടേ പരാജയപ്പെട്ടവരുണ്ട്. കഷ്ടിച്ചു കടന്നു കൂടിയ പലരും വമ്പൻ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുമുണ്ട്.

കേരളത്തിന്റെ ഡിജിറ്റൽ സാക്ഷരത ഒന്നാം സ്ഥാന പ്രഖ്യാപനം സെപ്റ്റംബർ 21നു തിരുവനന്തപുരത്ത് മുഖ്യമന്ത്രി നിർവ്വഹിച്ചു. മന്ത്രിമാരുൾപ്പെടെ നേതാക്കളുടെ നീണ്ട നിര അതിനു സാക്ഷ്യം വഹിക്കാൻ സന്നിഹിതരായിരുന്നു. കംപ്യൂട്ടറും മൊബൈൽ ഫോണും ഇന്റർനെറ്റുമൊക്കെ ഉപയോഗിക്കാനുള്ള അറിവും ഇന്റർനെറ്റിലൂടെ ആശയവിനിമയം നടത്താനുള്ള ശേഷിയുമാണ് ഡിജിറ്റൽ സാക്ഷരതയുടെ മാനദണ്ഡം. രാജ്യത്തെ ഡിജിറ്റൽ സാക്ഷരത 38 ശതമാനം ആയിരിക്കേയാണ് കേരളത്തിന്റെ ഈ മികച്ച പ്രകടനം.

കേരളത്തിൽ ഡിജിറ്റൽ സാക്ഷരത കൈവരിച്ച 90 വയസിനു മുകളിലുള്ള 15,233 പേരുണ്ടെന്നാണ് സർക്കാർ കണക്ക്. 75നും 90നം ഇടയ്ക്കു പ്രായമുള്ള ഡിജിറ്റൽ സാക്ഷരർ ഒന്നര ലക്ഷത്തോളം വരും. സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന സമ്മേളനത്തിൽ 105 വയസുള്ള എറണാകുളത്തെ അബ്ദുള്ള മൗലവിയുമായി വീഡിയോകോളിലൂടെ മുഖ്യമന്ത്രി സംസാരിച്ചു.

നമ്മുടെ യുവതലമുറയും കൗമാരക്കാരും ഡിജിറ്റൽ സാക്ഷരതയുടെ മികച്ച നിലവാരം കൈവരിച്ചിട്ടുണ്ട്. എന്തിന്, മൂന്നും നാലും വയസുള്ള കുട്ടികൾപോലും ഇന്ന് ഡിജിറ്റൽ ഉപകരണങ്ങൾ സമർത്ഥമായി ഉപയോഗിക്കുന്നു. ഇതിന്റെയൊക്കെ ശാരീരികവും മാനസികവുമായ പ്രത്യാഘാതങ്ങൾ കൂടി മനസിലാക്കുന്നതും നന്നായിരിക്കും. സാമൂഹിക പ്രത്യാഘാതങ്ങളും ഏറെ. മൊബൈലിന്റെയും ഇന്റർനെറ്റിന്റെയുമൊക്കെ ദുരുപയോഗം സംബന്ധിച്ച് എത്രയോ സംഭവങ്ങളാണു നാം അനുദിനം കേൾക്കുന്നത്. കുട്ടികളുടെ പേരിൽ മൊബൈൽ സിം വാങ്ങി അതുപയോഗിച്ച് നിയമവിരുദ്ധ ഇടപാടുകൾ നടത്തുന്നതിനെക്കുറിച്ചു കഴിഞ്ഞ ദിവസം ഈയിടെ ചില റിപ്പോർട്ടുകൾ വന്നിരുന്നു.

പണം നിക്ഷേപിച്ചുള്ള ഓൺലൈൻ ഗെയിമുകൾക്കു നിയന്ത്രണം ഏർപ്പെടുത്തുന്ന പ്രൊമോഷൻ ആൻഡ് റെഗുലേഷൻ ഓഫ് ഓൺലൈൻ ഗെയിമിംഗ് ബിൽ-2025 ലോക്സഭയും രാജ്യസഭയും കഴിഞ്ഞ മാസം പാസാക്കിയിരുന്നു. ഇത്തരം ഓൺലൈൻ പ്ലാറ്റ്ഫോമുകളെ നിയന്ത്രിക്കാനുള്ള അഥോറിറ്റി രൂപീകരിക്കും. പരാതികൾ ഇവർ പരിശോധിക്കും.

ഡിജികേരളം എന്നറിയപ്പെടുന്ന പദ്ധതിയുടെ തുടർപദ്ധതികൾ വരാനിരിക്കുന്നതേയുള്ളൂ. വലിയ മാറ്റങ്ങളാണ് മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ പറയുന്നത്. രണ്ടാം ഘട്ടത്തിൽ എല്ലാ കുടുംബങ്ങൾക്കും ഐഡി നൽകും. ഓരോ കുടുംബവും മറ്റുള്ളവരുടെ സഹായമില്ലാതെ ഓൺലൈനായി ഇടപാടുകളെല്ലാം നടത്തുന്ന സാഹചര്യം സംജാതമാകും. ഓഫീസുകൾ കയറിയിറങ്ങാതെ ജനന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് തുടങ്ങി നിരവധി സർട്ടിഫിക്കറ്റുകൾ എല്ലാവർക്കും ലഭ്യമാകും. പോലീസ് സ്റ്റേഷൻ കയറാതെ ഓൺലൈനായി പോലീസിൽ പരാതി നൽകാം. ഇതെല്ലാം നാട്ടുകാരെ മാത്രമല്ല നാട്ടിലേക്കു മടങ്ങാൻ കാത്തിരിക്കുന്ന മറുനാട്ടുകാരെയും ആവേശഭരിതരാക്കും.

സർക്കാരിന്റെ നേട്ടങ്ങൾ നിരത്തുന്നതിനുള്ള വ്യഗ്രത വർധിച്ചു വരുന്ന കാലമാണിത്. ഭരണകാലാവധി തീരാറാവുന്നതും തദ്ദേശ, നിയമസഭാ പൊതു തെരഞ്ഞെടുപ്പ് അടുത്ത് വരുന്നതുമാണ് ഈ വ്യഗ്രതയ്ക്കു പിന്നിലുള്ള പ്രധാന കാരണം. നിലവിലുള്ള തൊള്ളായിരത്തോളം സർക്കാർ സേവനങ്ങൾ ഓൺലൈൻ ആക്കും എന്നാണ് മറ്റൊരു വാഗ്ദാനം. വാഗ്ദാന പെരുമഴയും പ്രഖ്യാപനങ്ങളുമൊക്കെ ഇനിയും ഏറെ ഉണ്ടാകും. പക്ഷേ, ഇവയുടെയൊക്കെ പ്രയോജനം സാധാരണ ജനത്തിനു ലഭ്യമാകുമോ എന്നതാണു പ്രശ്നം. സർട്ടിഫിക്കറ്റുകൾക്കും രേഖകൾക്കുമായി ഇപ്പോഴും പലരും സർക്കാർ ഓഫീസുകൾ കയറിയിറങ്ങുന്നു. കൈക്കൂലി കൊടുത്ത കാര്യം സാധിക്കേണ്ടി വരുന്ന സംഭവങ്ങളും അപൂർവമല്ല. ഡിജിറ്റൽ സാക്ഷരത സർക്കാർ സേവനങ്ങളെ മാത്രമല്ല, സാധാരണ മനുഷ്യരുടെ ജീവിത സാഹചര്യങ്ങളെക്കൂടി മെച്ചപ്പെടുത്തണം.

പ്രവാസികളുടെ തിരിച്ചുവരവിന് ചില അനുകൂല ഘടകങ്ങൾ രാജ്യത്തു വളർന്നുവരുന്നുണ്ട്. പ്രത്യേകിച്ചും ഐടി മേഖലയിൽ. ഡിജിറ്റൽ യുഗത്തിൽ അതിന്റെ സാധ്യതകൾ കേരളം പരമാവധി പ്രയോജനപ്പെടുത്തണം. അതിനു ദീർഘവീക്ഷണത്തോടു കൂടിയ കർമപദ്ധതികൾ വേണം. നേതൃത്വം കൊടുക്കാൻ സമർത്ഥരായ ആളുകൾ ഉണ്ടാവണം. രാഷ്ട്രീയ ഇച്ഛാശക്തി പരമപ്രധാനമാണ്. ദേശീയ തലത്തിലായാലും സംസ്ഥാനങ്ങളിലായാലും ധിഷണാശാലികളായ ഭരണകർത്താക്കളാണ് പല പ്രധാന പദ്ധതികളുടെയും പിന്നിലെ പ്രധാന പ്രേരകശക്തി.

കൊച്ചി നെടുമ്പാശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ തുടക്കവും വളർച്ചയും നല്ലൊരു പാഠമാണ്. പ്രവാസികളുടെ പണമായിരുന്നു അതിന്റെ മൂലധനം. സമർത്ഥമായ മാനേജ്മെന്റും ഭരണകൂടത്തിന്റെ പിന്തുണയും വളർച്ചയുടെ ആദ്യഘട്ടത്തിൽ അടിത്തറ ഉറപ്പാക്കി. പിന്നീടങ്ങോട്ട് തിരിഞ്ഞു നോക്കേണ്ടിവന്നിട്ടില്ല. ഇതുപോലുള്ള പല പദ്ധതികൾക്കും കേരളത്തിൽ സാധ്യതയുണ്ട്. പലതും കടലാസിൽ മാത്രം അവശേഷിക്കുകയാണിപ്പോൾ. അതിനു ജീവൻ നൽകാൻ സാധിക്കും.

പ്രവാസികൾക്കായി വലിയൊരു ആരോഗ്യ സുരക്ഷാ പദ്ധതി സെപ്റ്റംബർ 22നു തിരുവനന്തപുരം ഹയാത്ത് റീജൻസിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. ഭർത്താവ്, ഭാര്യ, 25 വയസ് വരെ പ്രായമുള്ള രണ്ടു കുട്ടികൾ എന്നിവർക്ക് 13,411 രൂപ പ്രീമിയത്തിൽ അഞ്ചു ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും പത്തു ലക്ഷം രൂപയുടെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് പരിരക്ഷയുമാണ് വാഗ്ദാനം ചെയ്യുന്നത്. ലോകത്ത് എവിടെവച്ചും സംഭവിക്കുന്ന എല്ലാവിധ അപകട മരണങ്ങൾക്കും പത്തു ലക്ഷം രൂപയുടെ കവറേജ്, വിദേശത്തുനിന്ന് മൃതദേഹം എത്തിക്കുന്നതിന് അമ്പതിനായിരം രൂപ, ഇന്ത്യക്ക് അകത്തുനിന്ന് 25,000 രൂപ തുടങ്ങി നിരവധി ആനുകൂല്യങ്ങൾ പ്രവാസി ആരോഗ്യ സുരക്ഷയുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച പത്രപ്പരസ്യത്തിൽ ഉണ്ട്.

വാഗ്ദാനങ്ങളുടെ പെരുമഴ പ്രവാസികൾക്കായി ഇതിനു മുമ്പും പലകുറി പെയ്തിട്ടുണ്ട്. അത് ആരോഗ്യസുരക്ഷയിലും റിവേഴ്സ് മൈഗ്രേഷൻ കൈകാര്യം ചെയ്യുന്നതിലുമെല്ലാം പ്രത്യാശയുടെ നവമുകുളങ്ങൾ തളിർക്കാൻ ഇടയാക്കട്ടെ.

# ട്രംപിന്റെ യുഎൻ പ്രസംഗത്തിൽ എന്താണ് പറഞ്ഞത്?



ചൊവ്വാഴ്ചഐക്യരാഷ്ട്രസഭയുടെപൊതുസഭയിലെ പ്രസംഗത്തിൽ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ആദ്യം പറഞ്ഞത് തന്റെ ടെലിപ്രോംപ്റ്റർ തകർന്നുവെന്നായിരുന്നു എന്നത് ഒരുപക്ഷേ ഒരു അശുഭസൂചനയായിരുന്നിരിക്കാം. എന്നിരുന്നാലും ഇവിടെ നിങ്ങളോടൊപ്പം ഉണ്ടായിരിക്കുന്നതിൽ വളരെ സന്തോഷം തോന്നുന്നുവെന്ന് ഒട്ടും സന്തോഷവാനല്ലാത്ത ശബ്ദത്തോടെയാണ് അദ്ദേഹം പറഞ്ഞത്.

### ചെറിയ സാങ്കേതിക പിഴവ്

പ്രസിഡന്റിന്റെ പ്രോംപ്റ്റർ പ്രവർത്തിപ്പിക്കേണ്ടത് വൈറ്റ് ഹൗസാണെന്നാണ് ഒരു യുഎൻ ഉദ്യോഗസ്ഥൻ പറഞ്ഞത്. എന്നാൽ അത് യുഎന്നിന്റെ ഉപകരണമാണെന്നായിരുന്നു ഒരു വൈറ്റ് ഹൗസ് ഉദ്യോഗസ്ഥൻ പറഞ്ഞത്. പകരം സ്ക്രിപ്റ്റിൽ നിന്ന് മാറി ഓഡിയോവിഷ്വൽ ഉപകരണങ്ങൾ തകരാറിലായതിനേക്കാൾ വളരെ വലിയ പ്രശ്നങ്ങൾ പരിഹരിക്കാനുള്ള യുഎന്നിന്റെ കഴിവിനെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള ഒരു പ്രസംഗമാണ് പിന്നീട് കണ്ടത്.

അനിയന്ത്രിതമായ കുടിയേറ്റത്തിലൂടെ തങ്ങളുടെ രാജ്യങ്ങളെ നശിപ്പിക്കുകയും, റഷ്യൻ ഊർജ്ജം വാങ്ങുന്നതിലൂടെ വിദേശ സംഘർഷങ്ങൾക്ക് ആക്കം കൂട്ടുകയും, സ്വന്തം സമാധാന ശ്രമങ്ങൾ അവഗണിക്കുകയും ചെയ്തതിന് വിദേശ സഖ്യകക്ഷികളെ കുറ്റപ്പെടുത്താൻ ട്രംപ് വാർഷിക വിദേശ നയ പ്രസംഗം ഉപയോഗിക്കുകയായിരുന്നു. ഏറ്റവും സമ്മർദ്ദകരമായ വിദേശ സംഘർഷങ്ങളെ ഉക്രെയ്നിലെയും ഗാസയിലെയും യുദ്ധങ്ങളെ അദ്ദേഹം അഭിസംബോധന ചെയ്തു. പകരം തന്റെ പ്രസംഗത്തിന്റെ ഭൂരിഭാഗവും കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാനുള്ള ശ്രമങ്ങളെ അപലപിക്കുക, ലോക പ്രശ്നങ്ങളോടുള്ള സ്വന്തം സമീപനത്തെ പ്രശംസിക്കുക, തന്റെ മുൻഗാമിയെ പരിഹസിക്കുക (മുൻ പ്രസിഡന്റ് ജോ ബൈഡന്റെ പേര് അദ്ദേഹം പ്രസംഗത്തിൽ ആറ് തവണയാണ് ഉപയോഗിച്ചത്) എന്നിവയ്ക്കായി മാറ്റിവച്ചു.

'ഇക്കാര്യത്തിൽ ഞാൻ ശരിക്കും മിടുക്കനാണ്. നിങ്ങളുടെ രാജ്യങ്ങളുടെ പോക്ക് നരകത്തിലേക്കാണ്.' കുടിയേറ്റത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ഒരു ഘട്ടത്തിൽ അദ്ദേഹം പറഞ്ഞു. തന്റെ ആദ്യ ടേമിൽ പ്രതിനിധികൾ ഒരേ വേദിയിൽ നിന്ന് അദ്ദേഹത്തെ പരിഹസിച്ചതിന് ശേഷം ലോകം എത്ര മാത്രം മാറിയിരിക്കുന്നു എന്നതിന്റെ സൂചനയായിരുന്നു ചൊവ്വാഴ്ച സദസ്സ് മിക്കവാറും നിശബ്ദമായിരുന്നു.

### കുടിയേറ്റത്തെക്കുറിച്ച് എന്താണ് പറഞ്ഞത് ?

മറ്റ് രാജ്യങ്ങളുടെ കുടിയേറ്റ നയങ്ങളെ വിമർശിച്ചും, മതിയായ കുടിയേറ്റ നിയന്ത്രണങ്ങൾ ഇല്ലാത്തതിനാൽ യുഎൻ പാശ്ചാത്യ രാജ്യങ്ങൾക്കെതിരായ ആക്രമണത്തിന് ധനസഹായം നൽകുന്നു എന്നും ആയിരുന്നു ട്രംപിന്റെ ആരോപണം. പാശ്ചാത്യ ലോകത്തിന്റെ ഘടന നശിപ്പിക്കപ്പെടുകയാണെന്ന് മുന്നറിയിപ്പ് നൽകിയും ട്രംപ് ജനറൽ അസംബ്ലി ഹാളിൽ കൂടുതൽ സമയവും ചെലവഴിച്ചു. നിങ്ങൾ മുമ്പ് കണ്ടിട്ടില്ലാത്ത, നിങ്ങൾക്ക്പൊതുവായിഒന്നുമില്ലാത്ത ആളുകളെ നിങ്ങൾ തടഞ്ഞില്ലെങ്കിൽ, നിങ്ങളുടെ രാജ്യം പരാജയപ്പെടുമെന്ന് അദ്ദേഹം ഒരു ഘട്ടത്തിൽ പറഞ്ഞു.

അമേരിക്കയിലേക്ക് കുടിയേറ്റക്കാർ പ്രവേശിക്കുന്നത് കർശനമായി തടയുക എന്ന അദ്ദേഹത്തിന്റെ സമീപനമാണ് ദേശീയ പൈതൃകം സംരക്ഷിക്കാനുള്ള ഏക മാർഗം എന്ന മുന്നറിയിപ്പ് മാത്രമായിരുന്നു അത്. സമീപ വർഷങ്ങളിൽ ആഫ്രിക്കയിൽ നിന്നും മിഡിൽ ഈസ്റ്റിൽ നിന്നുമുള്ള കുടിയേറ്റക്കാരുടെ എണ്ണം വർദ്ധിച്ചുവരുന്ന യൂറോപ്പിനുള്ള ഒരു മുന്നറിയിപ്പുമായിരുന്നു അത്.

''അതിർത്തി കടക്കുന്ന എല്ലാവരെയും കസ്റ്റഡിയിലെടുത്ത് നാടുകടത്താനും അമേരിക്കയിൽ നിന്ന് നിയമവിരുദ്ധരായ വിദേശികളെ നീക്കംചെയ്യാനും തുടങ്ങിയപ്പോൾ അവർ വരുന്നത് നിർത്തി,'' അദ്ദേഹം കൂട്ടിച്ചേർത്തു. മറ്റ് നേതാക്കൾ, പ്രത്യേകിച്ച് യൂറോപ്പിലെ നേതാക്കൾ, അദ്ദേഹത്തിന്റെ മാതൃക പിന്തുടരുന്നത് ബുദ്ധിപരമാകുമെന്നും അദ്ദേഹം പറഞ്ഞു.

### കാലാവസ്ഥാ വ്യതിയാനം ഏറ്റവും വലിയ തട്ടിപ്പ്

കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ആഗോള ദുരന്തത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്ന മുൻകാല പ്രവചനങ്ങളെ ട്രംപ് പരിഹസിക്കുകയും കാർബൺ ഉൽപ്പാദനം കുറയ്ക്കാൻ ഉദ്ദേശിച്ചുള്ള ഹരിത ഊർജ്ജ സംരംഭങ്ങൾ ഉപേക്ഷിക്കാൻ മറ്റ് രാജ്യങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തു. കാലാവസ്ഥാ വ്യതിയാനം, 'ലോകത്തിൽ ഇതുവരെ നടന്നിട്ടുള്ളതിൽ വച്ച് ഏറ്റവും വലിയ തട്ടിപ്പ്' ആണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഭൂരിപക്ഷം കാലാവസ്ഥാ ശാസ്ത്രജ്ഞരും കാലാവസ്ഥാ വ്യതിയാനം സംഭവിക്കുന്നുണ്ടെന്നും അത് പ്രധാനമായും ഫോസിൽ ഇന്ധന മലിനീകരണം മൂലമാണെന്നും നിഗമനത്തിലെത്തി. ലോകം ഇതിനകം തന്നെ അതിന്റെ ഫലങ്ങൾ കാണുന്നുണ്ട്. വെള്ളപ്പൊക്കം കൂടുതൽ രൂക്ഷവും മാരകവുമായി മാറുകയാണ്, വരൾച്ച കൂടുതൽ വ്യാപകവും കഠിനവുമാണ്, ഉഷ്ണതരംഗങ്ങൾ കൂടുതൽ അപകടകരമാണ്.

എന്നാൽ ഐക്യരാഷ്ട്രസഭയും മറ്റു പലതും നടത്തിയ ഈ പ്രവചനങ്ങളെല്ലാം, പലപ്പോഴും പല കാരണങ്ങളാൽ തെറ്റായിരുന്നുവെന്ന് ട്രംപ് അവകാശപ്പെട്ടു. അവ പ്രവചിച്ചത് മണ്ടന്മാരായ ആളുകളാണെന്നും അദ്ദേഹം പറഞ്ഞു. ഹരിത ഊർജ്ജ നയങ്ങൾ പോലുള്ള നിയന്ത്രണങ്ങളില്ലാത്ത രാജ്യങ്ങൾക്ക്, പ്രത്യേകിച്ച് വികസ്വര രാജ്യങ്ങൾക്ക് പണം സമ്പാദിക്കാൻ സാധിക്കുന്നുണ്ടെന്നും പ്രസിഡന്റ് അവകാശപ്പെട്ടു.

അതേസമയം അമേരിക്ക പിന്നിലാണ്. ഈ ക്രൂരമായ ഹരിത ഊർജ്ജ നയങ്ങളുടെ പ്രാഥമിക ഫലം പരിസ്ഥിതിയെ സഹായിക്കുക എന്നതല്ല, മറിച്ച് നിയമങ്ങൾ ലംഘിക്കുകയും സമ്പത്ത് സമ്പാദിക്കുകയും ചെയ്യുന്ന മലിനീകരണ രാജ്യങ്ങൾക്ക് ഭ്രാന്തൻ നിയമങ്ങൾ പാലിക്കുന്ന വികസിത രാജ്യങ്ങളിൽ നിന്ന് ഉൽപ്പാദന, വ്യാവസായിക പ്രവർത്തനങ്ങൾ പുനർവിതരണം ചെയ്യുക എന്നതാണെന്നും ട്രംപ് കൂട്ടിച്ചേർത്തു.

### ഉക്രെയ്ൻ– ഗാസ യുദ്ധം

പ്രസംഗത്തിൽ ഉക്രെയ്നിലെയും ഗാസയിലെയും യുദ്ധങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ ചെയ്യുമ്പോൾ ട്രംപ് പുതിയ വിവരങ്ങൾ നൽകിയില്ല. പരിഹരിക്കാൻ എളുപ്പമാണെന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞ രണ്ട് സംഘർഷങ്ങൾ, എന്നാൽ തന്റെ കാലാവധി കഴിഞ്ഞ് എട്ട് മാസം കഴിഞ്ഞിട്ടും അവ ഇപ്പോഴും തുടരുകയാണ്. ഈ ആഴ്ച ഐക്യരാഷ്ട്രസഭയിൽ ദ്വിരാഷ്ട്ര പരിഹാരത്തിനായുള്ള വർദ്ധിച്ചുവരുന്ന സമ്മർദ്ദം ഹമാസിനുള്ള പ്രതിഫലമായിട്ടാണ് അദ്ദേഹം പ്രഖ്യാപിച്ചത്. ഗാസയിലെ വെടിനിർത്തലിനും സംഘർഷം അവസാനിപ്പിക്കുന്നതിനുമുള്ള ആഹ്വാനങ്ങൾ വീണ്ടും സ്ഥിരീകരിച്ചു. ഉക്രെയ്നിലെ യുദ്ധം അവസാനിപ്പിക്കുന്നത് താൻ പ്രതീക്ഷിച്ചതിലും ബുദ്ധിമുട്ടായിരുന്നുവെന്ന് അദ്ദേഹം സമ്മതിച്ചു, റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായുള്ള തന്റെ നല്ല ബന്ധം ഫലപ്രദമായ സമാധാന ചർച്ചകളിലേക്ക് നയിച്ചില്ലെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ റഷ്യയ്ക്ക് താക്കീത് നൽകുന്നതിന് പകരം റഷ്യൻ ഊർജ്ജ ഉൽപ്പന്നങ്ങൾ തുടർച്ചയായി വാങ്ങുന്നതിന് ട്രംപ് യൂറോപ്യൻ രാജ്യങ്ങൾക്കെതിരെ ആഞ്ഞടിച്ചു.

### യുണൈറ്റഡ് നേഷൻസ്: തകർന്ന ഉപകരണങ്ങൾ തകർന്ന സ്ഥാപനവും

യുണൈറ്റഡ് നേഷൻസിനെക്കുറിച്ചുള്ള തന്റെ ശക്തമായ പരാതികൾ അടിവരയിട്ട് ഉറപ്പിക്കാൻ ട്രംപ് തകർന്ന എസ്കലേറ്ററിന്റേയും പ്രവർത്തനരഹിതമായ ടെലിപ്രോംപ്റ്ററിന്റെയും വിഷയങ്ങൾ ഉപയോഗിച്ചു. 'ഐക്യരാഷ്ട്രസഭയിൽ നിന്ന് എനിക്ക് ലഭിച്ച രണ്ട് കാര്യങ്ങളാണിവ: ഒരു മോശം എസ്കലേറ്ററും ഒരു മോശം ടെലിപ്രോംപ്റ്ററും,' അദ്ദേഹം പറഞ്ഞു. (ന്യൂയോർക്കിലെ ഈസ്റ്റ് നദിയിലെ യുഎൻ കെട്ടിടത്തിലേക്ക് അദ്ദേഹം മുമ്പ് എത്തിയപ്പോൾ, അദ്ദേഹം കയറുമ്പോൾ എസ്കലേറ്റർ നിന്നുപോയിരുന്നു.) അത് മാത്രമല്ല യുഎന്നുമായുള്ള ട്രംപിന്റെ പരാതികൾ അതിന്റെ തകരാറുള്ള ഉപകരണങ്ങൾക്കപ്പുറത്തേക്ക് പോയി. ഐക്യരാഷ്ട്രസഭയുടെ ഉദ്ദേശ്യം എന്താണ്? അദ്ദേഹം തന്റെ പ്രസംഗത്തിനിടെ ചോദിച്ചു. മിക്കപ്പോഴും, കുറഞ്ഞത് ഇപ്പോഴെങ്കിലും, അവർ ചെയ്യുന്നതായി തോന്നുന്നത് വളരെ ശക്തമായ വാക്കുകളുള്ള ഒരു കത്ത് എഴുതുകയും പിന്നീട് ആ കത്ത് ഒരിക്കലും പിന്തുടരാതിരിക്കുകയും ചെയ്യുക എന്നതാണ്. അവ ശൂന്യമായ വാക്കുകളാണ്, ശൂന്യമായ വാക്കുകൾ യുദ്ധത്തിന് പരിഹാരമാകില്ലെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.



## ഡോ. ബിന്ദു ജയരാജ് ആലപ്പാട്ട് പ്രൊഫഷണൽ ആൻഡ് ബിസിനസ്സ് മീറ്റിൽ പങ്കെടുക്കുന്നു



കേരളത്തെ പുതിയ സഹസ്രാബ്ദത്തിലൂടെ കാലത്തിനു ചേരും വിധം അധുനികവത്കരിച്ചും വികസിപ്പിച്ചും ഒരു ക്ഷേമ സമൂഹവും വികസിത നാടും യാഥാർത്ഥ്യമാക്കുമെന്ന കേരള സർക്കാരിന്റെ മഹത്തായ സന്ദേശത്തിലൂന്നി ഭാവി സങ്കേതികവിദ്യകൾ അതിവേഗം വികസിച്ചുകൊണ്ടിരിക്കുമ്പോൾ അവയേ സ്വീകരിക്കുവാൻ തയ്യാറെടുക്കുന്നു. കേരള സർക്കാരിന്റെ ലോക കേരള സഭാ സെക്രട്ടറിയേറ്റും നോർക്കയും ചേർന്ന് സംഘടിപ്പിക്കുന്ന ഒരു നെറ്റ് വർക്കിംഗ് ഫോറമാണ് പ്രൊഫഷണൽ ആൻഡ് ബിസിനസ്സ് ലീഡർഷിപ്പ് മീറ്റ്.

പ്രമുഖ പ്രവാസികളായ സി.ഇ.ഒ മാർ, വിദ്യാഭ്യാസ വിചക്ഷണർമാർ, സംരംഭകർ, ശാസ്ത്രജ്ഞർ, നൂതന ആശയക്കാർ തുടങ്ങിയ പ്രതിഭാശാലികളായവരുടെ അറിവുകളും അനുഭവ സമ്പത്തും, കാഴ്ചപ്പാടുകളും കേരളത്തിലെ നയരൂപകത്താക്കളുമായി ചേർന്ന് കേരളത്തിന്റെ പൊതു അടിസ്ഥാന സൗകര്യ വികസനത്തിന് രൂപരേഖ തയ്യാറാക്കുവാനുമായി ഒരുമിക്കുന്നു.

ഈ പ്രൊഫഷണൽ ആൻഡ് ബിസിനസ്സ് ലീഡേഴ്സ് മീറ്റിൽ അമേരിക്കയിൽ നിന്ന് ഫിലാഡൽഫിയാ ഹോളി ഫാമിലി യൂണിവേഴ്സിറ്റി വൈസ് പ്രസിഡന്റും, മിനസോട്ടാ സെന്റ് കാതറീൻ യൂണിവേഴ്സിറ്റി ഡീനുമായിരുന്ന ഡോ. ബിന്ദു ജയരാജ് ആലപ്പാട്ട് പങ്കെടുക്കുന്നു. ചെന്നൈ ഐഐടിയിൽ നിന്ന് ഡോക്ടറേറ്റ് നേടിയ ഡോ. ബിന്ദു ഷിക്കാഗോ സെന്റ് സേവ്യർ യൂണിവേഴ്സിറ്റിയിലെ ഇന്ററിം ഡീനുമായിരുന്നു.

*റോയി മുളകുന്നം*

# സി.എസ്.ഐ സഭയുടെ 79–ാം സ്ഥാപക ദിനാഘോഷം സെപ്തംബർ 27ന്

ഷിക്കാഗോ: ഭാരതത്തിലെ ഏറ്റവും വലിയ പ്രൊട്ടസ്റ്റന്റ് സഭയും വിശ്വാസികളുടെ എണ്ണം കൊണ്ട് ഭാരതത്തിലെ രണ്ടാമത്തെ വലിയ സഭയുമായ ദക്ഷിണേന്ത്യാ സഭയുടെ (സി.എസ്.ഐ) 79-ാം സ്ഥാപക ദിനാഘോഷം സെപ്തംബർ 27-ാം തീയതി ശനിയാഴ്ച ഡെസ്പ്ലെയിൻസിലുള്ള സി.എസ്.ഐ ക്രൈസ്റ്റ് ചർച്ചിൽ (1095 E Thacker st, DesPlains) വെച്ച് നടത്തപ്പെടുകയാണ്.



പ്രസ്തുത ആഘോഷം ഉദ്ഘാടനം ചെയ്യുന്നത് ദക്ഷിണേന്ത്യാ സഭയുടെ പരമാധ്യക്ഷനും, സി.എസ്.ഐ നോർത്ത് അമേരിക്കൻ ഇടവകകളുടെ ബിഷപ്പ് ഇൻ ചാർജുമായ സി.എസ്.ഐ മോഡറേറ്റർ അഭിവന്ദ്യ ദി മോസ്റ്റ് റവ. ഡോ. കെ. രൂബേൻ മാർക്ക് തിരുമേനിയാണ്.

സെപ്തംബർ 27 ശനിയാഴ്ച ഉച്ചക്ക് 2ന് ആരംഭിക്കുന്ന ഈ സമ്മേളനത്തിൽ പങ്കെടുക്കാൻ ഷിക്കാഗോയിലെ മലയാളം, തമിഴ്, തെലുങ്ക് സഭകളിലെ വിശ്വാസികളും സി.എസ്.ഐ നോർത്ത് അമേരിക്കൻ സഭയുടെ ഭാരവാഹികളും ഉൾപ്പെടെ നിരവധി വിശ്വാസികൾ പങ്കെടുക്കുമെന്ന് ഇടവക വികാരി റവ. ജോ വർഗീസ് മലയിൽ അറിയിച്ചു.

4.5 മില്യൺ വിശ്വാസികളുള്ള സി.എസ്.ഐ സഭ ഇന്ത്യയിലെ രണ്ടാമത്തെ വലിയ സഭയും ഒന്നാമത്തെ പ്രൊട്ടസ്റ്റന്റ് സഭയുമാണ്. 1947 സെപ്തംബർ 27ന് വ്യത്യസ്ത പ്രൊട്ടസ്റ്റന്റ് സഭ വിഭാഗങ്ങൾ ഒരൊറ്റ സഭയായി മാറിയതിന്റെ ചരിത്ര മുഹൂർത്തമാണ് സ്ഥാപക ദിനമായി സഭ ആഘോഷിക്കുന്നത്.

ദേശ, ഭാഷ ജാതി വേർതിരിവുകൾക്കതീതമായി വളർന്ന ദക്ഷിണേന്ത്യാ സഭ, ഇന്നും ഒരു മിഷനറി സഭയായി വളർന്നു കൊണ്ടിരിക്കുന്നു. ഈ ചരിത്ര മുഹൂർത്തം കൊണ്ടാടുന്ന വേളയിൽ എല്ലാ ക്രിസ്തീയ വിശ്വാസികളെയും ഈ ആഘോഷപരിപാടികളിലേക്ക് സ്വാഗതം ചെയ്യുന്നതായി ഭാരവാഹികൾ അറിയിച്ചു.

# ഫ്ളോറിഡ നവകേരള മലയാളി അസോസിയേഷൻ ഓണാഘോഷം ശ്രദ്ധേയമായി

ഫ്ളോറിഡ: 2025 ഫ്ളോറിഡയിലെ നവകേരളാ മലയാളി അസോസിയേഷൻന്റെ മുപ്പത്തിയൊന്നാം വർഷ ഓണാഘോഷം മുപ്പത്തിയൊന്നുതരം വിഭവങ്ങളുമായി കൂപ്പർ സിറ്റി ഹൈസ്കൂളിൽ വച്ച് വിവിധങ്ങളായ കലാപരിപാടികളോടൊപ്പം നടത്തപെട്ടു. ബിജോയ് സേവ്യർ നവകേരളയുടെ മുപ്പത്തിയൊന്നാം വർഷ ഓണാഘോഷ ചടങ്ങിലേക്ക് എല്ലാ വിശിഷ്ടാതിഥികളേയും സ്വാഗതം ചെയ്തു. യൂത്ത് പ്രസിഡന്റ് ലിയാന സാമുവലിന്റെ അമേരിക്കൻ നാഷണാലാന്തത്തോടുകൂടി കലാപരിപാടികൾക്ക് തുടക്കം കുറിച്ചു. പ്രസിഡന്റ് പനങ്ങായിൽ ഏലിയാസ് ആദ്യ ദീപം തെളിയിച്ചു,




വിശിഷ്ടാതിഥികളും, വൈദികരും ദീപംതെളിയിച്ച്നവകേരളയുടെമുപ്പത്തൊന്നാം വർഷത്തിന്റെ ഓണാഘോഷം വർണാഭമാക്കി. ഓണാഘോഷങ്ങൾക്ക് ചീഫ് ഗസ്റ്റ് ആയി ഫോമാ മുൻ പ്രസിഡന്റ് ഡോക്ടർ ജേക്കബ് തോമസ് (2022-2024) ന്റെയും, ഫോമാ ട്രഷറർ (2022-24) ബിജു തോണിക്കടവിലിടെയും സാന്നിദ്ധ്യം പ്രാധാന്യം അർഹിച്ചു.

അതോടൊപ്പം ഓർലൻഡോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജിബി ജോസഫ്, പാംബീച്ച് മലയാളി അസോസിയേഷൻ പ്രസിഡന്റ് മാത്യു തോമസ്, നോവലിസ്റ്റും കലാകാരനുമായ പൗലോസ് കുയിലാടൻ (ഫോമാ നാഷണൽ കമ്മിറ്റി കൾച്ചറൽ ചെയർമാൻ), ബിജോയ് സേവിയർ, ഫോമാ നാഷണൽ അഡ്വൈസറി കമ്മിറ്റി ജോയിന്റ് സെക്രട്ടറി ഷാന്റി വർഗീസ് (ഫോമാ നാഷണൽ പൊളിറ്റിക്കൽ ഫോറം എക്സിക്യൂട്ടീവ്) ജോസ് തോമസ് സിപിഎ, മിസ്റ്റർ എബ്രഹാം കളത്തിൽ (ഫൊക്കാന ഇന്റർനാഷനൽ ട്രഷറർ) കുര്യൻ വർഗീസ് ഐഒസി ഫ്ളോറിഡ ചാപ്റ്റർ സെക്രട്ടറി എന്നിവരുടെ സാന്നിധ്യവും പ്രശംസനീയമായിരുന്നു.

റവ. ഡോ. സന്തോഷ് തോമസും, റവ. ഫാദർ ഫിലിപ്പ് ജി വർഗീസ് ആശംസയും നൽകി. ഡോ. ജഗതി നായർ കോറിയോഗ്രാഫി ചെയ്ത തിരുവാതിര, ഗ്രൂപ്പ്ഡാൻസ്, ലിയാന സാമുവൽ, മെലീസ ജിജു, ജോയാന അഭീഷ് തുടങ്ങിയച്ചർ നയിച്ച ഡാൻസ്, ഹൃദയ എമേഴ്സൺ കോറിയോഗ്രാഫി ചെയ്ത മെഗാ ഡാൻസ്, ഇമ്മാനുവൽ തോമസ്, രതീഷ്, ലിയാന, തോമസ് ചേലക്കാട്ട്, ദീപക് ആചാരി, ഗൗരി ദീപക്, കിഷോർ കുമാർ ഇവരുടെ ഗാനമേളകൾ, കർണമനോഹരമായിരുന്നു.

ബിജോയ് ജോസപ്പ് എല്ലാവർക്കും നന്ദി അർപ്പിച്ചു. മുപ്പത്തിയൊന്നു തരം വിഭവങ്ങൾ വിളമ്പുന്നതിനായി പ്രത്യേക കസ്റ്റം പ്ലേറ്റുകളും സജ്ജമാക്കിയത് ശ്രദ്ധയകാർഷികപ്പെട്ടു. ഫുഡ് കോർഡിനേറ്റർ മിസ്റ്റർ ഷാന്റി വർഗീസ് മികവുറ്റ വിഭവങ്ങൾ ഒരുക്കുന്നതിന് നേതൃത്വം നൽകി, മേലെ ചാക്കോ, കുര്യൻ വർഗീസ്, എമേഴ്സൺചാലിശ്ശേരി, ഗോപൻനായർ, പദ്മനാഭൻ കുന്നത്, ബിബിൻ ജോർജ്, സിനോജ് കമ്പിയിൽ, ജോമിനി ബിജോയ്, സൂസി ബിജോയ്, ബിന്ദു എമേഴ്സൺ, താരാ പദ്മകുമാർ, മെറിൻ ജോർജ് എന്നിവർ ഒത്തൊരുമയോടെ അതിഥികളെ സ്നേഹവിരുന്നിലേക്ക് നയിച്ചു.

സാറാമ്മ ഏലിയാസ്, റോഷൻ സജോ പെല്ലിശ്ശേരി, റാണി കൂട്ടുകെട്ടിൽ മനോഹരമായ താലപ്പൊലി അരങ്ങേറി. മഹാബലിയായി അവതരിച്ച് കുരിയാക്കോസ് പൊടിമറ്റം അതിഥികളെ രോമാഞ്ചപുളകമണിയിച്ചു, നവകേരളയുടെ ഉത്സവവേളകൾമനോഹരമായിഅലങ്കരിക്കുന്നപ്രിയപ്പെട്ട കുരിയക്കോസ് ചേട്ടനെ കമ്മറ്റി അംഗങ്ങൾ പ്രത്യകം അഭിനന്ദിച്ചു. അത്ത പൂക്കളവും ഫോട്ടോ ബൂത്തും അതിഥികൾക്ക്ഹരംപകർന്നു, മനോഹരമായഫോട്ടോ ബൂത്ത് പ്രദർശിപ്പിച്ച ശിവകുമാർ, പ്രിയാ നായർ ദമ്പതികളെ പ്രസിഡന്റ് പനങ്ങയിൽ ഏലിയാസ് അഭിനന്ദിച്ചു.

ചെണ്ടമേളത്തിനു ചുക്കാൻ പിടിച്ച മോഹൻ നാരായൺ, ശ്രുതി ലയ താളം പ്രത്യേകം അഭിനന്ദനം അർഹിച്ചു. വളരെ മനോഹരമായ അവതരണ ശൈലിയോടെവിവിധപരിപാടികൾകോർത്തിണക്കിയ മാസ്റ്റർ ഓഫ് സെറിമോണീസ് കാവ്യാ ബെൻസൻ, സിൽവിയാ ബെന്യാം വളരെയധികംപ്രശംസ പിടിച്ചുപറ്റി. പ്രോഗ്രാം കോ-ഓർഡിനറ്റ് ചെയ്ത്, സ്റ്റേജ് കൺട്രോൾ മനോഹരമായി കൈകാര്യം ചെയ്ത സജോ പെല്ലിശ്ശേരിയേ പ്രസിഡന്റ് പ്രത്യേക അംഗീകാരം അറിയിച്ചു. സ്പോൺസേഴ്സിനെയും, അഭ്യുദയകംഷികളെയും സ്ലൈഡ് ഷോയിൽ മനോഹരമായി പ്രദർശിപ്പിച്ച ബിജോയ് ജോസഫ്, പദ്മനാഭൻ കുന്നത്ത് എന്നിവർ ഇൻഫർമേഷൻ ടെക്നോളജിയിൽ മികവു തെളിയിച്ചു. വളരെ മനോഹരമായ അവതരണ ശൈലികളോടെ പരിപാടികൾ കോർത്തിണക്കിയ മാസ്റ്റർ ഓഫ് സെറിമോണീസ് മിസിസ് കാവ്യാ ബെൻസൺ, സിൽവിയാ ബെന്യാം വളരെ പ്രശംസപിടിച്ചുപറ്റി. ലിയാനസാമുവേലിന്റെ ഇന്ത്യൻ നാഷണാളാന്തത്തോടുകൂടി മുപ്പത്തിയൊന്നാം വർഷ ഓണാഘോഷങ്ങൾക്ക് തിരശ്ശീല വീണു.





OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA

Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com
EMSONS REALTY
240 E. LAKE STREET, SUITE 109B, ADDISON, IL 60101
BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

# ഇന്ത്യയും ഉത്തരവാദിയല്ലേ?

(ഒന്നാം പേജ് തുടർച്ച)

നാരായണ മൂർത്തി, നന്ദൻ നിലേകനി, അസിം പ്രേംജി തുടങ്ങിയ ഇന്നിന്റെ പ്രശസ്തരായ വ്യവസായ പ്രമുഖരടക്കം, ഒരു രാജ്യത്തേക്ക് കുടിയേറുമ്പോൾ ഭാവി തലമുറയുടെ തൊഴിലവസരങ്ങളെയാണ് തട്ടിയെടുക്കുന്നതെന്ന കാര്യം സൗകര്യപൂർവ്വം മറന്നുകളഞ്ഞു. 90കളിലും 2000ന്റെ തുടക്കത്തിലും അമേരിക്കയിൽ സോഫ്റ്റ്വെയർ മേഖലയിൽ വേണ്ടത്ര എൻജിനീയർമാർ ഇല്ലാത്തതിനാൽ ഈ കുടിയേറ്റം അവിടത്തെ സ്വദേശികളെ അത്രയൊന്നും ബാധിച്ചിരുന്നില്ല.

എന്നാൽ, 80കൾക്കും 2000നും ഇടയ്ക്ക് കുടിയേറിയവരുടെ കുട്ടികൾ വളർന്ന്, 2005നും 2008നും ശേഷമുള്ള വർഷങ്ങളിൽ കോളേജുകളിൽ നിന്ന് പഠിച്ചിറങ്ങാൻ തുടങ്ങി. ഇന്ത്യൻ വംശജരായ മിക്ക കുട്ടികളും മികച്ച പ്രകടനം കാഴ്ചവെച്ചതിനാൽ അവർക്ക് ജോലി ലഭിക്കുന്നതിൽ പ്രശ്നമുണ്ടായിരുന്നില്ല. എങ്കിലും, കഴിഞ്ഞ അഞ്ചോ ആറോ വർഷങ്ങളായി സ്ഥിതിക്ക് നേരിയ മാറ്റം വന്നു.

### സ്വദേശികൾക്ക് ജോലിയില്ലായ്മ

ഇന്ത്യൻ വംശജരടക്കം, സ്വദേശികളായ അമേരിക്കൻ കുട്ടികൾക്ക് ക്രമേണ ജോലികൾ കണ്ടെത്താൻ പ്രയാസമായി തുടങ്ങി. കാരണം, എച്ച്-1ബിവിസയിൽ വരുന്ന വിദ്യാർത്ഥികൾ കൂടുതൽ കൂടുതൽ നിയമിക്കപ്പെടുകയായിരുന്നു. എന്തുകൊണ്ടാണ് ഇത് സംഭവിച്ചത്?

ഇന്ത്യയിലെയും മറ്റ് രാജ്യങ്ങളിലെയും വലിയ ടെക് കമ്പനികൾ (ഇൻഫോസിസ്, ടി.സി.എസ്, ആക്സഞ്ചർ, ഐ.ബി.എം ഉൾപ്പെടെ) എച്ച്-1ബി വിസക്കാർക്ക് വേണ്ടി മാത്രം റെസ്യൂമെകൾ സ്വീകരിക്കാൻ തുടങ്ങി. മാത്രമല്ല, പല കമ്പനികളിലെയും ഇന്ത്യൻ നിയമന മാനേജർമാർ പ്രാദേശിക കോളേജുകളിൽ നിന്ന് വരുന്ന അമേരിക്കൻ കുട്ടികളെ തഴയുകയും 'കഴിവില്ലാത്തവർ' എന്ന് പറഞ്ഞ് അവഗണിക്കുകയും ചെയ്തു.

ദശലക്ഷക്കണക്കിന് ഡോളർ ലാഭമുണ്ടാക്കുന്ന ഈ കമ്പനികൾക്ക് അമേരിക്കൻ കുട്ടികളെ നിയമിക്കാനും, അവർക്ക് ആവശ്യമായ പരിശീലനം നൽകി വളർത്തിക്കൊണ്ടുവരാനും സാമൂഹികപരമായ ഉത്തരവാദിത്തമുണ്ടായിരുന്നില്ലേ? അവർ അത് ചെയ്തില്ല. അമേരിക്കൻ തൊഴിലാളികളെ നിയമിക്കാൻ ഒരു കേന്ദ്രം സ്ഥാപിക്കുമെന്ന് ഇൻഫോസിസ് പ്രഖ്യാപിച്ചെങ്കിലും, അത് നടപ്പാക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായില്ല.

പകരം, ഈ കമ്പനികൾ പരമാവധി ആളുകളെ കുറഞ്ഞ വേതനത്തിൽ ഒത്തു വിസയിൽ നിയമിക്കാൻ ശ്രമിച്ചു. ഇന്ത്യക്കാർ ഇവിടെ എന്താണ് ചെയ്തത് എന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. എച്ച്-1 വിസയിലെത്തി അരമില്യൺ ഡോളർ സമ്പാദിക്കുന്ന ചില കുട്ടികൾ വരെ ഉണ്ട്.

### സ്വന്തം സംസ്കാരവും ഭാഷയും മറ്റൊരു രാജ്യത്തേയ്ക്ക് പറിച്ച് നടുന്നു

എച്ച്-1ബി വിസയിൽ വന്ന് അര മില്യൺ ഡോളർ വരെ സമ്പാദിക്കുന്ന നിരവധി ഇന്ത്യക്കാർ അമേരിക്കയിലുണ്ട്. വലിയ വീടുകൾ, ആഡംബര കാറുകൾ എന്നിവ വാങ്ങിക്കൂട്ടുന്ന ഇവർ സ്വന്തം സംസ്കാരവും ഭാഷയും ഒരു പ്രദേശത്ത് അടിച്ചേൽപ്പിക്കാൻ ശ്രമിച്ചു. ടെക്സസ്, കാലിഫോർണിയ പോലുള്ള ഇടങ്ങളിൽ ഒറ്റരാത്രികൊണ്ട് സംഭവിക്കുന്ന ഈ ജനസംഖ്യാപരമായ മാറ്റം സ്വദേശികളെ ആശങ്കയിലാക്കി. തദ്ദേശീയമായ അമേരിക്കൻ ജീവിതരീതിക്ക് കോട്ടം തട്ടുമോ എന്ന് അവർ ഭയപ്പെട്ടു.

ഇതൊരു മറ്റൊരു രാജ്യമാണ്. ഇവിടെ വർഗീയ പ്രശ്നങ്ങളുണ്ടാക്കാൻ ആരും ആഗ്രഹിക്കുന്നില്ല. എങ്കിലും, കുടിയേറിയ ആളുകൾക്ക് സമൂഹവുമായി ഇഴുകിച്ചേരാനുള്ള ഒരു ചെറിയ ശ്രമമെങ്കിലും ഉണ്ടാകേണ്ടതായിരുന്നു. ഈ 'സംയോജനം' ഒരിക്കലും നടന്നില്ല. സ്വദേശികളായ കുട്ടികളെ അഭിമുഖം ചെയ്യാനും സംസാരിക്കാനും മടിച്ച് അവഗണിച്ചു. കാരണം, അവർക്ക് അവിടത്തെ ഭാഷയും സംസ്കാരവും പരിചയമില്ലായിരുന്നു.

ടെക്നോക്രാറ്റുകളായി എത്തിയ ഇന്ത്യൻ മാനേജർമാർക്ക് ഉച്ചാരണത്തെക്കുറിച്ചോ ആശയവിനിമയ രീതിയെക്കുറിച്ചോ പഠിക്കേണ്ട ആവശ്യം വന്നില്ല, പകരം അവർ തങ്ങളുടെ സ്വാധീനം ഉപയോഗിച്ച് പ്രാദേശിക കുട്ടികളെ നിയമിക്കാതെ അവഗണിച്ചു.

ഈ നടപടികൾ എല്ലാംകൂടി പലയിടത്തും പ്രശ്നങ്ങൾ സൃഷ്ടിച്ചു. പുതിയ നിയമങ്ങൾ ഒറ്റരാത്രികൊണ്ട് വന്നതല്ല, ദീർഘനാളത്തെ ചർച്ചകൾക്ക് ശേഷമാണ് ഇത്തരം തീരുമാനങ്ങൾ എടുക്കുന്നത്.

ഈ പുതിയ നിയമം സ്റ്റാഫിംഗ് കമ്പനികളെ പ്രതികൂലമായി ബാധിക്കുമെങ്കിലും, അത് അമേരിക്കൻ തൊഴിലാളികൾക്ക് ഗുണകരമാവാനാണ് സാധ്യത. ഇന്ത്യയിലെ കമ്പനികൾ, പ്രത്യേകിച്ച് ഇൻഫോസിസ്, ടാറ്റ പോലുള്ള ഭീമൻമാർ, അമേരിക്കൻ മണ്ണിൽ നിന്ന് ലാഭം കൊണ്ടുപോവുകയല്ലാതെ അവിടുത്തെ സമൂഹത്തിന് കാര്യമായ സംഭാവനകൾ നൽകിയില്ല.

അതുകൊണ്ട് തന്നെ, ഈ നിർഭാഗ്യകരമായ സാഹചര്യത്തിന് ഭാഗികമായെങ്കിലും ഇന്ത്യക്കാരും ഉത്തരവാദികളാണ് എന്ന് സമ്മതിക്കേണ്ടിവരും.

ഇത് നിലവിലുള്ള എച്ച്-1 വിസക്കാരെ ദോഷകരമായി ബാധിക്കില്ല. ഇത് പുതിയ എച്ചാ-1വിസകൾക്കുള്ളതാണ്. ഫീസ് ഒരുപക്ഷേ അത് 20,000 25,000 ആയി കുറഞ്ഞേക്കാം.

ചുരുക്കത്തിൽ, സെൻസിറ്റീവ് ആയും സംസ്കാരവുമായി സംയോജിപ്പിച്ചതിലൂടെയും പല നഗരങ്ങളിലും ജനസംഖ്യാപരമായ മാറ്റം വരുത്താൻ ശ്രമിച്ചതിലൂടെയും ഈ നിർഭാഗ്യകരമായ സാഹചര്യത്തിന് നമ്മളും ഉത്തരവാദികളാണ് എന്ന് മനസിലാക്കണം.



## ട്രംപിന്റെ യുഎൻ സന്ദർശനത്തിൽ ഉണ്ടായ 'മൂന്നു തരം തടസ്സം' അട്ടിമറിയോ?

കഴിഞ്ഞ ദിവസത്തെ യുണൈറ്റഡ് നേഷൻസ് ജനറൽ അസംബ്ലി സന്ദർശനത്തിൽ അദ്ദേഹത്തിന് നേരിട്ട തടസങ്ങളിൽ അസ്വസ്ഥനാണെന്ന് വ്യക്തമാക്കി ട്രംപ്. മൂന്നു പ്രശ്നങ്ങൾ സാരമായി തന്നെ ബാധിച്ചു എന്നും ഇതിനെക്കുറിച്ച് സീക്രട്ട് സർവീസ് അന്വേഷണം നടത്തുമെന്നും ട്രംപ് ആവശ്യപ്പെട്ടു.

ട്രിപ്പിൾ അട്ടിമറി എന്ന് ട്രംപ് വിളിച്ച ഈ മൂന്നു പ്രശ്നങ്ങൾ ഇവയാണ്

**1. എസ്കലേറ്റർ നിർത്തപ്പെട്ടു** - തുടർന്ന് ട്രംപും കൂടെയുള്ള സംഘവും അതിൽ നിന്നും താഴേക്ക് ഇറങ്ങാൻ കഴിയാതെ നിൽക്കേണ്ടി വന്നു.

**2. ടെലിപ്രോംപ്റ്റർ പ്രവർത്തിച്ചില്ല** - ട്രംപിന്റെ പ്രസംഗത്തിനിടെ ടെലിപ്രോംപ്റ്റർ പ്രവർത്തിച്ചില്ല.

**3. ശബ്ദ സംവിധാനം പൊരുത്തമില്ലാതായി** - പ്രേക്ഷകർക്ക് ട്രംപിന്റെ വാക്കുകൾ കേൾക്കാൻ പ്രത്യേക വിവർത്തകരുടെ സഹായം ആശ്രയിക്കേണ്ടി വന്നു.

എന്നാൽ ഇത് ഒന്നും യാദൃച്ഛികം അല്ല, ഇതെല്ലാം കൃത്യമായി ലക്ഷ്യമിട്ട അട്ടിമറി ആണ് എന്നാണ് ട്രംപ് പറയുന്നത്. അദ്ദേഹം യു.എൻ എസ്കലേറ്റർ സംഭവത്തെ സംബന്ധിച്ച സുരക്ഷാ ടേപ്പ് സൂക്ഷിക്കാൻ നിർദ്ദേശിച്ചു. വിഷയത്തിൽ അന്വേഷണവും ആവശ്യപ്പെട്ടിട്ടുണ്ട്.




## കൂട്ടിയ എച്ച്-1ബി ഫീസ്: ചെറിയ സ്റ്റാർട്ടപ്പുകൾക്ക് വിദേശ തൊഴിൽ നിയമനം വലിയ വെല്ലുവിളി ആകും

അമേരിക്കൻ പ്രസിഡന്റ് ഡോണാൾഡ് ട്രംപ് കഴിഞ്ഞ വെള്ളിയാഴ്ച എച്ച്-1ബി വിസ അപേക്ഷകളിൽ $100,000 ഫീസ് ഈടാക്കുന്ന എക്സിക്യൂട്ടീവ് ഓർഡർ സൈൻ ചെയ്പ്പോൾ പ്രതിസന്ധിയിൽ ആയത് നിരവധിപേരാണ്. ട്രംപിന്റെ ഈ നടപടി ചെറിയ സ്ഥാപനങ്ങൾക്കും സ്റ്റാർട്ടപ്പുകൾക്കും വലിയ ഭാരം സൃഷ്ടിക്കുന്നതായി വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നു, കൂടാതെ നൂതനത്വത്തിലും സാമ്പത്തിക വളർച്ചയിലും പ്രതികൂലഫലങ്ങൾ ഉണ്ടാക്കാമെന്നും അവർ പറയുന്നു.

തന്റെ സ്റ്റാർട്ടപ്പ് കമ്പനി ഇതിനകം തന്നെ ശമ്പളം നല്കാൻ ബുദ്ധിമുട്ടുകയാണ്, അതിന് പുറമെ ഈ ഫീസ് നൽകാൻ സാധിക്കില്ലെന്നാണ് സിയാറ്റിൽ അടിസ്ഥാനമാക്കിയ സോഫ്റ്റ്വെയർ എഞ്ചിനിയറിംഗ് മാനേജർ അഭിഷേക് സിംഗ് പ്രതികരിച്ചത്. സിംഗ്, കഴിഞ്ഞ പത്ത് വർഷമായി അമേരിക്കയിൽ ജോലി ചെയ്യുന്നു, അദ്ദേഹം ഏഴ് വർഷം ഒത്തു വിസയിൽ ആണ് പ്രവർത്തിച്ചത്.

അതേസമയം എച്ച്-1ബി വിസ പ്രോഗ്രാം സാധാരണ അമേരിക്കൻ ടെക് കമ്പനികൾ ആണ് കൂടുതലായി ഉപയോഗിക്കുന്നത്. 2025ലെ ആദ്യ ആറു മാസങ്ങളിൽ അമസോൺ 10,000ലധികം വിസകൾ നേടിയതായി റിപ്പോർട്ടുണ്ട്. മൈക്രോസോഫ്റ്റ്, മെറ്റ, ആപ്പിൾ, ഗൂഗിൾ ഓരോന്നും 4,000ലധികം വിസകൾനേടിഎന്നുംറിപ്പോർട്ടുകൾവ്യക്തമാക്കുന്നു. ഈ പ്രോഗ്രാം വഴി കമ്പനികൾ വിദേശ വിദഗ്ധരെ നിയമിക്കുന്നു. ഒരാൾക്ക് $100,000 ഫീസ് നിർബന്ധിതമായാൽ ഇത് വലിയ ഭാരം സൃഷ്ടിക്കും എന്നാണ് വിദഗ്ധർ വ്യക്തമാക്കുന്നത്.

എന്നാൽ എച്ച്-1ബി പ്രോഗ്രാമിലെ നയപരമായ ചർച്ചകളും കമ്പനി വിദേശ തൊഴിലാളികളെ കുറഞ്ഞ ശമ്പളത്തിൽ നിയമിക്കുന്നത് തടയാനുള്ള ശ്രമം ട്രംപ് എക്സിക്യൂട്ടീവ് ഓർഡറിൽ വ്യക്തമാക്കിയിരിക്കുന്നു. വലിയ ടെക് കമ്പനികൾ, ഉദാഹരണത്തിന് ആമസോൺ, മൈക്രോസോഫ്ട് തുടങ്ങിയവയ്ക്ക് ഫീസ് താങ്ങാൻ സാധിക്കും, എന്ന് പല വിദഗ്ധരും അഭിപ്രായപ്പെടുന്നു. എന്നാൽ ചെറിയ സ്റ്റാർട്ടപ്പുകൾ, ചെറിയ കമ്പിനികൾ എന്നിവയ്ക്ക് ഉയർന്ന ഫീസ് കാരണം വലിയ പ്രതിസന്ധി നേരിടേണ്ടി വരും എന്നാണ് വിദഗ്ധർ വ്യക്തമാക്കുന്നത്.

## ജിമ്മി കിമ്മൽ തിരിച്ചെത്തി; റെക്കോർഡ് റേറ്റിംഗ്

ന്യൂയോർക്ക്: യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഉറ്റ സുഹൃത്തും കൺസർവേറ്റീവ് ആക്ടിവിസ്റ്റുമായ ചാർളി കിർക്കിന്റെ കൊലപാതകത്തെക്കുറിച്ച് ജിമ്മി കിമ്മൽ നടത്തിയ വിവാദ പരാമർശത്തിനു പിന്നാലെ നിർത്തിവെച്ച ലേറ്റ്നൈറ്റ് ഷോ വീണ്ടും സംപ്രേഷണം ആരംഭിച്ചു. ഒരു ദശാബ്ദത്തിനിടയിലെ ഏറ്റവും ഉയർന്ന റേറ്റിംഗാണ് ഷോക്ക് കഴിഞ്ഞദിവസം ലഭിച്ചതെന്ന് ഡിസ്നി പറഞ്ഞു.



ചൊവ്വാഴ്ച ജിമ്മി കിമ്മലിന്റെ ലൈവ് 6.26 ദശലക്ഷം ആളുകൾ ആസ്വദിച്ചു. സോഷ്യൽ മീഡിയയിൽ മാത്രം 28 മിനിറ്റ് ദൈർഘ്യമുള്ള ഷോ 26 ദശലക്ഷം പേർ കണ്ടതായി ഡിസ്നി പറഞ്ഞു. കഴിഞ്ഞ ആഴ്ചയിലെ ഷോയിൽ, ട്രംപ് അനുകൂലികളായ 'മാഗ'യിലെ പലരും ചാർലി കിർക്കിന്റെ കൊലപാതകം മുതലെടുക്കാൻ വളരെയധികം പരിശ്രമിക്കുന്നുവെന്ന് കിമ്മൽ പറഞ്ഞിരുന്നു. കിമ്മലിനെ സംപ്രേഷണം ചെയ്യുന്നതിൽ നിന്ന് ഒഴിവാക്കിയതിനുശേഷം ഡിസ്നി സർഗാത്മക സമൂഹത്തിൽ നിന്ന് വലിയ പ്രതിഷേധം നേരിട്ടു.

400 ലധികം സെലിബ്രിറ്റികൾ കിമ്മലിനെ പിന്തുണച്ച് രംഗത്തെത്തി. രാജ്യത്ത് അഭിപ്രായ സ്വാതന്ത്ര്യം അടിച്ചമർത്തുന്നതായി അവർ വിമർശിച്ചു. കിമ്മലിന്റെ ഷോ നിർത്തിവച്ചതിന് പിന്നാലെ ഡിസ്നിയുടെ ഉടമസ്ഥതയിലുള്ള ഇഎസ്പിഎൻ, ഹുലു തുടങ്ങിയ പ്ലാറ്റ്ഫോമുകളുടെ സബ്സ്ക്രിപ്ഷൻ റദ്ദാക്കാൻ സോഷ്യൽ മീഡിയിലുടനീളം വ്യാപകമായി പ്രചാരണം ആരംഭിച്ചിരുന്നു. ഷോ നിർത്തിവച്ചതിൽ പ്രതിഷേധിച്ചും അഭിപ്രായ സ്വാതന്ത്ര്യത്തിനായുള്ള പോരാട്ടത്തിൽ പിന്തുണ അറിയിച്ചും എഴുത്തുകാരും അഭിനേതാക്കളും ഉൾപ്പെടെ നിരവധി ആളുകളാണ് ലോസ് ഏഞ്ചൽസിലെ ഡിസ്നി ആസ്ഥാനത്തിന് പുറത്ത് തടിച്ചുകൂടിയത്. അമേരിക്കയിലുടനീളം പ്രതിഷേധം വ്യാപിച്ചു. തുടർന്നാണ് ഇപ്പോൾ ഡിസ്നി തീരുമാനം പിൻവലിച്ചത്.




## Holiday Let Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.
**Contact NG Jerome**
**Mob: +91 9446211630**
#082725

## ബേബി സിറ്ററെ ആവശ്യമുണ്ട്

**ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് വന്നുപോയോ വീട്ടിൽ താമസിച്ചോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.
**ബന്ധപ്പെടുക:**
**മോഹിൻ 773–679–5526,**
**ആൽബി 773–396–0535**
#091725

## ROOMS FOR RENT IN DOWNERS GROVE

Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.
For more information
**Contact: +1-630-723-1112 or email: siby.joseph1@gmail.com**
#082725

## SEEKING BRIDEGROOM

**Knanaya Parents, Kerala** invite proposal for their daughter, 31, 154 cm, M.Tech (Bio-Technology) & PhD. Now she is working in Chennai.
**Contact:+1-630-642-4596**
**Email: lukescyriac@gmail.com**
#092425

## SEEKING BRIDE

**We are seeking** a suitable alliance for our nephew, aged 29, from Idukki.
He has completed his MBA from Rajagiri College of Social Sciences and is currently working in our family business.
We are looking for a Christian (RCSC) girl from a respected family background. Interested families may contact us for further details.
**Chavara ID: CKTA459984**
**847-778-6907 (Chicago)**
#090325

## വരനെ ആവശ്യമുണ്ട്

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.
**ബന്ധപ്പെടുക: 786–868–7192, 786–825–5748**
#092425

## നൊവേന

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന


പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചുതരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീക ദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തുപറയുന്നു. നിത്യാമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നുദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനുമുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**മാത്യു ജോയിസ**
#091025

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എനിക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**നിഷ മാർട്ടിൻ**
#091025

Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM
To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com
For E-Paper reading visit Vachakam.com
Vachakam.com

# 50 വർഷത്തിന് ശേഷം മനുഷ്യൻ ചന്ദ്രനിലേക്ക്; നാസയുടെ ആർട്ടെമിസ്–2 ദൗത്യവും യാത്രികരും, അറിയാം

വാഷിംഗ്ടൺ: ചന്ദ്രനിലേക്ക് വീണ്ടും മനുഷ്യനെ അയക്കാൻ തയ്യാറെടുക്കുകയാണ് നാസ. 50 വർഷത്തിന് ശേഷം ഇതാദ്യമായാണ് നാസ മനുഷ്യനെ വഹിച്ചുള്ള ചാന്ദ്ര ദൗത്യത്തിനൊരുങ്ങുന്നത്. 'ആർട്ടെമിസ് 2' എന്ന് പേരിട്ടിരിക്കുന്ന ദൗത്യം 10 ദിവസം നീളും. 2026 ഫെബ്രുവരിയിലാകും ദൗത്യം നടക്കുക.

'താനും തന്റെ സംഘവും ഒരു മനുഷ്യനും ഇതുവരെ കണ്ടിട്ടില്ലാത്ത കാര്യങ്ങൾ കാണു' എന്ന് നാസയുടെ പുതിയ ചാന്ദ്ര ദൗത്യത്തിന്റെ കമാൻഡർ റീഡ് വൈസ്മാൻ പറയുന്നു. മുൻ അപ്പോളോ ദൗത്യങ്ങൾ ഒരിക്കലും മാപ്പ് ചെയ്തിട്ടില്ലാത്ത ചന്ദ്രന്റെ വലിയ പ്രദേശങ്ങൾക്ക് മുകളിലൂടെ തന്റെ ബഹിരാകാശ വാഹനം പറക്കാൻ സാധ്യതയുണ്ടെന്ന് റീഡ് വൈസ്മാൻ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി.

ഏറെ ആവേശത്തോടെയാണ് ചന്ദ്രനെ നോക്കാൻ നമ്മുടെ ഭൂമിശാസ്ത്രജ്ഞർ തയ്യാറെടുക്കുന്നത്. ആ നിരീക്ഷണങ്ങളെ നമ്മുടെ കാലത്തെ ഏറ്റവും വലിയ ചില ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതാക്കി മാറ്റാൻ തങ്ങൾ പരിശീലിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ ഒറ്റയ്ക്കാണോ? എന്നത് പോലുള്ള ചോദ്യങ്ങൾക്ക് ഭാവിയിൽ ചൊവ്വയിലേക്ക് പോകുന്നതിലൂടെ നമുക്ക് ഉത്തരം നൽകാൻ കഴിയും. ആ ഉത്തരം ടീം മാനവികതയിലേക്ക് തിരികെ കൊണ്ടുവരുന്നതിനുള്ള ആദ്യപടിയായിരിക്കാം ഈ ദൗത്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



ബഹിരാകാശയാത്രികരെ ഇറക്കുകയും ഒടുവിൽ ചന്ദ്രോപരിതലത്തിൽ ദീർഘകാല സാന്നിധ്യം സ്ഥാപിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയുള്ള ആർട്ടെമിസ് പ്രോഗ്രാമിന്റെ രണ്ടാമത്തെ വിക്ഷേപണമാണ് ആർട്ടെമിസ്2 ദൗത്യം. ക്രൂ അവരുടെ ബഹിരാകാശ പേടകത്തിന് നൽകിയ പേരും അവർ അത് തിരഞ്ഞെടുത്തതിന്റെ കാരണവും കമാൻഡർ റീഡ് മാധ്യമപ്രവർത്തകരോട് പറഞ്ഞു.

'എല്ലാ മനുഷ്യവർഗത്തിനും സമാധാനവും പ്രത്യാശയും, അതാണ് ഞങ്ങൾ ശരിക്കും ആഗ്രഹിക്കുന്നത്. ഞങ്ങൾ ലോകത്തെ ഒരുമിച്ച് കൊണ്ടുവരുന്നു, അതിനാൽ ഞങ്ങൾ 'ഇന്റഗ്രിറ്റി' എന്ന ബഹിരാകാശ പേടകത്തിൽ ചന്ദ്രനു ചുറ്റും പറക്കാൻ പോകുന്നു.

50 വർഷത്തിനുള്ളിൽ ആദ്യത്തെ ക്രൂഡ് മൂൺ ദൗത്യം 2026 ഫെബ്രുവരിയിൽ തന്നെ വിക്ഷേപിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി നാസ ഇന്നലെ പ്രഖ്യാപിച്ചിരുന്നു. 1960 കളിലെയും 1970 കളുടെ തുടക്കത്തിലെയും അപ്പോളോ ചാന്ദ്ര ദൗത്യങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതായി നാല് ബഹിരാകാശയാത്രികരും പറഞ്ഞു. ബഹിരാകാശയാത്രികർക്ക് ചന്ദ്രോപരിതലത്തെക്കുറിച്ച് മൂന്ന് മണിക്കൂർ മുഴുവൻ വിശദമായി പഠിക്കാൻ കഴിയുമെന്ന് മിഷൻ സ്പെഷ്യലിസ്റ്റ് ക്രിസ്റ്റീന കോച്ച് വിശദീകരിച്ചു. വിശ്വസിച്ചാലും ഇല്ലെങ്കിലും, നമ്മുടെ കൈവശമുള്ള ഏറ്റവും മികച്ച ശാസ്ത്രീയ ഉപകരണങ്ങളിൽ ഒന്നാണ് മനുഷ്യന്റെ കണ്ണുകൾ എന്ന് അവർ കൂട്ടിച്ചേർത്തു.

1972 ലെ അപ്പോളോ 17 ദൗത്യമാണ് മനുഷ്യനെ വഹിച്ചു കൊണ്ട് ഇതിനു മുൻപ് ഉണ്ടായ ദൗത്യം. നാസയുടെ ബഹിരാകാശ ഗവേഷകരായ റീഡ് വൈസ്മാൻ, വിക്ടർ ഗ്ലോവർ, ക്രിസ്റ്റീന കോച്ച് എന്നിവരും കാനഡയുടെ ബഹിരാകാശ ഏജൻസിയിലെ ജെറമി ഹാൻസനുമാണ് ആർട്ടെമിസ് 2 ദൗത്യത്തിലുണ്ടാവുക. ചന്ദ്രനിൽ നേരിട്ടിറങ്ങാത്ത ദൗത്യത്തിൽ ചന്ദ്രന്റെ ഉപരിതലത്തെ ചുറ്റിക്കറങ്ങുകയായിരിക്കും ചെയ്യുക. റോക്കറ്റിന്റെയും ബഹിരാകാങ ാഞ്ചാരികളുടെയും സാദ്ധ്യതകൾ ഉപയോഗിച്ച് വരും കാലങ്ങളിൽ എങ്ങനെ ചന്ദ്രന്റെ ഉപരിതലത്തിറങ്ങാം എന്ന പഠനവും ഈ ദൗത്യത്തിൽ നടക്കും.

ആർട്ടെമിസ് ദൗത്യങ്ങളിലെ മനുഷ്യരെ വഹിക്കുന്ന ആദ്യത്തെ യാത്രയാണിത്. നാസയുടെ റീഡ് വൈസ്മാൻ, വിക്ടർ ഗ്ലോവർ, ക്രിസ്റ്റീന കോക്ക് എന്നിവരും കനേഡിയൻ സ്പേസ് ഏജൻസിയുടെ (CSA) ജെറമി ഹാൻസണും അടങ്ങുന്ന നാല് ബഹിരാകാശയാത്രികർ, ശക്തമായ സ്പേസ് ലോഞ്ച് സിസ്റ്റം (SLS) റോക്കറ്റിൽ യാത്ര ചെയ്യുന്ന ആദ്യത്തെ മനുഷ്യരാകും. ചന്ദ്രനെ ചുറ്റി തിരികെ വരുന്ന ഈ യാത്രയിൽ ഓറിയോണിന്റെ നൂതനമായ ലൈഫ് സപ്പോർട്ട് സിസ്റ്റങ്ങൾ അവർ പരീക്ഷിക്കും. അരനൂറ്റാണ്ടിനിടയിൽ മനുഷ്യൻ സഞ്ചരിച്ചതിനേക്കാൾ ദൂരേക്ക് ഈ യാത്ര അവരെ എത്തിക്കും.

ബഹിരാകാശയാത്രികർ ചന്ദ്രോപരിതലത്തിൽ ഇറങ്ങാതെ ഓറിയോൺ പേടകത്തിൽ തന്നെ തുടരുമെങ്കിലും നാസയുടെ ദീർഘകാല പദ്ധതികളിലേക്കുള്ള ഒരു സുപ്രധാന ചവിട്ടുപടിയാണ് ആർട്ടെമിസ് 2. ഈ ദശാബ്ദത്തിന്റെ അവസാനത്തോടെ ചന്ദ്രന്റെ ദക്ഷിണ ധ്രുവത്തിൽ ബഹിരാകാശയാത്രികരെ ഇറക്കാൻ ലക്ഷ്യമിടുന്ന ആർട്ടെമിസ് 3 ദൗത്യത്തിന് ആവശ്യമായ കഴിവുകൾ ഈ ദൗത്യം സ്വായത്തമാക്കും. ഭാവിയിൽ ചൊവ്വയിലേക്കുള്ള ദൗത്യങ്ങൾ പോലുള്ള വലിയ വെല്ലുവിളികൾക്കായി ബഹിരാകാശയാത്രികരെ തയ്യാറാക്കാൻ ഈ ശ്രമങ്ങൾ സഹായിക്കും.

2022 അവസാനമായിരുന്നു നാസ ആർട്ടെമിസ് 1 ദൗത്യം നടത്തിയത്. ഇതിന്റെ ഭാഗമായി വിക്ഷേപിച്ച ഓറിയോൺ പേടകം സുരക്ഷിതമായി ഭൂമിയിൽ തിരിച്ചെത്തിയിരുന്നു. 2027 ലാണ് 'ആർട്ടെമിസ് 3' ദൗത്യം നാസ നടത്താനിരിക്കുന്നത്. ഇതിൽ മനുഷ്യനെ അയച്ച് ചാന്ദ്രോപരിതലത്തിൽ ഇറക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്.



# കെ.എച്ച്.എൻ.എ. അധികാര കൈമാറ്റ ചടങ്ങും ദീപാവലി മഹോത്സവവും ഒക്ടോബർ 4 ന് റ്റാമ്പായിൽ

സനാതന ധർമ്മ പ്രചാരണത്തിന്റെ രജതജൂബിലി പൂർത്തീകരിച്ച കെ.എച്ച്.എൻ.എയുടെ പതിനാലാമതു പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഉണ്ണികൃഷ്ണനും സംഘത്തിനും നിലവിലെ പ്രസിഡന്റ് ഡോ: നിഷ പിള്ളയുടെയും സഹഭാരവാഹികളുടെയും ഔപചാരികമായ അധികാര കൈമാറ്റം ഒക്ടോബർ 4 ശനിയാഴ്ച്ച ടാമ്പായിൽ നടക്കുന്ന ദീപാവലി ആഘോഷങ്ങളുടെ ഭാഗമായ ഹൈന്ദവ സദസ്സിൽ വച്ച് വിവിധ പരിപാടികളോടെ നിർവഹിക്കപ്പെടുന്നു.

അറ്റ്ലാന്റിക് സിറ്റിയിൽ നടന്ന കെ.എച്ച്.എൻ.എ.ഗ്ലോബൽ സംഗമത്തിന്റെ സമാപനത്തോടെ സംഘടനയുടെ പതാക ഡോ: നിഷ പിള്ളയിൽ നിന്നും നിയുക്ത പ്രസിഡന്റ് ഉണ്ണികൃഷ്ണൻ ഏറ്റുവാങ്ങിയതോടെ ആരംഭിച്ച അധികാര കൈമാറ്റ നടപടികൾ ടാമ്പയിലെ റെക്കോർഡുകളുടെ കൈമാറ്റത്തോടെ പൂർത്തിയാകുന്നു.

സംഘടനയുടെ ഭരണ തുടർച്ച ഉറപ്പാക്കാനും ആധികാരകൈമാറ്റ നടപടികൾ സുഗമമാക്കാനും നിയുക്തമായിട്ടുള്ള ട്രസ്റ്റിബോർഡ് ഭാരവാഹികളായ ഗോപിനാഥ കുറുപ്പ് ഡോ: രഞ്ജിനി പിള്ള, രതീഷ് നായർ, സുധ കർത്ത തുടങ്ങിയവർ നേതൃത്വം നൽകുന്ന സദസ്സിൽ വച്ച് പ്രസിഡന്റിനെ കൂടാതെ സെക്രട്ടറി സിനു നായർ, വൈസ് പ്രസിഡന്റ് സഞ്ജീവ് കുമാർ, ട്രഷറർ അശോക് മേനോൻ, ജോയിന്റ് സെക്രട്ടറി ശ്രീകുമാർ ഹരിലാൽ, ജോയിന്റ് ട്രഷറർ അപ്പുക്കുട്ടൻ പിള്ള, ട്രസ്റ്റിബോർഡിന്റെ പുതിയ ചെയർപേഴ്സൺ വനജ നായർ, സെക്രട്ടറി സുധീർ പ്രയാഗ, ജുഡീഷ്യൽ കൺസിൽ അംഗങ്ങളായ സുധാകർത്താ, രാമദാസ് പിള്ള, ഗോപാലൻ നായർ എന്നിവരും സ്ഥാനങ്ങൾ ഏറ്റെടുക്കുന്നു.

പന്ത്രണ്ടു സംവത്സരങ്ങളുടെ ഇടവേളയ്ക്കുശേഷം ഫ്ളോറിഡയിലേക്കു മടങ്ങിയെത്തുന്ന കെ.എച്ച്.എൻ.എയുടെ ദേശിയ കൺവെൻഷനെ വരവേൽക്കാൻ ഫ്ളോറിഡയിലെ ഹിന്ദു സംഘടനകളും മലയാളി സമൂഹവും വലിയ ആവേശത്തിലാണ്. അധികാരം ഒഴിയുന്ന വിവിധ സമിതികളിലെ അംഗങ്ങളെയും തെരഞ്ഞെടുക്കപ്പെട്ട പുതിയ അംഗങ്ങളെയും കൂടാതെ മുൻ ഭാരവാഹികളും പ്രത്യേകം ക്ഷണിതാക്കളും പ്രാദേശിക സംഘടനാനേതാക്കളും ഉൾപ്പെടെ മുന്നൂറോളംപേരെയാണ് ചടങ്ങിലേക്ക് ക്ഷണിച്ചിട്ടുള്ളത്.



# MACF ഓണാഘോഷം ടാമ്പാ, ഫ്ളോറിഡയിൽ അതി ഗംഭീരമായി നടത്തി

നോർത്ത് അമേരിക്കയിലെ ഏറ്റവും വലിയ ഓണാഘോഷം മലയാളി അസോസിയേഷൻ ഓഫ് സെൻട്രൽ ഫ്ളോറിഡ (MACF) യുടെ നേതൃത്വത്തിൽ ടാമ്പാ, ഫ്ളോറിഡയിൽ അതി ഗംഭീരമായി നടത്തി. രണ്ടായിരത്തോളം പേർ പങ്കെടുത്ത "MACF മാമാങ്കം 2025' മെഗാ ഓണം കേരളത്തനിമകൊണ്ടും, കലാമികവുകൊണ്ടും അതീവ ശ്രദ്ധയാകർഷിച്ചു! ക്നാനായ കമ്മ്യൂണിറ്റി സെന്ററിന്റെ എക്സ്റ്റൻഷൻ ഹാളിൽ നടത്തിയ ആയിരത്തി മുന്നൂറോളം പേർ പങ്കെടുത്ത മെഗാ ഓണസദ്യയോടെ ആയിരുന്നു ആഘോഷങ്ങളുടെ തുടക്കം. പ്രസിഡന്റ് ടോജിമോൻ പൈതുരുത്തേൽ, സെക്രട്ടറി ഷീല ഷാജു, ട്രഷറർ സാജൻ കോരത്, ട്രസ്റ്റീബോർഡ് ചെയർ ഫ്രാൻസിസ് വയലുങ്കൽ, ട്രസ്റ്റീബോർഡ് സെക്രട്ടറി അഞ്ജന നായർ, റിലീജിയസ് ലീഡേഴ്‌സ് എന്നിവർ വിളക്കുകൊളുത്തി ഓണം പരിപാടി ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

ട്രസ്റ്റീബോർഡ് ചെയർ ഫ്രാൻസിസ് വയലുങ്കൽ ഈ വർഷത്തെ ഓണം പ്രോഗ്രാം കൊറിയോഗ്രാഫേഴ്‌സിനെ ആദരിക്കുന്നതിനായി സ്റ്റേജിലെക്കു വിളിച്ചു. കൊറിയോഗ്രാഫേഴ്‌സിന്റെ ഉപഹാരങ്ങൾ കൈമാറി. സെക്രട്ടറി ഷീല ഷാജു നന്ദി പ്രസംഗം നടത്തി.

ദിവ്യ ബാബു, ആൻസി സെഡ്‌വിൻ, പഞ്ചമി അജയ്, റീന മാർട്ടിൻ, റോസ് റിതിക, ദിവ്യ എഡ്‌വേഡ് എന്നിവരുടെ നേതൃത്വത്തിൽ വിമൻസ് ഫോറം നടത്തിയ മാമാങ്കത്തിന് കൊറിയോഗ്രാഫേഴ്‌സ് നാലുമാസത്തിലേറെ ആയി നടന്ന പ്രാക്ടീസ് സെഷൻസ് ആണ് സംഘടിപ്പിച്ചത്. ടിറ്റോ ജോൺ ആയിരുന്നു കേരളത്തനിമയുള്ള മാവേലി.

വിഭവസമൃദ്ധമായ ഓണ സദ്യ ഒരുക്കിയത് മാർട്ടിന്റെ നേതൃത്തിക്കുള്ള മാർട്ടിൻസ് റെസ്റ്റോറന്റ് ടീം ആയിരുന്നു. പരിപാടിയുടെ വിഡിയോ സപ്പോർട്ട് ജെ.പി. ക്രീയേഷൻസും ഫോട്ടോഗ്രാഫി അലിറ്റ് മൊമെന്റ്‌സുമാണ് നിർവഹിച്ചത്.

# മുൻ എഫ്.ബി.ഐ ഡയറക്ടർ ജെയിംസ് കോമിക്കെതിരെ കുറ്റം ചുമത്തിയേക്കും



ന്യൂയോർക്ക്: മുൻ എഫ്.ബി.ഐ ഡയറക്ടർ ജെയിംസ് കോമിക്കെതിരെ കുറ്റം ചുമത്തണോ എന്ന് നീതിന്യായ വകുപ്പ് ആലോചിച്ചുകൊണ്ടിരിക്കുകയാണെന്ന് രണ്ട് ഡി.ഒ.ജെ ഉദ്യോഗസ്ഥരും ഈ വിഷയവുമായി പരിചയമുള്ള ഒരു വ്യക്തിയും എൻ.ബി.സി ന്യൂസിനോട് ബുധനാഴ്ച വ്യക്തമാക്കി.

കോമിക്കും പ്രസിഡന്റിന്റെ മറ്റ് രണ്ട് രാഷ്ട്രീയ ശത്രുക്കളായ സെനറ്റർ ആദം ഷിഫ്, ഡികാലിഫോർണിയ, ന്യൂയോർക്ക് അറ്റോർണി ജനറൽ ലെറ്റിഷ്യ ജെയിംസ് എന്നിവർക്കെതിരെയും അറ്റോർണി ജനറൽ പാം ബോണ്ടി നടപടിയെടുക്കണമെന്ന് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തതിന് തൊട്ടുപിന്നാലെയാണ് ഇക്കാര്യത്തിൽ ആഭ്യന്തര ചർച്ച നടന്നിരിക്കുന്നത്.

'ഞങ്ങൾക്ക് ഇനി വൈകാൻ കഴിയില്ല, അത് ഞങ്ങളുടെ പ്രശസ്തിയും വിശ്വാസ്യതയും ഇല്ലാതാക്കുകയാണ്. അവർ എന്നെ രണ്ടുതവണ ഇംപീച്ച് ചെയ്തു, ഒന്നിനും പുറമെ എന്നെ (5 തവണ) കുറ്റം ചുമത്തി. നീതി ഇപ്പോൾ തന്നെ നടപ്പാക്കണം!' അദ്ദേഹം ശനിയാഴ്ച ട്രൂത്ത് സോഷ്യൽ പോസ്റ്റിൽ പറഞ്ഞു. അവർ കുറ്റക്കാരല്ലെങ്കിൽ, കുഴപ്പമില്ല. അവർ കുറ്റക്കാരാണെങ്കിൽ, അവർ വിധിക്കപ്പെടണം. നമ്മൾ ഇപ്പോൾ അത് ചെയ്യണം. അദ്ദേഹം മാധ്യമപ്രവർത്തകരോട് പറഞ്ഞു,

കോമിക്കെതിരായ ഏത് കുറ്റവും വെർജീനിയയിലെ ഈസ്റ്റേൺ ഡിസ്ട്രിക്റ്റിൽ നിന്ന് ഉയർന്നുവന്നേക്കാം. അവിടെ കോമി കേസ് എങ്ങനെ കൈകാര്യം ചെയ്യണമെന്നതിനെക്കുറിച്ചുള്ള ചർച്ചകളും സജീവമാണെന്ന് രണ്ടാമത്തെ നീതിന്യായ വകുപ്പ് ഉദ്യോഗസ്ഥൻ എൻബിസി ന്യൂസിനോട് പറഞ്ഞു.

2020 സെപ്തംബർ 30 ന് ആർടെക്സസിലെ സെനറ്റർ ടെഡ് ക്രൂസിന്റെ ചോദ്യത്തിന് മറുപടിയായി കോമി കോൺഗ്രസിന് നൽകിയ സാക്ഷ്യം കള്ളം ആണെന്നതായിരുന്നു കുറ്റം. ഇതാണ് ചോദ്യം ചെയ്യപ്പെടുക. 2017 ലെ മുൻ സാക്ഷ്യത്തിൽ കോമി ഉറച്ചുനിൽക്കുന്നുണ്ടോ എന്ന് ചോദിച്ചപ്പോൾ, 'ഞാൻ സാക്ഷ്യത്തിൽ ഉറച്ചുനിൽക്കുന്നു' എന്ന് അദ്ദേഹം മറുപടി നൽകി. കോമിക്കെതിരെ കുറ്റം ചുമത്താൻ നീതിന്യായ വകുപ്പ് തീരുമാനിച്ചാൽ, വരും ദിവസങ്ങളിൽ അത് സംഭവിക്കാം.

# ഡാലസ് ഇമിഗ്രേഷൻ ഓഫീസിൽ വെടിവെപ്പ്; ഒരു മരണം, 2 പേർക്ക് പരിക്ക്

ടെക്സസിലെ മക്കിനിയിൽ ബുധനാഴ്ച പുലർച്ചെ, ഡാലസിലെ ഇമിഗ്രേഷൻ ആൻഡ് കസ്റ്റംസ് എൻഫോഴ്സ്മെന്റ് (ICE) ഓഫീസിന് നേരെ ഒരു തോക്കുധാരി സമീപത്തെ കെട്ടിടത്തിന്റെ മേൽക്കൂരയിൽ നിന്ന് വെടിയുതിർത്തതായി റിപ്പോർട്ട്.

ആക്രമണത്തിൽ ഒരു തടവുകാരൻ മരിച്ചു, മറ്റൊരാൾക്ക് ഗുരുതരമായി പരിക്കേറ്റു. പിന്നീട് ആക്രമി സ്വയം ജീവനൊടുക്കി എന്നാണ് പുറത്തു വരുന്ന റിപ്പോർട്ട്.

FBI ഡയറക്ടർ കാഷ് പട്ടേൽ എക്സിൽ പങ്കുവെച്ച ചിത്രത്തിൽ, ആക്രമിയുടെ ഉപയോഗിക്കാത്ത വെടിയുണ്ടയുടെ പുറത്ത് "ANTI-ICE" എന്ന് എഴുതിയിരുന്നതായി വ്യക്തമാണ്.

'ആദ്യ തെളിവുകൾ നോക്കുമ്പോൾ, ആക്രമണത്തിന് പിന്നിൽ രാഷ്ട്രീയാധിഷ്ഠിത ഉദ്ദേശം ഉണ്ടെന്ന് വ്യക്തമാണ്' എന്നാണ് പട്ടേൽ പറഞ്ഞത്.

യു.എസ്. പ്രസിഡന്റ് ഡോണാൾഡ് ട്രംപ് ഉടൻ തന്നെ സംഭവം രാഷ്ട്രീയ വിഷയമാക്കി. 'റാഡിക്കൽ ലെഫ്റ്റ് ഡെമോക്രാറ്റുകൾ' ICE-നെതിരെ വിദ്വേഷം വളർത്തുന്നുവെന്നാണ് അദ്ദേഹത്തിന്റെ പ്രധാന ആരോപണം.

ICE ഉദ്യോഗസ്ഥരെ 'നാസികളോട്' താരതമ്യം ചെയ്തതും ഈ ആക്രമണങ്ങൾക്ക് വഴിവച്ചുവെന്ന് അദ്ദേഹം പറഞ്ഞു.

'ഇത് ആഭ്യന്തര ഭീകരവാദമാണ്. ഞാൻ ഉടൻ തന്നെ ഇവരെ ഇല്ലാതാക്കാനുള്ള എക്സിക്യൂട്ടീവ് ഓർഡർ ഒപ്പിടും,' എന്നും ട്രംപ് പറഞ്ഞു.

ജോഷ്വ ജാൻ (29) എന്ന ആളാണ് ആക്രമി എന്നാണ് പുറത്തു വരുന്ന വിവരം. 'അവൻ രാഷ്ട്രീയമായി ഇത്രയും കടുത്ത നിലപാടുകളുള്ള ആളാണെന്ന് എനിക്കറിയില്ല' എന്നാണ് അയാളുടെ സഹോദരൻ നോവാ ജാൻ വിഷയത്തിൽ പ്രതികരിച്ചത്. FBI, ജോഷ്വയുടെ മക്കിനിയിലെ വീട്ടിൽ പരിശോധന നടത്തി.

RELIABLE TAX & ACCOUNTING INC.

REGISTRATION
ACCOUNTING & TAXATION FOR CORPORATION /LLC/PARTNERSHIPS
INCOME TAX & SALES TAX
PREPARE AND EXECUTE PROPERTY DEEDS FOR OWNERSHIP TRANSFERS
NOTARY PUBLIC INVESTMENT CONSULTING

THOMAS V OUSEPH CPA, EA
2644 E. Dempster st. Suite 110, Park Ridge, IL 60068
Ph: 224 622 9978 | Fax: 847 376 8260



tomvo99@comcast.net | www.CPATaxFiling.com

# എച്ച്–1ബി വിസ നയം ഏറ്റവും കൂടുതൽ ബാധിക്കുക അമേരിക്കയെ..!

എച്ച്-1ബി വിസകൾക്ക് അധിക ഫീസ് ചുമത്താനുള്ള യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ തീരുമാനം ഏറ്റവും കൂടുതൽ ബാധിക്കുക അമേരിക്കൻ കമ്പനികളെ. പുതിയ ഉത്തരവ് പ്രകാരം വിദേശ തൊഴിലാളികൾക്ക് വീണ്ടും പ്രവേശനം ലഭിക്കില്ലെന്ന ഭയം കാരണം കുടിയേറ്റ തൊഴിലാളികൾ യുഎസിന് പുറത്തേക്ക് യാത്ര ചെയ്യുന്നത് തടഞ്ഞിരിക്കുകയാണ് സിലിക്കൺ വാലയിലെ ചില സ്ഥാപനങ്ങൾ.

വർധിച്ച ഫീസ് പുതിയ അപേക്ഷകൾക്ക് മാത്രമേ ബാധകമാകൂ എന്നും അത് ഒറ്റത്തവണ നടപടിയാണെന്നും വൈറ്റ് ഹൗസ് അറിയച്ചിട്ടുണ്ട്. എന്നിരുന്നാലും, ട്രംപിന്റെ നീക്കം കുടിയേറ്റക്കാരെ ബാധിക്കുന്നതിനേക്കാൾ കൂടുതൽ യുഎസ് സാമ്പത്തിക വളർച്ചയെ ദോഷകരമായി ബാധിക്കുമെന്ന് സാമ്പത്തിക വിദഗ്ധർ പറയുന്നു. വിദേശത്ത് നിന്ന് പ്രത്യേകിച്ച് ഇന്ത്യയിൽ നിന്ന് എഞ്ചിനീയർമാർ, ശാസ്ത്രജ്ഞർ എന്നിവരെ നിയമിക്കുന്നതിന് അമേരിക്കൻ ടെക് സ്ഥാപനങ്ങൾ എച്ച്-1ബിയും സമാനമായ വിസകളെയും ആണ് ആശ്രയിക്കുന്നത്.

വിസ ചെലവേറിയതാക്കുന്നതിലൂടെ, ട്രംപ് ഭരണകൂടം കമ്പനികൾക്ക് വിദേശ പ്രതിഭകളെ ആകർഷിക്കുന്നത് ബുദ്ധിമുട്ടാക്കുകയാണെന്ന് ഇൻവെസ്റ്റ്മെന്റ് ബാങ്കായ ബെരെൻബർഗിലെ സാമ്പത്തിക വിദഗ്ധനായ അറ്റകാൻ ബാക്കിസ്കാൻ പറഞ്ഞു. ട്രംപ് ഭരണകൂടത്തിന്റെ വളർച്ചാ വിരുദ്ധ നയരൂപീകരണത്തിന്റെ ഒരു ഉദാഹരണമാണിത് എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

വിശകലന സ്ഥാപനമായ ബെറൻബർഗ് അടുത്തിടെ യുഎസ് സാമ്പത്തിക വളർച്ചയെക്കുറിച്ചുള്ള അവരുടെ എസ്റ്റിമേറ്റ് വർഷത്തിന്റെ തുടക്കത്തിൽ 2 ശതമാനത്തിൽ നിന്ന് 1.5 ശതമാനമായി കുറച്ചിരുന്നു. ട്രംപ് തന്റെ കുടിയേറ്റ






വിരുദ്ധ പാത മാറ്റിയില്ലെങ്കിൽ, 1.5 ശതമാനം പ്രവചനം ഉടൻ തന്നെ സംഭവിക്കും എന്ന് എന്ന് ബാക്കിസ്കാൻ മുന്നറിയിപ്പ് നൽകി. നിയന്ത്രിത കുടിയേറ്റ നയങ്ങൾ പ്രകാരം മനുഷ്യ മൂലധനത്തിന്റെ അഭാവം മൂലമുണ്ടാകുന്നനഷ്ടങ്ങൾ കൃത്രിമബുദ്ധിയിലെ നിക്ഷേപങ്ങൾ കൊണ്ട് നികത്താൻ സാധ്യതയില്ല എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അതായത് എച്ച്-1ബി വിസകളിൽ ഏറ്റവും കൂടുതൽ തൊഴിലാളികളെ നിയമിക്കുന്ന സ്ഥാപനങ്ങളിൽ ചിലത് ആമസോൺ, മൈക്രോസോഫ്റ്റ്, മെറ്റ, ആപ്പിൾ, ഗൂഗിൾ എന്നിവയാണെന്ന് ബ്രോക്കർ എക്സ്ടിബിയിലെ ഗവേഷണ ഡയറക്ടർ കാത്‌ലീൻ ബ്രൂക്സ് ചൂണ്ടിക്കാട്ടി. 'വിസകൾ താങ്ങാൻ ഈ കമ്പനികൾക്ക് പണമുണ്ടെങ്കിലും, എച്ച്-1ബി വിസകളെ ആശ്രയിക്കുന്ന മറ്റ് മേഖലകൾ ഭാവിയിലെ റിക്രൂട്ട്മെന്റുകളിൽ ബുദ്ധിമുട്ടുകൾ നേരിട്ടേക്കാം,' അവർ പറഞ്ഞു.

സമീപ വർഷങ്ങളിൽ വിസ പ്രോഗ്രാമിൽ ഇന്ത്യൻ കുടിയേറ്റക്കാരാണ് ആധിപത്യം സ്ഥാപിച്ചത്. ഈ വിസ സ്വീകർത്താക്കളിൽ 70 ശതമാനത്തിലധികവും ഇന്ത്യക്കാരാണ്. ഇന്ന്, ഗൂഗിൾ, മൈക്രോസോഫ്റ്റ്, ഐബിഎം എന്നിവയുൾപ്പെടെ യുഎസിലെ ചില മുൻനിര സ്ഥാപനങ്ങൾ ഇന്ത്യൻ വംശജരായ എക്സിക്യൂട്ടീവുകൾ നടത്തുന്നുണ്ട്. അതേസമയം യുഎസിലെ ഫിസിഷ്യൻ ജീവനക്കാരുടെ ഏകദേശം 6 ശതമാനം ഇന്ത്യൻ ഡോക്ടർമാരാണ്.

വിസ ഫീസ് വർധനവ് യുഎസിലെ ചില ഓൺഷോർ പ്രോജക്റ്റുകളുടെ ബിസിനസ് തുടർച്ചയെ തടസ്സപ്പെടുത്തും എന്നാണ് ബിബിസി റിപ്പോർട്ടിൽ പറയുന്നത്. നിയമപരമായ അനിശ്ചിതത്വങ്ങൾ പരിഹരിക്കുന്നതുവരെ ക്ലൈന്റുകൾ റീപ്രൈസ് ചെയ്യാനോ പ്രോജക്റ്റുകൾ വൈകിപ്പിക്കാനോ ശ്രമിച്ചേക്കാം. അതേസമയം കമ്പനികൾ സ്റ്റാഫിംഗ് മോഡലുകൾ പുനർവിചിന്തനം ചെയ്തേക്കാം.

ടിസിഎസ്, ഇൻഫോസിസ് തുടങ്ങിയ ഇന്ത്യൻ ഔട്ട്സോഴ്സിംഗ് സ്ഥാപനങ്ങൾ പ്രാദേശികമായി തൊഴിലാളികളെ വളർത്തിയെടുക്കുന്നതിലൂടെയും ഡെലിവറി ഓഫ്ഷോർ മാറ്റുന്നതിലൂടെയും അത്തരമൊരു സാഹചര്യത്തിന് തയ്യാറാണെന്നാണ് വിലയിരുത്തൽ.

# പക്ഷിപ്പനി; 400 ഒട്ടകപ്പക്ഷികളെ കൊല്ലാനുള്ള ഉത്തരവ് താൽക്കാലികമായി നിർത്തിവെച്ചു കാനഡ സുപ്രീം കോടതി



കാനഡയിൽ ബ്രിട്ടീഷ് കൊളംബിയയിലെ ഒരു ഫാമിൽ പക്ഷിപ്പനി (Avian Flu) വ്യാപിച്ചതിനെ തുടർന്ന്, 400ഓളം ഒട്ടകപ്പക്ഷികളെ കൊല്ലണമെന്ന കാനഡ ഫുഡ് ഇൻസ്പെക്ഷൻ ഏജൻസിയുടെ (CFIA) ഉത്തരവ് സുപ്രീം കോടതി താൽക്കാലികമായി നിർത്തിവെച്ചതായി റിപ്പോർട്ട്.

യൂണിവേഴ്സൽ ഓസ്ട്രിച്ച് ഫാംസ് എന്ന സ്ഥാപനത്തിന്റെ ഉടമകൾ ഈ ഉത്തരവിനെതിരെ ശക്തമായി പ്രതിഷേധിച്ചിരുന്നു. അവർ കോടതിയിൽ മാസങ്ങളായി പോരാടിക്കൊണ്ടിരിക്കുകയാണ്. ഇതിന് പിന്നാലെ ആണ് കോടതി വിധി.

ചൊവ്വാഴ്ച, ഫാം ഉടമകളായ കേറ്റി പാസ്റ്റിനിയും അമ്മ കാരൻ എസ്പെർഷനും ഒട്ടകപ്പക്ഷികൾക്ക് ഭക്ഷണം കൊടുക്കുന്നതിനിടെ RCMP (കാനഡ പോലീസ്) അവരെ തടഞ്ഞുവെച്ചു. CFIA ഉദ്യോഗസ്ഥർക്ക് ഫാമിൽ പരിശോധന നടത്താനുള്ള കോടതിവാറണ്ട് നൽകിയിരുന്നു. 'പ്രക്ഷോഭങ്ങളും സംഘർഷവും' വർധിച്ചതിനാൽ പോലീസ് സഹായം തേടിയതാണെന്ന് അധികൃതർ പറഞ്ഞു. CFIA കഴിഞ്ഞ ഡിസംബറിൽ, ഫാമിലെ പക്ഷിപ്പനി ബാധിച്ച് 69 ഒട്ടകപ്പക്ഷികൾ മരിച്ചതിന് ശേഷം മുഴുവൻ എണ്ണത്തെയും കൂട്ടത്തെയും കൊല്ലാൻ ഉത്തരവിട്ടിരുന്നു. 'പക്ഷിപ്പനി ബാധിച്ച പക്ഷികളെ ജീവനോടെ തുടരാൻ അനുവദിക്കുന്നത് രോഗവ്യാപനത്തിനും, വൈറസിന് രൂപഭേദം വരാനും സാധ്യത കൂട്ടും. അതിലൂടെ മനുഷ്യാരോഗ്യത്തിന് ഭീഷണി ഉയരും എന്നാണ് CFIA വ്യക്തമാക്കുന്നത്.

എന്നാൽ ഈ കേസ് അന്താരാഷ്ട്ര ശ്രദ്ധ നേടി. യു.എസ്. ആരോഗ്യ സെക്രട്ടറി റോബർട്ട് എഫ്. കെനഡി CFIAയോട് 'പക്ഷികളെ കൊല്ലാതെ പഠനത്തിന് ഉപയോഗിക്കണം' എന്നാവശ്യപ്പെട്ട് കത്ത് എഴുതി. യു.എസ്. ആരോഗ്യനിരീക്ഷണ വിഭാഗം (CMS) അഡ്മിനിസ്ട്രേറ്റർ ഡോ. മെഹ്മത്ത് ഓസ്, ഒട്ടകപ്പക്ഷികളെ തന്റെ ഫ്ളോറിഡ റാഞ്ചിലേക്ക് കൊണ്ടുപോകാൻ താൽപര്യം പ്രകടിപ്പിച്ചു.

ഉടമകൾ യു.എസ്. പ്രസിഡന്റ് ഡോണൾഡ് ട്രംപ്, കോടീശ്വരൻ ഇലോൺ മസ്ക് എന്നിവരോടും ഇടപെടാൻ അപേക്ഷിച്ചിരുന്നു.

# തന്റെ പുസ്തക പ്രചാരണയാത്രയിൽ ഗാസ യുദ്ധത്തെ കുറിച്ച് അപലപിച്ചു കമല ഹാരിസ്



മുൻ വൈസ് പ്രസിഡന്റ് കമല ഹാരിസ്, തന്റെ പുതിയ പുസ്തകപ്രചാരണയാത്രയുടെ ആദ്യ ദിനം തന്നെ ഗാസാ യുദ്ധത്തെക്കുറിച്ചുള്ള പ്രതിഷേധങ്ങളെ നേരിടേണ്ടിവന്നതായി റിപ്പോർട്ട്. 'പാലസ്തീൻ ജനങ്ങളോട് ചെയ്യുന്ന കാര്യങ്ങൾ അത്യന്തം ഭയാനകമാണ്. അത് എന്റെ ഹൃദയം തകർക്കുന്നു. ഡോണാൾഡ് ട്രംപ് നെതന്യാഹുവിന് വേണ്ടത് ചെയ്യാൻ 'ബ്ലാങ്ക് ചെക്ക്' കൊടുത്തിരിക്കുകയാണ്' എന്നാണ് കാണികൾക്ക് മുന്നിൽ സംസാരിക്കുമ്പോൾ അവർ പറഞ്ഞത്.

2024ലെ തിരഞ്ഞെടുപ്പിൽ ജോ ബൈഡൻ പിന്മാറിയതിനു ശേഷം ട്രംപിനെതിരായി കമല ഹാരിസ് ആരംഭിച്ച അതിവേഗ പ്രചാരണത്തെക്കുറിച്ചുള്ള '107 ഡേയ്സ്' എന്ന പുസ്തകത്തെക്കുറിച്ചുള്ള സംഭാഷണത്തിനിടെയാണ് ഇക്കാര്യം വ്യക്തമാക്കിയത്.

എന്നാൽ പരിപാടിക്കിടെ നാല് പ്രോപാലസ്തീൻ പ്രതിഷേധക്കാർ ഇടപെട്ടു. 'പാലസ്തീൻ ജനങ്ങളുടെ രക്തം നിങ്ങളുടെ കൈകളിലാണ്' എന്നാണ് അവർ വിളിച്ചു പറഞ്ഞത്. സുരക്ഷാ ഉദ്യോഗസ്ഥർ പിന്നീട് അവരെ പുറത്താക്കി. തുടർന്ന് കമല ഹാരിസ് കാണികളോട് ശാന്തമായി ഇരിക്കാൻ ആവശ്യപ്പെട്ടു. 'നിങ്ങളുടെ വേദനയും ആശങ്കയും ഞാൻ മനസ്സിലാക്കുന്നു. ഇങ്ങനെയാകേണ്ടതില്ലായിരുന്നു. ട്രംപ് കൊടുത്ത 'ബ്ലാങ്ക് ചെക്ക്' കൊണ്ടാണ് ഇത് സംഭവിച്ചത്.' എന്ന് അവർ ആവർത്തിച്ചു.

അതേസമയം പരിപാടിക്കു പുറത്തും നിരവധി പ്രതിഷേധങ്ങൾ നടന്നു. പരിപാടിയിൽ ഹാരിസ് പലവട്ടം ട്രംപിനെ വിമർശിച്ചു. 'ട്രംപും അദ്ദേഹത്തിന്റെ കൂട്ടരും ഒരു കമ്മ്യൂണിസ്റ്റ് ഏകാധിപത്യത്തെ പോലെ പെരുമാറുന്നു' എന്നായിരുന്നു മറ്റൊരു വിമർശനം. ഇതിന് ട്രംപ്, സോഷ്യൽ മീഡിയയിൽ മറുപടി നൽകി. 'ഒരു വലിയ കള്ളം! ക്ഷമ ചോദിക്കണം' എന്നാണ് ട്രംപ് കുറിച്ചത്.



# ഭൂട്ടാൻ വാഹനക്കടത്ത്, അന്വേഷണത്തിന് എൻ.ഐ.എ മുതൽ ഇ.ഡി വരെ 5 സംഘം

കൊച്ചി: ഭൂട്ടാനിൽ നിന്നുള്ള ആഡംബര വാഹനക്കടത്തുമായി ബന്ധപ്പെട്ട കുറ്റകൃത്യ പരമ്പരകൾ കസ്റ്റംസിന് പുറമേ നാല് കേന്ദ്ര ഏജൻസികളും അന്വേഷിക്കും. ദേശീയ അന്വേഷണ ഏജൻസിയും (എൻ.ഐ.എ) എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റും (ഇ.ഡി) പ്രാഥമിക വിവരശേഖരണം തുടങ്ങി.

ഡയറക്ടറേറ്റ് ഒഫ് റവന്യൂ ഇന്റലിജൻസ് (ഡി.ആർ.ഐ), കേന്ദ്ര ജി.എസ്.ടി കമ്മിഷണറേറ്റ് എന്നിവയാണ് മറ്റ് അന്വേഷണ ഏജൻസികൾ. സംസ്ഥാന പോലീസും മോട്ടോർവാഹന വകുപ്പും ഇടപാടുകൾ പരിശോധിക്കുന്നുണ്ട്. വാഹനങ്ങൾ പതിന്മടങ്ങ് വിലയ്ക്ക് വിറ്റ് ഇടനിലക്കാർ നേടിയപണം എന്തുചെയ്തെന്നാണ് ഇ.ഡി അന്വേഷിക്കുക.

ഭൂട്ടാൻ പട്ടാളം ഉപേക്ഷിച്ചതും മറ്റുമായ ആയിരത്തിലേറെ വണ്ടികൾ നികുതിവെട്ടിച്ച് രാജ്യത്തേക്ക് കടത്തിയെന്നും ഇതിൽ 150-200 എണ്ണം കേരളത്തിൽ ഉപയോഗിക്കുന്നുണ്ടെന്നുമുള്ള വിവരമാണ് 'ഓപ്പറേഷൻ നുംഖോറിന്' വഴിതുറന്നത്. രാജ്യസുരക്ഷയെ ബാധിക്കുന്ന കുറ്റകൃത്യങ്ങളും ഇതിന്റെ മറവിൽ നടന്നിട്ടുണ്ടെന്ന കസ്റ്റംസ് കണ്ടെത്തലാണ് അന്വേഷണത്തിന്റെ ഗതി മാറ്റിയത്. ഇ.ഡി കൊച്ചി യൂണിറ്റിലെ ഉദ്യോഗസ്ഥർ ഇന്നലെ രാവിലെ കസ്റ്റംസ് പ്രവിന്റീവ് ഓഫീസിൽ നേരിട്ടെത്തി കേസന്വേഷണ വിവരങ്ങൾ ശേഖരിക്കുകയായിരുന്നു.




കടത്തിന്റെ സൂത്രധാരന്മാരും ഡൽഹി, ഹിമാചൽപ്രദേശ് സ്വദേശികളുമായ സന്തോഷ് കുമാർ, ഹരികുമാർ, മനോജ് കുമാർ എന്നിവർക്കായി അന്വേഷണം ഊർജിതമാക്കി. നടൻ ദുൽഖർ സൽമാനെതിരെ കസ്റ്റംസിന്റെ വിശദമായ അന്വേഷണമുണ്ടാകും. കടത്തിക്കൊണ്ടുവന്ന നാല് വാഹനങ്ങൾ ദുൽഖർ ഉപയോഗിക്കുന്നുണ്ടെന്നാണ് കണ്ടെത്തൽ. മറ്റൊരാളുടെ പേരിലാണിവ.

രണ്ട് വാഹനങ്ങൾ കൂടി ഹാജരാക്കാൻ ദുൽഖറിന് കസ്റ്റംസ് നോട്ടീസ് നൽകും. ദുൽഖറിന്റെ വീട്ടിൽ നിന്ന് ഡിഫൻഡറും ലാൻഡ് ക്രൂസറുമാണ് പിടിച്ചെടുത്തത്. ഇതിൽ തൃശൂർ രജിസ്ട്രേഷനിലുള്ള ലാൻഡ് ക്രൂസർ ദുൽഖറിന്റെ പേരിലല്ല. ഇതിലുൾപ്പെട്ട നടൻ അമിത് ചക്കാലക്കലിനെ മൊഴി രേഖപ്പെടുത്തി വിട്ടയച്ചു.

### അന്വേഷണങ്ങൾ

ഇ.ഡി ഭൂട്ടാൻ വണ്ടിക്കടത്തിലും വില്പനയിലും കള്ളപ്പണം ഉപയോഗിച്ചതിനെക്കുറിച്ചാണ് ഇ.ഡി അന്വേഷിക്കുക.

എൻ.ഐ.എ തീവ്രവാദ സംഘങ്ങളുടെ സഹായവും സംഘത്തിന് ലഭിച്ചിട്ടുണ്ടെന്ന സൂചനയാണ് എൻ.എൻ.ഐയിലേക്ക് എത്തിച്ചത്.

ഡി.ആർ.ഐ ഒരു ലക്ഷം രൂപയ്ക്ക് വാങ്ങുന്ന വണ്ടികൾ 30 ലക്ഷത്തിന് വരെ വിറ്റതിലെ സാമ്പത്തിക തിരിമറികൾ ഡി.ആർ.ഐ പരിധിയിൽ വരും.

ജി.എസ്.ടി 1000ലധികം വാഹനങ്ങളാണ് കടത്തിയത്. വ്യാപക ജി.എസ്.ടി വെട്ടിപ്പുകളുണ്ടായത് അന്വേഷിക്കും.

# ഡോക്ടറാകണ്ട; നീറ്റിൽ 99.99% നേടിയ 19കാരൻ ജീവനൊടുക്കി

ന്യൂഡൽഹി: ഡോക്ടറാകാൻ ഇഷ്ടമില്ലെന്നും സമ്മർദ്ദം താങ്ങാനാകുന്നില്ലെന്നും എഴുതിവച്ച് നീറ്റ് പരീക്ഷയിലെ ഉന്നത റാങ്കുകാരൻ ജീവനൊടുക്കിയത് രാജ്യത്തിന് ഞെട്ടലായി. നീറ്റ് പരീക്ഷയിൽ 99.99 ശതമാനം മാർക്ക് നേടിയ മഹാരാഷ്ട്ര സ്വദേശി അനുരാഗ് അനിൽ ബോർകറാണ് (19) മരിച്ചത്.



മഹാരാഷ്ട്രയിലെ ചന്ദ്രാപൂർ ജില്ലയിലുള്ള പിതാവ് അനിൽ ബോർകറുടെ കുടുംബവീട്ടിലാണ് തൂങ്ങിമരിച്ചത്. ചൊവ്വാഴ്ച പുലർച്ചെ നാലിന് മുറിയിലെത്തിയ മാതാവാണ് മൃതദേഹം കാണുന്നത്.

ഉത്തർപ്രദേശിലെ ഗൊരഖ്പൂർ എയിംസിൽ എം.ബി.ബി.എസിന് ചേരാൻ പോകാനിരുന്ന ദിവസമാണ് ജീവനൊടുക്കിയത്. മുറിയിൽ നിന്ന് കണ്ടെടുത്ത ആത്മഹത്യാക്കുറിപ്പിൽ 'ഡോക്ടർ ആകാൻ ആഗ്രഹം ഇല്ലാത്തതിനാൽ മരിക്കുന്നു' എന്നെഴുതിയിരുന്നു.

ഒ.ബി.സി വിഭാഗത്തിൽ 1475-ാം റാങ്കു നേടിയ അനുരാഗിന്റെ വിജയം രാജ്യശ്രദ്ധ നേടിയിരുന്നു. ആദ്യതവണ നീറ്റ് എഴുതിയപ്പോൾ മെഡിക്കൽ സീറ്റ് ലഭിച്ചെങ്കിലും കൂടുതൽ മികച്ച മെഡിക്കൽ കോളേജിൽ പ്രവേശനം കിട്ടാൻ രണ്ടാമതും പരീക്ഷ എഴുതിയെന്നാണ് വിവരം. അനുരാഗിന്റെ സഹോദരി കഴിഞ്ഞ പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ ജില്ലയിൽ ഒന്നാം സ്ഥാനം നേടിയിരുന്നു.

## എം.ബി.ബി.എസിനേക്കാൾ നല്ലത് ബിസിനസ്

ഡോക്ടറാകാൻ ഇഷ്ടമില്ലെന്നും സമ്മർദ്ദം താങ്ങാനാകുന്നില്ലെന്നും അനുരാഗിന്റെ ആത്മഹത്യാക്കുറിപ്പിലുണ്ട്. അഞ്ചുവർഷം എം.ബി.ബി.എസ് പഠിച്ച്, അതിനുശേഷം എം.ഡിയും ചെയ്ത് ഡോക്ടറാകാൻ വയ്യ. ബിസിനസ് ചെയ്താൽ അതിലക്കൂടുതൽ സമ്പാദിക്കാൻ കഴിയുമെന്നും ആത്മഹത്യാക്കുറിപ്പിലുണ്ട്. കൂടുതൽ വിവരങ്ങൾ പോലീസ് പുറത്തുവിട്ടിട്ടില്ല.

അനുരാഗ് വലിയ സമ്മർദ്ദം അനുഭവിച്ചിരുന്നെന്നാണ് പോലീസിന്റെ പ്രാഥമിക നിഗമനം.












# സമദൂരത്തിൽ മാറ്റം, സർക്കാരിനോട് അടുത്ത് എൻ.എസ്.എസ്

കോട്ടയം: ശബരിമല യുവതീ പ്രവേശനം ഉൾപ്പെടെ വിഷയങ്ങളിൽ ഇടഞ്ഞു നിന്നിരുന്ന എൻ.എസ്.എസ് ആഗോള അയ്യപ്പ സംഗമത്തെ പിന്തുണച്ചതിന് പിന്നാലെ ജനറൽ സെക്രട്ടറി ജി.സുകുമാരൻ നായർ നടത്തിയ സർക്കാർ അനുകൂല പരാമർശം യു.ഡി.എഫിനെയും ബി.ജെ.പിയെയും ആശങ്കയിലാക്കി.

ഈ സർക്കാരിൽ വിശ്വാസമാണെന്ന് തുറന്നുപറഞ്ഞ് ശബരിമല വിഷയത്തിൽ സർക്കാരിനെ പിന്തുണയ്ക്കുകയായിരുന്നു എൻ.എസ്.എസ് ജനറൽസെക്രട്ടറി. യു.ഡി.എഫിനെയും ബി.ജെ.പിയും കടുത്ത ഭാഷയിൽ വിമർശിക്കുകയും ചെയ്തു.



സർക്കാർ പക്ഷത്തേക്ക് എൻ.എസ്.എസ് ചാഞ്ഞത് തദ്ദേശ, നിയമസഭാ തിരഞ്ഞെടുപ്പുകളിൽ പ്രതിഫലിക്കുമെന്നാണ് വിലയിരുത്തൽ. പ്രതിപക്ഷ നേതാവ്വി.ഡി.സതീശനുംഎൻ.എസ്.എസ് നേതൃത്വവുമായുള്ള അകൽച്ചയുംകോൺഗ്രസിനെതള്ളിപ്പറയുന്നതിന് ഹേതുവാണെന്ന് കരുതുന്നവരുണ്ട്.

പാർലമെന്റ് തിരഞ്ഞെടുപ്പിലെ തോൽവിക്ക് ശേഷമാണ് എൻ.എസ്.എസിനെ അനുനയിപ്പിക്കാൻ സർക്കാർ മുൻകൈയെടുത്തത്. ചികിത്സയിലായിരുന്ന ജി.സുകുമാരൻ നായരെ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിച്ചത് മഞ്ഞുരുക്കി. മന്ത്രി വാസവനടക്കമുള്ളവർക്ക് കൂടിക്കാഴ്ചകളിലൂടെ സ്ത്രീപ്രവേശന വിഷയത്തിലെ പുതിയ നിലപാട് ബോദ്ധ്യപ്പെടുത്താനുമായി. അയ്യപ്പ സംഗമത്തിന് ക്ഷണിച്ചപ്പോഴും വിശ്വാസ വിഷയത്തിൽ എൻ.എസ്.എസിനൊപ്പമാണ് സർക്കാരെന്ന് ഉറപ്പ് നൽകി. തുടർന്നാണ് വൈസ് പ്രസിഡന്റ് സംഗീത്കുമാർ പങ്കെടുത്തത്. അയ്യപ്പ സംഗമം സർക്കാരിന്റെ തെറ്റുതിരുത്തലെന്നാണ് എൻ.എസ്.എസ് കാഴ്ചപ്പാട്.

### കോൺഗ്രസിന് നിലപാടില്ല; കേന്ദ്രം ഒന്നും ചെയ്തില്ല

കോൺഗ്രസിന്റേത് കള്ളക്കളിയാണെന്ന് സുകുമാരൻ നായർ കുറ്റപ്പെടുത്തി. അവർക്ക് ഉറച്ച നിലപാടില്ല. ഭൂരിപക്ഷ സമുദായത്തെ പരിഗണിക്കുന്നില്ല. ന്യൂനപക്ഷ വോട്ടുകൾ മാത്രമേ ആവശ്യമുള്ളൂ. കേന്ദ്ര സർക്കാർ വിശ്വാസികൾക്കായി ഒന്നും ചെയ്തില്ലെന്നാണ് ബി.ജെ.പിക്കെതിരെ ആരോപണം. നിയമം കൊണ്ടുവരുമെന്ന ഉറപ്പ് പാലിച്ചില്ല. സ്ത്രീപ്രവേശന വിധിക്കെതിരെ എൻ.എസ്.എസ് നാമജപ ഘോഷയാത്ര നടത്തി. കോൺഗ്രസും ബി.ജെ.പിയും വിട്ടുനിന്നു. വിശ്വാസികൾ കൂട്ടത്തോടെ വന്നപ്പോഴാണ് അവരും വന്നത്. ആചാരങ്ങൾ സംരക്ഷിക്കുമെന്ന് മുഖ്യമന്ത്രിയുടെ അറിവോടെ ദേവസ്വം മന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്.

'സന്തോഷകരമായ സമീപനമാണ് സുകുമാരൻ നായരുടേത്. സർക്കാർ നിലപാട് ശരിയാണെന്ന് സ്ഥിരീകരിക്കുന്നതാണ് പ്രതികരണം'' മന്ത്രി വാസവൻ പറഞ്ഞു.

### സമദൂരം വിട്ട് ശരിദൂരത്തിന്

സമദൂരം ഉപേക്ഷിച്ചെന്ന് എൻ.എസ്.എസ്. ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല. മുഖപത്രമായ സർവീസസിൽ പരാമർശംവന്നേക്കാമെന്ന്രാഷ്ട്രീയനിരീക്ഷകർ. എൺപതുകളുടെ അവസാനം സർവീസസിലൂടെയാണ് സമദൂരം എന്ന പരാമർശം നടത്തിയത്. മുൻപ് എൻ.ഡി.പിയെ യു.ഡി.എഫിൽ നിന്ന് പിൻവലിച്ച് എൽ.ഡി.എഫ് പ്രവേശനത്തിന് കരുക്കൾ നീക്കിയെങ്കിലും ഇ.എം.എസിന്റെ ഉപാധികൾ സ്വീകാര്യമായില്ല. മുന്നണിയിലെടുക്കാം, പക്ഷേ, നിയമസഭാ സീറ്റ് നൽകില്ല എന്നാണ് ദൂതൻ വഴി അറിയിച്ചത്. ഇതോടെ പി.കെ. നാരായണപ്പണിക്കർ തുല്യഅകലം എന്ന നിലപാട് പ്രഖ്യാപിക്കുകയായിരുന്നു. ഇതാണ് ക്രമേണ സമദൂരമാത്. യു.ഡി.എഫുമായി അടുപ്പം പുലർത്തിയ നേതൃത്വം പലപ്പോഴും സമദൂരത്തിൽ ശരിദൂരവും കണ്ടെത്തി.













# എൻ.എം.വിജയന്റെ ബാങ്ക് ബാദ്ധ്യത കെ.പി.സി.സി അടച്ചു തീർത്തു

കൽപ്പറ്റ: വയനാട് മുൻ ഡി.സി.സി ട്രഷററായിരുന്നു എൻ.എം. വിജയന് സുൽത്താൻ ബത്തേരി അർബൻ ബാങ്കിൽ ബാദ്ധ്യതയായുണ്ടായിരുന്ന 58, 23,047 രൂപ കെ.പി.സി.സി നേതൃത്വം ബാങ്കിൽ അടച്ചു. 69,53,727 രൂപയുടെ ബാദ്ധ്യതയാണ് ബാങ്കിലുണ്ടായിരുന്നത്. പലിശയും പിഴപ്പലിശയും ഒഴിവാക്കി 59,35,547 രൂപയാണ്. ബാങ്കിൽ ലോണെടുക്കുമ്പോൾ പിടിക്കുന്ന ഷെയർ തുകയായ 1,12,500 രൂപ കഴിച്ചുള്ള തുകയാണ് കെ.പി.സി.സി അടച്ചത്.

ബാങ്കിന്റെ ബാദ്ധ്യത സംബന്ധിച്ച പ്രശ്നം തീർന്നെങ്കിലും ബാങ്കിൽ പണയമായി വച്ച വസ്തുവിന്റെ ആധാരം തിരികെ നൽകുന്നതിന് നിയമപരമായ പ്രശ്നമുണ്ട്. വിജയൻ നോമിനിയായി ബാങ്കിൽ കാണിച്ചിരിക്കുന്നത് ഭാര്യ സുമയുടെ പേരാണ്. ഇവർ നേരത്തെ മരണപ്പെട്ടിരുന്നു. നേതൃത്വമുണ്ടാക്കിയ ബാദ്ധ്യതയെ തുടർന്ന് വിജയനും മകൻ ജിജേഷും ആത്മഹത്യ ചെയ്തതോടെ മൂത്ത മകൻ വിജേഷാണ് ഇനിയുള്ള അവകാശിയെന്ന് തെളിയിക്കണം. അതിന്റെ നടപടിക്രമങ്ങൾ പൂർത്തികരിക്കുന്നതോടെ വസ്തുവിന്റെ ആധാരം കൈമാറുന്നതിന് തടസമില്ലെന്ന് ബാങ്ക് ചെയർമാൻ വ്യക്തമാക്കി.

എൻ.എം.വിജയന്റെ ബാദ്ധ്യത ഏറ്റെടുക്കാമെന്ന് കെ.പി.സി.സി നേരത്തെ തന്നെ പറഞ്ഞിരുന്നതാണ്. പാർട്ടി തീരുമാനമെടുക്കുന്നത് വരെ ബാങ്ക് നിയമപരമായ ഒരു നടപടിയും സ്വീകരിക്കരുതെന്നാണ്. അതനുസരിച്ച് ഒരു നോട്ടീസ് പോലും വിജയന്റെ കുടുംബത്തിന് അയച്ചില്ലെന്ന് അർബൻ ബാങ്ക് ചെയർമാൻ ഡിപി.രാജശേഖരൻ പറഞ്ഞു.

പറഞ്ഞ കാര്യങ്ങളെല്ലാം ലംഘിക്കപ്പെട്ടതിനാലാണ് കെ.പി.സി.സിക്ക് അന്ത്യശാസനം നൽകേണ്ടി വന്നതെന്ന് എൻ.എം.വിജയന്റെ മരുമകൾ പത്മജ പറഞ്ഞു. വിജയന് സുൽത്താൻ ബത്തേരി അർബൻ ബാങ്കിലുണ്ടായ കട ബാദ്ധ്യത കെ.പി.സി.സി അടച്ചുതീർത്തതിനെപ്പറ്റിയുള്ള വാർത്താ ലേഖകരുടെ ചോദ്യത്തിനോട് പ്രതികരിക്കുകയായിരുന്നു പത്മജ. അച്ഛൻ വ്യക്തമായി പറഞ്ഞിട്ടുണ്ട് പാർട്ടിക്ക് വേണ്ടി വച്ചിട്ടുള്ള ബാദ്ധ്യതയാണെന്ന്. അത് കിട്ടേണ്ടത് ഞങ്ങളുടെ ആവശ്യമാണ്. ഒക്ടോബർ രണ്ട് മുതൽ വയനാട് ഡി.സി.സിക്ക് മുന്നിൽ നിരാഹാരമിരിക്കാനായിരുന്നു തീരുമാനം. ബാങ്കിലെ ബാദ്ധ്യത അടച്ചതിനെപ്പറ്റി കെ.പി.സി.സി നേതൃത്വമോ ഉപസമിതിയോ തന്നെയോ കുടുംബത്തെയോ അറിയിച്ചിട്ടില്ലെന്നും പത്മജ പറഞ്ഞു.

എൻ.എം വിജയന്റെ കുടുംബവുമായി ബന്ധപ്പെട്ട മുഴുവൻ ഉറപ്പുകളും കോൺഗ്രസ് പാലിച്ചെന്ന് ടി. സിദ്ധിഖ് എം.എൽ.എ. 20 ലക്ഷം രൂപ എൻ.എം വിജയന്റെ കുടുംബത്തിന് നേരിട്ട് ചെക്ക് മുഖാന്തിരം നൽകി. 23 ലക്ഷത്തോളം രൂപയുടെ അഹല്യ ഫിനാൻസിലെബാദ്ധ്യതയുംപാർട്ടിഏറ്റെടുത്ത് തീർത്തിരുന്നു. സുൽത്താൻ ബത്തേരി അർബൻ ബാങ്കിൽ വിജയൻ താമസിച്ചിരുന്ന വീടിന്റെ പ്രമാണമാണ് ബാങ്കിൽ നിന്ന് എടുക്കാനുണ്ടായിരുന്നത്. 69,53000 രൂപ ഇതുമായി ബന്ധപ്പെട്ട് അടയ്ക്കാനുണ്ടായിരുന്നു.















# മനുഷ്യത്വത്തെ നോക്കുകുത്തിയാക്കി 'ജനമൈത്രി' പ്പെരുമ



ബാബു കദളിക്കാട്





വിളവു തിന്നുന്ന വേലി എന്ന ഭാഷാ പ്രയോഗം 'ഞങ്ങളെയുദ്ദേശിച്ചാണ്, ഞങ്ങളെ മാത്രമുദ്ദേശിച്ചാണ്' എന്ന് കേരള പോലീസ് ആവർത്തിച്ചു പറയുന്നതായി ജനങ്ങൾക്കു തോന്നുമ്പോൾ സർക്കാരിന്റെ ഇച്ഛാശക്തിയുടെയും കാര്യക്ഷമതയുടെയും ഗ്രാഫ് അടിക്കടി താഴുന്നു. മുഖ്യമന്ത്രി തന്നെ ആഭ്യന്തര വകുപ്പു ഭരിക്കുമ്പോഴാണീ ദുരവസ്ഥ. കേരള പോലീസിന്റെ അന്വേഷണ മികവ് ഹാർവാഡ് അടക്കം ആറ് അമേരിക്കൻ സർവകലാശാലകളിൽ പഠനവിധേയമാകുന്ന നേരത്തും മനുഷ്യത്വരഹിത ശൈലി വിട്ടൊഴിയുന്നില്ല.

നിയമം സംരക്ഷിക്കേണ്ടവർ സ്വന്ത ഇഷ്ടപ്രകാരം നിയമം കൈയിലെടുക്കുമ്പോൾ സമൂഹത്തിന്റെ നീതിന്യായ വ്യവസ്ഥയുടെ അടിത്തറയാണിളകുന്നത്. അടുത്തിടെ പുറത്തുവന്ന കുന്നംകുളം പോലീസ് സ്റ്റേഷനിലെ മർദന ദൃശ്യങ്ങൾ നാടിനെ ഞെട്ടിച്ചു. യൂത്ത് കോൺഗ്രസ്സ് നേതാവ് സുജിത്തിനെ അതിക്രൂരമായി മർദിക്കുന്ന സി.സി. ടി.വി ദൃശ്യങ്ങൾ നീണ്ട നിയമ പോരാട്ടത്തിനൊടുവിലാണ് പുറത്തുകൊണ്ടുവരാനായത്. സാധാരണ ട്രാഫിക് നിയമലംഘനത്തിന്റെ പേരിൽ തുടങ്ങിയ വാക്കുതർക്കം, പോലീസിന്റെ അധികാര മനോഭാവം കാരണം ക്രൂരമായ അതിക്രമമായി. ഹെൽമെറ്റിന്റെ പേരിൽ തുടങ്ങിയ തർക്കം, പോലീസ് സ്റ്റേഷനുള്ളിൽ അരങ്ങേറിയ ക്രൂര മർദനത്തിന് വഴിമാറി. അധികാരം മറയാക്കി നിയമം ലംഘിക്കപ്പെട്ടു. പോലീസ് ഗുണ്ടായിസത്തിന്റെ കൂടുതൽ വിവരങ്ങൾ തുടർന്ന് പുറത്തുവന്നു.

ലോക്കപ്പ് മർദനം എന്ന പഴയകാല പ്രയോഗം വീണ്ടും കേരളത്തെ ഓർമിപ്പിച്ചു കുന്നംകുളം പോലീസ് സ്റ്റേഷൻ. സുജിത്തിന്റെ ശരീരത്തിൽ കഠിന മർദനമേറ്റതിന്റെ പാടുകൾ ക്രൂരതയുടെ വ്യക്തമായ രേഖകളായി. ഒരു വ്യക്തിയെ കസ്റ്റഡിയിലെടുത്താൽ പാലിക്കേണ്ട നിയമപരമായ യാതൊരു നടപടിക്രമങ്ങളും അവിടെ പാലിക്കപ്പെട്ടില്ല. കേസ് പോലും രജിസ്റ്റർ ചെയ്യാതെയുള്ള അതിക്രമം. പോലീസ് സ്റ്റേഷൻ നീതിന്യായ സ്ഥാപനമെന്നത് മാറി അധികാരം ഉപയോഗിച്ച് അടിച്ചമർത്താനുള്ള ഗുണ്ടാ കേന്ദ്രമായി അധഃപതിച്ചെന്ന് തെളിയിക്കുന്ന സംഭവമാണ് നടന്നത്. ഏത് നിയമവിരുദ്ധ പ്രവൃത്തി ചെയ്താലും പോലീസ് ശിക്ഷിക്കപ്പെടില്ലെന്ന ഉറപ്പാണ് വീണ്ടും വീണ്ടും കാട്ടാളത്തം കാട്ടാൻ ധൈര്യം നൽകുന്നത്.

കേരള പോലീസ് സ്വയം വിശേഷിപ്പിക്കുന്നത് 'ജനമൈത്രി' പോലീസ് എന്നാണ്. എന്നാൽ, യാഥാർഥ്യം പലപ്പോഴും നേരെ വിപരീതവും. ജനങ്ങളോടുള്ള സൗഹൃദം വെറും മുദ്രാവാക്യം. അധികാരത്തിന്റെ ദുരുപയോഗം ആണ് പല സംഭവങ്ങളിലും പ്രകടമാകുന്നത്. ഇതിന് മുമ്പും കേരള പോലീസിന്റെ ഭാഗത്ത് നിന്ന് ഇത്തരം ക്രൂരമായ പ്രവൃത്തികൾ ഉണ്ടായിട്ടുണ്ട്. സ്റ്റേഷനുകളിൽ പ്രതികൾ മരിക്കുന്ന സംഭവങ്ങൾ ഇടയ്ക്കിടെ ആവർത്തിക്കുന്നു. സംശയത്തിന്റെ പേരിൽ കസ്റ്റഡിയിലെടുക്കുന്ന ഒരാളുടെ ജീവന് സംരക്ഷണം നൽകേണ്ടത് പോലീസിന്റെ ഉത്തരവാദിത്വമാണെന്നിരിക്കേ ലോക്കപ്പ് മർദനങ്ങൾ മരണങ്ങളിലേക്ക് നയിക്കുന്നു. ശ്രീജിത്ത്, വിനായകൻ, കസ്റ്റംസ് ഉദ്യോഗസ്ഥൻ ഷാജഹാൻ എന്നിങ്ങനെ പലരും കസ്റ്റഡിയിൽ കൊല്ലപ്പെട്ടത് കേരള പോലീസിന്റെ ക്രൂരത വെളിപ്പെടുത്തി.

ഈ സംഭവങ്ങളെക്കുറിച്ച് ജുഡീഷ്യൽ കമ്മീഷനുകൾ നടത്തിയ അന്വേഷണ റിപ്പോർട്ടുകൾ പോലീസിന്റെ ഭാഗത്ത് നിന്നുണ്ടായ ഗുരുതര വീഴ്ചകൾ ചൂണ്ടിക്കാണിച്ചു. എന്നിട്ടും കുറ്റവാളികളായ ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടുന്നു, സർവീസിൽ തുടരുന്നു. 2006 ൽ ഇടതു മുന്നണിയുടെ ഭരണം വന്നപ്പോൾ മുതൽ പോലീസിന് പുതിയ മുഖം നൽകാൻ ശ്രമം നടത്തിയെന്നും അതു ഗുണം ചെയ്തെന്നുമുള്ള വാദവുമായാണ് പോലീസ് അതിക്രമത്തെപ്പറ്റിയുള്ള പ്രതിപക്ഷത്തിന്റെ വിമർശത്തെ നിയമസഭയിൽ മുഖ്യമന്ത്രി പ്രതിരോധിച്ചത്.

'2006-11 കഴിഞ്ഞതിന് ശേഷം പിന്നെ ഇടതു മുന്നണി ഭരണത്തിൽ വരുന്നത് 2016 നാണ്. നിപ ബാധിച്ച ഘട്ടം, പ്രളയം, കാലവർഷക്കെടുതി, കോവിഡ് തുടങ്ങിയ ഘട്ടങ്ങളിൽ വളരെ വ്യത്യസ്തമായ ഒരു മുഖമായിരുന്നു കേരളാ പോലീസിന്റേത്. അത് ജനോന്മുഖമായിരുന്നു.' ചിലർ മാത്രമാണ് പ്രശ്നക്കാരെന്നും അവർക്കെതിരെ ശക്തമായ നടപടിയെടുക്കുന്നതായുമുള്ള മുഖ്യമന്ത്രിയുടെ വിശദീകരണവും പതിവു പോലെയുണ്ടായി.

സംസ്ഥാന പോലീസ് ഇന്റലിജൻസ് മേധാവി പി.വിജയന്റെ ഔദ്യോഗിക ജീവിതം ഹാർവാഡ് അടക്കം ആറ് അമേരിക്കൻ സർവകലാശാലകളിൽ പഠനഗ്രന്ഥമാക്കിയത് എന്തായാലും മുഖ്യമന്ത്രി നിയമസഭയിലെ തന്റെ അവകാശവാദങ്ങളുടെ ഭാഗമാക്കിയില്ല. പി.വിജയനോട് മുഖ്യമന്ത്രിക്കുള്ള അതൃപ്തിയാകാം അതിനു കാരണമെന്ന് അദ്ദേഹത്തിന്റെ സഹപ്രവർത്തകർ പറയുന്നു. കേരള പോലീസിന്റെ എക്കാലത്തെയും തിളക്കമാർന്ന കുറ്റന്വേഷണ ഏടായ ചേലേമ്പ്ര ബാങ്ക് കൊള്ളയടിക്കേസാണ് അന്താരാഷ്ട്ര തലത്തിൽ പഠന വിധേയമാകുന്നത്. 2007 ൽ സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിലെ 80 കിലോ സ്വർണവും 25 ലക്ഷം രൂപയുമടക്കം എട്ടു കോടി രൂപയുടെ സ്വത്താണ് കൊള്ളയടിച്ചത്. സംഭവം നടക്കുമ്പോൾ മലപ്പുറം എസ്.പിയായിരുന്നു പി. വിജയൻ. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നടന്ന ശാസ്ത്രീയ അന്വേഷണം കുറ്റവാളികളെ 56 ദിവസത്തിനുള്ളിൽ അകത്താക്കി.

സങ്കേതിക സംവിധാനങ്ങൾ ഇത്രത്തോളമില്ലാതിരുന്ന അക്കാലത്ത് രണ്ടു ലക്ഷത്തിലേറെ ഫോൺവിളികൾ പരിശോധിച്ചും ഇരുനൂറിലേറെപ്പേരെ ചോദ്യം ചെയ്തുമാണ് അതിവേഗം നാലംഗ സംഘത്തെ കുടുക്കിയത്. ഈ കേസന്വേഷണത്തെക്കുറിച്ച് ബംഗാളി എഴുത്തുകാൻ അനിർബൻ ഭട്ടാചാര്യ എഴുതിയ 'ഇന്ത്യാസ് മണി ഹെയ്സ്റ്റ്' എന്ന പുസ്തകമാണ് സർവകലാശാലകൾ റഫറൻസ് ഗ്രന്ഥമാക്കിയിട്ടുള്ളത്. പെൻസിൽവാനിയ, സൈർക്കോസ്, ടെക്സസ് തുടങ്ങി ആറു സർവകലാശാലകളിൽ പോലീസ് സയൻസ്, ക്രിമിനോളജി വിദ്യാർഥികളാണ് ഇത് റഫർ ചെയ്യുക. കേരള പോലീസിന്റെ അന്വേഷണമികവ് വിദേശ സർവകലാശാലകളിൽ പഠനവിഷയമാവുന്നത് ആദ്യമാണ്.

## പരിശീലനം, പീഡനം

'അടിക്കാൻ അധികാരമുള്ളവർ' എന്ന മനോഭാവം പോലീസ് സേനയിലെ ഒരു വിഭാഗം ഉദ്യോഗസ്ഥരിൽ രൂഢമൂലമായുണ്ട്. ഇത് അവരുടെ പരിശീലനത്തിലെ പാളിച്ചകളെയും മാനസികമായ അവസ്ഥകളെയും സൂചിപ്പിക്കുന്നു. 'മൃദുഭവേ ദൃഢകൃത്യേ' എന്നതാണ് കേരള പോലീസിന്റെ ആപ്തവാക്യം. മൃദുവായ സ്വഭാവവും ദൃഢമായ പ്രവർത്തനവും എന്ന് ഈ സംസ്കൃത വാക്യത്തിന്റെ അർഥം പോലീസ് ഓർക്കുന്നതായി ജനങ്ങൾക്കു തോന്നുന്നില്ല. ജോലിഭാരം, സമ്മർദം, സമൂഹത്തിൽ നിന്ന് നേരിടുന്ന വെല്ലുവിളികൾ എന്നിവ പോലീസുകാരന്റെ മാനസികാവസ്ഥയെ ബാധിക്കാം. എന്നാൽ, ഇതിന്റെയെല്ലാം ഫലം നിരപരാധികളായ പൊതുജനങ്ങളിൽ അടിച്ചേൽപ്പിക്കുന്നതിനെ ന്യായീകരിക്കാനാവില്ല.



പോലീസ് ട്രെയിനിംഗ് ക്യാമ്പുകളിലെ പീഡനങ്ങളെക്കുറിച്ചുള്ള പരാതികളും ഗൗരവതരം. ട്രെയിനിംഗിന്റെ പേരിൽ മനുഷ്യത്വരഹിതമായതും അടിമപ്പണിക്ക് തുല്യമായതുമായ പല കാര്യങ്ങളും നടക്കാറുണ്ട്. മേലുദ്യോഗസ്ഥരാകട്ടെ, ട്രെയിനിംഗ് നൽകുന്നവരുടെ വാക്കുകൾ മാത്രമേ വിലയ്ക്കെടുക്കാറുള്ളൂ. ട്രെയിനികളുടെ പരാതികൾ ആരും കേൾക്കാറില്ലെന്നു മാത്രമല്ല, കൂടുതൽ ശിക്ഷ ഭയന്ന് ട്രെയിനികൾ പരാതി പറയാൻ ശ്രമിക്കാറുമില്ല. വളരെക്കാലം കാത്തിരുന്ന് പഠിച്ച് പരീക്ഷയെഴുതിയാണ് ഭൂരിപക്ഷം പേരും ജോലിയിൽ കയറിക്കൂടുന്നത്. ഒരാൾക്ക് ജോലി കിട്ടുമ്പോൾ അയാളെ ആശ്രയിച്ചു കഴിയുന്ന ഒരു കുടുംബം കൂടിയാണ് രക്ഷപ്പെടുന്നത്. കുടുംബത്തെ ഓർത്ത് പലരും എന്തും സഹിക്കാൻ തയ്യാറാകുന്നു. എന്നാൽ പരിധി കഴിഞ്ഞാൽ ചിലർക്കെങ്കിലും പിടിച്ചുനിൽക്കാനാകില്ല.

പേരൂർക്കട എസ്.എ.പി ക്യാമ്പിൽ പോലീസ് ട്രെയിനിയായ ആനന്ദ് എന്ന ആദിവാസി യുവാവിനെ ബാരക്കിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവം ഒറ്റപ്പെട്ട ഒന്നല്ല. രണ്ടു ദിവസം മുമ്പ് കൈഞരമ്പു മുറിച്ച് ഇതേ യുവാവ് ആത്മഹത്യക്ക് ശ്രമിച്ചിരുന്നു. അപ്പോൾത്തന്നെ മുതിർന്ന ഉദ്യോഗസ്ഥർ പ്രശ്നത്തിൽ ഇടപെടുകയും ഈ യുവാവിനെ മാനസിക സമ്മർദ്ദത്തിലാക്കിയ കാരണങ്ങൾ അന്വേഷിക്കുകയും അതു പരിഹരിക്കാൻ യുക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നെങ്കിൽ വിതുര സ്വദേശിയായ ഈ ഇരുപത്തിനാലുകാരന്റെ ജീവൻ രക്ഷിക്കാമായിരുന്നു. അതുണ്ടായില്ലെന്നു മാത്രമല്ല, വേണ്ടത്ര സുരക്ഷയില്ലാതെ ഇയാളെ പാർപ്പിക്കുകയാണ് ചെയ്തത്. ആദ്യത്തെ ആത്മഹത്യാശ്രമത്തിനു ശേഷം ആനന്ദിനോട് സംസാരിക്കുന്നതിൽ നിന്ന് മറ്റുള്ളവരെ വിലക്കിയതായും, അന്വേഷണമുണ്ടായാൽ ഈ യുവാവിന് മാനസിക അസ്വാസ്ഥ്യമുണ്ടായിരുന്നതായി പറയണമെന്ന് നിർദ്ദേശിച്ചിരുന്നതായും ആരോപണമുണ്ട്.

ഉദ്യോഗസ്ഥരുടെ മാനസിക പീഡനത്തെത്തുടർന്നാണ് ആനന്ദ് ആത്മഹത്യ ചെയ്തതെന്നു ബന്ധുക്കൾ പറയുന്നു. ഇക്കാര്യം ഉന്നയിച്ച് പേരൂർക്കട പോലീസിൽ പരാതി നൽകിയിട്ടുമുണ്ട്. ചികിത്സയിലായിരുന്ന ആനന്ദിനെ നോക്കാൻ ബാരക്കിൽ ഒപ്പമുണ്ടായിരുന്ന ഉദ്യോഗസ്ഥൻ പുറത്തു പോയപ്പോഴാണ് തൂങ്ങിമരണം ഉണ്ടായത്. ഗ്രൗണ്ടിലെ പരിശീലനം കഴിഞ്ഞ് മടങ്ങിയെത്തിയവരാണ് ഫാനിൽ തൂങ്ങി മരിച്ച നിലയിൽ ആനന്ദിനെ കണ്ടെത്തിയത്. ഡിഗ്രി പഠനം കഴിഞ്ഞ് ആനന്ദ് ഏറെനാൾ പെയിന്റിംഗ് ജോലിക്കു പോയിരുന്നു. ഇതിനിടയിലാണ് പി.എസ്.സി പാസായി പൊലീസിൽ പ്രവേശിച്ചത്. തൊഴിലുറപ്പ് തൊഴിലാളിയാണ് അമ്മ. എല്ലാവരുടെയും മുന്നിൽവച്ച് ആനന്ദിനോട് ഹവീൽദാർമാർ മോശമായി പെരുമാറിയതായി ക്യാമ്പിലെ ഉദ്യോഗസ്ഥൻ വെളിപ്പെടുത്തുന്ന ശബ്ദരേഖ പുറത്തു പ്രചരിക്കുന്നുണ്ട്. ഇതിന്റെയെല്ലാം നിജസ്ഥിതി വിശദമായ അന്വേഷണത്തിലൂടെ മാത്രമേ പുറത്തുവരൂ.

ചെറിയ തെറ്റുകൾക്കു പോലും പരിശീലന കാലയളവിൽ പൊലീസ് ക്യാമ്പിൽ അതിക്രൂരമായ ശാരീരിക ശിക്ഷകളാണ് നൽകുന്നതെന്ന് നേരത്തേ തന്നെ പരാതികൾ ഉണ്ടായിട്ടുള്ളതാണ്. തോന്നിയ ശിക്ഷ നൽകാനുള്ള അധികാരം പരിശീലകർക്ക് നൽകാൻ പാടില്ലെന്ന് വിദഗ്ധർ പറയുന്നു. അച്ചടക്കം പാലിക്കാൻ ആവശ്യമായ ശിക്ഷകൾ മാത്രമേ നൽകാൻ പാടുള്ളൂ. ഇക്കാര്യങ്ങളിലൊക്കെ മുതിർന്ന ഉദ്യോഗസ്ഥരുടെ ഇടപെടൽ ആവശ്യം. പോലീസ് ജനങ്ങളോട് ക്രൂരമായി പെരുമാറുന്നുണ്ടെങ്കിൽ അതിന്റെയൊക്കെ അടിവേരുകൾ ഇത്തരം അപരിഷ്കൃതമായ പരിശീലനങ്ങളിൽ കുടികൊള്ളുന്നുണ്ട്.

പോലീസിനു നൽകുന്ന പരിശീലനം കലോചിതമായ പുനപ്പരിശോധനയ്ക്കു വിധേയമാക്കാൻ ആഭ്യന്തരവകുപ്പ് തയ്യാറകേണ്ട കാലം അതിക്രമിച്ചു.



# വല്യേട്ടന് പിന്നാലെ ഓടിക്കിതച്ച് സി.പി.ഐ

ഒരു ദേശീയ പാർട്ടിയുടെ അഖിലേന്ത്യാ സമ്മേളനം രാജ്യ വ്യാപക ശ്രദ്ധ പിടിച്ചുപറ്റേണ്ട ഒന്ന് തന്നെ. എന്നാൽ ദേശീയ പാർട്ടി പദവി പോലും കൈമോശം വന്നാൽ എന്ത് ചെയ്യും? ഛണ്ഡീഗഡിൽ നടന്ന സി.പി.ഐ പാർട്ടി കോൺഗ്രസിൽ ദേശീയ നേതൃത്വത്തിനെതിരെ രൂക്ഷ വിമർശനവുമായി കേരള ഘടകം രംഗത്ത് വരുന്ന കാഴ്ച കണ്ടവർക്ക് അറിയാം ആ രോഷം.

സർവ്വതും കളഞ്ഞുകുളിച്ചൊരു പ്രസ്ഥാനം. വിപ്ലവത്തിന്റെ ശേഷപത്രം നോക്കിയാൽ ഇന്നത്തെ ഇന്ത്യൻ പശ്ചാത്തലത്തിൽ അവകാശപ്പെടാൻ ഏറെയൊന്നും ഇല്ലാത്ത രാഷ്ട്രീയകക്ഷി. ഇക്കഴിഞ്ഞ ദിവസങ്ങളിൽ ആ പാർട്ടിയെ സ്നേഹിക്കുന്നവർ ആകുലതയോടെ ചിന്തിച്ച ഒരേയൊരു കാര്യം നേതാക്കളുടെ പ്രായപരിധി സംബന്ധിച്ചാണ്. വാസ്തവത്തിൽ അതാണോ ഇന്ന് പാർട്ടി നേരിടുന്ന ജീവൽ പ്രശ്നം?

ഇന്ത്യൻ രാഷ്ട്രീയത്തിൽ സ്വന്തമായുണ്ടായിരുന്ന രാഷ്ട്രീയ അസ്ഥിത്വം കൈമോശം വന്നത് എവിടെ എന്ന് ചിന്തിക്കേണ്ട സമയത്താണ് കേവലം പ്രായപരിധിയുടെ പേരിലുള്ള ഞാണിന്മേൽകളി. ഒന്നോർത്താൽ കേരള ഘടകത്തിന്റെ വിമർശനങ്ങൾ പ്രസക്തമാകുന്നത് ഇതെല്ലാം കാണുമ്പോഴാണ്.

പാർട്ടി കോൺഗ്രസ് എത്ര കേമമായാലും രാഷ്ട്രീയത്തിൽ പ്രസക്തി നഷ്ടപ്പെടുന്ന ഒരു പ്രസ്ഥാനമായി സി.പി.ഐ മാറുന്നത് യഥാർത്ഥ കമ്മ്യൂണിസ്റ്റുകാർ എന്ന് സ്വയം വിചാരിക്കുന്നവർക്ക് മടുപ്പുളളവാക്കുന്ന കാര്യം തന്നെ.

സംസ്ഥാനത്തെ സി.പി.ഐയുടെ നില നോക്കുക. രാഷ്ട്രീയ കക്ഷി എന്ന നിലയിൽ സ്വന്തം അസ്ഥിത്വം ചോദ്യം ചെയ്യപ്പെടുന്ന അവസ്ഥയിലാണ് അവർ. ദേശീയ നേതൃത്വത്തിന് യുവാക്കളെ അടക്കം ആകർഷിക്കാൻ ഒരു പരിപാടിയും ഇല്ല. കഴിഞ്ഞ പാർട്ടി കോൺഗ്രസിന് ശേഷം കാര്യമായി ഒരു പരിപാടിയും സംഘടിപ്പിച്ചില്ലെന്നും വിമർശനം വന്നു. താനും കുടുംബവും മതി പാർട്ടിയിൽ എന്നാണ് ചിലരുടെ നയം എന്നും പ്രതിനിധികൾ സി.പി. ഐയുടെ സംസ്ഥാന സമ്മേളനത്തിൽ വിളിച്ചുപറഞ്ഞു. അതിനിടെ, പ്രായപരിധി കർശനമായി പാലിക്കണമെന്ന കേരളത്തിന്റെ നിലപാടിനോട് തമിഴ്നാട്, ആന്ധ്ര ഘടകങ്ങളും യോജിച്ചത് പാർട്ടി കോൺഗ്രസിന് ദേശീയ നേതൃത്വത്തിന് വെല്ലുവിളിയായി.

എഴുപത്തഞ്ച് കഴിഞ്ഞവർ മാറാണം എന്ന് കേരള ഘടകം നിർദേശിച്ചിരുന്നു.



ഛണ്ഡീഗഡിൽ നടന്ന സി.പി.ഐ പാർട്ടി കോൺഗ്രസിൽ ദേശീയ നേതൃത്വത്തിനു എതിരെ രൂക്ഷ വിമർശനവുമായി കേരള ഘടകം രംഗത്ത് വന്നത് ഈ പശ്ചാത്തലത്തിലാണ്.

ദേശീയ നേതൃത്വത്തിനു യുവാക്കളെ ആകർഷിക്കാൻ ഒരു പരിപാടിയും ഇല്ല. കഴിഞ്ഞ പാർട്ടി കോൺഗ്രസിന് ശേഷം കാര്യമായി ഒരു പരിപാടിയും സംഘടിപ്പിച്ചില്ലെന്നും വിമർശനം. സംസ്ഥാന സമ്മേളനത്തിൽ തിരുവനന്തപുരത്ത് നിന്നുള്ള ലതാ ദേവിയാണ് ഇക്കാര്യം ചർച്ചയിൽ പറഞ്ഞത്. താനും കുടുംബവും മതി പാർട്ടിയിൽ എന്നാണ് ചിലരുടെ നയം എന്നും പ്രതിനിധികൾ. പ്രായപരിധി കർശനമായി പാലിക്കണമെന്ന കേരളത്തിന്റെ നിലപാടിനോട് തമിഴ്നാട്, ആന്ധ്ര ഘടകങ്ങളും യോജിച്ചു. എഴുപത്തഞ്ച് കഴിഞ്ഞവർ മാറണം എന്ന് സി.പി.ഐ പാർട്ടി കോൺഗ്രസിൽ കേരള ഘടകം നിർദേശിച്ചിരുന്നു. അത് യാഥാർത്ഥ്യമാകുന്ന കാഴ്ചയിലേക്ക് ആണ് കാര്യങ്ങൾ നീങ്ങിയത്.

## പിരിവോട് പിരിവ്

കണക്കിന്റെ കളികളാണ്. സംഭാവനയായി കിട്ടുന്ന പണത്തിന്റെ, പുറമേ പറയുന്ന ഔദ്യോഗിക കണക്കുകൾ പോലും സാധാരണ പാർട്ടി പ്രവർത്തകനെ ഞെട്ടിക്കുന്നതാണ്. കഴിഞ്ഞവർഷം, സി.പി.എമ്മിന് കേരളമുൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽനിന്നു ലഭിച്ച മൊത്തം സംഭാവന 7.64 കോടി രൂപയാണ്. തിരഞ്ഞെടുപ്പ് കമ്മിഷന് പാർട്ടികൾ നൽകിയ കണക്കിലാണ് സംഭാവനയിൽ സി.പി.ഐ, സി.പി.എമ്മിനെ കടത്തിവെട്ടുന്നത്. സി.പി.ഐ ജനറൽ സെക്രട്ടറി ഡി.രാജയും സി.പി.എമ്മിൽ ജനറൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന പ്രകാശ് കാരാട്ടുമാണ് അന്ന് കണക്കുകൾ കമ്മിഷനു നൽകിയത്. ഈ കണക്ക് കമ്മിഷൻ വെബ്സൈറ്റിൽപരസ്യപ്പെടുത്തിയിട്ടുണ്ട്. എം‌പിമാരുടെ ലെവിയും സംസ്ഥാന കൗൺസിലുകളുടെ സംഭാവനയും വെളിപ്പെടുത്തിയ രാജ്യത്തുനിന്നും മൊത്തം ലഭിച്ചത് 11.59 കോടി രൂപ.

അഖിലേന്ത്യാ നേതൃത്വത്തെ കേരള ഘടകം വിമർശിക്കുമ്പോൾ തന്നെ കേരളത്തിൽ ഘടക കക്ഷിയും വല്യേട്ടനുമായ സി.പി.എമ്മിനെ തിരുത്താൻ സി.പി.ഐക്ക് കഴിയുന്നില്ലെന്ന വിമർശനം ആ പാർട്ടിയുടെ രാഷ്ട്രീയ പ്രമേയത്തിൽ സംസ്ഥാന സമ്മേളനം ചൂണ്ടിക്കാട്ടി. സർക്കാരിനെതിരെ വേറിട്ട ശബ്ദമാകാൻ നേതൃത്വത്തിന് കഴിയുന്നില്ല.

സി.പി.ഐ മന്ത്രിമാരുടെ വകുപ്പുകൾക്ക് ധനവകുപ്പിൽ നിന്ന് ആവശ്യമായ പണം വാങ്ങിയെടുക്കാൻ പോലും പാർട്ടിക്ക് കഴിയുന്നില്ല. ആഭ്യന്തരവകുപ്പിനെതിരെയും രൂക്ഷമായ വിമർശനം സി.പി.ഐ സംസ്ഥാന സമ്മേളനം ഉയർത്തി. യുവനിരയെ നേതൃത്വത്തിലേക്ക് കൊണ്ടുവന്ന് പാർട്ടിയെ ശക്തിപ്പെടുത്തണം. മുന്നണിയിൽ സി.പി.എം പറയുന്നതിനപ്പുറം എന്തെങ്കിലും ചെയ്യാൻ പാർട്ടിക്ക് കഴിയുന്നില്ല. കരിമണൽ ഖനനം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പാർട്ടി റിപ്പോർട്ട് മൗനം പാലിച്ചത് വിമർശനത്തിന് ഇടയാക്കി.


പാർട്ടിയിൽ ഏറെക്കാലം അധികാരം കയ്യാളിയ കെ.ഇ .ഇസ്മയിലിനെ പോലുള്ളവർ സി.പി.ഐയെ നിർണായക ഘട്ടങ്ങളിൽ പ്രതിസന്ധിയിലാക്കുന്നുവെന്ന പ്രശ്നവും ഉടലെടുത്തു. അതേ സമയം, ജനറൽ സെക്രട്ടറി സ്ഥാനത്ത് ഡി. രാജ മാറുന്നതിൽ തർക്കം നിലനിൽക്കെപാർട്ടിയിൽമുരടിപ്പെന്ന്സി. പി.ഐ സംഘടനാ റിപ്പോർട്ട് പുറത്തു വന്നിരുന്നു. കാലാകാലം നേതാക്കൾ ഒരേ സ്ഥാനത്ത് ഇരിക്കുന്നത് പാർട്ടിയുടെ ഊർജം കെടുത്തുന്നു. എപ്പോഴും വലിയ പാർട്ടികളെ ആശ്രയിച്ച് നിൽക്കാതെ ഒറ്റയ്ക്ക് വളരണം എന്നും ഇരുപത്തഞ്ചാം പാർട്ടി കോൺഗ്രസിന്റെ സംഘടന റിപ്പോർട്ടിൽ പറയുന്നു. ഡി. രാജക്ക് പ്രയപരിധിയിൽ ഇളവ് നൽകാൻ ആകില്ലെന്ന് ബിനോയ് വിശ്വം പറഞ്ഞു.

കാലാകാലം നേതാക്കൾ മാറാതിരിക്കുന്നത് പാർട്ടിയിൽ മുരടിപ്പിന് ഇടയാക്കുന്നു. യുവാക്കളെയും സ്ത്രീകളെയും നേതൃത്വത്തിലേക്ക് കൊണ്ടുവരണം. അന്യ പ്രവണതകൾ പാർട്ടിയിൽ കൂടിവരുന്നു. ചിലർ പാർട്ടി പദവികൾ ഉപയോഗിച്ച് പണം ഉണ്ടാക്കുന്നു. മത്സരിക്കാൻ സീറ്റ് കിട്ടിയില്ലെങ്കിൽ പുറത്ത് പോയി പാർട്ടിയെ അപമാനിക്കുന്നു. ഇപ്പോഴും മുതിർന്ന നേതാക്കൾ മത്സരിക്കുന്നത് ദൗർബല്യമാണ്. സ്ത്രീകൾക്ക് അധികാരം നൽകാൻ ആവില്ലെന്ന് കരുതുന്നവരും പാർട്ടിയിൽ ഉണ്ടെന്ന് റിപ്പോർട്ട്.

അതേ സമയം, ജനറൽ സെക്രട്ടറി സ്ഥാനത്ത് ഡി. രാജ മാറുന്നതിൽ തർക്കം നിലനിൽക്കെ പാർട്ടിയിൽ മുരടിപ്പെന്ന് സി.പി.ഐ സംഘടനാ റിപ്പോർട്ട് പുറത്തു വന്നിരുന്നു.

▶ പ്രജിത്ത് രാജ്



# ആരായിരുന്നു കേരള രാഷ്ട്രീയത്തിൽ ഉമ്മൻ ചാണ്ടി..?





ജോഷി ജോർജ്

അടവും അനുനയവും ഉമ്മൻചാണ്ടിയോളം പയറ്റിയ മറ്റൊരു നേതാവ് ഒരുപക്ഷെ കേരളത്തിലെ കോൺഗ്രസ് രാഷ്ട്രീയത്തിൽ വേറെയില്ല. ആരായിരുന്നു കേരള രാഷ്ട്രീയത്തിൽ ഉമ്മൻ ചാണ്ടി? വിശ്രമിച്ചാൽ ക്ഷീണം വരുന്ന നേതാവ് എന്നാണ് ഒരിക്കൽ സി.പി. ജോൺ ഉമ്മൻചാണ്ടിയെ വിശേഷിപ്പിച്ചത്. ഒരിടത്തും അടങ്ങിയൊതുങ്ങി ഇരിക്കുന്ന ശീലം ഉമ്മൻചാണ്ടിക്കില്ല. എപ്പോഴും ആൾക്കൂട്ടത്തിനിടയിലാണ് ഉമ്മൻചാണ്ടിയുടെ ജീവിതം. ആൾക്കൂട്ടത്തെ മടുക്കാത്ത നേതാവായിരുന്നു ഉമ്മൻചാണ്ടി.

മുഖ്യമന്ത്രിയായിരിക്കെ ഉമ്മൻചാണ്ടി നടത്തിയ ജനസമ്പർക്ക പരിപാടികൾ ഉദ്യോഗസ്ഥർക്ക് ഒരു ദു:സ്വപ്നമായിരുന്നു. ഉമ്മൻചാണ്ടി രാവിലെ മുതൽ പരാതികളും പരിഭവങ്ങളുമായി എത്തുന്ന മുഴുവനാളുകളേയും കാണും. ആ കൂടിക്കാഴ്ചകൾ പാതിരാത്രി വരെ നീളും. ഇതിനിടെ ഭക്ഷണം കഴിക്കാനോ എന്തിനേറെ ഒന്ന് മൂത്രമൊഴിക്കാൻ പോലും മുഖ്യമന്ത്രി എഴുന്നേൽക്കില്ല. പിന്നെ എങ്ങനെ ഉദ്യോഗസ്ഥർക്ക് സ്ഥലം വിടാനാകും.

മുഖ്യമന്ത്രിയായിരിക്കെ തന്റെ ഓഫീസിലെ കസേരയിൽ ഒന്ന് ഉറച്ചിരിക്കുന്ന ശീലം പോലും ഉമ്മൻ ചാണ്ടിക്കുണ്ടായിരുന്നില്ല. എഴുന്നേറ്റു നിന്നു കൊണ്ടാണ് ഉമ്മൻചാണ്ടി സന്ദർശകരോടും ഉദ്യോഗസ്ഥരോടും പലപ്പോഴും സംസാരിച്ചിരുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസിൽ എപ്പോഴും ആൾക്കൂട്ടമായിരുന്നു. ഇതിനിടെ മാനസിക വൈകല്യമുള്ള ഒരാൾ മുഖ്യമന്ത്രിയുടെ കസേരയിൽ കയറി ഇരിക്കുക പോലും ചെയ്തു. അത് ഒരു ഓപ്പൺ ഓഫീസായിരുന്നു. ക്ലിഫ് ഹൗസിലും മറിച്ചായിരുന്നില്ല സ്ഥിതി. അവിടെയും പാതിരാത്രി വരെ ആൾക്കൂട്ടമായിരുന്നു.

പുതുപ്പള്ളിക്കാർക്ക് കുഞ്ഞൂഞ്ഞായിരുന്നു ഉമ്മൻചാണ്ടി. അഞ്ച് പതിറ്റാണ്ടുകാലം കുഞ്ഞൂഞ്ഞിനെ മാത്രം തിരഞ്ഞെടുത്ത് നിയമസഭയലേക്കയച്ച് പുതുപ്പള്ളിക്കാർ അവരുടെ വാത്സല്യം കാണിച്ചു. തിരുവനന്തപുരത്ത് ജഗതിയിലുള്ള തന്റെ വീടിന്റെ പേര് 'പുതുപ്പള്ളി ഹൗസ്' എന്നിട്ടു കൊണ്ട് ഉമ്മൻചാണ്ടി തന്റെ മണ്ണിനെ അകലത്തിരുന്നും സ്നേഹിച്ചു. ലോകത്ത് എവിടെയാണെങ്കിലും ഞായറാഴ്ച ദിവസം ഉമ്മൻചാണ്ടി പുതുപ്പള്ളിയിലെത്തും. മണ്ഡലത്തിലെത്തിയാൽ ആദ്യം പള്ളിയിൽ പോയി പ്രാർത്ഥന.



പിന്നെ പതിവു പോലെ മണ്ഡലത്തിലെ എല്ലാവരേയും കഴിയുന്നത്ര കാണാനുള്ള തിരക്ക്. പിന്നെ തിരുവനന്തപുരത്തേക്കോ കാസർകോട്ടേക്കോ ചിലപ്പോൾ ദില്ലിയിലേക്കോ ഉള്ള ഓട്ടപ്പാച്ചിൽ. സാവധാനത്തിൽ നടക്കുന്ന ശീലം പോലും ഉമ്മൻചാണ്ടിക്കുണ്ടായിരുന്നില്ല. അതിവേഗം ബഹുദൂരം എന്നത് ജീവിതത്തിൽ പാലിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്ത നേതാവായിരുന്നു ഉമ്മൻ ചാണ്ടി.

കോൺഗ്രസിൽ കരുണാകരന്റെ അധികാര ശക്തിയെ വെല്ലുവിളിച്ച് വളർന്നു വന്ന പുതു തലമുറ നേതാക്കളിൽ ഒരർത്ഥത്തിൽ ഏറ്റവും പ്രമുഖനായ നേതാവായിരുന്നു ഉമ്മൻചാണ്ടി. ഉമ്മൻചാണ്ടി എ.കെ. ആന്റണിയുടെ അനുയായി ആയിരുന്നു. കരുണാകരൻ നേതൃത്വം നൽകിയ കോൺഗ്രസിലെ 'ഐ' ഗ്രൂപ്പിനെതിരെ രൂപപ്പെട്ട ആന്റണി ഗ്രൂപ്പെന്ന 'എ' ഗ്രൂപ്പിലെ യഥാർത്ഥ ചാണക്യൻ ഉമ്മൻചാണ്ടി തന്നെയായിരുന്നു. ഉമ്മൻചാണ്ടിയെ പോലെ ഒരാൾ ആന്റണിക്ക് പിന്നിലുണ്ടായിരുന്നു എന്നതാണ് ആന്റണിയുടെ വിജയ കാരണമെങ്കിൽ അങ്ങനെയൊരാൾ ഒപ്പമില്ലായിരുന്നു എന്നതാണ് കരുണാകരന്റെ ദൗർബല്യമായത്. അത് നന്നായി ബോധ്യമുള്ളയാളായിരുന്നു കരുണാകരൻ. ആ ബഹുമാനം എതിരാളിയായിരിക്കുമ്പോഴും ഉമ്മൻചാണ്ടിയോട് കെ. കരുണാകരന് ഉണ്ടായിരുന്നു.

എ ഗ്രൂപ്പിന്റെ നേതാവ് ആന്റണിയായിരുന്നെങ്കിലും ആ ഗ്രൂപ്പിന്റെ ഊർജവും നിലനിൽപ്പും അതിജീവനവും എക്കാലത്തും ഉമ്മൻചാണ്ടി എന്ന അച്ചുതണ്ടിന് ചുറ്റുമായിരുന്നു. ഒരർത്ഥത്തിൽ ആന്റണി ആ ഗ്രൂപ്പിന്റെ മുഖം മാത്രമായിരുന്നു. അതത് കാലത്ത് ആവശ്യമായ കഥയും തിരക്കഥയും സംഭാഷണവുമെഴുതി ചിത്രം സംവിധാനം ചെയ്തുകൊണ്ടിരുന്നത് ഉമ്മൻ ചാണ്ടിയായിരുന്നു.

കരുണാകരനെതിരെ ഐ.എസ്. ആർ.ഒ. ചാരകഥയിൽ തുടങ്ങി ഒടുവിൽ വിശ്വസ്തരായ ലീഗിനേയും മാണി കോൺഗ്രസിനേയും വരെ അടർത്തി മാറ്റി കേരളം കണ്ട ഏറ്റവും വലിയ രാഷ്ട്രീയതന്ത്രജ്ഞനായ കരുണാകരനെ അധികാരത്തിൽ നിന്നും പുറത്താക്കിയ അട്ടിമറിയുടെ യഥാർത്ഥ സൂത്രധാരൻ ഉമ്മൻചാണ്ടിയായിരുന്നു. മുഖ്യമന്ത്രിയാകാൻ സമയമായി എന്ന് സ്വയം തിരിച്ചറിഞ്ഞ സന്ദർഭത്തിൽ സഖ്യകക്ഷികളെ കൂട്ടത്തിൽ നിർത്തി നേതൃമാറ്റം എന്ന ആവശ്യമുയർത്തി ആന്റണിയെ വെട്ടി ദില്ലിയിലേക്ക് തുരത്താൻ ഉമ്മൻചാണ്ടി ഒട്ടും മടികാണിച്ചതുമില്ല.

2011 ലെ തിരഞ്ഞെടുപ്പിൽ കേവലം രണ്ടു സീറ്റുകളുടെ മാത്രം ഭൂരിപക്ഷത്തിലാണ് ഉമ്മൻചാണ്ടിയും യു.ഡി.എഫും അധികാരത്തിൽ വന്നത്. തുടക്കത്തിൽ ലീഗിന്റെ അഞ്ചാം മന്ത്രി ആവശ്യത്തിന് കീഴടങ്ങേണ്ടി വന്നെങ്കിലും പിന്നീട് ഒരു സഖ്യകക്ഷി സമ്മർദ്ദത്തിനും ഉമ്മൻചാണ്ടി കീഴടങ്ങിയിട്ടില്ല. ബാർ കോഴയിൽ കെ.എം. മാണി രാജിവെച്ചപ്പോൾ പി.ജെ. ജോസഫിനെ മന്ത്രിസഭയിൽ നിലനിർത്തി മാണിക്ക് ചെക്ക് പറഞ്ഞത് ഉമ്മന്ചാണ്ടിയുടെ വിദഗ്ദ്ധമായ കരുനീക്കമായിരുന്നു. വീരേന്ദ്ര കുമാറിന്റെ എൽ.ജെ.ഡി മറുകണ്ടം ചാടാൻ ആലോചിച്ചപ്പോൾ കെ.പി. മോഹനനെ കൂട്ടത്തിൽ നിർത്തി പിളർപ്പ് ഭീഷണി ഉയർത്തിയതും ഉമ്മൻചാണ്ടിയുടെ രാഷ്ട്രീയ തന്ത്രജ്ഞതയായിരുന്നു.

രമേശ് ചെന്നിത്തലയെ മന്ത്രിസഭയിലെടുക്കണം എന്ന ആവശ്യം എൻ.എസ്.എസ് ആവർത്തിച്ച് ഉന്നയിച്ചിട്ടും തനിക്ക് കീഴിൽ മറ്റൊരധികാര കേന്ദ്രം വേണ്ട എന്ന ഉറച്ച നിലപാടാണ് ഉമ്മൻചാണ്ടി സ്വീകരിച്ചത്. താക്കോൽ സ്ഥാനത്ത് താനല്ലാതെ മറ്റൊരാൾ വേണ്ട എന്നതും ഉമ്മൻ ചാണ്ടിയുടെ ഉറച്ച നിലപാടായിരുന്നു. തിരഞ്ഞെടുപ്പിനെ മുൻനിർത്തി മാത്രമാണ് ഉമ്മൻചാണ്ടി ഒടുവിൽ ചെന്നിത്തലയെ മന്ത്രിസഭയിൽ ഉൾപ്പെടുത്തിയത്, അതും ചെറിയൊരു കാലയളവലേക്ക് മാത്രം.

ഹൈക്കമാൻഡിന്റെ പിന്തുണയോ ഹൈക്കമാൻഡിൽ സ്വാധീനമോ ഇല്ലാത്ത കോൺഗ്രസ് നേതാവായിരുന്നു ഉമ്മൻചാണ്ടി. അപൂർവ്വമായി മാത്രമേ ഉമ്മൻചാണ്ടി ദില്ലി സന്ദർശിച്ചിരുന്നുള്ളു. ഭൂരിഭാഗം സന്ദർഭങ്ങളിലും ഉമ്മൻചാണ്ടി തന്റെ സന്ദർശനം ഒറ്റ ദിവസത്തലേക്ക് ചുരുക്കി. സോണിയക്കോ രാഹുലനോ പ്രിയപ്പെട്ട നേതാവായിരുന്നില്ല ഉമ്മൻചാണ്ടി. കേരളത്തിലെ പ്രവർത്തകർക്കിടയിലുള്ള സ്വാധീനം ഒന്നുമാത്രമായിരുന്നു ഉമ്മൻചാണ്ടി എന്ന നേതാവിന്റെ കരുത്ത്. ദേശീയ തലത്തിൽ കോൺഗ്രസിലെ ഉന്നത പദവികളൊന്നും ഉമ്മൻചാണ്ടിയെ തേടി വന്നിട്ടില്ല. അത് ഉമ്മൻചാണ്ടി ആഗ്രഹിച്ചിട്ടുമില്ല.

അടവും അനുനയവും ഉമ്മൻചാണ്ടിയോളം പയറ്റിയ മറ്റൊരു നേതാവ് ഒരുപക്ഷെ കേരളത്തിലെ കോൺഗ്രസ് രാഷ്ട്രീയത്തിൽ വേറെയില്ല. മഹാനായ നേതാവ് ഉമ്മൻചാണ്ടിയുടെ ജീവിതം ഒരു ഡോക്യുമെന്ററിയായി എടുത്തിട്ടുണ്ട്. അതാണ് 'ദ് അൺനോൺ വാരിയർ'

ഉമ്മൻചാണ്ടിയുടെ നിയമസഭാംഗത്വത്തിന്റെ സുവർണ ജൂബിലി ആഘോഷങ്ങളുടെ സമാപനത്തോട് അനുബന്ധിച്ചാണ് ഡോക്യുമെന്ററി തയാറാക്കിയത്. ഇംഗ്ലീഷ്, മലയാളം, ഹിന്ദി, തമിഴ്, തെലുങ്ക് എന്നീ അഞ്ചു ഭാഷകളിലായിട്ടാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. ഇതിന്റെ രചന നിബിൻ തോമസും അനന്തു ബിജുവുമാണ് നിർവഹിച്ചിരിക്കുന്നത്. ക്യാമറ അനീഷ് ലാൽ. 13 മിനിറ്റാണ് ഈ ഡോക്യുമെന്ററിയുടെ ദൈർഘ്യം.

(തുടരും)

**കോൺഗ്രസിൽ കരുണാകരന്റെ അധികാര ശക്തിയെ വെല്ലുവിളിച്ച് വളർന്നു വന്ന പുതു തലമുറ നേതാക്കളിൽ ഒരർത്ഥത്തിൽ ഏറ്റവും പ്രമുഖനായ നേതാവായിരുന്നു ഉമ്മൻ ചാണ്ടി. ഉമ്മൻചാണ്ടി എ.കെ. ആന്റണിയുടെ അനുയായി ആയിരുന്നു. കരുണാകരന് നേതൃത്വം നൽകിയ കോൺഗ്രസിലെ 'ഐ' ഗ്രൂപ്പിനെതിരെ രൂപപ്പെട്ട ആന്റണി ഗ്രൂപ്പെന്ന 'എ' ഗ്രൂപ്പിലെ യഥാർത്ഥ ചാണക്യൻ ഉമ്മൻചാണ്ടി തന്നെയായിരുന്നു. ഉമ്മൻചാണ്ടിയെ പോലെ ഒരാൾ ആന്റണിക്ക് പിന്നിലുണ്ടായിരുന്നു എന്നതാണ് ആന്റണിയുടെ വിജയ കാരണമെങ്കിൽ അങ്ങനെയൊരാൾ ഒപ്പമില്ലായിരുന്നു എന്നതാണ് കരുണാകരന്റെ ദൗർബല്യമായത്.**






# ഇന്ത്യൻ ടെക്കികൾക്ക് കിട്ടിയ ഇരുട്ടടി



യു.എസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് എച്ച്-1ബി വിസയ്ക്ക് വാർഷിക അപേക്ഷാ ഫീസ് ഏർപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവിൽ ഒപ്പുവെച്ചിരിക്കുകയാണ്. എച്ച്-1 ബി വിസയ്ക്കുമേൽ അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നൽകിയ ഇരുട്ടടിയിലൂടെ പ്രതിസന്ധിയിലായത് ലക്ഷക്കണക്കിന് വരുന്ന ഇന്ത്യൻ പ്രൊഫഷണലുകളാണ്. കരിയറിൽ മികച്ച ഭാവിയും ഉന്നത ജീവിത നിലവാരവും സ്വപ്നം കണ്ടാണ് പലരും എച്ച്-1ബി വിസയിൽ അമേരിക്കയിൽ എത്തുന്നത്. എന്നാൽ സ്വന്തം നാട്ടിലുള്ളവർക്ക് തൊഴിൽ നൽകിയിട്ട് മതി ഇനി പുറത്തുള്ളവർ എന്നാണ് ട്രംപിന്റെ നിലപാട്.

***ട്രംപിന്റെ ഈ നയം നിരവധി ഇന്ത്യൻ ടെക്കികളുടെ സ്വപ്നങ്ങൾക്ക് മേലാണ് കരിനിഴൽ വീഴ്ത്തിയത്. പുതിയ മാറ്റം എങ്ങനെ സ്വാധീനിക്കും എന്ന് നോക്കാം.***

എച്ച്-1ബി വിസകൾക്ക് വർഷംതോറും 100,000 ഡോളർ നൽകേണ്ടി വരും. വലിയ കമ്പനികളെല്ലാം ഈ മാറ്റത്തിന് തയ്യാറാണെന്നും അവരുമായി സംസാരിച്ചുവെന്നുമാണ് പുതിയ എച്ച്-1ബി വിസ ഫീസിനെക്കുറിച്ച് യു.എസ് കൊമേഴ്സ് സെക്രട്ടറി ഹൊവാർഡ് ലുട്നിക് പറഞ്ഞത്. ഈ നയത്തിന്റെ പ്രധാന ലക്ഷ്യം യു.എസ് ബിരുദധാരികൾക്ക് മുൻഗണന നൽകുക എന്നതാണെന്നും അദ്ദേഹം വ്യക്തമാക്കുക ഉണ്ടായി. ഈ മാറ്റത്തെ സാങ്കേതിക മേഖല പിന്തുണയ്ക്കുമെന്നും പുതിയ വിസ ഫീസിൽ അവർക്ക് സന്തോഷമുണ്ടാകുമെന്നുമാണ് ട്രംപ് അഭിപ്രായപ്പെട്ടത്. അതേ സമയം പ്രമുഖ ടെക് കമ്പനികളായ ആമസോൺ, ആപ്പിൾ, ഗൂഗിൾ, മെറ്റ എന്നിവയുടെ പ്രതിനിധികൾ ഇതുവരെ ഈ വിഷയത്തിൽ പ്രതികരിച്ചിട്ടില്ല.

### ഇന്ത്യക്കാരെ ബാധിക്കുന്നതെങ്ങനെ?

എച്ച്-1ബി വിസ 1990 ലാണ് നിലവിൽ വന്നത്. അന്ന് മുതൽ ഇന്നുവരെയുള്ള പദ്ധതിയുടെ ഏറ്റവും വലിയ പരിഷ്കരണങ്ങളിലൊന്നാണിത്. നിലവിൽ എച്ച്1ബി അപേക്ഷകർക്ക് വളരെ കുറഞ്ഞ ഫീസ് മാത്രമാണുള്ളത്. ഇത് സാധാരണയായി കമ്പനികളാണ് നൽകുന്നത്. യു.എസ് സാങ്കേതിക കമ്പനികൾ സയൻസ്, എഞ്ചിനീയറിംഗ്, ഗണിതശാസ്ത്ര മേഖലകളിലെ ഒഴിവുകൾ നികത്താൻ ഉപയോഗിക്കുന്ന എച്ച്-1ബി വിസ സംവിധാനം അമേരിക്കൻ വേതനങ്ങളെ കുറയ്ക്കുന്നുവെന്ന് ട്രംപും അദ്ദേഹത്തിന്റെ സഖ്യകക്ഷികളും നേരത്തെയും വിമർശിച്ചിട്ടുള്ളതാണ്.

ഔദ്യോഗിക കണക്കുകൾ പ്രകാരം, എച്ച്-1ബി വിസ ലഭിക്കുന്നവരിൽ 71% ഇന്ത്യക്കാരാണ്. 11.7% ചൈനക്കാരും. എച്ച്-1ബി വിസകൾക്ക് സാധാരണയായി മൂന്ന് മുതൽ ആറ് വർഷം വരെ കാലാവധിയുണ്ട്. യു.എസ് ഓരോ വർഷവും 85,000 എച്ച്1ബി വിസകളാണ് ലോട്ടറി സംവിധാനത്തിലൂടെ അനുവദിക്കുന്നത്.

ഈ വർഷം ആമസോണിനാണ് ഏറ്റവും കൂടുതൽ വിസകൾ ലഭിച്ചത്. 10,000ത്തിലധികം വിസകളാണ് ലഭിച്ചത്. തൊട്ടുപിന്നിൽ ടാറ്റ കൺസൾട്ടൻസി, മൈക്രോസോഫ്റ്റ്, ആപ്പിൾ, ഗൂഗിൾ എന്നിവയുണ്ട്. കാലിഫോർണിയയിലാണ് എച്ച്1ബി തൊഴിലാളികൾ ഏറ്റവും കൂടുതലുള്ളതെന്ന് യു.എസ്.സി.ഐ.എസ്. റിപ്പോർട്ട് ചെയ്യുന്നു.

കമ്പനികൾ, യു.എസ്. പൗരന്മാരായ ഉദ്യോഗാർത്ഥികളെ ഒഴിവാക്കി, വേതനം കുറയ്ക്കാൻ വിദേശ തൊഴിലാളികളെ ഉപയോഗിക്കുന്നുവെന്നാണ് ആരോപണം. ഇത് ടെക് മേഖലയിലും തൊഴിൽ വിപണിയിലും വലിയ തർക്കങ്ങൾക്ക് കാരണമാകുന്നുണ്ടെന്നും വിസ ഫീസ് വർധിപ്പിച്ചതിനെ അനുകൂലിക്കുന്നവർ പറയുന്നു.

### നിയമപരമായ ചോദ്യങ്ങൾ

പുതുക്കിയ എച്ച്-1ബി ഫീസ് നിയമപരമാണോ എന്ന് അമേരിക്കൻ ഇമിഗ്രേഷൻ കൗൺസിലിന്റെ പോളിസി ഡയറക്ടറായ ആരോൺ റെയ്ച്ലിൻമെൽനിക് ചോദ്യം ചെയ്യുന്നു. ഒരു അപേക്ഷയുടെ ചിലവ് തിരിച്ചുപിടിക്കാൻ മാത്രമാണ് ഫീസ് നിശ്ചയിക്കാൻ കോൺഗ്രസ് സർക്കാരിന് അധികാരം നൽകിയിട്ടുള്ളൂവെന്ന് അദ്ദേഹം ബ്ലൂസ്കൈയിൽ കുറിച്ചു. നിയമപരമായ കുടിയേറ്റത്തിൽ നിന്ന് വരുമാനം വർദ്ധിപ്പിക്കാനുള്ള ട്രംപ് ഭരണകൂടത്തിന്റെ ഏറ്റവും പുതിയ ശ്രമമാണ് ഈ നിർദേശം. കഴിഞ്ഞ മാസം വിനോദസഞ്ചാര ബിസിനസ് വിസകൾക്ക് 15,000 ഡോളർ വരെ ബോണ്ട് ആവശ്യപ്പെടുന്ന ഒരു പൈലറ്റ് പ്രോഗ്രാമും യു.എസ് അവതരിപ്പിച്ചിരുന്നു. വിസയുടെ കാലാവധി കഴിഞ്ഞിട്ടും രാജ്യത്ത് തുടരാൻ സാധ്യതയുള്ള രാജ്യങ്ങളിൽ നിന്നുള്ളവർക്കായിട്ടാണ് ഈ നടപടി.

### ഇന്ത്യക്കാരെ സ്പോൺസർ ചെയ്യുന്ന 10 യു.എസ് ടെക് കമ്പനികൾ

പുതിയ നിയമം ഞായറാഴ്ച മുതൽ പ്രാബല്യത്തിൽ വരുമെന്നാണ് റിപ്പോർട്ടുകൾ. അതേസമയം പുതിയ നയത്തിലൂടെ കുറഞ്ഞ ചെലവിൽ അതി വൈദഗ്ധ്യമുള്ള ഇന്ത്യൻ തൊഴിലാളികളെ ജോലിക്ക് എടുക്കാനുള്ള അവസരമാണ് അമേരിക്കയിലെ മുൻനിര ടെക് കമ്പനികൾക്ക് നഷ്ടമാകുന്നത്. എന്നാൽ ഈ എതിർപ്പുകളെയെല്ലാം എല്ലാം ട്രംപ് ഭരണകൂടം അവഗണിക്കുകയാണ്. യുഎസിലേക്കുള്ള കുടിയേറ്റം നിയന്ത്രിക്കുക എന്നതു മാത്രമാണ് ട്രംപിന്റെ ലക്ഷ്യം.

ട്രംപ് ഭരണകൂടത്തിന്റെ പുതിയ ഉത്തരവ് അമേരിക്കൻ ടെക് കമ്പനികൾക്ക് വലിയ സാമ്പത്തിക ഭാരമുണ്ടാക്കും എന്ന് ഉറപ്പാണ്. എച്ച്-1ബി വിസ ഉടമകളിൽ ഭൂരിഭാഗവും ഇന്ത്യക്കാരാണ്. രണ്ടാമത് ചൈനക്കാരും. എന്നാൽ ഇന്ത്യക്കാരെ അപേക്ഷിച്ച് ചൈനീസ് പ്രൊഫഷണലുകൾ വളരെ കുറവാണ്. അതിനാൽ തന്നെ ഈ ഉത്തരവു മൂലം തിരിച്ചടി നേരിടുന്നതും ഇന്ത്യൻ പ്രൊഫഷണലുകൾക്കായിരിക്കും.

പുതിയ ഉത്തരവിന്റെ പശ്ചാത്തലത്തിൽ ഏതൊക്കെ യുഎസ് കമ്പനികളാണ് വിദേശ ജീവനക്കാരെ എച്ച്-1ബി വിസകൾ നൽകി നിയമിക്കുന്നതെന്ന് നോക്കാം. ഫെഡറൽ ഡേറ്റാ പ്രകാരം ഏറ്റവും കൂടുതൽ എച്ച്-1ബി വിസകൾ സ്പോൺസർ ചെയ്യുന്ന 10 കമ്പനികളുടെ ചുവടെ:

ആമസോൺ.കോം സർവീസസ് - 10,044 എച്ച്-1ബി വിസ, ടാറ്റ കൺസൾട്ടൻസി സർവീസസ് - 5,505, മൈക്രോസോഫ്റ്റ് കോർപ്പറേഷൻ - 5,189, മെറ്റാ പ്ലാറ്റ്ഫോമുകൾ - 5123, ആപ്പിൾ - 4,202, ഗൂഗിൾ - 4,181, കോഗ്നിസാന്റ് ടെക്നോളജി സൊല്യൂഷൻ - 2,493, ജെപി മോർഗൻ ചേസ് ആൻഡ് കമ്പനി - 2,440, വാൾമാർട്ട് അസോസിയേറ്റ്സ് - 2,390, ഡെലോയിറ്റ് കൺസൾട്ടിങ് - 2353 എന്നിവയാണ് അവ.

### എങ്ങനെയാണ് ഫീസ് ഈടാക്കുന്നത്

നിലവിലുള്ള വെറ്റിംഗ് ചാർജുകൾക്ക് പുറമേ ആണ് ഈ ഫീസ് ഈടാക്കുക. പുതുക്കലുകൾക്കും ഫീ വർധനവ് ബാധകമാകും. മുഴുവൻ തുകയും മുൻകൂറായി ശേഖരിക്കണോ അതോ വാർഷികമായി ശേഖരിക്കണോ എന്ന് ഭരണകൂടം പിന്നീട് തീരുമാനിക്കും. ശമ്പള നിലവാരമോ നൈപുണ്യ ആവശ്യകതയോ പരിഗണിക്കാതെ എല്ലാ എച്ച്-1ബി തസ്തികകൾക്കും ഫീസ് ബാധകമാണെന്നും അദ്ദേഹം പറഞ്ഞു.

പരിശീലനത്തിനും വികസനത്തിനുമായി പരിചയക്കുറവുള്ള വിദേശ തൊഴിലാളികളെ നിയമിക്കുന്ന തസ്തികകൾ ഇതിലൂടെ ഇല്ലാതാക്കാനാകും എന്നാണ് ട്രംപ് ഭരണകൂടം പ്രതീക്ഷിക്കുന്നത്. ഇൻഫോസിസ്, ടിസിഎസ്, വിപ്രോ പോലുള്ള ഇന്ത്യൻ ഐടി കമ്പനികളെ ഈ മാറ്റം സാരമായി ബാധിച്ചേക്കാം. ഈ കമ്പനികൾ ക്ലയന്റ് പ്രോജക്റ്റുകൾക്കും നൈപുണ്യ വികസനത്തിനുമായി ജൂനിയർ, മിഡ്ലെവൽ എഞ്ചിനീയർമാരെ യുഎസിലേക്ക് കൊണ്ടുവരാൻ എച്ച്-1ബി വിസകൾ ഉപയോഗിച്ചിട്ടുണ്ട്.

അപേക്ഷകൾ പ്രോസസ് ചെയ്യുന്നതിൽ കൃത്യതയും വേഗതയും നൽകുന്നതിനാൽ ടെക് കമ്പനികൾ പുതിയ മാറ്റങ്ങളെ പിന്തുണയ്ക്കുന്നുവെന്ന് സെക്രട്ടറി ലുട്നിക് അവകാശപ്പെട്ടു. അതേ സമയം എച്ച്-1ബി വിസ ക്വാട്ടകൾ മാറ്റമില്ലാതെ തുടരും. പക്ഷേ ഫീ കുത്തനെ ഉയർത്തിയ സാഹചര്യത്തിൽ കുറവ് അപേക്ഷകൾ മാത്രമേ ഇനി പ്രതീക്ഷിക്കുന്നുള്ളൂ എന്നും ട്രംപ് ഭരണകൂടം വ്യക്തമാക്കിയിട്ടുണ്ട്.

ഹോംലാൻഡ് സെക്യൂരിറ്റി വകുപ്പിന്റെ മെച്ചപ്പെടുത്തിയ വെറ്റിംഗ് നടപടിക്രമങ്ങൾക്കൊപ്പം പുതിയ ഫീസും നടപ്പിലാക്കുമെന്ന് ലുട്നിക് പറഞ്ഞു. പ്രത്യേക തീയതി പ്രഖ്യാപിച്ചിട്ടില്ലെങ്കിലും, ഏതാനും ആഴ്ചകൾക്കുള്ളിൽ മാറ്റങ്ങൾ പ്രാബല്യത്തിൽ വരുമെന്നാണ് സൂചന. പുതിയ ഫീസ് ഘടന നടപ്പിലാക്കിയ ശേഷം പ്രോസസ് ചെയ്ത എല്ലാ അപേക്ഷകൾക്കും ബാധകമാകും. അതുകൊണ്ടു തന്നെ പുതുക്കൽ കാലയളവ് വരുമ്പോൾ നിലവിൽ എച്ച്-1ബി തൊഴിലാളികളുള്ള കമ്പനികൾക്ക് പ്രത്യാഘാതങ്ങൾ നേരിടേണ്ടി വന്നേക്കാം.

### എന്താണ് എച്ച്1 – ബി വിസ?

വിദേശത്ത് നിന്നുള്ള മികച്ച പ്രൊഫഷണലുകളെ അമേരിക്കയിൽ നിയമിക്കാൻ കമ്പനികളെ അനുവദിക്കുന്ന താത്കാലിക വർക്ക് വിസയാണ് എച്ച്1ബി. ശാസ്ത്രം, ഐടി, എഞ്ചിനീയറിങ്, ഗണിതം തുടങ്ങിയ മേഖലകളിൽ യുഎസിൽ ജോലി സുരക്ഷിതമാക്കാൻ ഈ വിസ സഹായിക്കും. ബിരുദമോ അതിൽ കൂടുതലോ യോഗ്യതയുള്ള ആളുകളെ ലക്ഷ്യമിട്ട് 1990ൽ ആണ് എച്ച്-1ബി വിസ ആരംഭിക്കുന്നത്. അമേരിക്കൻ പൗരന്മാരുടേതിനു തുല്യമായ ശമ്പളവും മികച്ച തൊഴിൽ സാഹചര്യങ്ങളും വിസ ഉറപ്പാക്കുന്നു.

മൂന്ന് വർഷത്തേക്കാണ് വിസ അനുവദിക്കുന്നത്. പിന്നീടിത് പരമാവധി ആറ് വർഷം വരെ നീട്ടാൻ കഴിയും. പെർമെനന്റ് റസിഡൻസ് ലഭിച്ചവർക്ക് വിസ അനിശ്ചിതമായി പുതുക്കാൻ കഴിയും. അപേക്ഷകർ യുഎസ് സിറ്റിസൺഷിപ്പ് ആൻഡ് ഇമിഗ്രേഷൻ സർവീസസിൽ (യുഎസ്സിഐഎസ്) ഓൺലൈനായി രജിസ്റ്റർ ചെയ്യണം. ഇതിൽ നിന്നാണ് ആളുകളെ തെരഞ്ഞെടുക്കുക. അപേക്ഷകരെ തെരഞ്ഞെടുക്കുന്ന രീതിയിലും മാറ്റങ്ങൾ കൊണ്ടുവരാൻ നീക്കമുണ്ട്.

### ഇന്ത്യക്കാരെ ബാധിക്കുന്നതെങ്ങനെ?

കഴിഞ്ഞ വർഷത്തെ കണക്കുകൾ അനുസരിച്ച് എച്ച്1ബി വിസ ഉടമകളിൽ ഭൂരിഭാഗവും ഇന്ത്യക്കാരാണ്. അംഗീകരിക്കപ്പെട്ട അപേക്ഷകരിൽ 71 ശതമാനവും ഇന്ത്യയിൽ നിന്നായിരുന്നു എന്നാണ് റിപ്പോർട്ടുകൾ. ചൈനയാണ് രണ്ടാം സ്ഥാനത്ത്. 11.7%. പുതിയ നിയമത്തോടെ ഈ സാഹചര്യം മാറും.

88 ലക്ഷം മധ്യ വർഗ ഇന്ത്യൻ കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം വലിയ സാമ്പത്തിക ബാധ്യതയായിരിക്കും. ഗ്രീൻ കാർഡ് ലഭിക്കാൻ സമയം കൂടുതൽ എടുക്കും എന്നതിനാൽ വിസ പുതുക്കലും അധിക ബാധ്യതയാകും. ഓരോ തവണ പുതുക്കുമ്പോഴും ഏകദേശം 88 ലക്ഷം രൂപയിലധികം നൽകേണ്ടി വരും.

കൂടാതെ, പൗരത്വ അപേക്ഷകർക്കായി യുഎസ് സർക്കാർ പരീക്ഷയും അവതരിപ്പിക്കുന്നുണ്ട്. 2020ൽ പ്രസിഡന്റ് പദവിയിൽ ഇരുന്നപ്പോൾ ട്രംപ് നടപ്പിലാക്കിയ ഈ നയം ജോ ബൈഡൻ ഭരണകൂടം റദ്ദാക്കിയിരുന്നു. ഈ പരീക്ഷ താരതമ്യേന കഠിനമെണെന്നാണ് അഭിപ്രായം. യുഎസ് ചരിത്രവും രാഷ്ട്രീയവും ഉൾക്കൊള്ളുന്ന 128 ചോദ്യങ്ങൾ പഠിക്കുകയും, 20 ചോദ്യങ്ങളിൽ 12 എണ്ണത്തിനു വാക്കാലുള്ള പരീക്ഷയിൽ ശരിയുത്തരം നൽകുകയും വേണമെന്നാണ് നിബന്ധന.

വ്യക്തികൾക്ക് 10 ലക്ഷം യുഎസ് ഡോളറും വ്യവസായങ്ങൾക്ക് 20 ലക്ഷം യുഎസ് ഡോളറും ഫീസ് നിശ്ചയിച്ചിട്ടുള്ള 'ഗോൾഡ് കാർഡ്' വിസ പദ്ധതിയുടെ എക്സിക്യൂട്ടീവ് ഉത്തരവിലും ട്രംപ് ഒപ്പുവച്ചിട്ടുണ്ട്.



# കൂട്ട പീഡനപരാതി; ഡൽഹി ശാരദാ ഇൻസ്റ്റിറ്റ്യൂട്ടിലെ സ്വാമി ഒളിവിൽ



ന്യൂഡൽഹി: ഡൽഹി വസന്ത്കുഞ്ചിലെ ശ്രീ ശാരദാ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മാനേജ്മെന്റ് കെയർടേക്കർ സ്വാമി ചൈതന്യാനന്ദ സരസ്വതിക്കെതിരെ 17 വിദ്യാർത്ഥിനികളുടെ പീഡനപരാതി. ഒളിവിൽപ്പോയ ചൈതന്യാനന്ദയെ (പാർത്ഥസാരഥി എന്നും പേര്) ആശ്രമം പുറത്താക്കി. ദേശീയ വനിതാകമ്മിഷൻ സ്വമേധയാ കേസെടുത്തു.

ലൈംഗികാതിക്രമം, ഫോൺ വഴി അശ്ളീല സന്ദേശം, വഴങ്ങാനായി പ്രലോഭനം തുടങ്ങിയവയാണ് ആരോപിച്ചിരിക്കുന്നത്. ആഗസ്റ്റ് നാലിനാണ് വസന്ത്കുഞ്ച് നോർത്ത് പോലീസ് സ്റ്റേഷനിൽ ആദ്യ പരാതിയെത്തിയത്. പരാതിപ്രവാഹമായതോടെ കൂടുതൽ എഫ്.ഐ.ആറുകൾ രജിസ്റ്റർ ചെയ്തു. 32 വിദ്യാർത്ഥിനികളുടെ മൊഴി രേഖപ്പെടുത്തിയപ്പോൾ 17 പേരും ലൈംഗികാതിക്രമമുണ്ടായെന്ന് വെളിപ്പെടുത്തി.

സാമ്പത്തിക സംവരണ വിഭാഗത്തിലുള്ളവരാണ് ഇരകൾ. പി.ജി ഡിപ്ലോമ കോഴ്സുകൾക്ക് സ്കോളർഷിപ്പോടെ ഹോസ്റ്റലിൽ നിന്നു പഠിക്കുകയാണ്. ശൃംഗേരി ശ്രീ ശാരദാ പീഠത്തിന്റെ കീഴിലുള്ളതാണ് സ്ഥാപനം.

ചൈതന്യാനന്ദ തന്റെ മുറിയിലേക്ക് വിളിച്ചുവരുത്തി അതിക്രമങ്ങൾ നടത്തിയെന്നാണ് മൊഴി. ഒഡിഷ സ്വദേശിയായ ഇയാൾ 12 വർഷമായി കെയർടേക്കറാണ്. ഒട്ടേറെ വിദ്യാർത്ഥിനികളെ ബ്ലാക് മെയിൽ ചെയ്തു. ലൈംഗികാവശ്യത്തിന് സഹകരിച്ചാൽ വിദേശ യാത്രയും വാഗ്ദാനം ചെയ്തു. ഹോസ്റ്റലിലെ വാർഡന്മാരും ഇൻസ്റ്റിറ്റ്യൂട്ട് ജീവനക്കാരും ഒത്താശ ചെയ്തെന്ന് വിദ്യാർത്ഥിനികൾ ആരോപിച്ചു. സ്ഥാപനത്തിലെ സി.സി.ടി.വി ദൃശ്യങ്ങൾ പോലീസ് ശേഖരിച്ചു. ചൈതന്യാനന്ദയുടെ മുറിയും പരിശോധിച്ചു.

നയതന്ത്ര ഉദ്യോഗസ്ഥർ ഉപയോഗിക്കുന്ന ഡിപ്ലോമാറ്റിക് നമ്പരാണ് ചൈതന്യാനന്ദ ആഡംബരക്കാറിൽ പതിപ്പിച്ചിട്ടുള്ളത്. നമ്പർ വ്യാജമായി നിർമ്മിച്ചതാണെന്ന് പോലീസ് കണ്ടെത്തി. രാജ്യം വിടാതിരിക്കാൻ വിമാനത്താവളങ്ങളിൽ ജാഗ്രതാനിർദ്ദേശം നൽകി. ഇയാൾ പോകാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഉൾപ്പെടെ തെരച്ചിൽ തുടരുകയാണ്.

2009ലും 2016ലും ചൈതന്യാനന്ദ സരസ്വതിക്കെതിരെ പീഡന ആരോപണമുയർന്നിട്ടുണ്ട്. കാര്യമായ നടപടി അന്ന് ആശ്രമം അധികൃതരുടെ ഭാഗത്തു നിന്നുണ്ടായില്ല. ഇയാളുടെ സ്വത്തുവകകളെക്കുറിച്ചും ദുരൂഹത ഉയർന്നിട്ടുണ്ട്. ഇതും പരിശോധിക്കും.

# ബി.ജെ.പിയുമായി കൂട്ടുകൂടിയതിൽ എന്താണ് തെറ്റ് ? ഇ.പി.എസ്



ചെന്നൈ: തമിഴ്നാട്ടിൽ ഡി.എം.കെയുടെ അഴിമതി ഭരണം അവസാനിപ്പിക്കാൻ ബി.ജെ.പിയുമായി കൂട്ടുകൂടിയതിൽ തെറ്റെന്താണെന്ന് അണ്ണാ ഡി.എം.കെ ജനറൽ സെക്രട്ടറിയും മുൻ മുഖ്യമന്ത്രിയുമായ എടപ്പാടി പളനിസാമി ചോദിച്ചു. കൂടലൂരിലെ രാഷ്ട്രീയ പ്രചാരണത്തിനിടെ സംസാരിക്കുകയായിരുന്നു അദ്ദേഹം.

1999, 2001 തിരഞ്ഞെടുപ്പുകളിൽ ഡി.എം.കെയും ബി.ജെ.പിയും സഖ്യം രൂപീകരിച്ചതും കേന്ദ്ര മന്ത്രിസഭയിലും ഉണ്ടായിരുന്നതും മറന്നു പോയോ. അവർ സഖ്യം രൂപീകരിച്ചാൽ ബി.ജെ.പി ഒരു നല്ല പാർട്ടിയാകും.

അണ്ണാ ഡി.എം.കെ രൂപീകരിച്ചാൽ അത് ഒരു മതപരമായ പാർട്ടിയാകുമോ? അതോ തൊട്ടുകൂടാത്ത പാർട്ടിയാകുമോ? 2002ലെ മത്സരരംഗത്ത് അണ്ണാ ഡി.എം.കെയാണ് ഒന്നാം സ്ഥാനത്താണ്. തമിഴ്നാട്ടിൽ രണ്ടാം സ്ഥാനത്തിനാണ് മത്സരം. അവർ ഇത് ഓർമ്മിക്കണമെന്നും ഇ.പി.എസ് പറഞ്ഞു.

തമിഴ്നാട്ടിൽ കഴിവില്ലാത്ത ഒരു മുഖ്യമന്ത്രി ഭരിക്കുന്നതിനാൽ, അദ്ദേഹത്തിന് ഒരു പദ്ധതിയും കൊണ്ടുവരാൻ കഴിയില്ല. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വായ്പകൾ എടുക്കുന്നതിൽ സ്റ്റാലിൻ മാതൃകയാണ്. അഴിമതി, പിരിവ്, കമ്മീഷൻ, കൈക്കൂലി എന്നിവയിൽ ഡി.എം.കെ മാതൃകയാണ്, ടാസ്മാക്കിൽ നിന്ന് 10 രൂപ അധികമായി ഈടാക്കുന്നതിൽ ഡി.എം.കെ മാതൃകയാണ്.

കുടുംബ ഭരണത്തിലും പിന്തുടർച്ച രാഷ്ട്രീയത്തിലും ഡി.എം.കെ മാതൃകയാണ്. വ്യാജ വാഗ്ദാനങ്ങൾ നൽകുന്നതിൽ ഡി.എം.കെ മാതൃകയാണ്. ഡി.എം.കെ ഒരു കുടുംബ പാർട്ടിയാണ്. കരുണാനിധിയായിരുന്നു നേതാവ്. ഇനി, സ്റ്റാലിൻ നേതാവും ഉദയനിധി യുവജന സെക്രട്ടറിയും കനിമൊഴി വനിതാ വിഭാഗം സെക്രട്ടറിയുമായ മൂന്ന് പ്രധാന സ്ഥാനങ്ങളെല്ലാം കരുണാനിധി കുടുംബത്തിലാണ്.

കരുണാനിധി കുടുംബം നിലനിൽക്കുന്നിടത്തോളം കാലം മറ്റാർക്കും നേതൃസ്ഥാനത്തേക്ക് വരാൻ കഴിയില്ല. ഇതുപോലുള്ള ഒരു കുടുംബഭരണം നടത്തുന്ന ഒരു പാർട്ടിയുണ്ടോ? മുഖ്യമന്ത്രിയായി സ്റ്റാലിൻ, ഉപമുഖ്യമന്ത്രിയായി ഉദയനിധി, ലോക്സഭാ കമ്മിറ്റി നേതാവായി കനിമൊഴി, ആ പാർട്ടിയിൽ മറ്റൊരു എം.പി ഇല്ലേ? ഒരു കുടുംബത്തിനുവേണ്ടി 8 കോടി ജനങ്ങളെ ചൂഷണം ചെയ്യാൻ നമുക്ക് അനുവദിക്കാമോ അദ്ദേഹം ചോദിച്ചു.

എൻ.ഡി.എ ഒറ്റക്കെട്ടായി നീങ്ങണമെന്ന പൊതുതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇന്നലെ എടപ്പാടിയുടെ പരിപാടിയിൽ ബി.ജെ.പി പ്രവർത്തരും എത്തിയിരുന്നു.







# മോണിക്ക ബെല്ലൂച്ചിയും ടിം ബർട്ടണും വേർപിരിഞ്ഞു



ഇറ്റാലിയൻ നടി മോണിക്ക ബെല്ലൂച്ചിയും അമേരിക്കൻ ചലച്ചിത്ര നിർമ്മാതാവ് ടിം ബർട്ടണും വേർപിരിഞ്ഞു. രണ്ട് വർഷത്തെ നീണ്ട പ്രണയത്തിന് ശേഷമാണ് ഇപ്പോൾ വേർപിരിഞ്ഞിരിയ്ക്കുന്നത്.2006 ലെ കാൻ അന്താരാഷ്ട്ര ചലച്ചിത്രമേളയിലാണ് ഇരുവരും ആദ്യമായി കണ്ടുമുട്ടിയത്. പ്രൊഫഷണൽ കാര്യങ്ങളെക്കുറിച്ചും ജോലിയെക്കുറിച്ചും സംസാരിച്ചതിന് ശേഷം ഇരുവരും നല്ല സുഹൃത്തുക്കളായി.ഇതിനിടെ 2014 ൽ ടിം ബർട്ടൺ പങ്കാളി ഹെലന ബൊൺഹാമുമായി വേർപിരിഞ്ഞു. ആ ബന്ധത്തിൽ പിറന്ന മക്കളുടെ ഉത്തരവാദിത്വവും ഇരുവരും ഒന്നിച്ചേറ്റെടുത്തു.

വേർപിരിഞ്ഞതിന് ശേഷം ടിം ബർട്ടൻ തന്റെ കരിയറുമായി മുന്നോട്ടു പോകുകയായിരുന്നു. എട്ട് വർഷങ്ങൾക്ക് ശേഷം, 2022 ൽ ലിയോണിലെ ലൂമിയർ ഫിലിം ഫെസ്റ്റിവലിൽ വച്ച് ടിം ബർട്ടൺ വീണ്ടും മോണിക്ക ബെല്ലൂച്ചിയെ കണ്ടുമുട്ടി. അത് ഇരുവരുടെയും സൗഹൃദം വീണ്ടും അടുപ്പിച്ചു. 2023 ൽ ഇരുവരും ഒന്നിച്ചുള്ള സ്വകാര്യ ചിത്രങ്ങളൊക്കെ പുറത്ത് വന്നതിന് പിന്നാലെ ഇരുവരും പ്രണയത്തിലാണെന്ന ഗോസിപ്പുകൾ പ്രചരിച്ചു. 2023 ജൂണിൽ ടിമ്മുമായുള്ള പ്രണയത്തെ കുറിച്ച് മോണിക്ക തന്നെ തുറന്നു പറഞ്ഞു.ഇതിനുശേഷം,ഇരുവരും ഒരുമിച്ച് പൊതുപരിപാടികളിൽ പങ്കെടുക്കാൻ തുടങ്ങി. 2024 ൽ, ടിം ബർട്ടണിന്റെ ബീറ്റിൽജ്യൂസ് 2 വിന്റെ ഭാഗമായി. ഏറെ കാത്തിരുന്ന ഒരു ഒത്തു ചേരലായിരുന്നു അത്. ഇഷ്ടപ്പെട്ട പ്രണയ ജോഡികളെ ഒരുമിച്ച് സ്ക്രീനിൽ കണ്ടത് ആരാധകർക്കും ആഘോഷമായിരുന്നു.ബെല്ലൂച്ചി 1999 ൽ ഫ്രഞ്ച് നടൻ വിൻസെന്റ് കാസലിനെ വിവാഹം കഴിച്ചു. ദമ്പതികൾക്ക് രണ്ട് മക്കളുണ്ട്. പിന്നീട് ഇവർ വേർപിരിയുകയായിരുന്നു.



## ഒരുമിച്ച് വിയറ്റ്നാം ട്രിപ്പ്; കിം യൂ ജങ്ങും കിം ദോ ഹൂണും പ്രണയത്തിലോ?

ദക്ഷിണ കൊറിയൻ താരങ്ങളായ കിം യൂ ജങ്ങും കിം ദോ ഹൂണും തമ്മിലുള്ള പ്രണയത്തെക്കുറിച്ചുള്ള അഭ്യൂഹങ്ങൾ കഴിഞ്ഞ കുറച്ച് ദിവസങ്ങളായി പ്രചരിച്ചിരുന്നു. വാർത്ത ഓൺലൈനിൽ പ്രചരിക്കുകയും ആരാധകർ അത് ഏറ്റെടുക്കുകയും ചെയ്തതോടെ, പ്രണയ കിംവദന്തികൾക്ക് വിരാമമിടാൻ അവരുടെ ഏജൻസികൾ രംഗത്തെത്തി. വിയറ്റ്നാം വിമാനത്താവളത്തിൽ നിന്ന് ഇരുവരുടെയും ഫോട്ടോകൾ പുറത്തുവന്നതിന് ശേഷമാണ് പ്രണയകഥകൾ പുറത്തുവന്നത്. കിം യൂ ജങ്ങുമായി സംസാരിച്ചതിന് ശേഷം ഞങ്ങൾ ഇക്കാര്യം അന്വേഷിച്ചുവെന്ന് കിം യൂ ജങ്ങിന്റെ ഏജൻസി പറഞ്ഞു. 'കിം യൂ ജങ്ങുമായി സംസാരിച്ചതിന് ശേഷമാണ് ഈ കാര്യം അന്വേഷിച്ചത്. കിംവദന്തികൾ പൂർണ്ണമായും അടിസ്ഥാനരഹിതമാണ്. വിയറ്റ്നാമിൽ നിന്ന് നാ ട്രാങ്ങിലേക്ക് അവർ രണ്ടുപേരും മാത്രമല്ല യാത്ര ചെയ്തത്, മറിച്ച് ഡിയർ എക്സ് എന്ന സിനിമയുടെ മുഴുവൻ സംഘവും അവിടെ ഉണ്ടായിരുന്നു. ചിത്രീകരണത്തിനായുള്ള ഒരു യാത്രയായിരുന്നു അത്. ഡേറ്റിംഗ് കിംവദന്തികൾ ശരിയല്ല'- ഏജൻസി വ്യക്തമാക്കി.



## കിർക്കിന്റെ അനുസ്മരണ ചടങ്ങിൽട്രംപിന്റെ 'വിചിത്രനൃത്തം'

പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ വിശ്വസ്തനായിരുന്ന ചാർളി കിർക്കിന്റെ അനുസ്മരണ ചടങ്ങ് ഞായറാഴ്ചയായിരുന്നു. ഇലോൺ മസ്ക് അടക്കമുള്ള പ്രമുഖർ ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. പരിപാടിക്ക് ആഗോള ശ്രദ്ധ ലഭിച്ചതോടെ ചടങ്ങിൽ നിന്നുള്ള നിരവധി വീഡിയോകളും ഇന്റർനെറ്റിൽ പ്രചരിക്കുന്നുണ്ട്. എന്നാൽ, കിർക്കിനുവേണ്ടിയുള്ള അനുസ്മരണ ഗാനത്തിനിടെ ട്രംപിന്റെ 'വിചിത്രമായ നൃത്തം' എന്ന തലക്കെട്ടോടെ പുറത്തുവന്ന ഒരു വീഡിയോയാണ് ഇപ്പോൾ സാമൂഹ്യമാധ്യമങ്ങളിൽ വലിയ തോതിൽ പ്രചരിക്കുന്നത്. സെപ്റ്റംബർ 10-ന് പൊതുപരിപാടിക്കിടെയാണ് 31-കാരനായ കിർക്ക് വെടിയേറ്റ് കൊല്ലപ്പെട്ടത്. അരിസോണയിലാണ് കിർക്കിന്റെ അനുസ്മരണ ചടങ്ങ് നടന്നത്.



## 'എന്റെ രാജ്യത്തിന്റെ പോക്ക് എങ്ങോട്ടെന്ന് മനസിലാവുന്നില്ല'; ആഞ്ജലീന ജോളി

അമേരിക്കയിൽ ആവിഷ്കാര സ്വാതന്ത്ര്യത്തിന് നേരെയുള്ള ഭീഷണികളിൽ നടി ആഞ്ജലീന ജോളി ആശങ്ക പ്രകടിപ്പിച്ചു. തന്റെ രാജ്യം ഇപ്പോൾ എവിടേക്കാണ് പോകുന്നതെന്ന് മനസ്സിലാകുന്നില്ലെന്ന് അവർ പറഞ്ഞു. സ്പെയിനിലെ സാൻ സെബാസ്റ്റ്യൻ ഫിലിം ഫെസ്റ്റിവലിൽ തന്റെ ഏറ്റവും പുതിയ ചിത്രം അവതരിപ്പിക്കുന്നതിനിടെയാണ് ആഞ്ജലീന ഈ പരാമർശം നടത്തിയത്. നാമെല്ലാവരും ഒരുമിച്ച് ജീവിക്കുന്ന വളരെ ദുഷ്കരമായ സമയമാണിതെന്നും അവർ ചൂണ്ടിക്കാട്ടി.'ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു, പക്ഷേ ഈ സമയത്ത് എനിക്ക് എന്റെ രാജ്യത്ത് നടക്കുന്നതിനെ അനുകൂലിക്കാൻ കഴിയുന്നില്ല. എവിടെയായാലും, ആരിൽ നിന്നായാലും, വ്യക്തിപരമായ അഭിപ്രായപ്രകടനങ്ങളെയും സ്വാതന്ത്ര്യങ്ങളെയും വിഭജിക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്യുന്ന എന്തും വളരെ അപകടകരമാണെന്ന് ഞാൻ കരുതുന്നു. നാമെല്ലാവരും ഒരുമിച്ച് ജീവിക്കുന്ന വളരെ കഠിനമായ കാലഘട്ടമാണിത്.' അമേരിക്കയിലെ അഭിപ്രായ സ്വാതന്ത്ര്യത്തെക്കുറിച്ച് ഭയമുണ്ടോ എന്ന ചോദ്യത്തിന് ജോളി മറുപടി പറഞ്ഞു.ഗേൾ, ഇന്ററപ്റ്റഡ് എന്ന ചിത്രത്തിലെ അഭിനയത്തിന് 1999-ൽ ഓസ്കാർ പുരസ്കാരം നേടിയ താരം, തന്റെ ഏറ്റവും പുതിയ കഥാപാത്രത്തിന്റെ പോരാട്ടങ്ങളുമായി വ്യക്തിപരമായി ബന്ധം തോന്നുന്നുവെന്ന് പറഞ്ഞു. സിനിമ ചെയ്യുന്നതിനിടയിൽ താൻ തന്റെ അമ്മയെക്കുറിച്ച് ഒരുപാട് ഓർത്തിരുന്നുവെന്ന് അവർ വികാരാധീനയായി പറഞ്ഞു.തന്റെ അമ്മയുടെയും മുത്തശ്ശിയുടെയും ജീവനെടുത്ത അർബുദത്തിന്റെ ഉയർന്ന ജനിതക സാധ്യത കുറയ്ക്കുന്നതിനായി, 2013-ൽ ജോളി ഇരട്ട മാസ്റ്റെക്ടമിക്ക് വിധേയയായിരുന്നു. പിന്നീടവർ അണ്ഡാശയങ്ങളും ഫാലോപ്യൻ ട്യൂബുകളും നീക്കം ചെയ്യുകയും ചെയ്തിരുന്നു.

# 'എന്റെ ആത്മാവിന്റെ സ്പന്ദനമാണ് സിനിമ'; മോഹൻലാൽ



ചലച്ചിത്ര മേഖലയിലെ പരമോന്നത ബഹുമതിയായ ദാദാസാഹേബ് ഫാൽക്കെ പുരസ്കാരം രാഷ്ട്രപതിയിൽ നിന്ന് ഏറ്റുവാങ്ങി മോഹൻലാൽ. 'ഈ നിമിഷം എന്റേത് മാത്രമല്ല, പുരസ്കാരം മലയാള സിനിമയ്ക്ക് അവകാശപ്പെട്ടതെന്നാണ് നടൻ പുരസ്കാരം സ്വീകരിച്ചുകൊണ്ടുള്ള പ്രസംഗത്തിൽ പറഞ്ഞത്. പുരസ്കാരത്തിന് പിന്നിൽ മലയാള സിനിമയുടെ പൂർണമായ പിന്തുണയുണ്ട്. വന്യമായ സ്വപ്നങ്ങളിൽ പോലും ഇത് കണ്ടിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.കുമാരനാശാന്റെ കവിത ഓർമ്മിപ്പിച്ചായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. മഹാരഥന്മാർ പടുത്തുയർത്തിയ മലയാള സിനിമയുടെ പാരമ്പര്യം മുന്നോട്ട്കൊണ്ടുപോകുക മാത്രമാണ് ചെയ്യുന്നത്. എന്റെ ആത്മാവിന്റെ സ്പന്ദനമാണ് സിനിമയെന്ന് വൈകാരികമായി പറഞ്ഞ് പുരസ്കാരം മലയാള സിനിമയ്ക്ക് സമർപ്പിച്ചുകൊണ്ടാണ് മോഹൻലാൽ വാക്കുകൾ അവസാനിപ്പിച്ചത്.






## 'പുതിയ അധ്യായത്തിന് തുടക്കം കുറിക്കുന്നു'; നിറവയർ ചിത്രവുമായി കത്രീന കൈഫ്

വിക്കി കൗശലുമായുള്ള വിവാഹത്തിനു ശേഷം, കത്രീന കൈഫിനെക്കുറിച്ചുള്ള ഏറ്റവും പതിവ് ഗോസിപ്പ് നടി ഗർഭിണിയാണെന്നായിരുന്നു. എല്ലാ ഗോസിപ്പുകളും നിഷേധിച്ചുകൊണ്ട് നടി ഫോട്ടോകൾ ഒന്നിനുപുറകെ ഒന്നായി പോസ്റ്റ് ചെയ്തു. എന്നാൽ ഏറ്റവും പുതിയ ഗോസിപ്പുകൾക്ക് പ്രതികരണമൊന്നും ലഭിച്ചിട്ടില്ല.ബോളിവുഡ് സിനിമാ ലോകത്തെ എല്ലാ വലിയ താരങ്ങളും ആര്യൻ ഖാന്റെ ആദ്യ ചിത്രത്തിന്റെ പ്രീമിയറിന് കുടുംബസമേതം എത്തിയിരുന്നു. ഇപ്പോഴിതാ കത്രീന കൈഫ് ഗർഭണിയാണ് എന്ന സന്തോഷ വാർത്ത ഇരുവരും തങ്ങളുടെ സോഷ്യൽ മീഡിയയിലൂടെ അറിയിച്ചു. സന്തോഷവും നന്ദിയും നിറഞ്ഞ ഹൃദയങ്ങളോടെ ഞങ്ങളുടെ ജീവിതത്തിലെ ഏറ്റവും മികച്ച അധ്യായം ആരംഭിക്കാനുള്ള യാത്രയിലാണ്- എന്ന് പറഞ്ഞുകൊണ്ട് മനോഹരമായ ഒരു ഫോട്ടോ പങ്കുവയ്ക്കുകയായിരുന്നു. പോസ്റ്റിന് താഴെ നിരവധി ആശംസാ കമന്റുകളാണ് വരുന്നത്.

## യേശുദാസിന് തമിഴ്നാട് സർക്കാരിന്റെ എം.എസ്. സുബ്ബലക്ഷ്മി അവാർഡ്



ഗായകൻ കെ.ജെ.യേശുദാസിന് തമിഴ്നാട് സർക്കാരിന്റെ എം.എസ്. സുബ്ബലക്ഷ്മി പുരസ്കാരം. സംഗീത മേഖലയ്ക്ക് അദ്ദേഹം നൽകിയ സംഭാവനകൾ കണക്കിലെടുത്താണ് തമിഴ്നാട് സർക്കാർ പുരസ്കാരം സമ്മാനിക്കുന്നത്. ഗായിക ശ്വേത മോഹനും നടി സായ് പല്ലവിക്കും ആണ് കലൈ മാമണി പുരസ്കാരം. 2021ലെ കലൈ മാമണി പുരസ്കാരമാണ് സായ് പല്ലവിക്ക് ലഭിച്ചത്.2023 ലെ കലൈമാമണി പുരസ്കാരം ആണ് ശ്വേതയ്ക്ക് നൽകുന്നത്. അടുത്ത മാസം ചെന്നൈയിൽ വച്ചായിരിക്കും പുരസ്കാര വിതരണം. നടൻ എസ്.ജെ. സൂര്യയും സംവിധായകൻ ലിംഗുസ്വാമിയുമാണ് സായ് പല്ലവിക്ക് ഒപ്പം 2021ലെ കലൈ മാമണി പുരസ്കാരം അർഹരായത്.




## ബിഗ് ഹിറ്റിന്റെപുതിയ ബോയ്ഗ്രൂപ്പ് കോർട്ടിസിന്റെ അരങ്ങേറ്റം

ആറ് വർഷത്തിന് ശേഷം BigHit പുതുതായി പുറത്തിറക്കിയ ബോയ്ഗ്രൂപ്പാണ് CORTIS. BTS, TXT എന്നിവരുടെ ആഗോള വിജയത്തിന് ശേഷം ആറു വർഷത്തിന് ഇടവേളയ്ക്ക് ശേഷമാണ് ലേബൽ അവരുടെ അടുത്ത ബോയ്ഗ്രൂപ്പിനെ ലോകത്തിനു മുന്നിലെത്തിച്ചത്. മാർട്ടിൻ, ജെയിംസ്, ജൂഹൂൺ, സോങ്ഹ്യോൺ, കിയോൻഹോ എന്നിങ്ങനെ അഞ്ചംഗങ്ങളാണ് ഈ ഗ്രൂപ്പിൽ. അതേസമയം BTS തന്നെയാണ് അവരുടെ ഏറ്റവും വലിയ പ്രചോദനം എന്ന് തുറന്നുപറയാൻ ഇവർക്ക് മടിയില്ല. ബിടിഎസ് ലീഡർ ആർഎമ്മിൽ നിന്ന് ലഭിച്ച ഉപദേശം എന്നെ ഏറെ സ്വാധീനിച്ചു എന്നാണ് മാർട്ടിൻ പറയുന്നത്. ''എനിക്ക് BTS-നെ ആദ്യമായി പരിചയപ്പെടുത്തിയത് എന്റെ സഹോദരിയാണ്. സംഗീതം എപ്പോഴും ഇഷ്ടമായിരുന്നു, പക്ഷേ BTS-നെ കണ്ടപ്പോൾ തന്നെയാണ് എനിക്ക് ഞാൻ ഏത് തരത്തിലുള്ള കമ്പനിയിലേക്കാണ് പോകേണ്ടത്, എങ്ങനെയുള്ള സംഗീതമാണ് ചെയ്യേണ്ടത് എന്ന് വ്യക്തമായത്'' അദ്ദേഹം പറഞ്ഞു

# ലോകയുടെ വിജയത്തിൽ നിമിഷ് രവിയെ അഭിനന്ദിച്ച് അഹാന



ലോക ചാപ്റ്റർ വൺ: ചന്ദ്ര'യുടെ ചരിത്ര വിജയത്തിന് പിന്നാലെ ഛായാഗ്രഹകൻ നിമിഷ് രവിയെ അഭിനന്ദിച്ച് നടി അഹാന കൃഷ്ണ. 'ലോക' യാഥാർഥ്യമാക്കുന്നതിനായി സംവിധായകനൊപ്പം നിമിഷ് എത്ര മാത്രം പ്രയ്തനിച്ചുവെന്ന് നടി സമൂഹമാധ്യമത്തിൽ കുറിച്ചു.നിരവധി സിനിമകളുടെ തിരക്കുകൾക്കിടയിലും 'ലോക'യ്ക്കും ഡൊമിനിക്കിനുമായി നിമിഷ് സമയം കണ്ടെത്തിയിരുന്നതായി അഹാന പറയുന്നു. ഡൊമിനിക്കിന്റെ സ്വപ്നത്തിനൊപ്പം നടന്നതിനും ലോകയെ ഈ വിധം ആക്കിതീർക്കുന്നതിൽ പ്രധാന ഭാഗമായതിനും നിമിഷിനെ അഹാന അഭിനന്ദിച്ചു. ഇൻസ്റ്റഗ്രാമിലൂടെ ആയിരുന്നു നടിയുടെ പ്രതികരണം.'ഇത് നിനക്കുള്ളതാണ് നിം! ഒരു ദിവസത്തെ ഷൂട്ട് കഴിയുമ്പോഴേക്കും ആരും ക്ഷീണിച്ചുപോകും. എന്നാൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി, മറ്റ് സിനിമകളുടെ ഷൂട്ടിങ് നടക്കുമ്പോഴും നീ ഡൊമിനിക്കിനെ വിളിച്ച് ലോകയെക്കുറിച്ച് ചർച്ച ചെയ്യുമായിരുന്നു. എത്ര തിരക്കിലായാലും ക്ഷീണത്തിലായാലും ഇങ്ങനെ ചർച്ച ചർച്ച ചെയ്യാത്ത ഒരു ദിവസം പോലും ഉണ്ടായിട്ടില്ല. ഒരു ഛായാഗ്രാഹകൻ എന്നതിലപ്പുറം ഡൊമിനിക്കിന്റെ സ്വപ്നത്തിലേക്ക് കടന്നുചെന്നതിലും ലോക ഇന്നത്തെ അവസ്ഥയിലായിരിക്കുന്നതിന്റെ ഏറ്റവും വലിയ കാരണങ്ങളിലൊന്നായതിലും ഞാൻ നിന്നെ ഓർത്ത് അങ്ങേയറ്റം അഭിമാനിക്കുന്നു.നീയില്ലാതെ ഇത് സംഭവിക്കില്ലായിരുന്നു. അതെന്ത് കൊണ്ടാണെന്ന് അറിയുന്നതിൽ ഞാൻ അഭിമാനിക്കുന്നു. സിനിമയിൽ വന്ന ആദ്യ ദിനം മുതൽ, നീ എങ്ങനെയായിരുന്നു അതുപോലെ ഹൃദയത്തിൽ നിന്ന് അർഥവത്തായ സിനിമകൾ ചെയ്യൂ,' അഹാന കുറിച്ചു.

# കൈ നിറയെ ചിത്രങ്ങൾ! ഹിന്ദി അരങ്ങേറ്റത്തിന് ഉണ്ണി മുകുന്ദൻ



ബോളിവുഡ് അരങ്ങേറ്റം കുറിക്കാൻ മലയാളത്തിന്റെ പ്രിയതാരം ഉണ്ണി മുകുന്ദൻ. റിലയൻസ് എന്റർടൈൻമെന്റ്സ് ആണ് ഉണ്ണി മുകുന്ദനെ കേന്ദ്ര കഥാപാത്രമാക്കി രണ്ട് ഹിന്ദി സിനിമകൾ ഒരുക്കുന്ന വിവരം സമൂഹമാധ്യമങ്ങളിലൂടെ അറിയിച്ചത്.ഉണ്ണി മുകുന്ദന്റെ ജന്മദിനത്തോടനുബന്ധിച്ചാണ് റിലയൻസ് എന്റർടൈൻമെന്റ്സിന്റെ പ്രഖ്യാപനം. 'വരാനിരിക്കുന്ന രണ്ട് ഹിന്ദി സിനിമകളിൽ ഇന്ത്യയുടെ മസിൽ അളിയൻ അഭിനയിക്കുന്നു' എന്നാണ് ഇൻസ്റ്റഗ്രാമിൽ പങ്കുവെച്ച പോസ്റ്റിൽ നിർമാണ കമ്പനി അറിയിച്ചിരിക്കുന്നത്. താരത്തിനു ജന്മദിനാശംസകൾ നേരുകയും ചെയ്തിട്ടുണ്ട്.'മാർക്കോ'യുടെ വൻ വിജയമാണ് ഉണ്ണി മുകുന്ദനു കേരളത്തിനു പുറത്ത് ഇത്ര വലിയ സ്വീകാര്യത നേടി കൊടുത്തത്. ഹിന്ദിയിൽ അടക്കം മാർക്കോ വലിയ വിജയമായിരുന്നു. വേൾഡ് വൈഡായി 100 കോടിയിലേറെ കളക്ട് ചെയ്ത ചിത്രം ഉണ്ണി മുകുന്ദന്റെ കരിയറിലെ ഏറ്റവും വലിയ വിജയവുമാണ്.മുതിർന്ന സംവിധായകൻ ജോഷി സംവിധാനം ചെയ്യുന്ന ആക്ഷൻ ത്രില്ലറിലാണ് ഉണ്ണി മുകുന്ദൻ ഇപ്പോൾ അഭിനയിച്ചുകൊണ്ടിരിക്കുന്നത്. ഐൻസ്റ്റീൻ മീഡിയ ആണ് ഈ ചിത്രത്തിന്റെ നിർമാണം. ക്രാന്തി കുമാർ സി.എച്ച് സംവിധാനം ചെയ്യുന്ന 'മാ വന്ദേ' എന്ന ചിത്രത്തിൽ ഉണ്ണി മുകുന്ദൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയായി അഭിനയിക്കും. പ്രധാനമന്ത്രിയുടെ ജീവചരിത്രം പറയുന്ന ഈ സിനിമ മലയാളം, തെലുങ്ക്, തമിഴ്, ഹിന്ദി അടക്കം അഞ്ചോളം ഭാഷകളിൽ പുറത്തിറക്കാനാണ് ആലോചന. അതിനുശേഷമായിരിക്കും ഉണ്ണി മുകുന്ദന്റെ ഹിന്ദി അരങ്ങേറ്റം.




## പൃഥ്വിരാജിനൊപ്പം 60 പുതുമുഖങ്ങൾ; 'സന്തോഷ് ട്രോഫി' ഷൂട്ടിങ് ഉടൻ

വിപിൻദാസിന്റെ സംവിധാനത്തിൽ 60 പുതുമുഖങ്ങൾക്കൊപ്പം പൃഥ്വിരാജ് സുകുമാരൻ എത്തുന്നു. 'സന്തോഷ് ട്രോഫി'യുടെ ഷൂട്ടിങ് ഉടൻ ആരംഭിക്കും. പ്രശസ്ത നിർമാതാക്കളായ ലിസ്റ്റിൻ സ്റ്റീഫനും സുപ്രിയ മേനോനും ചേർന്നാണ് ചിത്രത്തിന്റെ നിർമാണം. സിനിമാ ചരിത്രത്തിൽ തന്നെ ആദ്യമായാണ് ഒരു സൂപ്പർസ്റ്റാർ നായകനൊപ്പം 60 പുതുമുഖങ്ങളുടെ നിര വരുന്നത്.പുതുമയുള്ള കഥകളിലൂടെയും അവയുടെ വ്യത്യസ്തമായ അവതരണത്തിലൂടെയും യുവ പ്രേക്ഷകരെ കയ്യിലെടുക്കുന്ന വിപിൻ ദാസ് 'ഗുരുവായൂർ അമ്പലനടയിൽ' എന്ന ചിത്രത്തിനു ശേഷം പൃഥ്വിരാജ് പ്രൊഡക്ഷൻസുമായി ചേർന്ന് സംവിധാനം ചെയ്യുന്ന ചിത്രമാണിത്. ലിസ്റ്റിൻ സ്റ്റീഫനുമായി ചേർന്നുള്ള ആദ്യ ചിത്രവും. മലയാള സിനിമയിൽ വൈവിധ്യമാർന്ന വേഷങ്ങൾക്ക് പേരുകേട്ട പൃഥ്വിരാജിന്റെ പുതിയ ചിത്രം 'സന്തോഷ് ട്രോഫി' ടൈറ്റിൽ അനൗൺസ് ചെയ്തപ്പോൾ തന്നെ പ്രതീക്ഷകൾ ഉണർത്തിയിരുന്നു. അതിനു തിളക്കം കൂട്ടുന്ന അതിഗംഭീര പ്രഖ്യാപനമാണ് നിർമാതാക്കൾ ഇപ്പോൾ നടത്തിയിരിക്കുന്നത്.പൃഥ്വിരാജിനൊപ്പം 60 പുതുമുഖങ്ങളെയും അവതരിപ്പിക്കുന്നു എന്നതാണ് ഈ പ്രോജക്ടിനെ കൂടുതൽ സവിശേഷമാക്കുന്നത്. ഇന്ത്യൻ സിനിമയിലെ പ്രമുഖ നടന്മാരിൽ ഒരാളുമായി സ്ക്രീൻ പങ്കിടാൻ പുതുമുഖങ്ങൾക്ക് അവസരമൊരുക്കുന്നതിലൂടെ, സിനിമാ വ്യവസായത്തിലേക്ക് പുതിയ ഊർജവും കഴിവും കൊണ്ടുവരാൻ സാധിക്കുമെന്നാണ് അണിയറ പ്രവർത്തകർ പ്രതീക്ഷിക്കുന്നത്.

## പുതിയ ഹാരി പോട്ടർ സീരീസിൽ വനിതാ വോൾഡമോർട്ട്?; ആരാധകർ പ്രതിഷേധത്തിൽ

ഉടൻ വരാനിരിക്കുന്ന ഹാരി പോട്ടർ ടെലിവിഷൻ സീരീസിനായി ആരാധകർ ഏറെ പ്രതീക്ഷയോടെ ആണ് കാത്തിരിക്കുന്നത്. സോഷ്യൽ മീഡിയയിൽ ഇതിനെ കുറിച്ച് വലിയ ചർച്ചയാണ് നടക്കുന്നത്. Comicbook റിപ്പോർട്ട് പ്രകാരം, ലോർഡ് വോൾഡമോർട്ടിനായുള്ള ഓഡിഷൻ പുരുഷന്മാർക്കും സ്ത്രീകൾക്കും ഒരുപോലെ സ്വീകാര്യമാണ് എന്നാണ് പറയുന്നത്. അതായത്, ഇരുണ്ട ലോകത്തിന്റെ അധിപതിയെ ഒരു സ്ത്രീ അവതരിപ്പിക്കാനിടയുണ്ട് എന്നാണ് പുറത്തു വരുന്ന റിപ്പോർട്ടുകൾ. ഈ തീരുമാനമാണ് ഇപ്പോൾ കടുത്ത ഓൺലൈൻ ചർച്ചകൾക്കും വിമർശനങ്ങൾക്കും കാരണമായിരിക്കുന്നത്.പുസ്തകങ്ങളുടെ ആരാധകർ പറയുന്നത്, കഥാപാത്രത്തിന്റെ യഥാർത്ഥ വ്യക്തിത്വമായ ടോം മാർവോളോ റിഡിൽ നെ അവഗണിക്കുന്ന തീരുമാനമാണിതെന്നാണ്. പലർക്കും തോന്നുന്നത് ഇത് കഥാപരമായ വികസനമല്ല, മറിച്ച് 'വൈവിധ്യം' നിറയ്ക്കാനുള്ള ശ്രമം മാത്രമാണെന്ന്. അതുകൊണ്ട് തന്നെയാണ് വ്യാപകമായ വിമർശനം ഉയരുന്നത്. ഇത് പോലെ ഒരു വിവാദം മുമ്പ് ഉണ്ടായ മറ്റൊരു വിവാദത്തെ ഓർമ്മപ്പെടുത്തുന്നുവെന്നും പറയാം. അന്ന്, പ്രൊഫസർ സെവറസ് സ്നേപ്പായി നടൻ പാപ്പ എസീദുവിനെ (Paapa Essiedu) തിരഞ്ഞെടുത്തപ്പോൾ ആരാധകരിൽ വലിയ എതിർപ്പുകൾ ഉയർന്നിരുന്നു. സിനിമയിൽ ആലൻ റിക്മൻ അവതരിപ്പിച്ച ആരാധകരുടെ മനസ്സിൽ പതിഞ്ഞ കഥാപാത്രത്തെ കറുത്ത വർഗ്ഗക്കാരനായ ഒരു നടൻ അവതരിപ്പിക്കുന്നത് പലർക്കും സ്വീകരിക്കാൻ ബുദ്ധിമുട്ടായിരുന്നു.അതേസമയം വോൾഡമോർട്ടിനെ ജെൻഡർ-ഫ്ലെക്സിബിലിറ്റിയോടെ അവതരിപ്പിക്കാനുള്ള ശ്രമം പുതിയൊരു കാഴ്ചപ്പാട് നൽകാനാണെങ്കിലും, അതീവ നിസ്സഹകരണ ആരാധക സമൂഹമുള്ള വലിയ ഫ്രാഞ്ചൈസികൾ നേരിടുന്ന സ്ഥിരമായ വെല്ലുവിളിയെയും ഇത് തുറന്ന് കാണിക്കുന്നു.ഈ സീരീസ് 2027-ലാണ് പുറത്തിറങ്ങുമെന്നാണ് പ്രതീക്ഷ, റിലീസ് തീയതി ഇപ്പോഴും പ്രഖ്യാപിച്ചിട്ടില്ല.




## ജനനായകനുമായി വിജയ്, ചിത്രത്തിന്റെ പുത്തൻ അപ്ഡേറ്റ്

വിജയ് നായകനായി എത്തുന്ന പുതിയ ചിത്രമാണ് ജനനായകൻ. എച്ച് വിനോദ് ആണ് സംവിധാനം ചെയ്യുന്നത്. അനിരുദ്ധ് ആണ് ചിത്രത്തിന്റെ സംഗീതം ഒരുക്കിയിരിക്കുന്നത്. ബോബി ഡിയോൾ, പൂജ ഹെഗ്ഡെ, പ്രകാശ് രാജ്, ഗൗതം വാസുദേവ് മേനോൻ, നരേൻ, പ്രിയാമണി, മമിത എന്നിവർ പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നു. ദളപതി വിജയുടെ പ്രിയപ്പെട്ട മൂന്ന് സംവിധായകരായ ബോയ്സെന്ന് വിശേഷിപ്പിക്കപ്പെടുന്ന ലോകേഷ് കനകരാജ്, അറ്റ്ലി, നെൽസൺ എന്നിവർ ജനനായകനിലെ ഒരു ഗാന രംഗത്ത് ഉണ്ടാകും എന്നാണ് മറ്റൊരു അപ്ഡേറ്റ് സൂചിപ്പിക്കുന്നത്. ജനുവരി ഒമ്പതിനാണ് ചിത്രത്തിന്റെ റിലീസ്.

## സ്പൈഡർമാൻ ഷൂട്ടിങ് നിർത്തിവച്ചോ?


ഹോളിവുഡ് ചിത്രം സ്പൈഡർമാൻ ബ്രാൻഡ് ന്യൂ ഡേ ഷൂട്ടിംഗ് താത്കാലികമായി നിർത്തിവച്ചു. ഫൈറ്റ് രംഗം ചിത്രീകരിക്കുന്നതിനിടയിൽ ടോം ഹോളണ്ടിന് പരിക്ക് സംഭവിച്ചതിനെ തുടർന്നാണ് ഷൂട്ടിങ് നിർത്തിവച്ചത്. പരിക്ക് സംഭവിച്ച ഉടനെ തന്നെ നടനെ ആശുപത്രിയിൽ എത്തിച്ചു.നിലവിൽ വിശ്രമത്തിലാണ് ടോം ഹോളണ്ട്, ദിവസങ്ങൾക്കകം ഷൂട്ടിന് തിരിച്ചെത്തും എന്നാണ് വിവരം. തുടർന്നുള്ള ഷൂട്ടിങ് പ്ലാനുകൾ ചെയ്യുന്നതിനായി പ്രൊഡക്ഷൻ മീറ്റിങ് വിളിച്ചിട്ടുണ്ട്. അതേ സമയം പരിക്ക് വകവയ്ക്കാതെ ടോം ഹോളണ്ട് തൻരെ പ്രതിശ്രുത വധുവും സഹതാരവുമായ സെൻഡായയ്ക്കൊപ്പം ഒരു ചാരിറ്റി പരിപാടിയിൽ പങ്കെടുക്കുന്ന ചിത്രങ്ങൾ പുറത്തുവന്നിരുന്നു. ഇപ്പോൾ ആരോഗ്യനിലയിൽ പുരോഗതിയുണ്ടെന്നുമാണ് വിവരം

# വാട്ട് ഹാപ്പൻസ് അറ്റ് നൈറ്റ് ! സംവിധാനം ചെയ്യാൻ മാർട്ടിൻ സ്കോർസെസെ

ലിയനാർഡോ ഡികാപ്രിയോയും ജെന്നിഫർ ലോറൻസും പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്ന 'വാട്ട് ഹാപ്പൻസ് അറ്റ് നൈറ്റ്' ചിത്രത്തിന്റെ അഡാപ്റ്റേഷൻ സംവിധാനം ചെയ്യാൻ ഓസ്കാർ ജേതാവായ സംവിധായകൻ മാർട്ടിൻ സ്കോർസെസെ.സിനിമ നിർമ്മിക്കുന്നത് സംബന്ധിച്ച് സ്റ്റുഡിയോകാനലുമായി ചേർന്ന് ആപ്പിൾ ഒറിജിനൽ ഫിലിംസ് ചർച്ചകൾ നടത്തിവരികയാണ്. 2023-ൽ പീറ്റർ കാമറൂണിന്റെ പ്രശംസ നേടിയ നോവലിന്റെ അവകാശം സ്റ്റുഡിയോകാനൽ സ്വന്തമാക്കിയിരുന്നു. ചിത്രം സ്കോർസെസി നിർമ്മിക്കും, തിരക്കഥ പാട്രിക് മാർബർ ആണ്. ഒരു കുഞ്ഞിനെ ദത്തെടുക്കാൻ വിചിത്രവും മഞ്ഞുമൂടിയതുമായ ഒരു യൂറോപ്യൻ നഗരത്തിലേക്ക് പോകുന്ന അമേരിക്കൻ ദമ്പതികളെ പിന്തുടരുന്നതാണ് കാമറൂണിന്റെ കഥ.''ഗാങ്സ് ഓഫ് ന്യൂയോർക്ക്'',



''ദി ഏവിയേറ്റർ'', ''ദി ഡിപ്പാർട്ടഡ്'', ''ഷട്ടർ ഐലൻഡ്'', ''ദി വുൾഫ് ഓഫ് വാൾസ്ട്രീറ്റ്'', ഏറ്റവും ഒടുവിൽ ആപ്പിൾ ഒറിജിനൽ ഫിലിംസിന്റെ പിന്തുണയോടെ പുറത്തിറങ്ങിയ ''കില്ലേഴ്സ് ഓഫ് ദി ഫ്ലവർ മൂൺ'' തുടങ്ങിയ നിരൂപക പ്രശംസ നേടിയ നിരവധി ചിത്രങ്ങളിൽ സ്കോർസെസിയും ഡികാപ്രിയോയും ഒരുമിച്ച് പ്രവർത്തിച്ചിട്ടുണ്ട്.2003-ൽ പുറത്തിറങ്ങിയ എറിക് ലാർസന്റെ യഥാർത്ഥത്തിൽ നടന്ന കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള നോൺ-ഫിക്ഷൻ പുസ്തകത്തിന്റെ ഫീച്ചർ അഡാപ്റ്റേഷനായ ''ദി ഡെവിൾ ഇൻ ദി വൈറ്റ് സിറ്റി'' എന്ന നോവലും സിനിമയാക്കാൻ ഇരുവരും ചേർന്ന് പദ്ധതിയിടുന്നുണ്ട്.പോൾ തോമസ് ആൻഡേഴ്സണൊപ്പം അഭിനയിക്കുന്ന ''വൺ ബാറ്റിൽ ആഫ്റ്റർ അനദർ'' എന്ന ചിത്രമാണ് അടുത്തതായി പുറത്തിറങ്ങുന്ന ഡികാപ്രിയോ ചിത്രം. ജെന്നിഫർ ലോറൻസ് അടുത്തതായി റോബർട്ട് പാറ്റിൻസണിനൊപ്പം ''ഡൈ, മൈ ലവ്'' എന്ന ചിത്രത്തിലാണ് അഭിനയിക്കുന്നത്. ചിത്രം ലിൻ റാംസെ സംവിധാനം ചെയ്യുകയും സ്കോർസെസെ നിർമ്മിക്കുകയും ചെയ്യുന്നു.



## 'ബ്ലൂസ്' ആനിമേഷൻ ചിത്രവുമായി നിവിൻ പോളി

പുത്തൻ പ്രഖ്യാപനവുമായി നടൻ നിവിൻ പോളി. അന്താരാഷ്ട്ര ശ്രദ്ധ നേടിയ ആനിമേറ്റഡ് ഷോർട്ട് ഫിലിം 'ബ്ലൂസ്' ഔദ്യോഗികമായി അവതരിപ്പിക്കുന്നതായി നടൻ പ്രഖ്യാപിച്ചു. 'ചില കഥകൾ കേൾക്കാൻ വാക്കുകൾ ആവശ്യമില്ല' എന്ന അടിക്കുറിപ്പോടെ ചിത്രത്തിന്റെ പോസ്റ്റർ നിവിൻ പോളി സമൂഹമാധ്യമങ്ങളിൽ പങ്കുവച്ചുരാജേഷ് പി.കെ ആണ് ചിത്രത്തിന്റെ രചനയും സംവിധാനവും. റെഡ് ഗോഡ് സ്റ്റുഡിയോസിന്റെ ബാനറിൽ ഷിബിൻ കെ.വി, ജാസർ പി.വി, ജീത്ത്, രാജേഷ് പി.കെ. എന്നിവർ ചേർന്നാണ് ഈ ആനിമേറ്റഡ് സിനിമ നിർമിച്ചിരിക്കുന്നത്. സംഭാഷണങ്ങളില്ലാതെ സംഗീതത്തിലൂടെ നീങ്ങുന്ന ഈ ചിത്രത്തിന്റെ ഒറിജിനൽ സ്കോർ സുഷിൻ ശ്യാം ആണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്. പ്രകൃതിയുമായി ഇണങ്ങി ജീവിക്കുന്ന 'ബ്ലൂ'വിന്റെ കഥയാണ് ഈ ആനിമേറ്റഡ് ചിത്രം പറയുന്നത്.സിഡ്നി സയൻസ് ഫിക്ഷൻ ഫിലിം ഫെസ്റ്റിവൽ, ലോസ് ഏഞ്ചൽസ് ഇന്റർനാഷണൽ ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, പ്ലാനറ്റ് ഇൻ ഫോക്കസ് അന്താരാഷ്ട്ര ചലച്ചിത്ര മേള, അക്കാദമി അംഗീകാരമുള്ള സ്പാർക്ക് ആനിമേഷൻ കോംപറ്റീഷൻ എന്നീ മേളകളിലേക്ക് 'ബ്ലൂസ്' തെരഞ്ഞെടുക്കപ്പെട്ടിരുന്നു.

## കാട്ടുകൾ പോളച്ചനായി ജോജു ജോർജ്

ഷാജി കൈലാസ് സംവിധാനം ചെയ്യുന്ന വരവ് എന്ന ചിത്രത്തിൽ കേന്ദ്ര കഥാപാത്രമായ പോളി എന്നു വിളിക്കപ്പെടുന്ന കാട്ടുങ്കൽ പോളച്ചനെ അവതരിപ്പിക്കുന്ന ജോജു ജോർജ് അഭിനയിച്ചു തുടങ്ങി.സെപ്റ്റംബർ ഒമ്പതിന് മൂന്നാറിലാണ് വരവ് ചിത്രീകരണമാരംഭിച്ചത്. ആശ എന്ന ചിത്രത്തിൽ അഭിനയിച്ചു വന്ന ജോജു ജോർജ് ആ ചിത്രം പൂർത്തിയാക്കിയാക്കിക്കൊണ്ടാണ് പതിനെട്ടു മുതൽ വരവിൽ അഭിനയിച്ചു തുടങ്ങിയത്.ഓൾഗാ പ്രൊഡക്ഷൻസിന്റെ ബാനറിൽ നൈസി റെജി ഈ ചിത്രം നിർമ്മിക്കുന്നു. കോ - പ്രൊഡ്യൂസർ - ജോമി ജോസഫ്. ഹൈറേഞ്ചിന്റെ പശ്ചാത്തലത്തിൽ നെഞ്ചുറപ്പുള്ള ഒരു ചെറുപ്പക്കാരന്റെ പോരാട്ടത്തിന്റെ കഥയാണ് പൂർണ്ണമായും ത്രില്ലർ ആക്ഷൻ രംഗങ്ങളിലൂടെ അവതരിപ്പിക്കുന്നത്.മധ്യ തിരുവതാം കൂറിന്റെ രാഷ്ട്രീയ സാമൂഹ്യ, രംഗങ്ങൾക്കും ഈ ചിത്രത്തിൽ ഏറെ പ്രാധാന്യം നൽകുന്നു.വലിയ മുടക്കുമുതലിലും വൻ താരപ്പൊലിമയാണ് ഈ ചിത്രത്തിൽ ഉള്ളത്



# ഇവാൻ വുകോമനോവിച്ച് എങ്ങനെ 'കര'ത്തിൽ എത്തി? വിനീത് പറയുന്നു!

'തിര'യ്ക്ക് ശേഷം ഒരുങ്ങുന്ന വിനീത് ശ്രീനിവാസന്റെ ത്രില്ലറിൽ നോബിൾ തോമസ് ആണ് നായകൻ. എന്നാൽ മലയാളികൾ ഏറെ ആകാംക്ഷയോടെ കാത്തിരിക്കുന്നത് കേരള ബ്ലാസ്റ്റേഴ്സ് മുൻ കോച്ച് ഇവാൻ വുകോമനോവിച്ചിന്റെ ചിത്രത്തിലെ പ്രകടനം കാണാനാണ്.മലയാളികൾക്ക് സുപരിചിതനായ ഒരു വിദേശ നടനെ ആയിരുന്നു വിനീത് ശ്രീനിവാസൻ കരത്തിനായി തേടിക്കൊണ്ടിരുന്നത്. സിനിമയിൽ പ്രധാന വേഷത്തിൽ എത്തുന്ന നോബിൾ തോമസിന്റെ സഹോദരൻ നിഖിൽ ആണ് ഇവാൻ വുകോമനോവിച്ചിനെപ്പറ്റി പറയുന്നത്. ഈ നിർദേശം ഇഷ്ടപ്പെട്ട വിനീത് ഇവാനുമായി ബന്ധപ്പെടുകയായിരുന്നു. അനുകൂലമായിരുന്നു ഇവാന്റെ പ്രതികരണം. അതിനുശേഷം ഓഡിഷനും അദ്ദേ




ഹം തയ്യാറായതായി വിനീത് പറയുന്നു. 'അദ്ദേഹം സെർബിയയിൽ നിന്ന് ദുബായിലേക്ക് എത്തി. അവിടെവച്ചായിരുന്നു ഓഡിഷൻ. ആദ്യ ഓഡിഷന്റെ ക്ലിപ്പ് കണ്ടപ്പോൾ തന്നെ എല്ലാവരും സന്തോഷത്തിലായിരുന്നു. ഇതാണ് നമ്മുടെ ആന്ദ്രേ നിക്കോള എന്ന ക്യാരക്ടർ എന്ന അഭിപ്രായമായിരുന്നു എല്ലാവർക്കും,' വിനീത് പറഞ്ഞു.നായകനായ നോബിൾ ബാബു തോമസാണ് ചിത്രത്തിന്റെ തിരക്കഥാകൃത്ത്. ഓഡ്രി മിറിയവും രേഷ്മ സെബാസ്റ്റ്യനുമാണ് നായികമാർ. മനോജ് കെ. ജയൻ, കലാഭവൻ ഷാജോൺ, ബാബുരാജ്, വിഷ്ണു ജി. വാരിയർ, ജോണി ആന്റണി എന്നിവരാണ് ചിത്രത്തിലെ മറ്റ് അഭിനേതാക്കൾ. സെപ്റ്റംബർ 25നാണ് ചിത്രത്തിന്റെ വേൾഡ് വൈഡ് റിലീസ്.

# നികു'തീ'യിൽ 'കാലാപാനി' ഒഴിക്കുന്നവരും വെറുതെ 'കരി ഓയിൽ' ഒഴിക്കുന്നവരും...

കേരളാ വിൻഡോ



ആന്റണി ചടയംമുറി

നികുതി കുറച്ചതും നികുതി വെട്ടിച്ചതുമാണ് ഈ ആഴ്ചയിലെ വാർത്തകളിൽ നിറയെ. സമ്പത്ത് ഉൽസവമായി ജി.എസ്.ടി. താരിഫുകൾ കുറച്ചതിന്റെ 'ജനക്ഷേമ ആംഗിൾ' പങ്കുവെച്ചുകൊണ്ട് പ്രധാനമന്ത്രിയുടെ രാഷ്ട്രത്തോടുള്ള അഭിസംബോധന വരെ ചാനലിൽ കണ്ടു. ബീഹാർ ഉൾപ്പെടെയുള്ള നിയമസഭാ തെരഞ്ഞെടുപ്പുകൾക്കായി 'മുൻകൂർ സോപ്പിടൽ' ആണ് ജി.എസ്.ടി. നിരക്കിലെ മാറ്റമെന്ന് പ്രതിപക്ഷം ആരോപിക്കുന്നു.

കേരളത്തിലാണെങ്കിൽ തദ്ദേശ തെരഞ്ഞെടുപ്പുകൾക്കു മുമ്പ് ജനത്തെ എണ്ണ തേപ്പിച്ച് കുളിപ്പിച്ചു കിടത്താനാണ് ഇടതു സർക്കാർ ശ്രമിക്കുന്നത്. ഇത്തിരിപ്പോന്ന കേരളത്തിൽ ഇപ്പോൾ 'ആഗോള' തലത്തിലുള്ള ഉഡായിപ്പുകൾക്കാണ് പ്രിയം. ശബരിമലയിൽ നടത്തിയ സംഗമം വൻ വിജയമായെന്ന് സർക്കാരും സി.പി.എമ്മും പറയുന്നു. ഇനി ന്യൂനപക്ഷങ്ങൾക്കായുള്ള സംഗമത്തിനുള്ള പന്തലൊരുക്കാൻ ഊരാളുങ്കൽ പന്തൽസാമഗ്രികളെല്ലാം കൊച്ചിയിലേക്ക് കൊണ്ടുവരുമെന്നാണ് പറഞ്ഞുകേൾക്കുന്നത്. എന്തായാലും സർക്കാരിന്റെ ഈ 'സംഗമകാലം' വഴി എന്തെങ്കിലും ഗുണം നാട്ടുകാർക്ക് കിട്ടണേയെന്നാണ് എല്ലാവരുടെയും ആഗ്രഹം.




### ജി.എസ്.ടി.യെന്ന നികു'തീ'

4 തരം സ്ലാബുകളാണ് ജി.എസ്.ടി.യിൽ മുൻധനകാര്യ മന്ത്രി അരുൺ ജെയ്റ്റലി 'മണിബിൽ' എന്ന വ്യാജേന പാർലിമെന്റിലൂടെ ഒളിച്ചു കടത്തിയത്. 5%, 12%, 18%, 28% എന്നിങ്ങനെ ലോകത്ത് കേട്ടുകേൾവിയില്ലാത്ത നികുതി നിരക്കുകൾ, അന്നത്തെ ദേശീയ പ്രതിപക്ഷത്തിന്റെ ദൗർബല്യം മുതലാക്കി കേന്ദ്രം നടപ്പാക്കുകയായിരുന്നു. ഒരു കാർ നന്നാക്കുന്നതിന്റെ വർക്ക് ഷാപ്പ് ബില്ലിൽ നിന്നുപോലും 18% ജി.എസ്.ടി. ഈടാക്കുന്ന പ്രാകൃത നികുതി വ്യവസ്ഥയാണ് അന്ന് നടപ്പായത്. 10 കിട്ടിയാൽ 5 കേന്ദ്രത്തിന് 5 സംസ്ഥാനത്തിനുമെന്ന കൊള്ള നികുതിക്ക് എല്ലാ സംസ്ഥാനങ്ങളും യെസ് പറയുകയായിരുന്നു. രാജ്യത്ത് ജനങ്ങളിൽ നിന്ന് പിരിച്ചെടുക്കുന്ന ഇന്ധന നികുതി ജി.എസ്.ടി.യിൽ പെടുത്തിയില്ല. പകരം സംസ്ഥാനങ്ങൾക്ക് മദ്യത്തിൽ നിന്നു കിട്ടുന്ന നികുതിയും ജി.എസ്.ടി.യിൽ പെടുത്തിയില്ല. സംസ്ഥാനങ്ങളുടെ ഭൂമി, കെട്ടിട വിൽപ്പന, രജിസ്ട്രേഷൻ നികുതിയിലും കേന്ദ്രം കൈവച്ചില്ല. കേരളത്തിന്റെ മൊത്തം വരുമാനത്തിന്റെ 20% മുതൽ 25% വരെ ഇന്ധന വിൽപ്പനയിൽ നിന്നാണ് കിട്ടുന്നത്. കാരണം, കേരളത്തിലെ വാഹന സാന്ദ്രത അത്രയേറെ കൂടുതലാണ്. ഇപ്പോൾ നികുതി സ്ലാബ് കേന്ദ്രം കുറച്ചതുകൊണ്ട് കേന്ദ്രം നഷ്ടപരിഹാരം നൽകണമെന്ന് കേരളമടക്കമുള്ള സംസ്ഥാനങ്ങൾ വാദിച്ചുവെങ്കിലും കേന്ദ്രം ഇനിയും മനസ്സ് തുറന്നിട്ടില്ല.

### ഇപ്പോഴും പിൻസീറ്റ് ഡ്രൈവിംഗ് !

ജി.എസ്.ടി.സംബന്ധിച്ചതീരുമാനങ്ങൾ പൂർണ്ണമായും സംസ്ഥാന ധനമന്ത്രിമാർ ഉൾപ്പെടെയുള്ള ജി.എസ്.ടി. കൗൺസിലിൽ നിക്ഷിപ്തമാണെന്നാണ് നിയമത്തിലുള്ളത്. എന്നാൽ സ്വാതന്ത്ര്യദിനപ്രസംഗത്തിൽ നികുതികൾ കുറയ്ക്കാൻ പോകുന്നുവെന്ന് പ്രധാനമന്ത്രി പ്രഖ്യാപിച്ചത് കൗൺസിലിനോട് ആലോചിക്കാതെയായിരുന്നു. പെട്രോളിയം കമ്പനികളുടെ 51 ശതമാനം ഓഹരികളും കൈവശമുള്ള കേന്ദ്ര സർക്കാർ പെട്രോൾ, ഡീസൽ വില കൂടുന്നതിൽ തങ്ങൾക്ക് റോളില്ലെന്നു പറയുന്നതിലും കഴമ്പില്ല. പെട്രോളിയം കമ്പനികളുടെ വക കോടികളുടെ ലാഭവിഹിതം കേന്ദ്രത്തിനു തന്നെയാണ് പ്രതിവർഷം ലഭിക്കുന്നതും.

ഇതിനിടെ അണിയറയിൽ അരങ്ങേറിയ 'എഥനോൾ തരികിട'യും പ്രതിപക്ഷകക്ഷികൾ പോലും വിഴുങ്ങിക്കളഞ്ഞു. ഇന്ധനങ്ങളിൽ 20 ശതമാനം എഥനോൾ ചേർക്കുന്നത് അന്തരീക്ഷ മലിനീകരണം കുറയ്ക്കുമെന്ന പ്രചാരണത്തോടെയായിരുന്നു എഥനോൾ ഇന്ധനങ്ങളിൽ കലർത്തി വിൽക്കാൻ തുടങ്ങിയത്. മാത്രമല്ല, എഥനോൾ ചേർക്കുന്നതോടെ ഇന്ധനവില കുറയ്ക്കാൻ കഴിയുമെന്നും ഉപരിതല ഗതാഗത വകുപ്പ് മന്ത്രി നിതിൻ ഗഡ്കരി പറഞ്ഞിരുന്നു. ലോകത്ത് ഒരിടത്തും ഇന്ധനങ്ങളിൽ ഇങ്ങനെ 20 ശതമാനം എഥനോൾ ചേർക്കുന്നില്ല. പരിസ്ഥിതിക്ക് ദോഷം വരുന്നതൊന്നും ചെയ്യാൻ സന്നദ്ധരല്ലാത്ത കാനഡയിൽ പോലും 5 ശതമാനം എഥനോൾ മാത്രമേ ഇന്ധനങ്ങളിൽ കലർത്തുന്നുള്ളൂ. മാത്രമല്ല, എഥനോൾ കലർത്താത്ത ഇന്ധനവും ആ രാജ്യത്തെ പമ്പുകളിൽ ലഭിക്കും. ലോകത്തെ വായു മലിനീകരണത്തിൽ താഴെ നിന്നു നോക്കുമ്പോൾ അഞ്ചാം സ്ഥാനത്താണ് ഇന്ത്യ. എന്നിട്ടും യാതൊരു ഉളുപ്പുമില്ലാതെയാണ് ഈ വാദം ഉന്നയിക്കുന്നത്. ഇനി അൽപം പരദൂഷണം കൂടി പറയാം: രാജ്യത്തെ എഥനോൾ വിൽപ്പന മന്ത്രി നിതിൻ ഗഡ്കരിയുടെ മക്കൾ വഴിയാണെന്നു ചിലർ പറയുന്നുണ്ട്. മാത്രമല്ല, എഥനോൾ കലർത്തി ഇന്ധന വിൽപ്പന നടത്തിയതു മൂലം കഴിഞ്ഞ 11 വർഷത്തിനു കേന്ദ്രമുണ്ടാക്കിയ ലാഭം കേട്ടാലോ? നാം ഞെട്ടും. 1.44 ലക്ഷം കോടി രൂപയാണ് എഥനോൾ തരികിടയിലൂടെ കേന്ദ്രത്തിനു ലഭിച്ചതത്രെ.

### കൺസ്യൂമർ കിംഗല്ല, വെറും...

ഉപഭോക്താവിനു ചക്രവർത്തി പദവി കൽപ്പിച്ചു കൊടുത്തിട്ടുള്ള നമ്മുടെ നാട്ടിൽ ഇപ്പോൾ നടക്കുന്നത് ജനങ്ങളെ കബളിപ്പിക്കലാണ്. നമ്മുടെ കൈവശം ഒഴിവാക്കാനാകാത്ത ഒരു സാധനമുണ്ട് മൊബൈൽ. മൊബൈൽ നിരക്കുകൾ ഈയിടെ കൂട്ടി. മാത്രമോ, പ്രീ പെയിഡ് വരിക്കാരെന്ന സാധുക്കളിൽ നിന്നു പോലും 18% നികുതിയാണ് കേന്ദ്രസംസ്ഥാന ഭരണകൂടങ്ങൾ 'ഇസ്ക്കു'ന്നത്. അതു മാത്രമോ, ഒരു അവശ്യ വസ്തുവായി മാറിയിട്ടുള്ള മൊബൈലിന്റെ വില നിയന്ത്രണത്തിൽ സർക്കാരിന് റോളൊന്നുമില്ല. വ്യാജ ഫോണുകളും ക്ലോണിംഗ് നടത്തിയ സെറ്റുകളും ഇപ്പോൾ വിപണിയിൽ സുലഭം. നമ്മൾ ഉപയോഗിക്കുന്ന വൈദ്യുതി, വെള്ളം, ഗ്യാസ് എന്നിവയുടെ റീഡിംഗ് നോക്കാനുള്ള മീറ്റർ നമ്മുടെ കൺവെട്ടത്തുണ്ടെങ്കിലും നാം ഉപയോഗിക്കുന്ന മൊബൈലുകളുടെ ഡാറ്റയുടെ കണക്ക് പോലും മൊബൈൽ സർവീസ് ദാതാക്കളുടെ കൈവശമാണുള്ളത്. ഇക്കാര്യത്തിൽ നിയന്ത്രണമുണ്ടാകണമെന്നും, മൊബൈൽ ഉപയോഗം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കൾക്കും ലഭ്യമാക്കണമെന്നു നിർദ്ദേശിക്കുന്ന ബിൽ വർഷങ്ങളായി ഇപ്പോഴും പാർലിമെന്റിന്റെ ഏതോ മൂലയിൽ കിടപ്പുണ്ട്. കാരണം, ഒട്ടുമിക്ക മൊബൈൽ കമ്പനികളും രാഷ്ട്രീയ പാർട്ടികളെ കൈയയച്ച് സഹായിക്കുന്നവരാണത്രെ.

പുതിയ ജി.എസ്.ടി. നടപ്പാക്കുന്നതിനു മുമ്പ് കേന്ദ്രം യാതൊരു തയ്യാറെടുപ്പും നടത്തിയില്ല. നികുതിയിളവ് ഏതായാലും പഴയ സ്റ്റോക്കിന് നൽകാനാവില്ലെന്ന നിലപാടാണ് വ്യാപാരികളുടേത്. അവർ ഉയർന്ന വിലയ്ക്ക് വാങ്ങിയ സാധനങ്ങൾ എങ്ങനെ അവർക്ക് വില കുറച്ചു നൽകാനാകും?

മൊത്തം 453 ഇനങ്ങൾക്കാണ് നികുതി കുറച്ചിട്ടുള്ളത്. നികുതി കൂട്ടിയത് 40 എണ്ണത്തിനു മാത്രമാണെന്നും 295 ഇനങ്ങളുടെ നികുതിനിരക്ക് 5% ആയി കുറച്ചുവെന്നും സർക്കാർ വാദിക്കുന്നു. ഇതനുസരിച്ച് 48,000 കോടി രൂപ മൊത്തം വരുമാന നഷ്ടം പ്രതീക്ഷിക്കുന്നു. ഇതിൽ കേന്ദ്രത്തിന് 13920 കോടിയും സംസ്ഥാനങ്ങൾക്ക് 34000 കോടിയും നഷ്ടമുണ്ടാകുമെന്ന തരംതിരിച്ചുള്ള കണക്ക് വേറെയുമുണ്ട്. എന്നാൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ റിസർച്ച് വിംഗ് തയ്യാറാക്കിയ കണക്കനുസരിച്ച് കേന്ദ്രത്തിന് 7480 കോടിയും സംസ്ഥാനങ്ങൾക്ക് 18314 കോടിയും വരുമാന നഷ്ടമുണ്ടാകുമത്രെ. സംസ്ഥാനങ്ങൾ നഷ്ടപരിഹാരം വേണമെന്ന് വാദിച്ചതോടെ, കേന്ദ്രം ഇപ്പോൾ പറയുന്നത് നികുതി കുറച്ചതോടെ, വിൽപന കൂടുമെന്നാണ്. അങ്ങനെയാകുമ്പോൾ, സംസ്ഥാനങ്ങൾക്ക് നികുതിവരുമാനം കൂടുമെന്നാണ് പ്രചരണം.

### ഭൂട്ടാൻ ലോട്ടറിക്ക് പിന്നാലെ ഭൂട്ടാൻ വണ്ടി!

പഴയ സാന്തിയാഗോ മാർട്ടിനെ ഓർമയില്ലേ? സിക്കിം, ഭൂട്ടാൻ തുടങ്ങിയ സംസ്ഥാനങ്ങളുടെ പേരുകൾ മുതലാക്കി ലോട്ടറി നടത്തി കോടീശ്വരനായ മാർട്ടിന്റെ വഴിയെ എളുപ്പം സമ്പന്നരാകാൻ ഒരു കൂട്ടമാളുകൾ രംഗത്തിറങ്ങിയതോടെയാണ് ഭൂട്ടാൻ വഴി വിദേശ കാറുകൾ ഇന്ത്യയിലേക്ക് എത്തുന്നത്. ഭൂട്ടാൻ പട്ടാളം ഉപയോഗിച്ച് ഉപേക്ഷിച്ച വണ്ടികളെന്നായിരുന്നു പരസ്യം. ലാൻഡ് ക്രൂയിസർ പോലെയുള്ള വണ്ടികൾ പരിവാഹൻ സൈറ്റിൽ കയറി ഹിമാചൽ പ്രദേശിലെ മേൽവിലാസത്തിൽ രജിസ്റ്റർ ചെയ്ത വണ്ടികളാണ് ഇപ്പോൾ കൊച്ചിയിലെ കസ്റ്റംസ് കമ്മീഷണറും സംഘവും താരരാജാക്കന്മാരുടെ വീടുകളിൽ നിന്ന് പൊക്കിയത്. അഞ്ചും അതിലേറെയും വർഷങ്ങളായി ദുൽഖറും പൃഥ്വീരാജുമെല്ലാം ഉപയോഗിച്ചുകൊണ്ടിരുന്ന ലക്ഷ്വറി വാഹനങ്ങളാണ് ഇപ്പോൾ കസ്റ്റംസ് വലയിലായത്. മാത്യുസാമുവലിനെ പോലെയുള്ള യൂട്യൂബർമാർ ദുൽഖറിനെയും പൃഥ്വിയേയുമെല്ലാം നവമാധ്യമങ്ങളിൽ പൊളിച്ചടുക്കിയത് കണ്ടു. എന്നാൽ, മമ്മൂട്ടിയെ പോലെയുള്ള വാഹനങ്ങളോട് 'ക്രേസ്' ഉള്ള വാപ്പയുടെ മകനെന്ന നിലയിൽ ദുൽഖറിനോട് നമുക്ക് പൊറുക്കാം. എന്നാൽ, ഒരു ലുങ്കി (കള്ളിമുണ്ട്) യുമുടുത്ത് ഒരു അമ്പാസിഡർ കാറിൽ സ്വയം ഡ്രൈവ് ചെയ്തു സെറ്റിലെത്തിയിരുന്ന സുകുമാരനെ പോലെയുള്ള ഒരു 'ലളിത ജീവിത' ക്കാരന്റെ മകനായ പൃഥ്വി ഇങ്ങനെ ആഡംബര കാറുകളുടെ പിന്നാലെ പായുന്നതെന്തിനാണാവോ? ഏഷ്യാനെറ്റ് ന്യൂസ് ചാനലിൽ ഓട്ടോമൊബിൽ ജേർണലിസ്റ്റ് ബൈജു എൻ നായർ പറഞ്ഞതുപോലെ 'കുഞ്ഞിക്കാ'യും പൃഥ്വിയുമെല്ലാം കടുത്ത വണ്ടി പ്രേമം മൂലം ചുറ്റുമുള്ളതൊന്നും കാണാൻ പറ്റാത്ത പരുവത്തിലായി പോയിട്ടുണ്ടാകാം.

### ചെരിഞ്ഞതിനെല്ലാം; ഒടുക്കത്തെ ഗ്ലാമർ!

ചെരിഞ്ഞതെല്ലാം ലോകശ്രദ്ധ പിടിച്ചു പറ്റുന്നത് സ്വാഭാവികമാണ്. അതല്ലേ, ചെരിഞ്ഞുനിൽക്കുന്ന പിസ ഗോപുരം ലോകപ്രശസ്തമായത്. ഇപ്പോൾ ചെരിഞ്ഞ നടത്തത്തിലൂടെ മലയാളത്തിൽ സ്വന്തം 'സ്റ്റൈൽ' ഉണ്ടാക്കിയെടുത്ത മോഹൻലാൽ ഇന്ത്യൻ സിനിമയിലെ അത്യുന്നത ബഹുമതിയായ ഫാൽക്കേ അവാർഡ് സ്വന്തമാക്കിയിരിക്കുന്നു. ലാലേട്ടന്റെ ഫാൻസെല്ലാം വല്ലാത്തൊരു മൂഡിലാണ്. അവാർഡ് കിട്ടിയതറിഞ്ഞ് ചെന്നൈയിൽ നിന്ന് ലാൽ ഓടിയെത്തിയത് കൊച്ചിയിലാണ്. ഡെൽഹിയിൽ പോയി അവാർഡ് വാങ്ങി പറന്നിറങ്ങിയതും കൊച്ചിയിൽ. കാരണം, ലാലിന്റെ 'ചങ്ക് മദർ' ഇപ്പോഴുള്ളത് കൊച്ചിയിലാണ്. എത്ര വലിയ അവാർഡുകൾ ലഭിച്ചാലും ഒരു ശിശുവിനെ പോലെ വിനയാന്വിതനായിട്ടാണ് ലാൽ ബുധനാഴ്ച മാധ്യമങ്ങളെ കണ്ടത്. ഗായകനായ ദാസേട്ടനും നടനായ ലാലേട്ടനും മലയാളത്തിന്റെ തങ്കക്കുടങ്ങൾ തന്നെ, എന്നും, എക്കാലവും അങ്ങനെ തന്നെയായിരിക്കട്ടെ എന്ന് ആശംസിക്കാം.



# ബീഹാറിൽ കൊള്ളകൾ പലവിധം

ഡൽഹി ഡെർബാർ

എന്തുകൊണ്ടും ബീഹാറുകാർക്ക് വമ്പൻ കോളുകളാണ് വരാനിരിക്കുന്നത്. അവിടെ പ്ലസ് ടു കഴിഞ്ഞവർക്ക് സർക്കാർ നൽകുന്ന വിദ്യാഭ്യാസ വായ്പ പലിശരഹിതമാക്കിക്കൊണ്ടുള്ള ഉത്തരവ് വന്നുകഴിഞ്ഞു. നേരത്തെ ഈടാക്കിയിരുന്ന നാലുശതമാനം പലിശയാണ് ഒഴിവാക്കിയത്. തിരിച്ചടവ് കാലാവധിയും കൂട്ടിയിട്ടുണ്ട് ബീഹാർ മുഖ്യമന്ത്രി നീതിഷ്കുമാർ. ഇതിനൊക്കെപ്പുറമേ, ബീഹാറികൾക്ക് തൊഴിൽ കൊടുക്കുന്നതിനായി അദാനിയെക്കൊണ്ട് ഒരു വമ്പൻ പദ്ധതി കൂടി തുടങ്ങിക്കുകയാണെന്നു കേൾക്കുന്നു.

ബീഹാറിലെ ഫലഭൂയിഷ്ഠമായ സമതലങ്ങളുടെ ഹൃദയഭാഗത്ത്, ഒരു വൻ വൈദ്യുത പദ്ധതി ദശലക്ഷക്കണക്കിന് ആളുകൾക്കിനി വൈദ്യുതിവെളിച്ചം യഥേഷ്ടം ലഭിക്കുമത്രെ..! തിരഞ്ഞെടുപ്പ് അടുത്തിരിക്കെ, 1,050 ഏക്കർ പ്രധാന കൃഷിഭൂമി ഏക്കറിന് ഒരു രൂപയ്ക്ക് അദാനി പവറിന് കൈമാറിയെന്നാണ് കോൺഗ്രസ്സിന്റെ ആരോപണം. ഇത് വികസനമോ പകൽ കൊള്ളയോ എന്നൊക്കെ വിവരദോഷികൾ വിലപിക്കുന്നുണ്ട്.



ഭഗൽപൂർ ജില്ലയിലെ പിർപൈന്തിയിലുള്ള ഒരു പുതിയ അൾട്രാസൂപ്പർ ക്രിട്ടിക്കൽ തെർമൽ പ്ലാന്റിൽ നിന്ന് 2,400 മെഗാവാട്ട് വൈദ്യുതി വിതരണം ചെയ്യുന്നതിനുള്ള 25 വർഷത്തെ കരാറിൽ അദാനി പവർ ലിമിറ്റഡ് ഒപ്പുവച്ചിരിക്കുന്നുവെന്നാണ് കേൾക്കുന്നത്. 3 ബില്യൺ ഡോളർ അതായത് 26,000 കോടി രൂപയിലധികം വിലമതിക്കുന്ന ഈ പദ്ധതി, ബീഹാറിലെ ദീർഘകാല വൈദ്യുതി ക്ഷാമം പരിഹരിക്കാൻ ലക്ഷ്യമിടുന്നതാണെന്നാണ് കേന്ദ്ര സർക്കാർ പറയുന്നത്.

ഒരു ദശലക്ഷത്തിലേറെ മാമ്പഴം, ലിച്ചി, തേക്ക്, തെങ്ങ്, മറ്റു മരങ്ങൾ എന്നിവയാൽ നിറഞ്ഞ 1,050 ഏക്കർ സമൃദ്ധവും ഫലഭൂയിഷ്ഠവുമായ ഭൂമി ഏക്കറിന് പ്രതിവർഷം ഒരു രൂപ എന്ന നിരക്കിൽ 33 വർഷത്തേക്ക് അദാനിക്ക് പാട്ടത്തിന് നൽകി. അത് ശരിയാണ് തരിശുഭൂമിയല്ല, ഫലഭൂയിഷ്ഠമായ ഭൂമി, ഇപ്പോൾ വ്യാവസായിക പരിവർത്തനത്തിനായി സജ്ജമാക്കിയിരിക്കുന്നു. ആർ.ടി.ഐ വെളിപ്പെടുത്തലുകൾ വിപണി മൂല്യം ഏക്കറിന് 19 ലക്ഷം രൂപയാണെന്ന് ഉറപ്പിക്കുന്നു, കർഷകർക്ക് ന്യായമായ കരാർ ലഭിച്ചോ എന്ന കാര്യത്തിൽ സംശയം ജനിപ്പിക്കുന്നു. പെൻസിൽകൊണ്ടാണ് ഭൂമിയുടെ അവകാശികളെപിടിച്ചുനിർത്തി ഒപ്പുകൾ ഇടീപ്പിച്ചത്. ഒപ്പിടാനറിയാത്തവർക്കു വേണ്ടി വ്യാജ ഒപ്പും ഇട്ടെന്നു കേൾക്കുന്നു. ജീവിച്ചിരിക്കുന്നവരുടെ പേരുകൾ വെട്ടിമാറ്റിയ സർവേകൾ...ഇങ്ങനെ പോകുന്നു അതിന്റെ കഥകൾ.

ഭഗൽപൂരിൽ പ്രധാനമന്ത്രി മോദിയുടെ സമീപകാല സന്ദർശനത്തിനിടെ അദ്ദേഹത്തെ കാണാൻ ശ്രമിച്ചവരെ തടങ്കലിലാക്കി. അതും പ്രതിഷേധത്തിന് ഇടയാക്കിയിരുന്നു. ഫലഭൂയിഷ്ഠമായ തോട്ടങ്ങളെ കൽക്കരി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു സാമ്രാജ്യമാക്കി മാറ്റാനാണ് ശ്രമം. അതേസമയം ഗ്രാമീണർക്ക് നഷ്ടപരിഹാരം കൂടാതെ വീടുകളും ഉപജീവനമാർഗ്ഗങ്ങളും നഷ്ടപ്പെടുന്നു. അദാനി ജോലികളും കൂടുതൽ ശുദ്ധമായ സാങ്കേതികവിദ്യയും വാഗ്ദാനം ചെയ്യുന്നു, പക്ഷേ ബീഹാറിന് യഥാർത്ഥത്തിൽ വിലകുറഞ്ഞ വൈദ്യുതി ലഭിക്കുമോ എന്ന് വിമർശകർ ചോദ്യം ചെയ്യുന്നു. താരിഫ് യൂണിറ്റിന് 6.075 രൂപ മത്സരാധിഷ്ഠിതം പക്ഷേ അത് ഉപഭോക്താക്കളിലേക്ക് ഒഴുകിയെത്തുമോ, അതോ കോർപ്പറേറ്റ് പോക്കറ്റുകൾ മാത്രം നിറയ്ക്കുമോ? ഈ ചോദ്യങ്ങൾക്കൊന്നും ഉത്തരമില്ല.

ആ പ്രദേശത്ത് സർക്കാർ നടപ്പാക്കുമെന്ന് നേരത്തെ പ്രഖ്യാപിച്ച പദ്ധതി അദാനിക്കായി റദ്ദാക്കിയെന്നാണ് കോൺഗ്രസ് വക്താവ് പവൻ ഖേര ആരോപിക്കുന്നത്. കോൺഗ്രസിന്റെ കടുത്ത ആരോപണത്തോട് കേന്ദ്ര സർക്കാരോ, ബി.ജെ.പിയോ, അദാനിയോ പ്രതികരിച്ചിട്ടില്ല.

ഇത് ബീഹാറിൽ മാത്രമാണ് നടക്കുന്നതെന്നു കരുതിയെങ്കിൽ തെറ്റി. സിമന്റ് ഫാക്ടറി നിർമാണത്തിന് അസം ബി.ജെ.പി സർക്കാർ അദാനിക്ക് നൽകിയത് 3,000 ബിഗ (ഏകദേശം 81 മില്യൺ ചതുരശ്ര അടി) ഭൂമിയാണ്. അവിടേയും ആ സംഭവത്തിൽ വലിയ രീതിയിലുള്ള പ്രതിഷേധങ്ങൾ ഉണ്ടാവുക മാത്രമല്ല, അസമിലെ ഹൈക്കോടതി ജഡ്ജി അസം സർക്കാരിനെ പരിഹസിക്കുന്ന വീഡിയോ ഏറെ വയറലാവുകയും ചെയ്തിരുന്നു.

ഇതൊരു തമാശയാണോയെന്നും നിങ്ങൾ ഒരു ജില്ല മുഴുവൻ നൽകുകയാണോയെന്നും ജസ്റ്റിസ് സഞ്ജയ് കുമാർ മേധി അന്ന് ചോദിച്ചു. മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മയുടെ കീഴിലുള്ള അസമിലെ ബി.ജെ.പി സർക്കാർ വികസനമെന്ന പേരിൽ പൊതുവിഭവങ്ങൾ മെഗാ കോർപ്പറേറ്റുകൾക്ക് സമ്മാനമായി നൽകുകയാണെന്ന വിമർശനങ്ങൾക്ക് പിന്നാലെയാണ് സിമന്റ് ഫാക്ടറി നിർമാണത്തിനായി 3,000 ബിഗ ഭൂമി വിട്ടുകൊടുത്തത്.

2023 ൽ ഗുജറാത്തിലെ മുന്ദ്ര തുറമുഖത്തിനടുത്തുള്ള സർക്കാരിന്റെ സംഭരണശാല നിലനിൽക്കുന്ന 34 ഏക്കർ ഭൂമി തട്ടിയെടുക്കാൻ അദാനി ഗ്രൂപ്പ് ശ്രമം നടത്തിയിരുന്നതായി ഒരാരോപണം ഉയർന്നിരുന്നു. അദാനിവാച്ച് വെബ്സൈറ്റ് ആണത് പുറത്തുവിട്ടത്. ഇന്ത്യയിൽ നടന്ന, അധികം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്ത സംഭവപരമ്പരകളെക്കുറിച്ചാണ് അദാനിവാച്ചിൽ രവി നായരുടെ റിപ്പോർട്ട്. ഗൗതം അദാനിയുടെ ബിസിനസ് നീക്കങ്ങളെക്കുറിച്ച് ആഴത്തിൽ വിവരണാത്മക റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്ന വെബ്സൈറ്റാണ് അദാനി വാച്ച്.

ഗുജറാത്തിലെ മുന്ദ്ര തുറമുഖം അദാനി ഗ്രൂപ്പിന്റെ സാമ്പത്തിക കലവറകളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. മുന്ദ്രാ തുറമുഖം വഴി കടത്താൻ ശ്രമിച്ച കിലോകണക്കിന് മയക്കുമരുന്ന് പിടികൂടിയത് 2021ൽ വാർത്താ പ്രാധാന്യം നേടിയിരുന്നു. തൊട്ടടുത്ത വർഷം മുന്ദ്രാ തുറമുഖം വീണ്ടും വിവാദങ്ങളിൽ ഇടംപിടിച്ചു. സർക്കാർ ഉടമസ്ഥതയിലുള്ള സെൻട്രൽ വെയർഹൗസിങ് കോർപ്പറേഷന്റെ (സി.ഡബ്ല്യു.സി) സംഭരണശാലകൾ ഉൾപ്പെടുന്ന 34 ഏക്കർ സ്ഥലം കൈവശം വെക്കാൻ അദാനി പോർട്സ് ആൻഡ് സ്പെഷ്യൽ ഇക്കണോമിക് സോണിനെ അനുവദിച്ചുകൊണ്ടുള്ള ഗുജറാത്ത് ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ് സുപ്രീം കോടതി റദ്ദാക്കി. അദാനിയുടെ പ്രത്യേക സാമ്പത്തിക മേഖലയായ മുന്ദ്ര തുറമുഖത്തിന്റെ ഭാഗമായിരുന്ന സംഭരണശാലകൾ 2022 ഒക്ടോബർ 13ലെ സുപ്രീം കോടതി ഉത്തരവോടെ അദാനിയുടെ കൈയിൽ നിന്ന് നഷ്ടമായി. ഗുജറാത്ത് ഹൈക്കോടതി 2021 ജൂൺ 30ന് പുറപ്പെടുവിച്ച ഉത്തരവാണ് സുപ്രീംകോടതി റദ്ദാക്കിയത്. ഇന്ത്യയിലെ കോടതികളിൽ അദാനി ഗ്രൂപ്പ് പരാജയത്തിന്റെ കൈപ്പറിഞ്ഞ ചുരുക്കം ചില സംഭവങ്ങളിലൊന്നായിരുന്നു അത്.

**“ ഒരു ദശലക്ഷത്തിലേറെ മാമ്പഴം, ലിച്ചി, തേക്ക്, തെങ്ങ്, മറ്റു മരങ്ങൾ എന്നിവയാൽ നിറഞ്ഞ 1,050 ഏക്കർ സമൃദ്ധവും ഫലഭൂയിഷ്ഠവുമായ ഭൂമി ഏക്കറിന് പ്രതിവർഷം ഒരു രൂപ എന്ന നിരക്കിൽ 33 വർഷത്തേക്ക് അദാനിക്ക് പാട്ടത്തിന് നൽകി എന്നാണ് പുറത്തുവരുന്ന വാർത്തകൾ സൂചിപ്പിക്കുന്നത്.**

*എമ എൽസ എൽവിൻ*

# പാലസ്തീനെ രാഷ്ട്രമായി അംഗീകരിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

ഫ്രാൻസും ബ്രിട്ടനും ഓസ്ട്രേലിയയും കാനഡയും പലസ്തീൻ രാഷ്ട്രത്തെ അംഗീകരിച്ചു. വരും ദിവസങ്ങളിൽ ൾപ്പെടെ ഏതാനും പാശ്ചാത്യരാജ്യങ്ങളും അംഗീകരിക്കും. ഈ അംഗീകാരംകൊണ്ട് എന്താണ് അർഥമാക്കുന്നത്?

പാലസ്തീൻ എന്നത് ഒരേസമയം ഉണ്ടെന്നും ഇല്ലെന്നും പറയാവുന്ന രാജ്യമാണ്. വലിയൊരളവ് അന്താരാഷ്ട്ര അംഗീകാരമുണ്ട്. പല രാജ്യങ്ങളിലും നയതന്ത്രകാര്യാലയങ്ങളുണ്ട്. പാലസ്തീന്റെ ടീമുകൾ ഒളിമ്പിക്സുകൾ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നുണ്ട്. യുഎന്നിൽ നിരീക്ഷക പദവിയും ഉണ്ട്. എന്നാൽ വോട്ടവകാശമില്ല. ഇസ്രയേലുമായി പതിറ്റാണ്ടുകളായി നിലനിൽക്കുന്ന സംഘർഷം കാരണം പാലസ്തീന് അന്താരാഷ്ട്ര അംഗീകാരമുള്ള അതിർത്തികളില്ല, തലസ്ഥാനമില്ല, സ്വന്തമായി സൈന്യം പോലുമില്ല. വെസ്റ്റ് ബാങ്കും ഗാസയുമാണ് പാലസ്തീന്റെ ഇപ്പോഴുള്ള ഭാഗങ്ങൾ. ഈ അവസ്ഥയിൽ പാലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കൽ പ്രതീകാത്മകം മാത്രമാണ്. വളരെ ശക്തമായ ധാർമിക, രാഷ്ട്രീയ പ്രസ്താവനയാണത്. അല്ലാതെ അടിസ്ഥാനപരമായി ഒരു മാറ്റം ഉണ്ടാവില്ല. എന്നാൽ ഈ പ്രതീകാത്മകതയ്ക്ക് വലിയ ശക്തിയുണ്ട്.



## ബ്രിട്ടന്റെ തെറ്റുതിരുത്തൽ

1917ൽ ബാൽഫർ പ്രഖ്യാപനത്തിലൂടെ പാലസ്തീനിൽ ഇസ്രയേൽ രാഷ്ട്രം സ്ഥാപിക്കാൻ വഴിയൊരുക്കിയത് ബ്രിട്ടനാണ്. 1948ൽ ഇസ്രയേൽ രാഷ്ട്രം പിറന്നു. പാലസ്തീൻ ജനതയ്ക്ക് സ്വന്തമായൊരു രാജ്യം നൽകുമെന്ന് പറഞ്ഞെങ്കിലും അത് യഥാർഥ്യമായില്ല. അന്ന് പാലസ്തീൻ ജനതയോടുകാട്ടിയ വഞ്ചനയ്ക്കുള്ള ചെറിയ തിരുത്താണ് ഇപ്പോൾ പാലസ്തീൻ രാഷ്ട്രത്തിന് ബ്രിട്ടൻ നൽകിയ അംഗീകാരം.

ദ്വിരാഷ്ട്രപരിഹാരത്തെ പിന്തുണയ്ക്കേണ്ട ചരിത്രപരമായ ബാധ്യതയും ബ്രിട്ടനുണ്ട് എന്നാണ് ബ്രിട്ടീഷ് വിദേശകാര്യമന്ത്രി ഡേവിഡ് ലാമി ഇതെക്കുറിച്ചു പറഞ്ഞത്. വെസ്റ്റ് ബാങ്കും ഗാസയും ചേർത്ത് കിഴക്കൻ ജറുസലേം തലസ്ഥാനമാക്കി പാലസ്തീൻ രാഷ്ട്രം രൂപവത്കരിക്കുന്നതിനെയാണ് ദ്വിരാഷ്ട്ര പരിഹാരം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഇതിനുള്ള അന്താരാഷ്ട്ര ശ്രമങ്ങൾ ഒരിടത്തും എത്തിയിട്ടുമില്ല. അന്താരാഷ്ട്ര നിയമങ്ങൾക്ക് വിരുദ്ധമായി വെസ്റ്റ് ബാങ്കിന്റെ നല്ലൊരു ശതമാനം ഇസ്രയേൽ കൈയടക്കിവെച്ചിരിക്കുകയാണ്.

കിഴക്കൻ ജറുസലേമിന് അടുത്തേക്ക് അധിനിവേശം വ്യാപിപ്പിക്കാനുള്ള തയ്യാറെടുപ്പിലാണ് അവർ. ഗാസയെ പിടിച്ചെടുക്കാനുള്ള ശ്രമത്തിലും. ഈ സാഹചര്യത്തിൽ പാലസ്തീൻ രാഷ്ട്രമെന്ന സങ്കൽപം തന്നെ തകരുന്ന സ്ഥിതിയാണ്. ഗാസയിലെ ദാരുണമായ സ്ഥിതി വിശേഷത്തിലുള്ള അന്താരാഷ്ട്ര രോഷം മുറുകുകയും ചെയ്യുന്നു. ഈ പശ്ചാത്തലത്തിലാണ് ഫ്രാൻസും ബ്രിട്ടനും ഉൾപ്പെടെയുള്ള രാജ്യങ്ങൾ പാലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കാൻ തീരുമാനിച്ചത്. 1988 ലാണ് പാലസ്തീന്റെ വിമോചനത്തിനായി പോരാടിയ പിഎൽഒ സ്വതന്ത്ര പാലസ്തീൻ രാഷ്ട്രം നിലവിൽവന്നതായി പ്രഖ്യാപിച്ചത്. യുഎൻ പൊതുസഭയിലെ 193 അംഗരാജ്യങ്ങളിൽ 147 എണ്ണം പാലസ്തീന്റെ രാഷ്ട്ര പദവി അംഗീകരിക്കുന്നു.

## സമാധാനത്തിലേക്ക് ഒരു പടി

പതിറ്റാണ്ടുകളായി യാതനകൾ പേറുന്ന പാലസ്തീൻ സമൂഹത്തെ സംബന്ധിച്ച് വിജയമാണ് പാലസ്തീൻ രാഷ്ട്രത്തെ ഔദ്യോഗികമായി അംഗീകരിച്ച ഇസ്രായേലിന്റെ നാല് സഖ്യകക്ഷികളുടെ തീരുമാനം. ഈ അഗീകാരം ശാശ്വത സമാധാനത്തിലേക്കുള്ള ചുവടാണെന്ന് വെസ്റ്റ് ബാങ്ക് ഭരിക്കുന്ന പാലസ്തീനിയൻ അതോറിറ്റിയുടെ പ്രസിഡന്റ് മഹ്മൂദ് അബ്ബാസ് പറഞ്ഞത്. തീരുമാനത്തോട് കടുത്ത രോഷം പ്രകടിപ്പിച്ച ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു ഇത് യുഎന്നിൽ ചോദ്യം ചെയ്യുമെന്ന് വ്യക്തമാക്കി.

പാലസ്തീൻ രാഷ്ട്രവാദം തങ്ങളുടെ നിലനിൽപ്പിനെ അപകടത്തിലാക്കും. ഭീകരതയ്ക്കുള്ള സമ്മാനം കൂടിയാണ് ഈ തീരുമാനമെന്നും നെതന്യാഹു പറഞ്ഞു. പാലസ്തീന്റെയും ഇസ്രായേലിന്റെയും സമാധാനപരമായ ഭാവിക്കായി എല്ലാ പിന്തുണയും ഉണ്ടാകുമെന്ന വാഗ്ദാനത്തോടെ പാലസ്തീനെ ഔദ്യോഗികമായി അംഗീകരിക്കുന്നെന്നാണ് ഞായറാഴ്ച കനേഡിയൻ പ്രധാനമന്ത്രി മാർക്ക് കാർണി കുറിച്ചത്.

## യുഎന്നിലെ പാലസ്തീൻ

പൊതുസഭയിലെ എത്ര രാജ്യങ്ങൾ പാലസ്തിന്റെ രാഷ്ട്രപദവിയെ അംഗീകരിച്ചിട്ടും കാര്യമില്ല. അന്തിമ അംഗീകാരം യുഎന്നിന്റെ ഏറ്റവും ശക്തമായ രക്ഷാസിമിതിയുടെ തീരുമാനത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്. അഞ്ച് സ്ഥിരാംഗങ്ങളിൽ ചൈനയും റഷ്യയും പാലസ്തീൻ രാഷ്ട്രത്തെ മുൻപേ അംഗീകരിച്ചിട്ടുണ്ട്.



# ടി20 റാങ്കിംഗിൽ തേരോട്ടം തുടർന്ന് അഭിഷേക് ശർമ

ഐസിസി ടി20 ബാറ്റർമാരുടെ റാങ്കിംഗിൽ റേറ്റിംഗ് പോയിന്റ് 907 ആക്കി ഉയർത്തി അഭിഷേക് ശർമ. ഇപ്പോഴും ഒന്നാം സ്ഥാനത്ത് തുടരുന്നുണ്ട് താരം. ഉയർന്ന റേറ്റിംഗ് പോയിന്റ് സ്വന്തമാക്കുന്ന മൂന്നാമത്തെ ഇന്ത്യൻ താരമാണ് അഭിഷേക്.സൂര്യകുമാർ യാദവാണ് (912) ഏറ്റവും ഉയർന്ന റേറ്റിംഗ് സ്വന്തമാക്കിയ ഇന്ത്യൻ താരം. വിരാട് കോലി (909) രണ്ടാം സ്ഥാനത്ത്. അതേസമയം, ഒരു സ്ഥാനം മെച്ചപ്പെടുത്തിയ തിലക് വർമ മൂന്നാം സ്ഥാനത്തെത്തി.ഇന്ത്യൻ ക്യാപ്റ്റൻ സൂര്യകുമാർ യാദവാണ് ആദ്യ പത്തിലുള്ള മറ്റൊരു ഇന്ത്യൻ താരം. ഒരു പടി കയറിയ സൂര്യ ആറാമെത്തി. ശുഭ്മാൻ ഗിൽ ഏഴ് പടി കയറി 32-ാം സ്ഥാനത്തായി. മലയാളി താരം സഞ്ജു സാംസൺ ഒരു സ്ഥാനം മെച്ചപ്പെടുത്തി 39-ാമതെത്തി.ഇംഗ്ലണ്ടിന്റെ ഫിലിപ്പ് സാൾട്ട്, തിലക് വർമയ്ക്ക് മുന്നിൽ രണ്ടാം സ്ഥാനത്ത് തുടരുന്നു. തിലകിന്റെ വരവോടെ മുൻ ഇംഗ്ലണ്ട് ക്യാപ്റ്റൻ ജോസ് ബട്ലർ നാലാം സ്ഥാനത്തേക്ക് വീണു.ഓസ്ട്രേലിയയുടെ ട്രാവിസ് ഹെഡ് അഞ്ചാമത്. സൂര്യ ആറാം സ്ഥാനത്ത്. ശ്രീലങ്കയുടെ പതും നിസ്സങ്ക, ന്യൂസിലൻഡിന്റെ ടിം സീഫെർട്ട്, ഓസീസ് താരം ടിം ഡേവിഡ്, ദക്ഷിണാഫ്രിക്കയുടെ ഡിവാൾഡ് ബ്രേവിസ് എന്നിവർ യഥാക്രമം ഏഴ് മുതൽ പത്ത് വരെയുള്ള സ്ഥാനങ്ങളിൽ. ബൗളർമാരുടെ റാങ്കിംഗിൽ വരുൺ ചക്രവർത്ത് ഒന്നാം സ്ഥാനത്ത് തുടരുന്നു.

## നായകൻ ബെൻ സ്റ്റോക്സ്; ആഷസ് പരമ്പരയ്ക്ക് ഇംഗ്ലണ്ട് ടീമിനെ പ്രഖ്യാപിച്ചു

അടുത്ത ആഷസ് പരമ്പരയ്ക്കുള്ള ഇംഗ്ലണ്ട് ക്രിക്കറ്റ് ടീമിനെ പ്രഖ്യാപിച്ചു. ബെൻ സ്റ്റോക്സ് നയിക്കുന്ന 16 അംഗ ടീമിന്റെ വൈസ് ക്യാപ്റ്റനായി ഹാരി ബ്രൂക്കിനെ നിയമിച്ചു.ടീമിൽ ശ്രദ്ധേയമായ ചില തിരിച്ചുവരവുകളുണ്ട്. ഇടത് കാൽമുട്ടിന് പരിക്കേറ്റ് ചികിത്സയിലായിരുന്ന പേസർ മാർക്ക് വുഡ് ടീമിൽ ഇടം നേടി. കൂടാതെ, ഇന്ത്യയ്ക്കെതിരായ പരമ്പരയിൽ വിരലിന് പരിക്കേറ്റ ഷോയിബ് ബഷീറിനെയും ടീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.പുതിയ കളിക്കാരിൽ മാത്യു പോട്ട്സും വിൽ ജാക്സുമാണ് പ്രധാനികൾ. ഡർഹാം പേസറായ പോട്ട്സ് അവസാനമായി 2024 ഡിസംബറിലാണ് ടെസ്റ്റ് കളിച്ചത്.ഈ സീസണിൽ 10 കൗണ്ടി മത്സരങ്ങളിൽ നിന്ന് 28 വിക്കറ്റുകളാണ് പോട്ട്സ് വീഴ്ത്തിയത്. വിൽ ജാക്സ് ആകട്ടെ, മൂന്ന് ഇന്നിംഗ്സുകളിൽ നിന്ന് 136 റൺസും നേടി. അനുഭവസമ്പത്തും യുവത്വവും ഒരുമിച്ചുള്ള ടീമിനെയാണ് ഇംഗ്ലണ്ട് ആഷസ് പരമ്പരയിൽ അണിനിരത്തുന്നത്.ബെൻ സ്റ്റോക്സിനൊപ്പം, പരിചയസമ്പന്നരായ ജോ റൂട്ട്, സാക്ക് ക്രാളി, ബെൻ ഡക്കറ്റ്, പോപ്പ് എന്നിവരും ടീമിലുണ്ട്. വിക്കറ്റ് കീപ്പറായി ജാമി സ്മിത്തും ടീമിൽ ഇടംനേടി. പേസ് നിരയ്ക്ക് നേതൃത്വം നൽകുന്നത് ജോഫ്ര ആർച്ചറാണ്. ബ്രൈഡൺ കാർസെ, ഗസ് അറ്റ്കിൻസൺ, ജോഷ് ടംഗ്, മാർക്ക് വുഡ്, മാത്യു പോട്ട്സ് എന്നിവരാണ് മറ്റ് പേസർമാർ.ഇംഗ്ലണ്ട് ആഷസ് ടീം: ബെൻ സ്റ്റോക്സ് (ക്യാപ്റ്റൻ), ജോഫ്ര ആർച്ചർ, ഗസ് ആറ്റ്കിൻസൺ, ഷോയിബ് ബഷീർ, ജേക്കബ് ബെഥേൽ, ഹാരി ബ്രൂക്ക് (വൈസ് ക്യാപ്റ്റൻ), ബ്രൈഡൺ കാർസെ, സാക്ക് ക്രാളി, ബെൻ ഡക്കറ്റ്, വിൽ ജാക്സ്, ഒല്ലി പോപ്പ്, മാത്യു പോട്ട്സ്, ജോ റൂട്ട്, ജാമി സ്മിത്ത്, ജോഷ് ടോങ്, മാർക്ക് വുഡ്.




## 64 ടീമുകളെത്തും ! ലോകകപ്പിൽ വമ്പൻ മാറ്റത്തിനൊരുങ്ങി ഫിഫ

ലോകകപ്പിൽ സമൂലമായ മാറ്റങ്ങൾക്ക് ആഗോള ഫുട്ബോൾ ഭരണസമിതിയായ ഫിഫ തയ്യാറെടുക്കുകയാണ്. 2030 ലോകകപ്പിൽ ടൂർണമെന്റ് 64 ടീമുകളായി വികസിപ്പിക്കാനുള്ള നടപടി ഫിഫ സ്വീകരിച്ചു. 2026 ലോകകപ്പിന്റെ ആതിഥേയ രാജ്യമായ അമേരിക്കയിലുള്ള ഫിഫ പ്രസിഡന്റ് ഗിയാനി ഇൻഫാന്റിനോ ഇതുസംബന്ധിച്ച് തീവ്രമായ ചർച്ചകൾ ആരംഭിച്ചതായി വാർത്താ ഏജൻസികൾ റിപ്പോർട്ട് ചെയ്തു.തെക്കനമേരിക്കൻ ഫുട്ബാൾ ഫെഡറേഷൻ പ്രസിഡന്റ് അയലാന്ദ്രോ ഡൊമിൻഗസ്, അർജന്റീന, യുറുഗ്വായ്, പരഗ്വേ ഫുട്ബാൾ അസോസിയേഷൻ പ്രസിഡന്റുമാർ എന്നിവരുമായി ഇൻഫന്റിനോ ചൊവ്വാഴ്ച ന്യൂയോർക്കിലെ ട്രംപ് ടവറിൽ കൂടികാഴ്ച നടത്തി. ലോകകപ്പ് ഫുട്ബാളിന്റെ നൂറാം വാർഷിക മേളയായാണ് 2030 ലോകകപ്പ് സംഘടിപ്പിക്കുന്നത്. ആഫ്രിക്ക, യൂറോപ്പ്, തെക്കൻ അമേരിക്ക എന്നീ മൂന്ന് വൻകരകളിലെ മൊറോക്കോ, പോർചുഗൽ, സ്പെയിൻ, അർജന്റീന, പരഗ്വേ, ഉറുഗ്വായ് രാജ്യങ്ങളിലായാണ് നൂറാം വാർഷികാഘോഷ ലോകകപ്പ് അരങ്ങേറുന്നത്. സെഞ്ച്വറി ലോകകപ്പിനെ ഏറ്റവും വലിയ പങ്കാളിത്തമുള്ള ചാമ്പ്യൻഷിപ്പാക്കി മാറ്റാനാണ് ഫിഫയുടെ നീക്കം.2022വരെ 32 ടീമുകളുടെ ടൂർണമെന്റായി നടക്കുന്ന ഫിഫ ലോകകപ്പ് 2026ൽ ആദ്യമായി 48 ടീം ടൂർണമെന്റായി നടക്കാൻ ഒരുങ്ങുന്നതിനിടെയാണ് എണ്ണം വീണ്ടും വർധിപ്പിക്കാൻ ഫിഫ ഒരുങ്ങുന്നത്. 1978 വരെ 16 ടീമുകളുടെ പോരാട്ടമായിരുന്ന വിശ്വമേള 1982ലാണ് ആദ്യമായി 24ലേക്കുയരുന്നത്. 1998ൽ ടീമുകളുടെ എണ്ണം 32ലെത്തി. 2026ൽ അമേരിക്ക, മെക്സികോ, കാനഡ രാജ്യങ്ങളിലായി നടക്കുമ്പോൾ 48ലേക്കുയരും. 64ലേക്കുയരുന്നതോടെ തെക്കനമേരിക്കയിലെ 10 ടീമുകൾക്കും ലോകകപ്പിൽ കളിക്കാൻ അവസരമൊരുങ്ങും. കന്നി ലോകകപ്പ് പ്രവേശനം കാത്തിരിക്കുന്ന വെനിസ്വേലക്കും ഇതുവഴി വിശ്വമേളയിൽ ഇടം പിടിക്കാനാകും.




## സഞ്ജു ഇന്ത്യൻ ടീമിൻറെ ബാറ്റിംഗ് നിരയിലെ ദുർബലൻ; ഷൊയൈബ് അക്തർ





ഏഷ്യാ കപ്പിൽ കളിക്കുന്ന ഇന്ത്യൻ ടീമിൻറെ ബാറ്റിംഗ് നിരയിലെ ദുർബല കണ്ണിയാണ് മലയാളി താരം സ്ജു സാംസണെന്ന് മുൻ പാക് പേസർ ഷൊയൈബ് അക്തർ. സഞ്ജുവിന് പകരം ഏഷ്യാ കപ്പ് ടീമിൽ സ്ഥാനം അർഹിച്ചിരുന്നത് കെ എൽ രാഹുലാണെന്നും പാക് ടെലിവിഷൻ ചാനലിലെ ചർച്ചയിൽ അക്തർ പറഞ്ഞു.ഈ ടീമിൽ കെ എൽ രാഹുൽ കൂടി ഉണ്ടെങ്കിലെന്ന് സങ്കൽപിച്ചുനോക്കൂ. സാങ്കേതികത്തികവോടെ കളിക്കുമ്പോൾ തന്നെ വലിയ ഷോട്ടുകൾ കളിക്കാൻ കെൽപുള്ള താരമാണ് കെ എൽ രാഹുൽ. സഞ്ജു സാംസണാണ് ഈ ഇന്ത്യൻ ടീമിലെ ദുർബല കണ്ണി. അതുകൊണ്ടാണ് പാകിസ്ഥാനെതിരായ മത്സരം അവസാന ഓവറിലേക്ക് നീണ്ടത്. അല്ലായിരുന്നെങ്കിൽ മത്സരം ഇത്രയും നീളില്ലായിരുന്നു. അഭിഷേക് ശർമ ക്രീസിൽ തുടർന്നിരുന്നുവെങ്കിൽ മത്സരം അഞ്ചോവർ മുമ്പെ തീരുമായിരുന്നുവെന്നും അക്തർ പറഞ്ഞു.ഏഷ്യാ കപ്പ് ഗ്രൂപ്പ് ഘട്ടത്തിൽ ആദ്യ രണ്ട് കളിയിലും ബാറ്റിംഗിന് അവസരം ലഭിക്കാതിരുന്ന സഞ്ജു സാംസണ് ഒമാനെതിരായ മൂന്നാം മത്സരത്തിൽ മൂന്നാം നമ്പറിലിറങ്ങി അർധസെഞ്ചുറി നേടുകയും ടീമിൻറെ ടോപ് സ്കോററും കളിയിലെ താരമാകുകയും ചെയ്തിരുന്നു.

# അംപയറുടേത് തെറ്റായ വിധി; സഞ്ജുവിന്റെ ക്യാച്ചിൽ ആരോപണവുമായി ഷാഹിദ് അഫ്രീദി





ഏഷ്യകപ്പിൽ അംപയറിങ് നിലവാരത്തെ രൂക്ഷമായി വിമർശിച്ച് മുൻ താരം ഷാഹിദ് അഫ്രീദി. ഇന്ത്യയ്ക്കെതിരായ സൂപ്പർ ഫോർ പോരാട്ടത്തിൽ ഫഖർ സമാനെ പുറത്താക്കാൻ അംപയർമാർ ബോധപൂർവം ശ്രമം നടത്തിയെന്നും അഫ്രീദി ആരോപിച്ചു.മത്സരത്തിൽ ഹർദിക് പാണ്ഡ്യയെറിഞ്ഞ മൂന്നാം ഓവറിൽ വിക്കറ്റ് കീപ്പർ സഞ്ജു സാംസൺ ക്യാച്ചെടുത്താണ് ഫഖർ സമാൻ പുറത്താക്കുന്നത്. ക്യാച്ചെടുക്കുന്ന സമയത്ത് സഞ്ജുവിന്റെ ഗ്ലൗ മുഴുവൻ പന്തിന് അടിയിൽ ഉണ്ടായിരുന്നെങ്കിലും പാക് താരങ്ങൾ അംപയറുടെ വിധിക്കെതിരെ രൂക്ഷവിമർശനമാണ് ഉന്നയിക്കുന്നത്. റീപ്ലേകൾ പരിശോധിച്ച ശേഷമാണ് തേർഡ് അംപയർ ഔട്ട് വിളിച്ചതെങ്കിലും പാക് അംപയറുടേത് തെറ്റായ വിധിയെന്നാണ് ആവർത്തിക്കുന്നത്. ഇപ്പോൾ അംപയർമാർക്കെതിരെ ഗുരുതര ആരോപണവുമായി രംഗത്തെത്തിയിരിക്കുകയാണ് ഷാഹിദ് അഫ്രീദി.പാക് ചാനലിലെ ചർച്ചയിൽ സംസാരിക്കവെ, 'അവർക്ക് ഐപിഎല്ലിലും പ്രവർത്തിക്കേണ്ടതുണ്ട്' എന്നാണ് അഫ്രീദി പറഞ്ഞത്. ഐപിഎലിൽ അംപയറാകാൻ താൽപര്യമുള്ളതിനാൽ, തേർഡ് അംപയർ ഇന്ത്യയ്ക്ക് അനുകൂലമായി വിധിക്കുകയായിരുന്നെന്നാണ് അഫ്രീദിയുടെ ആരോപണം. പാകിസ്ഥാൻ ക്രിക്കറ്റ് ടീമംഗങ്ങൾ ഉൾപ്പെടെ തേർഡ് അമ്പയറുടെ തീരുമാനത്തിൽ അതൃപ്തി പ്രകടിപ്പിച്ചതിന് ശേഷമാണ് അഫ്രീദിയുടെ പരാമർശം.പാകിസ്ഥാൻ മുൻ താരം മുഹമ്മദ് യൂസഫും അഫ്രീദിയുടെ വാദത്തെ പിന്തുണച്ചു.ഫഖർ സമാനെ പുറത്താക്കിയത് തെറ്റായ തീരുമാനമായിരുന്നെന്ന് മുൻ പാക് പേസർ ശുഐബ് അക്തറും പ്രതികരിച്ചിരുന്നു.



## അംപയറിങ് രംഗത്തെ അതികായൻ ഡിക്കി ബേഡ് വിടവാങ്ങി

ക്രിക്കറ്റ് അംപയറിങ് രംഗത്തെ ഇതിഹാസമായ ഡിക്കി ബേഡ് അന്തരിച്ചു. 92 വയസ്സായിരുന്നു. വാർധക്യസഹജമായ അസുഖത്തെത്തുടർന്ന് ചികിത്സയിലായിരുന്നു. ഇംഗ്ലീഷ് കൗണ്ടി ക്രിക്കറ്റ് ക്ലബ് യോർക്ഷെയറാണ് മരണവാർത്ത പുറത്തുവിട്ടത്.ഇന്ത്യ ആദ്യമായി ചാംപ്യന്മാരായ 1983-ലേതുൾപ്പെടെ മൂന്ന് ലോകകപ്പുകൾ നിയന്ത്രിച്ച അംപയറാണ് ഡിക്കി ബേഡ്. 23 വർഷം നീണ്ട അംപയറിങ് കരിയറിൽ 66 ടെസ്റ്റ് മത്സരങ്ങളും 69 ഏകദിന മത്സരങ്ങളും ബേഡ് നിയന്ത്രിച്ചിട്ടുണ്ട്.1996 ൽ ബേഡ് നിയന്ത്രിച്ച അവസാന ടെസ്റ്റ് മത്സരത്തിലാണ് ഇന്ത്യൻ മുൻ നായകന്മാരായ സൗരവ് ഗാംഗുലിയും രാഹുൽ ദ്രാവിഡും അരങ്ങേറ്റം കുറിച്ചത്. 1956 ൽ യോർക്ഷയർ ക്ലബ്ബിലൂടെ ബാറ്ററായി ക്രിക്കറ്റ് കരിയർ ആരംഭിച്ച ബേഡ് 1964 ലാണ് വിരമിക്കുന്നത്.ക്ലബ്ബിനായി 93 മത്സരങ്ങളിൽ നിന്ന് 2 സെഞ്ചുറികൾ അടക്കം 3314 റൺസ് നേടിയിട്ടുണ്ട്.1973 ലാണ് അംപയറിങ്ങിലേക്ക് പ്രവേശിക്കുന്നത്. കൃത്യതയാർന്ന അംപയറിങ് തീരുമാനങ്ങൾക്കു പുറമേ കളിക്കാരോടുള്ള സ്നേഹവായ്പുകൊണ്ടും ക്രിക്കറ്റ്ലോകത്തെ സവിശേഷസാന്നിധ്യമായിരുന്നു ബേഡ്. മെംബർ ഓഫ് ദ ബ്രിട്ടീഷ് എംപയർ, ഓർഡർ ഓഫ് ദ ബ്രിട്ടീഷ് എംപയർ തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്. അംപയറിങ്ങിൽ നിന്നും വിരമിച്ചശേഷം ക്വിസ് മാസ്റ്ററായും ടെലിവിഷൻ ചാറ്റ് ഷോകളിലും പങ്കെടുത്ത് ബേഡ് ശ്രദ്ധേയനായിരുന്നു.

## സിക്സർ വേട്ടയിൽ പുതിയ നേട്ടം; റെക്കോർഡുമായി സൂര്യവംശി



ദേശീയ ടീമിൽ അരങ്ങേറ്റം കുറിക്കാൻ വൈഭവ് സൂര്യവംശിക്ക് കുറച്ചുകൂടി കാത്തിരിക്കേണ്ടിവരും. ഇപ്പോൾ ഓസ്ട്രേലിയയിൽ ഇന്ത്യ അണ്ടർ -19 ടീമിനായി അടിച്ചുപൊളിക്കുകയാണ് സൂര്യവംശി.19 വയസ്സ് വരെയുള്ള താരങ്ങളാണ് ടീമിലുള്ളതെങ്കിലും 14കാരൻ വൈഭവ് നേരത്തേ തന്നെ ഇന്ത്യയുടെ യൂത്ത് ടീമിൽ അംഗമാണ്. യൂത്ത് ഏകദിന ചരിത്രത്തിൽ ഏറ്റവും കൂടുതൽ സിക്സറുകൾ നേടിയ ഉൻമുക്ത് ചന്ദിന്റെ റെക്കോർഡ് സൂര്യവംശി ഇന്ന് തകർത്തു. ബ്രിസ്ബേനിലെ ഇയാൻ ഹീലി ഓവലിൽ നടന്ന രണ്ടാം ഓസ്ട്രേലിയ അണ്ടർ-19 ടീമിനെതിരായ രണ്ടാം ഏകദിനത്തിൽ ആറ് സിക്സറുകളാണ് പറത്തിയത്.ഇതോടെ സൂര്യവംശിയുടെ പേരിൽ 41 യൂത്ത് ഏകദിന സിക്സറുകളായി. ഉൻമുക്ത് ചന്ദ് 21 മത്സരങ്ങളിൽ നിന്ന് 38 സിക്സറുകൾ നേടിയിരുന്നു. സൂര്യവംശിക്ക് ഈ നാഴികക്കല്ല് പിന്നിടാൻ 10 ഇന്നിങ്സുകൾ മാത്രമേ വേണ്ടിവന്നുള്ളൂ.ഇന്ത്യക്കാരിൽ സൂര്യവംശിക്കും ചന്ദിനും ശേഷം യൂത്ത് ഏകദിന ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ സിക്സറുകൾ യശസ്വി ജയ്സ്വാളിന്റെ പേരിലാണ്. ഇന്ത്യൻ ടീമിൽ ഇപ്പോൾ സ്ഥിരപ്രതിഷ്ഠ നേടിയ ജയ്സ്വാൾ 2018 നും 2020 നും ഇടയിൽ 27 മത്സരങ്ങളിൽ നിന്ന് 30 സിക്സറുകൾ നേടിയിട്ടുണ്ട്.ഐപിഎല്ലിൽ കളിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം, ഐപിഎല്ലിലെ ഏറ്റവും വേഗതയേറിയ രണ്ടാമത്തെ സെഞ്ചുറി, സെഞ്ചുറി നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം, ആദ്യ ഐപിഎല്ലിൽ തന്നെ ബെസ്റ്റ് സ്ട്രൈക്ക് റേറ്റ് സീസൺ അവാർഡ് തുടങ്ങി നിരവധി നേട്ടങ്ങൾക്ക് ഉടമയാണ്.

## റെഡ്ബോൾ ക്രിക്കറ്റിൽ നിന്ന് ശ്രേയസ് അയ്യർ ഇടവേള എടുക്കുന്നു



പുറം വേദനകാരണം റെഡ്ബോൾ ക്രിക്കറ്റിൽ നിന്ന് ഇടവേള എടുക്കുകയാണെന്ന് ശ്രേയസ് ബിസിസിഐയേയും സെലക്ഷൻ കമ്മിറ്റിയേയും അറിയിച്ചു. കരുൺ നായർക്ക് പകരം ശ്രേയസിനെ ടീമിൽ ഉൾപ്പെടുത്തിയേക്കുമെന്ന സൂചന ഉണ്ടായിരുന്നു. ഇതിനിടെയാണ് ശ്രേയസിന്റെ അപ്രതീക്ഷിത പിൻമാറ്റം. ഓസ്ട്രേലിയ എയ്ക്കെതിരെ നടക്കുന്ന അനൗദ്യോഗിക ടെസ്റ്റ് പരമ്പരയിൽ ഇന്ത്യ എ ടീം നായകനായിരുന്നു ശ്രേയസ്. രണ്ടാം ടെസ്റ്റ് തുടങ്ങുന്നതിന് മണിക്കൂറുകൾക്ക് മുൻപ ശ്രേയസ് ടീം വിടുകയായിരുന്നു. ഇതോടെ വിക്കറ്റ് കീപ്പർ ധ്രുവ് ജുറലാണ് ഇന്ത്യ എയെ നയിക്കുന്നത്. ഒക്ടോബർ രണ്ട് മുതൽ അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിലാണ് ഇന്ത്യ-വെസ്റ്റ് ഇൻഡീസ് പരമ്പരയിലെ ആദ്യ ടെസ്റ്റ് തുടങ്ങുന്നത്. ഇന്ത്യൻ ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലും കോച്ച് ഗൗതം ഗംഭീറും ഏഷ്യാ കപ്പിൽ കളിക്കുന്നതിനായി ദുബായിലായതിനാൽ ഓൺലൈനായിട്ടായിരിക്കും സെലക്ഷൻ കമ്മിറ്റി യോഗം ചേരുകയെന്നാണ് റിപ്പോർട്ട്.ശ്രേയസിനെ ഏഷ്യാ കപ്പിനുള്ള ടി20 ടീമിലും ഉൾപ്പെടുത്തിയിരുന്നില്ല. അതിനെതിരെ മുൻ താരം സൗരവ് ഗാംഗുലി രംഗത്ത് വന്നിരുന്നു. ഏഷ്യാ കപ്പ് ടീമിലേക്ക് ശ്രേയസ് അയ്യരെ പരിഗണിക്കാതിരുന്നത് തന്നെ അത്ഭുതപ്പെടുത്തിയെന്നും ആനന്ദ് ബസാർ പത്രികയ്ക്ക് നൽകിയ അഭിമുഖത്തിൽ ഗാംഗുലി പറഞ്ഞു.

# കുട്ടികളുടെ ചർമ സംരക്ഷണം ഉറപ്പാക്കാം: ഭക്ഷണത്തിൽ ഈ കാര്യങ്ങൾ ഉൾപ്പെടുത്തൂ!

ഹോർമോൺ വ്യതിയാനങ്ങളും പ്രായപൂർത്തിയാകലും കാരണം കൗമാരക്കാർക്ക് നിരവധി ശാരീരികവും മാനസികവുമായ പ്രശ്നങ്ങൾ അനുഭവപ്പെടാം. ഈ സമയത്ത് ചർമ്മ സംരക്ഷണം വളരെ പ്രധാനമാണ്. സപ്ലിമെന്റുകൾ, സെറം, ഫേഷ്യൽ എന്നിവയ്ക്ക് പകരം അവരുടെ ഭക്ഷണക്രമം മാറ്റുന്നതാണ് നല്ലതെന്ന് വിദഗ്ദ്ധർ നിർദ്ദേശിക്കുന്നു. ചർമ്മ സംരക്ഷണത്തിനായി നിങ്ങളുടെ കുട്ടികളുടെ ഭക്ഷണത്തിൽ ഉൾപ്പെടുത്തേണ്ട അഞ്ച് കാര്യങ്ങൾ ഇതാ.



**1. ഇലക്കറികൾ**

ചീര, കാലെ, അരുഗുല എന്നിവ വെറും സാലഡ് ഫില്ലറുകൾ മാത്രമല്ല. വിറ്റാമിൻ സി, ഇ പോലുള്ള ആന്റിഓക്സിഡന്റുകൾ ഇവയിൽ നിറഞ്ഞിരിക്കുന്നു. ഇവ അൾട്രാവയലറ്റ് രശ്മികളെയും അണുക്കളെയും ചെറുക്കുന്നു. ഇലക്കറികളിൽ ജലാംശം കൂടുതലായതിനാൽ, ചർമ്മത്തിലെ ഈർപ്പം നിലനിർത്താൻ ഇത് സഹായിക്കുന്നു.

**2. മത്സ്യം**

മത്സ്യങ്ങളിലും ഫ്ളാക്സ് സീഡുകളിലും ഒമേഗ ഫാറ്റി ആസിഡുകൾ അടങ്ങിയിട്ടുണ്ട്. ചർമ്മത്തിന്റെ ആരോഗ്യത്തിന് സഹായിക്കുന്ന ഗുണകരമായ ആന്റിഇൻഫ്ളമേറ്ററി ഗുണങ്ങളും ഇവയിലുണ്ട്.

**3. സരസഫലങ്ങൾ**

സരസഫലങ്ങളിലെ ആന്റിഓക്സിഡന്റുകൾ രക്തത്തിലെ പഞ്ചസാരയുടെ അളവ് കുറയ്ക്കുന്നു. ആന്തോസയാനിനുകളും ഇവയിൽ കൂടുതലാണ്. ബ്ലൂബെറി, സ്ട്രോബെറി അല്ലെങ്കിൽ റാസ്ബെറി എന്നിവയിൽ വിറ്റാമിൻ എ, സി, ഇ എന്നിവ ധാരാളമായി അടങ്ങിയിട്ടുണ്ട്.

**4. നട്സ്, വിത്തുകൾ**

ബദാം, വാൽനട്ട്, ഉണക്കമുന്തിരി തുടങ്ങിയ ഉണക്കിയ പഴങ്ങളിലും നട്സുകളിലും ചർമ്മത്തിന് ആവശ്യമായ ഫാറ്റി ആസിഡുകൾ അടങ്ങിയിട്ടുണ്ട്, ഇത് ചർമ്മത്തിലെ ഈർപ്പവും ഇലാസ്തികതയും നിലനിർത്താൻ സഹായിക്കുന്ന സൂക്ഷ്മ പോഷകങ്ങൾ നൽകുന്നു.

**5. തൈര്**

നല്ല അല്ലെങ്കിൽ സൗഹൃദ ബാക്ടീരിയകൾ എന്നറിയപ്പെടുന്ന ജീവനുള്ള സൂക്ഷ്മാണുക്കളാണ് പ്രോബയോട്ടിക്കുകൾ. ആവശ്യത്തിന് തൈര് കഴിക്കുന്നത് ഈ സൂക്ഷ്മാണുക്കൾക്ക് നിരവധി ആരോഗ്യ ഗുണങ്ങൾ നൽകുന്നു. തൈര്, കെഫീർ, കിമ്മി, സോർക്രൗട്ട്, ചില സപ്ലിമെന്റുകൾ തുടങ്ങിയ പുളിപ്പിച്ച ഭക്ഷണങ്ങളിൽ സ്വാഭാവികമായി കാണപ്പെടുന്ന ഈ ജീവികൾ ചർമ്മത്തിന്റെ സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കാൻ സഹായിക്കുന്നു. ചർമ്മത്തിലെ ജലാംശം മെച്ചപ്പെടുത്താനും തിളക്കമുള്ള നിറം നൽകാനും പ്രോബയോട്ടിക്കുകൾ സഹായിക്കുമെന്ന് പുതിയ പഠനങ്ങൾ സൂചിപ്പിക്കുന്നു.

കുടലിന്റെ ആരോഗ്യം പ്രോത്സാഹിപ്പിക്കുന്നതിലൂടെ, വയറിളക്കം, ഇറിറ്റബിൾ ബവൽ സിൻഡ്രോം (IBS), മലബന്ധം തുടങ്ങിയ പ്രശ്നങ്ങൾ ലഘൂകരിക്കാൻ അവ സഹായിക്കും. പ്രോബയോട്ടിക് അടങ്ങിയ ഭക്ഷണങ്ങൾ പതിവായി കഴിക്കുന്നത് സന്തുലിതമായ ദഹനവ്യവസ്ഥ നിലനിർത്താൻ സഹായിക്കും. രോഗപ്രതിരോധ ശേഷി ദുർബലമായതോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുള്ളതോ ആയ ആളുകൾ പ്രോബയോട്ടിക് സപ്ലിമെന്റുകൾ ആരംഭിക്കുന്നതിന് മുമ്പ് ഒരു ആരോഗ്യ സംരക്ഷണ വിദഗ്ദ്ധനെ സമീപിക്കണം, കാരണം അവ അണുബാധയ്ക്ക് കൂടുതൽ സാധ്യതയുണ്ട്.

**6. കിവിയും ഓറഞ്ചും**

വിറ്റാമിൻ സിയുടെ സമ്പന്നമായ ഉറവിടങ്ങളാണ് കിവിയും ഓറഞ്ചും എന്ന് വിദഗ്ദ്ധർ പറയുന്നു, ഇത് കൊളാജന്റെ രൂപീകരണത്തിന് സഹായിക്കുന്നു. കൊളാജൻ ചർമ്മത്തിന് അത്യാവശ്യമാണ്. വിറ്റാമിൻ സി ഒരു ആന്റിഓക്സിഡന്റായും പ്രവർത്തിക്കുന്നു, ഇത് നിങ്ങളുടെ ചർമ്മത്തെ ദൈനംദിന സമ്മർദ്ദത്തിൽ നിന്ന് സംരക്ഷിക്കുന്നു.

# ബേബി ഫുഡിലെ അതിമധുരം; കുഞ്ഞുങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ എന്തൊക്കെ?



പ്രമുഖ ബേബി ഫുഡ് നിർമ്മാതാക്കളായ നെസ്‌ലെ ഇന്ത്യയിൽ വിൽക്കുന്ന ബേബി ഫുഡിൽ പഞ്ചസാര ചേർക്കുന്നുവെന്ന റിപ്പോർട്ട് വലിയ വാർത്തയായിരുന്നു. ഇന്ത്യ ഉൾപ്പെടെയുള്ള ദക്ഷിണേഷ്യൻ രാജ്യങ്ങളിലും ആഫ്രിക്കയിലും തങ്ങളുടെ ഉൽപ്പന്നങ്ങളിൽ പഞ്ചസാര ചേർക്കുന്നുണ്ടെങ്കിലും യൂറോപ്പിലും യു.കെയിലും വിൽക്കുന്ന അതേ ഉൽപ്പന്നങ്ങളിൽ പഞ്ചസാര ചേർക്കുന്നില്ല എന്നത് നെസ്‌ലെയുടെ അവികസിത രാജ്യങ്ങളോടുള്ള വിവേചനമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. നെസ്‌ലെയുടെ നീക്കം എന്തുകൊണ്ടാണ് ഇത്ര വലിയ പ്രശ്നമാകുന്നത്? കുഞ്ഞുങ്ങൾക്ക് നൽകുന്ന ഭക്ഷണത്തിൽ ഉയർന്ന അളവിൽ പഞ്ചസാര ചേർത്താൽ എന്ത് സംഭവിക്കും?

കുട്ടികൾക്ക് വളരെ ചെറുപ്പത്തിൽ തന്നെ പഞ്ചസാര നൽകാൻ തുടങ്ങുന്നത് നിരവധി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. അതായത് അവർക്ക് നൽകുന്ന ആരോഗ്യകരമായ ഭക്ഷണത്തിലെ പല പോഷകങ്ങളും ശരീരം ശരിയായി ആഗിരണം ചെയ്തേക്കില്ല. മുതിർന്നവരെപ്പോലെ, കുട്ടികൾക്കും മധുരപലഹാരങ്ങളിൽ പ്രത്യേക താൽപ്പര്യമുണ്ട്. ഏകദേശം ആറ് മാസം പ്രായമുള്ള ഒരു കുഞ്ഞിന് പോലും മധുരപലഹാരങ്ങൾക്ക് അടിമയാകാം. ഇത് കുറയ്ക്കാൻ സഹായിക്കുന്ന രുചികളെല്ലാം അവരെ പരിചയപ്പെടുത്തേണ്ടതുണ്ട്.

കുട്ടികളുടെ ഭക്ഷണത്തിൽ കാർബോഹൈഡ്രേറ്റ്സ്, പ്രോട്ടീനുകൾ, മറ്റ് പോഷകങ്ങൾ എന്നിവ മിതമായ അളവിൽ അടങ്ങിയിരിക്കണം. പഞ്ചസാര ഒരു കാർബോഹൈഡ്രേറ്റാണ്. പാലിലെ ലക്ടോസ് ഒരു പ്രകൃതിദത്ത പഞ്ചസാരയാണ്. പഴങ്ങളിൽ കാണപ്പെടുന്ന ഫ്രക്ടോസിനെ ആരോഗ്യകരമായ പഞ്ചസാരയുടെ ഉറവിടമായും കണക്കാക്കാം. എന്നിരുന്നാലും, ഇവയെല്ലാം കുട്ടികൾക്ക് മിതമായ അളവിൽ നൽകണം.

കുട്ടികൾക്കായി വിപണിയിൽ നിന്ന് വാങ്ങുന്ന ഭക്ഷണ ഉത്പന്നങ്ങളെ കുറിച്ച് രക്ഷിതാക്കൾ കൃത്യമായി അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇത്തരം ഭക്ഷ്യോൽപ്പന്നങ്ങൾ തയ്യാറാക്കുന്ന സമയത്ത് പഞ്ചസാര വിവിധ രൂപങ്ങളിൽ ചേർക്കപ്പെടാം. വൈറ്റ് ഷുഗർ, ഷുഗർ സിറപ്പുകൾ തുടങ്ങിയവയെല്ലാം ചേർത്ത മധുര ഭക്ഷണങ്ങളും പാനീയങ്ങളുമൊക്കെ ഇന്ന് ലഭ്യമാണ്. നിങ്ങളുടെ കുഞ്ഞ് പതിവിലും ആക്ടീവ് ആയി കാണപ്പെടുന്നുണ്ടെങ്കിൽ അതിന് ഒരു കാരണം ഇത്തരം ഭക്ഷണങ്ങൾ മൂലമാകാം.

അറിഞ്ഞോ അറിയാതെയോ കുട്ടികൾക്ക് മധുരമുള്ള ഭക്ഷണങ്ങൾ നൽകുന്നത് പൊണ്ണത്തടിക്കുള്ള സാധ്യത വർദ്ധിപ്പിക്കുമെന്ന് പലരും മറക്കുന്നു. കുട്ടികൾക്ക് പതിവായി അമിതമായി പഞ്ചസാര അടങ്ങിയ ഭക്ഷണങ്ങൾ നൽകുന്നത് അവരുടെ വിശപ്പ് വർദ്ധിപ്പിക്കുകയും അവരിൽ ഭക്ഷണത്തോടുള്ള ആസക്തി വളർത്തുകയും ചെയ്യും, ചെറിയ കുട്ടികളിൽ പോലും. ഇതിന്റെ ഫലമായി ശരീരഭാരം വർദ്ധിക്കുകയും പൊണ്ണത്തടി ഉണ്ടാകുകയും ചെയ്യുന്നു.

പഞ്ചസാര ശരീരത്തിലെത്തുന്നത് മറ്റു പോഷകങ്ങളുടെ ആഗിരണം കുറയ്ക്കുന്നു. ഉദാഹരണത്തിന് ഇരുമ്പ്, വിറ്റാമിൻ ബി 12, മറ്റു പോഷകക്കുറവ് എന്നിവയ്ക്കും ഇത് കാരണമാകുന്നു. ഇത്തരം പോഷകങ്ങൾ കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കും വികാസത്തിനും സുപ്രധാന പങ്കുവഹിക്കുന്നവയാണ്. കൂടാതെ ദന്തക്ഷയം, അലർജി, വയറുവേദന, വയറിളക്കം എന്നിവയൊക്കെ കുട്ടികളിലുണ്ടാകാം. മാത്രവുമല്ല, കുടൽ ബാക്ടീരിയയിലെ അസന്തുലിതാവസ്ഥ കാരണം ദഹനപ്രശ്നത്തിന് വരെ ഇത് കാരണമാകാം.

# മൂത്രാശയ അണുബാധ അകറ്റാൻ ഈ ശീലങ്ങൾ പതിവാക്കൂ



മൂത്രാശയ അണുബാധ അഥവാ യുടിഐ പ്രത്യേകിച്ച് സ്ത്രീകൾക്ക് ഏറ്റവും സാധാരണമായ ആരോഗ്യ പ്രശ്നമാണ്. സാധാരണയായി ചികിത്സിക്കാവുന്നതാണെങ്കിലും, അവ ഉണ്ടാക്കുന്ന അസ്വസ്ഥത ഭീകരമാണ്. സ്ത്രീ ജനസംഖ്യയുടെ പകുതിയോളം പേർക്ക് ജീവിതത്തിൽ ഒരിക്കലെങ്കിലും മൂത്രാശയ അണുബാധ ഉണ്ടാകാനുള്ള സാധ്യതയുണ്ടെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. വൃക്ക, മൂത്രനാളി, മൂത്രസഞ്ചി എന്നിവ ഉൾപ്പെടെ ഏത് ഭാഗത്തെയും ബാധിക്കുന്ന മൂത്രവ്യവസ്ഥയുടെ അണുബാധയാണ് യൂറിനറി ട്രാക്റ്റ് ഇൻഫെക്ഷൻ.

അടിക്കടി മൂത്രം ഒഴിക്കണമെന്ന് തോന്നുക, മൂത്രമൊഴിക്കുമ്പോൾ പുകച്ചിൽ അനുഭവപ്പെടുക, അടിവയറ്റിൽ അസഹനീയമായ വേദന, മൂത്രത്തിൽ രക്തത്തിന്റെ അംശം തുടങ്ങിയവയെല്ലാം യൂറിനറി ട്രാക്റ്റ് ഇൻഫെക്ഷന്റെ ലക്ഷണങ്ങളാണ്. പല കാരണങ്ങൾ മൂത്രാശയ അണുബാധയ്ക്ക് കാരണമാകാം. കൃത്യമായി മൂത്രം ഒഴിക്കാതിരിക്കുന്നതും ശരിയായ ശുചിത്വം പാലിക്കാത്തതും ആന്തരിക അണുബാധയുമെല്ലാം മൂത്രാശയ അണുബാധയ്ക്ക് കാരണമാകുന്നു.

**ശുചിത്വത്തിൽ നിന്ന് ആരംഭിക്കുക**

ടോയ്‌ലറ്റിലെ ലളിതമായ ശീലങ്ങൾ പോലും വലിയ മാറ്റമുണ്ടാക്കും. സ്ത്രീകളെ സംബന്ധിച്ചിടത്തോളം, മുന്നിൽ നിന്ന് പിന്നിലേക്ക് കഴുകുന്നത് മൂത്രനാളിയിൽ ബാക്ടീരിയകൾ എത്തുന്നത് തടയാൻ സഹായിക്കുന്നു. സ്വകാര്യ ഭാഗത്ത് ശക്തമായതോ സുഗന്ധദ്രവ്യങ്ങളുള്ളതോ ആയ ഉൽപ്പന്നങ്ങൾ ഒഴിവാക്കുന്നതും നല്ലതാണ്, കാരണം അവ സെൻസിറ്റീവ് ടിഷ്യൂകളെ പ്രകോപിപ്പിക്കുകയും ശരീരത്തിന്റെ സംരക്ഷണ ബാക്ടീരിയകളുടെ സ്വാഭാവിക സന്തുലിതാവസ്ഥയെ അസ്വസ്ഥമാക്കുകയും ചെയ്യും.

**നല്ല ജലാംശം നിലനിർത്തുക**

മൂത്രാശയ അണുബാധ തടയുന്നതിനുള്ള ഏറ്റവും ലളിതമായ ശീലങ്ങളിൽ ഒന്നാണ് നന്നായി ജലാംശം നിലനിർത്തുക എന്നത്. നിങ്ങൾ ആവശ്യത്തിന് വെള്ളം കുടിക്കുമ്പോൾ, മൂത്രസഞ്ചി കൂടുതൽ തവണ ശൂന്യമാകും, ബാക്ടീരിയകൾ അടിഞ്ഞുകൂടുന്നതിന് മുമ്പ് അവ നീക്കം ചെയ്യപ്പെടും.

**അയഞ്ഞ വസ്ത്രങ്ങൾ തിരഞ്ഞെടുക്കുക**

ഇറുകിയ സിന്തറ്റിക് അടിവസ്ത്രങ്ങൾ ചൂടും ഈർപ്പവും നിലനിർത്തും, ഇത് ബാക്ടീരിയകളുടെ വളർച്ചയ്ക്ക് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കും. കോട്ടൺ അടിവസ്ത്രങ്ങളും അയഞ്ഞ വസ്ത്രങ്ങളും തിരഞ്ഞെടുക്കുന്നത് വായുസഞ്ചാരം നിലനിർത്താൻ അനുവദിക്കുന്നു, ഇത് അണുബാധയ്ക്കുള്ള സാധ്യത കുറയ്ക്കുന്നു.

**ഭക്ഷണക്രമം നമ്മൾ കരുതുന്നതിലും പ്രധാനമാണ്**

ആന്റിഓക്സിഡന്റുകൾ, പ്രോബയോട്ടിക്കുകൾ, നാരുകൾ എന്നിവയാൽ സമ്പന്നമായ ഭക്ഷണങ്ങൾ കുടലിന്റെയും മൂത്രത്തിന്റെയും ആരോഗ്യത്തിന് നല്ലതാണ്. തൈര്, പുളിപ്പിച്ച ഭക്ഷണങ്ങൾ, എന്നിവ നിങ്ങളുടെ ഭക്ഷണത്തിൽ ചേർക്കുന്നത് മൂത്രനാളിയിൽ ആരോഗ്യകരമായ സന്തുലിതാവസ്ഥ നിലനിർത്താൻ സഹായിക്കും, ഇത് ദോഷകരമായ ബാക്ടീരിയകളുടെ വളർച്ചയെ ബുദ്ധിമുട്ടാക്കും. ഇതിനു വിപരീതമായി, വളരെയധികം കഫീൻ, മദ്യം അല്ലെങ്കിൽ വളരെ എരിവുള്ള ഭക്ഷണങ്ങൾ മൂത്രാശയത്തെ പ്രകോപിപ്പിക്കുകയും അണുബാധയ്ക്ക് കൂടുതൽ സാധ്യതയുള്ള ആളുകളിൽ അസ്വസ്ഥത ഉണ്ടാക്കുകയും ചെയ്യും.

**ശാരീരിക സിഗ്നലുകൾ അവഗണിക്കരുത്**

ദീർഘനേരം മൂത്രമൊഴിക്കാനുള്ള പ്രേരണ നിങ്ങൾ അവഗണിക്കുമ്പോൾ, അത് മൂത്രാശയത്തിനുള്ളിൽ അണുക്കൾ വളരാൻ അനുവദിക്കുന്നു. മൂത്രമൊഴിച്ചതിന് ശേഷം ബാക്ടീരിയകളെ കഴുകിക്കളയുന്നതും അണുബാധയ്ക്കുള്ള സാധ്യത കുറയ്ക്കും. നേരിയ അണുബാധകൾ പലപ്പോഴും വേഗത്തിൽ കൈകാര്യം ചെയ്യാൻ കഴിയുമെങ്കിലും, സ്ഥിരമായതോ ആവർത്തിച്ചുള്ളതോ ആയ UTI-കൾ ഒരിക്കലും അവഗണിക്കരുത്. മൂത്രത്തിൽ രക്തം, പനി, പുറം വേദന എന്നിവ അണുബാധ വൃക്കകളിലേക്ക് വ്യാപിച്ചതിന്റെ സൂചനയായിരിക്കാം, ഇതിന് ഉടനടി വൈദ്യചികിത്സ ആവശ്യമാണ്.

# സൂര്യപ്രകാശം ഏറ്റാൽ ടാനിങ് മാത്രമല്ല ചർമത്തിൽ വെളുത്ത പാടുകളും വരും

സൂര്യപ്രകാശം വളരെ നേരം ശരീരത്തിൽ തട്ടിയാൽ വെളുത്ത പാടുകൾ വരാം. ചെറുതും പരന്നതും വെളുത്തതുമായ പാടുകളാണ് ഇവ. സാധാരണയായി സൂര്യപ്രകാശം ഏൽക്കുന്ന ഭാഗങ്ങളിൽ ഉദാഹരണത്തിന് കൈകൾ, കാലുകൾ, മുഖം എന്നിവയിൽ പ്രത്യക്ഷപ്പെടുന്നു. ചൊറിച്ചിൽ ഉണ്ടാകില്ല എല്ലായിടത്തും വ്യാപിക്കുകയുമില്ല.

ദീർഘനേരം സൂര്യപ്രകാശം ഏൽക്കുമ്പോൾ ചർമത്തിലെ പിഗ്മെന്റേഷൻ നഷ്ടപ്പെടും. അതുകൊണ്ടാണ് ചർമത്തിൽ വെളുത്ത പാടുകൾ ഉണ്ടാകുന്നത്. ഇതാണ് ഹൈപ്പർപിഗ്മെന്റേഷൻ. മുഖത്ത് മാത്രമല്ല പുറകിലും കൈകളുടെ മുകൾ ഭാഗത്തും ഇവ പ്രത്യക്ഷപ്പെടാം. ചർമത്തിന് നിറം നൽകുന്ന മെലാനിൻ എന്ന പിഗ്മെന്റ് ഉത്പാദിപ്പിക്കുന്നത് മെലനോസൈറ്റ് കോശങ്ങളാണ്. സൂര്യപ്രകാശത്തിലെ അൾട്രാവയലറ്റ് രശ്മികൾ ഈ കോശങ്ങളെ ഉത്തേജിപ്പിക്കുകയും അത് കൂടുതൽ മെലാനിൻ ഉത്പാദിപ്പിക്കാൻ കാരണമാവുകയും ചെയ്യും. ഇത് ചർമത്തിൽ ടാനിങ് (കരുവാളിപ്പ്) ഉണ്ടാക്കുകയും പിന്നീട് വെളുത്ത, കറുത്ത പാടുകൾക്ക് കാരണമാവുകയും ചെയ്യാം.

സൂര്യപ്രകാശം ഏൽക്കുന്നത് വെളുത്ത പാടുകൾക്ക് കാരണമാകുമെങ്കിലും ഇവ അലർജി, ഇഡിയൊപാത്തിക് ഗട്ടേറ്റ് ഹൈപ്പോമെലനോസിസ് (IGH), അറ്റോപിക് ഡെർമറ്റൈറ്റിസ്, വിറ്റിലിഗോ അല്ലെങ്കിൽ ഫംഗസ് അണുബാധ എന്നിവയുമായിബന്ധപ്പെട്ടിരിക്കാം. എല്ലാവെളുത്ത പാടുകളും ഒരുപോലെയല്ല. ഓരോ കേസിലും വ്യത്യസ്തമായ അടിസ്ഥാന കാരണങ്ങളുണ്ടാകാം. ശരിയായ രോഗനിർണയവും ചികിത്സയും ഉണ്ടെങ്കിൽ ഈ പാടുകളിൽ പലതും മെച്ചപ്പെടും.

പുതിയ പാടുകളുടെ രൂപീകരണവും മൊത്തത്തിലുള്ള സൂര്യാഘാതവും കുറക്കാൻ സഹായിക്കും. സൺസ്ക്രീൻ സൂര്യപ്രകാശത്തിൽ നിന്ന് ചർമത്തെ സംരക്ഷിക്കാൻ ഏറ്റവും മികച്ച മാർഗമാണിത്. SPF 30 അല്ലെങ്കിൽ അതിൽ കൂടുതലുള്ള സൺസ്ക്രീൻ തിരഞ്ഞെടുത്ത് പുറത്തിറങ്ങുന്നതിന് 15 -20 മിനിറ്റ് മുമ്പ് മുഖത്തും മറ്റ് തുറന്ന ഭാഗങ്ങളിലും പുരട്ടുക. ഓരോ 23 മണിക്കൂറിലും ഇത് വീണ്ടും പുരട്ടുന്നത് നല്ലതാണ്.

ഏറ്റവും കൂടുതൽ വെയിലുള്ള സമയങ്ങളിൽ (രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ) പുറത്തിറങ്ങുന്നത് പരമാവധി ഒഴിവാക്കുക. തൊപ്പികൾ, സൺഗ്ലാസുകൾ, നീളൻ കൈകളുള്ള വസ്ത്രങ്ങൾ എന്നിവ ധരിക്കുന്നത് സൂര്യരശ്മികളിൽ നിന്ന് ചർമത്തെ സംരക്ഷിക്കാൻ സഹായിക്കും. ഈ കാര്യങ്ങൾ ശ്രദ്ധിച്ചാൽ സൂര്യപ്രകാശം മൂലമുണ്ടാകുന്ന പിഗ്മെന്റേഷൻ വലിയൊരളവിൽ തടയാൻ സാധിക്കും. എന്നിട്ടും പ്രശ്നങ്ങൾ തുടരുകയാണെങ്കിൽ ഒരു ഡെർമറ്റോളജിസ്റ്റിനെ (ചർമ്മരോഗ വിദഗ്ദ്ധൻ) സമീപിക്കുന്നത് ഉചിതമാണ്.

# ഫോൾഡബിൾ ഐഫോൺ; പുതിയ മോഡലിന്റെ ഡിസൈനും വിലയും ലീക്കായി

ആപ്പിളിന്റെ ആദ്യത്തെ ഫോൾഡബിൾ ഐഫോൺ അടുത്ത വർഷം പുറത്തിറങ്ങുമെന്ന് പ്രതീക്ഷിക്കുന്നു. ഐഫോൺ 18 നൊപ്പം ഫോൾഡബിൾ ഐഫോണും എത്തും. അൾട്രാ തിൻ ഐഫോൺ എയറിനോട് സാദൃശ്യമുള്ളതായിരിക്കും ഫോൾഡബിളും എന്നാണ് റിപ്പോർട്ടുകൾ.

രണ്ട് ഐഫോൺ എയറുകൾ ഒരുമിച്ച് ചേർത്തത്പോലെയായിരിക്കും ഫോൾഡബിൾ ഐഫോണിന്റെ രൂപകൽപ്പനയെന്ന് ബ്ലൂംബെർഗ് റിപ്പോർട്ട് ചെയ്യുന്നു. ഈ വർഷമാണ് ആപ്പിൾ ആദ്യമായി ഐഫോൺ എയർ അവതരിപ്പിച്ചത്. ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും കനം കുറഞ്ഞ ഐഫോൺ എന്ന ബഹുമതിയോടെയാണ് ഐഫോൺ എയർ എത്തിയത്. ഇതിന് 5.6 മില്ലീമീറ്റർ കനമുണ്ട്. ടൈറ്റാനിയം ഫ്രെയിമുള്ള ഐഫോണുകളുടെ ജിഐഎ മോഡൽ കൂടിയാണിത്.

ഇതേ ഡിസൈനിലായിരിക്കും അടുത്ത വർഷം ഫോൾഡബിൾ ഐഫോണും എത്തുക എന്നാണ് ബ്ലൂംബെർഗ് റിപ്പോർട്ടിൽ പറയുന്നത്. രണ്ട് ഐഫോൺ എയറിന്റെ കനത്തിൽ 11.2 എംഎം ൽ എത്തുന്ന ഫോൾഡബിൾ ഐഫോൺ സാംസങ് Z ഫോൾഡ് 7 നേക്കാളും ഭാരം കൂടുതലുണ്ടാകും.




8.9 എംഎം ആണ് സാംസങ് മോഡലിന്റെ കനം. അതേസമയം, ഇതിനേക്കാൾ കുറഞ്ഞ കനത്തിലായിരിക്കും ഫോൾഡബിൾ ഐഫോൺ എത്തുക എന്നും സൂചനയുണ്ട്. സാംസങ്ങിന്റെ ഇസൈഡ് ഫോൾഡ് 7 നായിരിക്കും ഫോൾഡബിൾ വെല്ലുവിളി ഉയർത്തുക. ഫോൾഡബിൾ ഐഫോണിന്റെ വിലയിലും വലിയ വ്യത്യാസമുണ്ടാകുമെന്നാണ് റിപ്പോർട്ടുകൾ.

യുഎസിൽ 2000 ഡോളറിന് അടുത്തായിരിക്കും പുതിയ ഡിവൈസിന്റെ വില എന്നാണ് റിപ്പോർട്ടുകൾ പറയുന്നത്. ഏകദേശം 1,76,000 രൂപയോളം വരുമിത്. ഇന്ത്യയിൽ വില ഇതിലും കൂടും.

# അൾഷൈമേഴ്സ് നേരത്തെ തിരിച്ചറിയാം! ഡിജിറ്റൽ ബയോമാർക്കർ ടെക്നോളജിയുമായി സാംസങ്



മറവി രോഗമായ അൾഷൈമേഴ്സ് വരാനുള്ള സാധ്യത നേരത്തെ തിരിച്ചറിയാനുള്ള ഫീച്ചർ കൊണ്ടുവരാൻ സംസങ്. സാംസങ് ഗ്യാലക്സി ഫോണുകളിലും വാച്ചുകളിലുമാണ് പുതിയ ടെക്നോളജി കൊണ്ടുവരാൻ കമ്പനി തയ്യാറെടുക്കുന്നതായി റിപ്പോർട്ടുള്ളത്.


റിസേർച്ചർമാർ ഇതിനായി ഒരു ഡിജിറ്റൽ ബയോമാർക്കർ ടെക്നോളജി വികസിപ്പിച്ചു എന്ന് കമ്പനി പ്രസിദ്ധീകരിച്ച ബ്ലോഗിൽ പറയുന്നു. ഒരാളുടെ ധാരണാശക്തിവിശേഷത്തിന് (cognitive) വരുന്ന മാറ്റങ്ങൾ തിരിച്ചറിയാനുള്ള ശേഷിയാണ് വികസിപ്പിച്ചിരിക്കുന്നത്. ഗ്യാലക്സി സ്മാർട്ട്ഫോണുകളും വാച്ചുകളും ഉപയോഗിക്കുന്നവരുടെ മൾട്ടിമോഡൽ ഡേറ്റ വിശകലനം ചെയ്തായിരിക്കും അവരുടെ തലച്ചോറിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ കണ്ടെത്തുന്നത്.

'ആപ്പുകൾ ഉപയോഗിക്കുന്ന രീതി, ടൈപ്പിങ് സ്പീഡ്, മെസേജിങ് പാറ്റേണുകൾ, കോൾ ഫ്രീക്വൻസി, ഉറക്കം, സ്വരം' എന്നിവ ആയിരിക്കും കമ്പനിയുടെ പുതിയ ടെക്നോളജി ഉപയോഗിച്ച് വിശകലനം ചെയ്യുക.

സാംസങ് ഗ്യാലക്സി സ്മാർട്ട്ഫോണുകളിൽ നിന്നും വെയറബിൾസിൽ നിന്നും ശേഖരിക്കുന്ന ഡേറ്റ വിശകലനം ചെയ്ത് അൾഷൈമേഴ്സിന്റെ വരവ് നേരത്തെ തിരിച്ചറിയാൻ സാധിക്കുമെന്നാണ് സാംസങ് പറയുന്നത്.

# ഗൂഗിൾ ക്രോമിനെ അടിമുടി മാറ്റാൻ ജെമിനി എഐ

ഇന്ന് ദശലക്ഷക്കണക്കിന് ആളുകൾ വിവരങ്ങൾ തിരയാനും, ഷോപ്പുചെയ്യാനും, വീഡിയോകൾ കാണാനും ഗൂഗിൾ ക്രോം ബ്രൗസർ ഉപയോഗിക്കുന്നു. ഇപ്പോൾ കമ്പനി ക്രോമിനെ കൂടുതൽ മികച്ചതാക്കാൻ ഒരുങ്ങുകയാണ്. അതായത് ഗൂഗിൾ ജെമിനി എഐ ക്രോമിലേക്ക് സംയോജിപ്പിച്ചിരിക്കുന്നു. സമീപകാലത്ത് ക്രോം ബ്രൗസറിൽ വന്ന ഏറ്റവും പ്രധാനപ്പെട്ട അപ്ഡേറ്റുകളിൽ ഒന്നാണിത്.




ഓപ്പൺഎഐ, ആന്ത്രോപിക്, പെർപ്ലെക്സിറ്റി തുടങ്ങിയ എതിരാളികൾക്കെതിരെ ഗൂഗിൾ തങ്ങളുടെ സ്ഥാനം ശക്തിപ്പെടുത്താൻ ശ്രമിക്കുന്ന സമയത്താണ് ഈ നീക്കം എന്നത് ശ്രദ്ധേയമാണ്.ഈ കമ്പനികളെല്ലാം എഐ അധിഷ്ഠിത ബ്രൗസിംഗ്ടൂളുകൾ അവതരിപ്പിക്കുന്നു.

അമേരിക്കയിലെ മാക്, വിൻഡോസ് കമ്പ്യൂട്ടറുകളിലും മൊബൈൽ ഡിവൈസുകളിലും ആയിരിക്കും ഗൂഗിൾ ക്രോമിലെ ജെമിനി എഐ സംയോജനം തുടക്കത്തിൽ ലഭ്യമാകുക. ക്രോമിലെ ഒരു പുതിയ ജെമിനി ബട്ടൺ ഉപയോക്താക്കളെ വെബ്പേജുകളുടെ ഉള്ളടക്കത്തെക്കുറിച്ച് ചോദ്യങ്ങൾ ചോദിക്കാനും വിവരങ്ങൾ സംഗ്രഹിക്കാനും ഒന്നിലധികം ടാബുകളുമായി ഒരേസമയം സംവദിക്കാനും അനുവദിക്കും. മൊബൈലിൽ ഐഒഎസിലും ആൻഡ്രോയിഡിലും ഈ സംയോജനം യൂസർമാർക്ക് ലഭ്യമാകും.

ടാബുകൾ മാറാതെ തന്നെ ഉപയോക്താക്കൾക്ക് കലണ്ടർ, യൂട്യൂബ്, മാപ്സ് പോലുള്ള ആപ്പുകളുമായി നേരിട്ട് കണക്ട് ചെയ്യാൻ ഇനി മുതൽ കഴിയും. കൂടാതെ ബ്രൗസിംഗ് ഹിസ്റ്ററിയോ സർഫേസ് ലിങ്കുകളോ എഐക്ക് ഭാഗികമായി ഓർത്തെടുത്ത് വീണ്ടും സെർച്ച് ചെയ്യാൻ കഴിയും. കൂടാതെ, എഐ മോഡ് സെർച്ചുകളും പേജ് നിർദ്ദിഷ്ടചോദ്യങ്ങളും പിന്തുണയ്ക്കുന്നതിനായി ക്രോമിന്റെ ഓമ്‌നിബാർ അപ്ഡേറ്റ് ചെയ്തുവരികയാണ്. ക്രോമിലെ സുരക്ഷാ സവിശേഷതകളും ഗൂഗിൾ വിപുലീകരിക്കുന്നുണ്ട്. സ്കാമുകൾ, വ്യാജ വൈറസ് അലേർട്ടുകൾ, ഫിഷിംഗ് ശ്രമങ്ങൾ എന്നിവ കണ്ടെത്താനുള്ള ക്രോമിന്റെ കഴിവ് ജെമിനി എഐ വർധിപ്പിക്കും എന്നാണ് പ്രതീക്ഷ.

## നിങ്ങളുടെ സെർച്ച് തന്ത്രങ്ങൾ ഇനി മാറണം:

# എഐ യുഗം ഗൂഗിളിനെ മാറ്റിയെഴുതിയതെങ്ങനെ?

സെർച്ചിന്റെ ലോകം അടിസ്ഥാനപരമായി മാറിയിരിക്കുന്നു. ഇന്റർനെറ്റിലെ പേജുകൾ ഇൻഡെക്സ് ചെയ്യുന്ന ഒരു 'ലൈബ്രേറിയൻ' എന്നതിലുപരി, Google ഇപ്പോൾ അതിന്റെ ഏറ്റവും പുതിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മോഡലായ ജെമിനി (Gemini) ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു ബുദ്ധിമാനായ സംഭാഷണ സഹായി (Intelligent ConversationalAssistant) ആയി മാറിക്കഴിഞ്ഞു. Google സെർച്ചിലെ എഐ മോഡ് അവതരിപ്പിച്ചതും, Chrome ബ്രൗസറിന്റെ വിലാസ ബാറിലേക്ക് (Omni-box) എഐ സംയോജിപ്പിച്ചതും ഈ മാറ്റത്തിന്റെ സൂചനകളാണ്. പഴയതുപോലെ കീവേഡുകൾ കുത്തിനിറച്ച് സെർച്ച് ചെയ്യുന്ന രീതി ഉപേക്ഷിച്ചില്ലെങ്കിൽ, പ്രധാനപ്പെട്ടതും സമയബന്ധിതവുമായ വിവരങ്ങൾ നിങ്ങൾക്ക് നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ഡാറ്റാബേസിൽ തിരയുന്നതിന് പകരം, എഐക്ക് ഫലപ്രദമായി പ്രോംപ്റ്റ് (Prompt) നൽകുന്നതിലാണ് ഇനി നിങ്ങളുടെ വിജയം. ഈ പുതിയ തന്ത്രങ്ങൾ മനസ്സിലാക്കുന്നത് നിങ്ങളുടെ ഗവേഷണ സമയം മണിക്കൂറുകളോളം ലാഭിക്കും.

### എഐ മോഡ്: ഡാറ്റ കണ്ടെത്തുന്ന നിങ്ങളുടെ ആത്യന്തിക സഹായി

Googleന്റെ ഏറ്റവും ശക്തമായ ജനറേറ്റീവ് എഐ ഫീച്ചറാണ് എഐ മോഡ്. പരമ്പരാഗത സെർച്ചിൽ ലിങ്കുകളുടെ ഒരു ലിസ്റ്റാണ് ലഭിച്ചിരുന്നതെങ്കിൽ, എഐ മോഡ് നിങ്ങൾക്ക് ഒറ്റ, സംഗ്രഹിതമായ, സമഗ്രമായ മറുപടി നൽകുന്നു. ഇതിനെയാണ് പലപ്പോഴും എഐ ഓവർവ്യൂ (AI Overview) എന്ന് വിളിക്കുന്നത്. ഈ മാറ്റം കാരണം, വെബ്സൈറ്റുകളിലേക്കുള്ള ട്രാഫിക് നിലനിർത്താനും SEO വഴി കൂടുതൽ ക്ലിക്കുകൾ നേടാനും ഉള്ളടക്ക നിർമ്മാതാക്കൾ പുതിയ തന്ത്രങ്ങൾ തേടേണ്ടതുണ്ട്.

### എഐ മോഡിലെ പ്രധാന ഉത്പാദനക്ഷമതാ ഹാക്കുകൾ (Productivtiy Hacks):

1. സങ്കീർണ്ണമായ, പല ഭാഗങ്ങളുള്ള ചോദ്യങ്ങൾ ഒരുമിച്ച് ചോദിക്കുക (Ask Complex, Multi-Part Questions): നിങ്ങളുടെ ചോദ്യത്തെ ചെറുതാക്കി പല തവണയായി ചോദിക്കുന്നത് നിർത്തുക. ഇനി, മുഴുവൻ കാര്യവും ഒരൊറ്റ ചോദ്യമായി ചോദിക്കാം. എഐ, നിങ്ങളുടെ ആവശ്യം ചെറിയ ഉപസെർച്ചുകളായി (sub-searches) വിഭജിച്ച്, ഒരുമിച്ച് ഡസൻ കണക്കിന് ഉറവിടങ്ങൾ വിശകലനം ചെയ്ത് മികച്ച മറുപടി നൽകുന്ന 'ക്വറി ഫാൻഔട്ട് (Query Fan-Out)" എന്ന സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നത്.
   - ■പഴയ രീതി (4 സെർച്ച്): 'മികച്ച പ്രൊഡക്ടിവിറ്റി ആപ്പുകൾ?', 'ഏറ്റവും നല്ല ടാസ്ക് മാനേജർ?', 'ടൈം ബ്ലോക്കിംഗ് vs പൊമഡോറോ?'
   - ■പുതിയ രീതി (1 സെർച്ച്): 'അഞ്ചു പേരടങ്ങുന്ന ഒരു ടീമിനായുള്ള, മൊബൈൽ ഫസ്റ്റ് ഫീച്ചറുകളും വിലവിവരങ്ങളും ഉൾപ്പെടെയുള്ള, മികച്ച മൂന്ന് പ്രോജക്ട് മാനേജ്മെന്റ് സോഫ്റ്റ് വെയറുകൾ താരതമ്യം ചെയ്യുക.'
2. ഫോളോഅപ്പുകളുടെ ശക്തി (The Power of Follow-Ups): എഐമോഡ് നിങ്ങളുടെ ചോദ്യത്തിന്റെ പശ്ചാത്തലം ഓർത്തിരിക്കും. ആദ്യ മറുപടി ലഭിച്ചശേഷം, 'ഇതിനെക്കുറിച്ച് എന്റെ ടീമിനായി ഒരു സംഗ്രഹ ഇമെയിൽ എഴുതുക' എന്നോ 'രണ്ടാമത്തെ ഓപ്ഷന്റെ മാത്രം റിസോഴ്സുകൾ കാണിക്കുക' എന്നോ പോലുള്ള ലളിതമായ ഫോളോഅപ്പ് ചോദ്യങ്ങൾ ചോദിക്കാം. ഇത് ഒരൊറ്റ സെർച്ചിനെ ഒരു മുഴുവൻ വർക്ക്ഫ്ളോ (Workflow) ആയി മാറ്റുന്നു.
3. മൾട്ടിമോഡൽ സെർച്ച് (Go Multimodal - Search Live): വോയ്സ് ഉപയോഗിച്ചും, താമസിയാതെ ക്യാമറ ഉപയോഗിച്ചും ചോദ്യങ്ങൾ ചോദിക്കാൻ കഴിയുന്ന 'സെർച്ച് ലൈവ് (Search Live)' പോലുള്ള പുതിയ ഫീച്ചറുകൾ വരുന്നു. ഉദാഹരണത്തിന്, ഒരു കെട്ടിടത്തിലേക്ക് നിങ്ങളുടെ ഫോൺ ക്യാമറ ചൂണ്ടി, 'ഈ വാസ്തുവിദ്യയുടെ ചരിത്രം എന്താണ്?' എന്ന് ചോദിച്ചാൽ തത്സമയം മറുപടി ലഭിക്കും. ഇതോടെ, തിരയൽ കേവലം വിവര ശേഖരണത്തിൽ നിന്ന് ബുദ്ധിപരമായ വിവര വിശകലനത്തിലേക്കും പ്രവർത്തനത്തിലേക്കും (Intelligence Product) മാറുകയാണ്.




◗ റോബിൻസ് ആന്റണി

### ക്ലാസിക് സെർച്ച് ഓപ്പറേറ്റർമാർ: എഐയുടെ ടൂൾകിറ്റ്

എഐ സെർച്ച് ശക്തമാകുമ്പോഴും, പഴയ ക്ലാസിക് സെർച്ച് ഓപ്പറേറ്റർമാർക്ക് പ്രാധാന്യമുണ്ട്. അവ എഐക്ക് ആവശ്യമായ വിവരങ്ങൾ മുൻകൂട്ടി ഫിൽട്ടർ ചെയ്യുകയും, അത് ഏറ്റവും പ്രസക്തമായ ഉള്ളടക്കം മാത്രം പ്രോസസ്സ് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുകയും, അതുവഴി എഐയുടെ വിശകലന വേഗതയും കൃത്യതയും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഒരു സോഫ്റ്റ്‌വെയർ ഡെവലപ്പർ എന്ന നിലയിൽ ബഗുകൾ പരിഹരിക്കാനും കോഡിന്റെ പ്രത്യേക ഭാഗങ്ങൾ കണ്ടെത്താനും ഇത് വളരെ ഉപകാരപ്രദമാണ്.

### SEO വിദഗ്ധർക്ക് പുതിയ പാഠങ്ങൾ

പത്ത് നീല ലിങ്കുകൾ അവസാനിക്കുന്നതോടെ, പഴയ SEO തന്ത്രങ്ങൾ കാലഹരണപ്പെടുകയാണ്.

- ■ വിഷയപരമായ അധികാരം (Topical Authortiy): ഒറ്റ കീവേഡിന് വേണ്ടി ഒപ്റ്റിമൈസ് ചെയ്യുന്നതിന് പകരം, ഒരു വിഷയത്തെക്കുറിച്ച് സമഗ്രവും ആഴത്തിലുള്ളതുമായ ഉള്ളടക്കം (Comprehensive Content Hubs) സൃഷ്ടിക്കുക. ഉപയോക്താവ് ആ വിഷയവുമായി ബന്ധപ്പെട്ട് ചോദിക്കാൻ സാധ്യതയുള്ള എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം നൽകുന്ന ഉള്ളടക്കത്തിന് എഐ ഓവർവ്യൂസിൽ ഇടം നേടാൻ കഴിയും.
- ■ ഘടനയും വിശ്വാസ്യതയും (tStructure and E-E-A-T): എഐക്ക് എളുപ്പത്തിൽ മനസ്സിലാക്കാനായി, ക്രമീകൃതമായ ഹെഡിംഗ് ഘടന (H2-H4) ഉപയോഗിച്ച് ഉള്ളടക്കം വ്യക്തമായി രൂപപ്പെടുത്തുക. Google-ന്റെ E-E-A-T (Experience, Expertise, Authoritativeness, and Trustworthiness) തത്വങ്ങൾ പാലിക്കുന്ന, വിശ്വസനീയമായ ഉറവിടങ്ങളിൽ നിന്നുള്ള വിവരങ്ങൾക്കാണ് എഐ മുൻഗണന നൽകുന്നത്.
- ■ ഉപയോക്തൃ ഉദ്ദേശ്യം (User Intent): ഒരു സെർച്ച് ചോദ്യത്തിന് പിന്നിലെ ഉപയോക്താവിന്റെ യഥാർത്ഥ ലക്ഷ്യം (Intent) മനസ്സിലാക്കുകയും, അത് സാധൂകരിക്കുന്ന മറുപടി നൽകുകയും ചെയ്യുക.
- ■ ഉറവിടങ്ങൾ ഉറപ്പിക്കുക (Source Citation): എഐ നൽകുന്ന ഉത്തരങ്ങളിൽ നിങ്ങളുടെ വെബ്സൈറ്റിനെ ഒരു ഉറവിടമായി (Source) കാണിക്കുന്നതിലൂടെ ട്രാഫിക് നേടാൻ ശ്രമിക്കുക.

Google സെർച്ച് ഇപ്പോൾ ഒരു 'ഇന്റലിജൻസ് പ്രോഡക്റ്റ്' ആയി മാറിക്കഴിഞ്ഞു. ഈ പുതിയ എഐ യുഗത്തിൽ വിജയിക്കാൻ, നമ്മൾ സെർച്ച് ചെയ്യുന്ന രീതിയും, അതുപോലെ ഉള്ളടക്കം സൃഷ്ടിച്ച് മാർക്കറ്റ് ചെയ്യുന്ന രീതിയും ഉടൻ പരിഷ്കരിച്ചേ മതിയാവൂ.

# വെടിനിർത്തൽ സാധ്യമാകാത്തത് റഷ്യ സമ്മതിക്കാത്തതിനാൽ; യുഎന്നിൽ ആരോപിച്ച് വ്ളോഡിമിർ സെലൻസ്കി

ന്യൂയോർക്ക്: ഉക്രെയ്നിൽ വെടിനിർത്തൽ സാധ്യമാകാത്തത് റഷ്യ വിസമ്മതിക്കുന്നത് കൊണ്ടാണെന്ന് ഉക്രെയ്ൻ പ്രസിഡന്റ് വ്ളോഡിമിർ സെലൻസ്കി. ഐക്യരാഷ്ട്രസഭയുടെ പൊതുസഭയിൽ സംസാരിക്കുകയായിരുന്നു സെലൻസ്കി. ആയിരക്കണക്കിന് കുട്ടികളെ തട്ടിക്കൊണ്ടുപോകുക, സാധാരണക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ ആക്രമിക്കുക, യൂറോപ്പിൽ ഉടനീളം അസ്ഥിരത പടർത്തുക തുടങ്ങിയ കുറ്റങ്ങളും അദ്ദേഹം റഷ്യയ്ക്കെതിരെ ഉന്നയിച്ചു.



രക്തച്ചൊരിച്ചിലിനിടയിലും ഉക്രെയ്ൻകാർ സമാധാന പ്രിയരായരാണെന്ന്  എന്ന് പറഞ്ഞ സെലെൻസ്കി, നമ്മുടെ കുട്ടികളെ നാട്ടിലേക്ക് തിരികെ കൊണ്ടുവരാൻ എത്ര സമയമെടുക്കും എന്നും സഭയോട് ചോദിച്ചു. റഷ്യയുടെ ആക്രമണം ഉക്രെയ്നിൽ മാത്രം ഒതുങ്ങുന്നില്ലെന്നും സെലൻസ്കി മുന്നറിയിപ്പ് നൽകി.പോളണ്ടിന്റെയും എസ്റ്റോണിയയുടെയും വ്യോമാതിർത്തിയിൽ റഷ്യ നടത്തുന്ന ആവർത്തിച്ചുള്ള ആക്രമണങ്ങളാണ് അദ്ദേഹം തന്റെ വാദങ്ങൾക്ക് ഉദാഹരണമായി ചൂണ്ടിക്കാട്ടിയത്. അടുത്തിടെ 19 റഷ്യൻ ഡ്രോണുകൾ പോളിഷ് വ്യോമാതിർത്തിയിലേക്ക് കടന്നുവെന്നും അതിൽ നാലെണ്ണം മാത്രമാണ് വെടിവെച്ചിട്ടതെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. റഷ്യൻ ആക്രമണങ്ങളെത്തുടർന്ന് എസ്റ്റോണിയയ്ക്ക് ചരിത്രത്തിലാദ്യമായി യുഎൻ സുരക്ഷാ സമിതിയുടെ യോഗം വിളിക്കേണ്ടി വന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.



## 'ഇന്ത്യ ഞങ്ങളോടൊപ്പം, പിന്തുണ നഷ്ടപ്പെടാതിരിക്കാൻ പറ്റുന്നതെല്ലാം ചെയ്യും; സെലൻസ്കി

കീവ്: ഉക്രെയ്നിലെ റഷ്യയുടെ യുദ്ധത്തിന് ആരാണ് ധനസഹായം നൽകുന്നത് എന്ന യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ പ്രസ്താവനയോട് വിയോജിച്ച് ഉക്രെയ്ൻ പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി.ഇന്ത്യ എപ്പോഴും ഉക്രെയ്നിന്റെ പക്ഷത്താണെന്നും എന്നാൽ ഊർജ്ജ മേഖലയിലെ ചില വെല്ലുവിളികൾ പരിഹരിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. യുദ്ധം എത്രയും വേഗം അവസാനിപ്പിക്കുന്നതിൽ തനിക്ക് ശുഭാപ്തി വിശ്വാസമുണ്ടെന്ന് സെലെൻസ്കി പറഞ്ഞു. ഉക്രൈന് എതിരായ യുദ്ധത്തിന് ഇന്ത്യയും ചൈനയുമാണ് റഷ്യയ്ക്ക് പ്രധാനമായും പണം നൽകുന്നതെന്നാണ് ട്രംപ ആരോപിച്ചിരുന്നത്. ഫോക്സ് ന്യൂസ് അവതാരകനായ ബ്രെറ്റ് ബെയറുമായുള്ള അഭിമുഖത്തിലാണ് സെലൻസ്കി റഷ്യ-ഉക്രൈൻ യുദ്ധത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ പങ്കുവെച്ചത്.ഇന്ത്യയെക്കുറിച്ചും നിലവിൽ മുന്നിലുള്ള വെല്ലുവിളികളെക്കുറിച്ചും സംസാരിച്ചതിനൊപ്പം ട്രംപിലുള്ള വിശ്വാസത്തെക്കുറിച്ചും സെലൻസ്കി സംസാരിച്ചു. 'ഇന്ത്യ മിക്കപ്പോഴും ഞങ്ങളോടൊപ്പമാണ് എന്നാണ് ഞാൻ കരുതുന്നത്. ഊർജമേഖലയിൽ ഞങ്ങൾക്ക് കുറച്ചു പ്രശ്നങ്ങളുണ്ട്. പക്ഷേ, പ്രസിഡന്റ് ട്രംപിന് അവ കൈകാര്യം ചെയ്യാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്.' സെലൻസ്കി പറഞ്ഞു.റഷ്യയുമായുള്ള ഇന്ത്യയുടെ എണ്ണ ഇടപാടിനെക്കുറിച്ച് സംസാരിച്ച സെലെൻസ്കി, ഇന്ത്യ വൈകാതെ സമീപനം മാറ്റുമെന്ന പ്രത്യാശയും പ്രകടിപ്പിച്ചു. 'ഇന്ത്യയുടെ പിന്തുണ നഷ്ടപ്പെടാതിരിക്കാൻ നമ്മൾ ആവുന്നതെല്ലാം ചെയ്യണം. അപ്പോൾ, അവരുടെ മനോഭാവം മാറും.' അദ്ദേഹം കൂട്ടിച്ചേർത്തു.

## ഐക്യരാഷ്ട്ര സഭയിൽ 'ഓം ശാന്തി ഓം' ചൊല്ലി സമാധാനത്തിന് ആഹ്വാനം ചെയ്ത് ഇന്തോനേഷ്യൻ പ്രസിഡന്റ്



യു.എൻ: ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയിൽ നടന്ന പൊതു ചർച്ചയിൽ, ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്റോ മുസ്ലീം, ജൂത, ഹിന്ദു, ബുദ്ധ സംസ്കാരങ്ങളിലെ പ്രധാന വാക്കുകൾ ഉപയോഗിച്ചുകൊണ്ട് തന്റെ പ്രസംഗം വ്യത്യസ്തമായ രീതിയിൽ അവസാനിപ്പിച്ചു. 'വസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹി വബറകാതുഹു, ശാലോം, ഓം ശാന്തി ശാന്തി ശാന്തി ഓം, നമോ ബുദ്ധായ' എന്ന് പറഞ്ഞുകൊണ്ടാണ് സുബിയാന്റോ തന്റെ പ്രസംഗം അവസാനിപ്പിച്ചത്. വളരെ നന്ദി. ദൈവം നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ, നമ്മുക്ക് സമാധാനം ഉണ്ടാകട്ടെയെന്ന് എല്ലാവർക്കും നന്ദി പറഞ്ഞുകൊണ്ട് ഇന്തോനേഷ്യൻ പ്രസിഡന്റ് പറഞ്ഞു.



## ബാങ്കോക്കിൽ നാലുവരി പാത പൂർണമായും തകർന്നുവീണു വൻ ഗർത്തം

സംഭവം. തിരക്കേറിയ റോഡിൽ പെട്ടെന്ന് ഗർത്തം രൂപപ്പെടുകയും അത് പിന്നീട് കൂറ്റൻ കുഴിയാവുകയും ചെയ്യുന്നത് വീഡിയോയിൽ കാണാം. അപകടത്തിൽ ആളപായം റിപ്പോർട്ട് ചെയ്തിട്ടില്ല. മൂന്ന് വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.റോഡിന്റെ ഒരു ഭാഗം മാത്രമാണ് ആദ്യ ഘട്ടത്തിൽ തകർന്നത്. പിന്നീട് അത് വൻ ഗർത്തമായി മാറുകയായിരുന്നു. പോസ്റ്റുകളും മറ്റും കുഴിയിലേക്ക് ഇടിഞ്ഞുവീഴുകയും ചെയ്തു. ഭീതിയോടെയും അത്ഭുതത്തോടെയും ആളുകൾ ചിതറിയോടി. ഗർത്തം വലുതായതോടെ നാലുവരി പാത പൂർണമായും നിലംപരിശായി.ഭൂഗർഭ ട്രെയിൻ സ്റ്റേഷന്റെ നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാലാണ് റോഡ് തകർന്നത്. റോഡിന്റെ സമീപത്ത് പ്രവർത്തിക്കുന്ന ആശുപത്രി താത്ക്കാലികമായി നിർത്തിവച്ചു. സുരക്ഷാ മുൻകരുതലുകൾ കണക്കിലെടുത്ത് സമീപത്തുള്ള കെട്ടിടങ്ങളിൽ നിന്നും ആളുകളെ ഒഴിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്.

# ഗാസയിൽ ആക്രമണം ശക്തമാക്കി ഇസ്രയേൽ സേന; 85 പാലസ്തീനികൾ കൊല്ലപ്പെട്ടെന്ന് റിപ്പോർട്ട്



കെയ്റോ: ഗാസ സിറ്റിയിൽ ഇസ്രയേൽ സേന ആക്രമണം ശക്തമാക്കിയതോടെ 85 പാലസ്തീനികൾ കൊല്ലപ്പെട്ടു. ഗാസ സിറ്റി സെന്ററിലേക്ക് മുന്നേറുന്ന ഇസ്രയേൽ കരസേനയെ പിന്തുണച്ച് ശക്തമായ വ്യോമാക്രമണം ഉണ്ടായെന്നാണ് റിപ്പോർട്ട്. നുസറേത്തിൽ മാത്രം 13 പേർ കൊല്ലപ്പെട്ടെന്നാണ് വിവരം. അതേസമയം നഗരം വിടണമെന്ന ഇസ്രയേൽ സേനയുടെ മുന്നറിയിപ്പ് അവഗണിച്ച് ഒട്ടേറെപ്പേർ ഗാസ സിറ്റിയിൽ തുടരുന്നത് സ്ഥിതി ഗുരുതരമാക്കുന്നുണ്ട്. ഗാസയിലേക്ക് സഹായവുമായി പോയ 50 കപ്പലുകളുടെ നേർക്ക് ഇസ്രയേൽ ഡ്രോൺ ആക്രമണമുണ്ടായതിനെത്തുടർന്ന് കപ്പൽ വ്യൂഹത്തെ സംരക്ഷിക്കുന്നതിനായി ഇറ്റലി ഒരു നാവികസേനാ കപ്പൽ അയച്ചിരുന്നു. കൂടാതെ ഗാസയിൽ വെടിനിർത്തലിനും ഹമാസ് തടവിലുള്ള ഇസ്രയേലി ബന്ദികളെ മോചിപ്പിക്കുന്നതിനുമായി യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് ന്യൂയോർക്കിൽ അറബ് നേതാക്കളുമായി ചർച്ച നടത്തി. പാലസ്തീനെ അംഗീകരിച്ച യൂറോപ്യൻ രാജ്യങ്ങളെ ട്രംപ് നിശിതമായി വിമർശിക്കുകയും ചെയ്തു.

# ഇങ്ങോട്ട് കേറി വാ.. ഇന്ത്യൻ പ്രതിഭകൾക്കായി വാതിൽ തുറന്ന് ജർമനി

ബെർലിൻ : ഇന്ത്യൻ പ്രതിഭകൾക്കായി വാതിലുകൾ തുറന്ന് ജർമനി.വൈദഗ്ധ്യമുള്ള ഇന്ത്യൻ തൊഴിലാളികളെ ജർമനിയിലേക്ക് ക്ഷണിക്കുകയാണ് രാജ്യം. ഇന്ത്യയിലെ ജർമൻ അംബാസഡർ ഫിലിപ്പ് അക്കർമാൻ ഇത് സംബന്ധിച്ച പോസ്റ്റ് എക്സിൽ പങ്കുവെച്ചു.'മികച്ച കഴിവുകളുള്ള എല്ലാ ഇന്ത്യക്കാർക്കുമായാണ് എന്റെ ആഹ്വാനം. ഐടി, മാനേജ്മെന്റ്, ശാസ്ത്രം, സാങ്കേതികവിദ്യ എന്നിവയിൽ ഇന്ത്യക്കാർക്ക് മികച്ച തൊഴിലവസരങ്ങൾ നൽകുന്നതിലൂടെയും സ്ഥിരതയുള്ള മൈഗ്രേഷൻ നയങ്ങളിലൂടെയും ജർമ്മനി വേറിട്ടുനിൽക്കുന്നു-എക്സ് പോസ്റ്റിൽ ഫിലിപ്പ് അക്കർമാൻ പറയുന്നു. ഇതിനൊപ്പം ജർമനിയിൽ മികച്ച കരിയർ അവസരങ്ങൾ തേടാനുള്ള ലിങ്കും ഫിലിപ്പ് പങ്കുവെച്ചിട്ടുണ്ട്. യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഭരണകൂടം എച്ച്-1ബി വിസകളുടെ ഫീസ് ഒരു ലക്ഷം ഡോളറായി ഉയർത്തിയതിന് പിന്നാലെയാണ് ജർമനി ഇന്ത്യക്കാരെ രാജ്യത്തേക്ക് ക്ഷണിക്കുന്നത്. എച്ച്-1 ബി വിസകളിലൂടെയാണ് ശാസ്ത്രജ്ഞർ, എഞ്ചിനീയർമാർ, കമ്പ്യൂട്ടർ പ്രോഗ്രാമർമാർ തുടങ്ങിയ വൈദഗ്ധ്യമുള്ള വിദേശ തൊഴിലാളികളെ നിയമിക്കാൻ അമേരിക്കൻ കമ്പനികളെ അനുവദിക്കുന്നത്. തുടക്കത്തിൽ മൂന്ന് വർഷത്തേക്കുള്ള വിസ പിന്നീട് ആറ് വർഷത്തേക്ക് നീട്ടാം.





# ഏതുതരം മനുഷ്യ മനസ്സാക്ഷിക്കാണ് ഇത് പിന്തുണക്കാനാവുക? യുഎന്നിൽ പാലസ്തീൻ കുഞ്ഞിന്റെ ചിത്രം ഉയർത്തിക്കാട്ടി തുർക്കി പ്രസിഡന്റ്

ന്യൂയോർക്ക്: ഐക്യരാഷ്ട്രസഭയുടെ പൊതുസഭയിൽ പട്ടിണി കിടക്കുന്ന പാലസ്തീൻ കുട്ടികളുടെ ചിത്രം ഉയർത്തിക്കാട്ടി തുർക്കി പ്രസിഡന്റ് എർദോഗൻ. ഏത് തരത്തിലുള്ള മനുഷ്യ മനസ്സാക്ഷിക്കാണ് ഇതിനെ പിന്തുണയ്ക്കാൻ കഴിയുക? എർദോഗൻ ചോദിച്ചു. 'ലോകമെമ്പാടുമുള്ള കുട്ടികൾ വിശപ്പ് മൂലം മരിക്കുമ്പോൾ ആർക്കാണ് മൗനം പാലിക്കാൻ കഴിയുക?' എർദോഗൻ ചോദിച്ചു. 'നമുക്കെല്ലാവർക്കും കുട്ടികളും പേരക്കുട്ടികളുമുണ്ട്. യൂറോപ്പിലായാലും അമേരിക്കയിലായാലും, ഒരു റോസ് മുള്ള് നമ്മുടെ കുട്ടിയുടെ വിരലിൽ കുത്തിയാൽ, മാതാപിതാക്കളെന്ന നിലയിൽ നമ്മുടെ ഹൃദയം തകരുന്നു.എന്നാൽ ഗാസയിൽ, അനസ്തേഷ്യ പോലും നൽകാതെ കുട്ടികളുടെ കാലുകളും കൈകളും മുറിച്ചുമാറ്റപ്പെടുന്നു. മനുഷ്യരാശിയുടെ ഏറ്റവും ദുർബലമായ അവസ്ഥയാണിത്,' എർദോഗൻ പറഞ്ഞു.'നമ്മുടെ ഓരോരുത്തരുടെയും മുന്നിൽ 700 ദിവസത്തിലേറെയായി ഗാസയിൽ വംശഹത്യ നടക്കുന്നു. കഴിഞ്ഞ 23 മാസമായി ഇസ്രായേൽ ഓരോ മണിക്കൂറിലും ഒരു കുട്ടിയെ കൊല്ലുന്നു. ഇവ കേവലം സംഖ്യകളല്ല; ഓരോരുത്തരും ഓരോ ജീവനാണ്, ഒരു നിരപരാധിയായ വ്യക്തിയാണ്.' ഉർദുഗാൻ കൂട്ടിച്ചേർത്തു.

# ഡെൻമാർക്കിൽ വീണ്ടും ഡ്രോൺ ഭീഷണി: അല്ബോർഗ് വിമാനത്താവളം അടച്ചു

ഡെൻമാർക്കിൽ വീണ്ടും ഡ്രോൺ ഭീഷണി. ഭീഷണിയെ തുടർന്ന് അല്ബോർഗ് വിമാനത്താവളം അടച്ചു. കോപ്പൻഹേഗനിൽ ഡ്രോൺ കണ്ടതിനെ തുടർന്ന് വിമാനസർവീസ് തടസ്സപ്പെട്ടിരുന്നു. ഈ സംഭവം കഴിഞ്ഞു വെറും രണ്ടുദിവസങ്ങൾക്കു ശേഷം ആണ് ഡെൻമാർക്കിലെ അല്ബോർഗ് വിമാനത്താവളം (സിവിലിയനും സൈനികവുമുള്ള വിമാനങ്ങൾ ഉപയോഗിക്കുന്ന സ്ഥലം) ഡ്രോൺ ഭീഷണിമൂലം അടച്ചിടേണ്ടി വന്നത്.അല്ബോർഗിൽ കണ്ട ഡ്രോണുകൾ, ദിവസങ്ങൾക്ക് മുൻപ് കോപ്പൻഹേഗൻ വിമാനത്താവളം നാല് മണിക്കൂർ അടച്ചിടാൻ കാരണമായവയോട് സാമ്യമുള്ളവയാണ് എന്നാണ് ഡാനിഷ് പോലീസ് വ്യക്തമാക്കുന്നത്. രണ്ടിലധികം ഡ്രോണുകൾ കണ്ടതായി അവർ വ്യക്തമാക്കി. രാത്രിയോടെയാണ് ആദ്യം കണ്ടത്, പുലർച്ചെ 12:05-ന് നടത്തിയ വാർത്താസമ്മേളന സമയത്തും ഡ്രോണുകൾ അവിടെ തന്നെ പറക്കുകയായിരുന്നു എന്നാണ് ലഭിക്കുന്ന വിവരം.ഡ്രോണുകൾ ലൈറ്റുകൾ ഓണായ നിലയിലാണ് പറന്നത്.''ഇത് നമ്മുടെ അതിർത്തികളിലെ തുടർച്ചയായ വെല്ലുവിളികളുടെ ഭാഗമാണ്'' എന്ന് യൂറോപ്യൻ കമ്മീഷൻ അധ്യക്ഷ ഉഴ്സുല വോൺ ഡെർ ലേയൻ



പറഞ്ഞു. എന്നാൽ കോപ്പൻഹേഗൻ സംഭവത്തിൽ റഷ്യക്ക് ബന്ധമില്ല എന്ന് റഷ്യൻ അംബാസഡർ പറഞ്ഞു. വിഷയത്തിൽ നോർവേയും ഡെൻമാർക്കും ചേർന്ന് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. അല്ബോർഗ് വിമാനത്താവളം ഡാനിഷ് സായുധ സേനയ്ക്കും പ്രധാനമാണ്, അതിനാൽ അന്വേഷണം സൈന്യം, ദേശീയ രഹസ്യാന്വേഷണ വിഭാഗം, പോലീസ് എന്നിവർ ചേർന്ന് ആണ് നടത്തുന്നത്. വ്യാഴാഴ്ച പുലർച്ചെ 4:00 വരെ അല്ബോർഗ് വിമാനത്താവളം പൂർണ്ണമായും അടച്ചിടും എന്നും യാത്രക്കാർക്കും നാട്ടുകാർക്കും അപകടമില്ലെന്നും പോലീസ് പറഞ്ഞു.

# House Warming Celebration of Gladson Varghese and Dr. Mareena Gladson

## in North Barrington, Illinois on 20th September 2025

**Blessed by Bishop Rt.Rev.Dr. Abraham Mar Paulose, Mar Thoma Diocese of North America & Rev. Jasen A. Thomas**



























Chennikkara: +1-773- 842-9149